# മ്ലാനത മാറുമോ?

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# മ്ലാനത മാറുമോ?

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 683 562**

●

Cover Page & Design
Binu Varghese, Dentcare, Muvattupuhza
●
Printed at
Viani Printings, Kochi - 682 018
●
Price: ` 80
●

All rights reserved with the publisher

# ആമുഖം

നാലപ്പാട്ട് നാരായണമേനോൻ എഴുതിയ ഒരു വിലാപ കാവ്യമാണ് 'കണ്ണുനീർത്തുള്ളി'. അതിലെ ഒരു ശ്ലോകം,

"ഉരുക്കിടുന്നു, മിഴിനീരിലിട്ടു
മുക്കുന്നു മുറ്റും ഭൂവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയേതോ
പണിത്തരത്തിന്നുപയുക്തമാക്കാൻ."

ദു:ഖതപ്തമായ ജീവിതത്തിലേറ്റ വിയോഗം കവിഹൃദയത്തിൽ സൃഷ്ടിച്ച വികാരവായ്പാണ് ഈ ശീലുകളിൽ നാം കാണുന്നത്.

വിയോഗവും വിരഹവും കയ്പേറിയ ജീവിത അനുഭവങ്ങളിലേക്ക് നയിക്കുന്നത് നാം കാണാറുണ്ട്. ആദികവിയായ വാല്മീകിയുടെ ശോകം ശ്ലോകമായതാണല്ലോ രാമായണം. മനുഷ്യജീവിതത്തിലെ സ്ഥായിയായ ഒരു ഭാവമാണ് സങ്കടം. ക്രൈസ്തവ കവികളിൽ പ്രശസ്തനായ എം.ഇ. ചെറിയാൻ ഒരു ഗാനത്തിൽ പാടി:

"ഭൂമിയിൽ ഓർക്കുകിൽ എന്തൊരു സാദ്ധ്യം
സങ്കടം മാത്രമീ ലോക സമ്പാദ്യം
ലോകമത്യുത്ക്കട സങ്കട കടലിൽ
താഴുകിൽ താൻ മതി ജീവിത പടകിൽ"

യേശു മതി മനമേ

ഈ വിഷാദ ഭാവത്തിന്റെ ഉൾപ്പൊരുൾ തേടി സുഭദ്രാകുമാരി ചൗഹാൻ, തന്റെ ഒരു കവിതയിൽ ഇപ്രകാരം എഴുതി:

शिशू ने दुनीया में आकर
रो रो कर हँसना सीखा
गीर गीरकर चलना सीखा

ദു:ഖത്തിന്റെ പ്രതിബിംബനമാണ് വാടിയ മുഖം. മ്ലാനവദനം പ്രകാശമാനമാകണമെങ്കിൽ ഹൃദയത്തിൽ സന്തോഷമുണ്ടാകണം.

തോംസൺ എന്ന ഗ്രന്ഥകാരൻ എഴുതിയ 'THE LAND AND THE BOOK' എന്ന ഗ്രന്ഥത്തിൽ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. മഹാനായ അലക്സാണ്ടർ ചക്രവർത്തി സമ്പാദിച്ച കുറെയേറെ സ്വർണ്ണനാണയങ്ങൾ ഉണ്ടായിരുന്നു. അതൊന്നും വിനിയോഗിക്കാൻ കഴിയാതെ അല്കസാണ്ടർ മരിച്ചു. അദ്ദേഹത്തോട് അടുപ്പമുണ്ടായിരുന്ന ചില ഉദ്യോഗസ്ഥന്മാർ ആ നാണയങ്ങൾ ചെമ്പുകുടങ്ങളിലാക്കി കുഴിച്ചിട്ടു. ആ പ്രദേശത്ത് പണിയെടുത്തിരുന്ന തൊഴിലാളികൾ ചെമ്പുകുടങ്ങൾ കണ്ടെടുത്തു. അവ സ്വന്തമാക്കാൻ അവർ പരസ്പരം മത്സരിച്ചു. അങ്ങനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും അധികാരികൾ അവ പിടിച്ചെടുത്തുകൊണ്ട് പോകുകയും ചെയ്തു. എല്ലാം നേടിയ അലക്സാണ്ടർ ചക്രവർത്തി ഒന്നും കൈയിൽ ഇല്ലാതെ നിത്യതയിലേക്ക് യാത്രയായി!

ചില നഷ്ടങ്ങൾ, ചില കഷ്ടങ്ങൾ, അപ്രതീക്ഷിതമായ ആപത്തുകൾ മുതലായവ മുഖം വാടുന്നതിന് കാരണമായിത്തീരുന്നു. വാടിയ മുഖം പ്രസന്നമായിത്തീരുന്ന ചില തിരുവചന സംഭവങ്ങളാണ് 'മ്ലാനത മാറുമോ' എന്ന ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ നമ്മുടെ വാട്ടം മാറും. മ്ലാനത മാറും. ക്രിസ്തുവിനായി ജീവിതം സമർപ്പിക്കുമ്പോഴാണ് സാക്ഷാത്തായ സമാധാനം നമ്മൾക്കുണ്ടാകുന്നത്. "മുഖം മനസ്സിന്റെ കണ്ണാടിയാണ്" എന്ന സത്യം ചൂണ്ടിക്കാണിക്കുന്നത് നമ്മുടെ ഹൃദയത്തിൽ സന്തോഷം വന്നാൽ മുഖത്തെ മ്ലാനത മാറും എന്നാണ്. വിവിധ മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ള അനേകരുടെ ജീവിതത്തിൽ

മ്ലാനത മാറി പ്രസന്നത കൈവരിക്കുന്ന അനുഭവങ്ങൾ നാം ധാരാളം കാണുന്നുണ്ട്. ഈ പുസ്തകം വായിക്കുന്ന ഓരോരുത്തർക്കും മനവും മുഖവും തെളിയുന്ന ഭാഗ്യാനുഭവം സംപ്രാപ്തമാകട്ടെ എന്ന ആഗ്രഹമാണ് ഈ ഗ്രന്ഥരചനയ്ക്ക് എനിക്ക് ഉത്സാഹം പകർന്നത്.

ഈ ഗ്രന്ഥം വെളിച്ചം കാണുന്നതിന് പിന്നിൽ അദ്ധ്വാനിച്ച അനേകം ദൈവമക്കളുണ്ട്. അവരുടെ ഉത്സാഹവും നിരന്തരമായ പ്രേരണയും ഇല്ലായിരുന്നെങ്കിൽ ഈ പുസ്തകരചന നിർവ്വഹിക്കുകയില്ലായിരുന്നു. അവർ ഓരോരുത്തരോടുമുള്ള എന്റെ അകമഴിഞ്ഞ നന്ദി ഞാനിവിടെ പ്രകാശിപ്പിക്കുകയാണ്.

ഈ പുസ്തകം വായിക്കുന്ന എന്റെ ബഹുമാന്യ സഹോദരങ്ങൾ മ്ലാനത കൈവെടിഞ്ഞ് ആനന്ദനിർഭരമായ, സമാധാനസംഭൃതമായ ഒരായിരം ഭാഗ്യാനുഭവം നേടട്ടെ എന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ**

## ഒന്ന്

*“കയീന് ഏറ്റവും കോപമുണ്ടായി, അവന്റെ മുഖം വാടി.”* *ഉല്പത്തി 4 : 5*

വേദപുസ്തകത്തിൽ 66 പുസ്തകങ്ങൾ ഉള്ളതിൽ ഒന്നാമത്തെ പുസ്തകമാണ് ഉല്പത്തി പുസ്തകം. വേദപുസ്തകം വായിച്ചുതുടങ്ങുമ്പോൾ നാം ആദ്യം പരിചയപ്പെടുന്ന കുടുംബമാണ് ആദാമിന്റെ കുടുംബം. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആദാമിനെ സൃഷ്ടിച്ചു. ആദാം മുതൽ ഇങ്ങോട്ട് മനുഷ്യജാതി കോടാനുകോടി പെരുകി. ആദാമിൽ നിന്നാണ് മനുഷ്യജാതിയുടെ ഉത്ഭവം.

ആദാമിന്റെ കുടുംബം ഒരു സ്വർഗ്ഗീയകുടുംബമായിരുന്നു. സന്തോഷത്തികവുള്ള, സമാധാനമുള്ള ഒരു കുടുംബം. ആദാമും ഹവ്വായും ഒരുമിച്ച് കഴിഞ്ഞ സന്തോഷത്തിന്റെ ഒരു കുടുംബം. ഏദൻതോട്ടത്തിന്റെ സൗഭാഗ്യം മുഴുവൻ അനുഭവിക്കാൻ ദൈവം അവർക്കു കരുണ കൊടുത്തിരുന്നു.

എന്നാൽ, ദൈവം കൊടുത്ത അനുഗ്രഹമെല്ലാം ആദിമ മനുഷ്യൻ നഷ്ടപ്പെടുത്തി. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് ആദാമിനെ സൃഷ്ടിച്ചത്. ദൈവത്തിന്റെ അതേ പ്രകൃതിയിൽ ദൈവം സൃഷ്ടിച്ചു.

ദൈവത്തിന്റെ ശത്രുവായ സാത്താൻ ദൈവത്തെ എങ്ങനെയെങ്കിലും ഉപദ്രവിക്കണം എന്നു തീരുമാനിച്ചു. ദൈവത്തെ ഉപദ്രവിക്കാൻ സാത്താൻ കണ്ട മാർഗ്ഗം ദൈവത്തിന്റെ മോഹനസൃഷ്ടിയെ ഉപദ്രവിക്കുക എന്നുള്ളതാണ്. അപ്പോൾ

ദൈവം ദുഃഖിക്കും. ദൈവത്തിന് തീരാവേദനയായിരിക്കും. അതുകൊണ്ട് സാത്താൻ ദൈവത്തിന്റെ മക്കളെ നശിപ്പിക്കാൻ തീരുമാനിച്ചു.

ഞാൻ മരിച്ചാലും എന്റെ മക്കൾ മരിക്കരുത് എന്നുള്ളതാണല്ലോ മാതാപിതാക്കളുടെ സ്നേഹത്തിന്റെ ആഴം. മകൻ മരിച്ചാൽ മാതാപിതാക്കൾക്ക് തീരാവേദനയാകും എന്നു ബോധ്യമുള്ള സാത്താൻ അതിന് ഒരുമ്പെട്ടു. ദൈവത്തിന്റെ തനിസ്വരൂപമായ ആദാമിനേയും ഹവ്വായെയും സാത്താൻ അങ്ങനെ വഞ്ചിച്ചു, നശിപ്പിച്ചു. "അരുത്" എന്നു പറഞ്ഞ് ദൈവം വിലക്കിയ കാര്യം അവർ ചെയ്യാനിടയായി.

ആദാം വീട്ടിലില്ലാതിരുന്ന സമയത്ത് വന്ന അപരിചിതനെ ഹവ്വാ പരിചയപ്പെട്ടു, ഒരു പുതിയ ആൾ. അന്ന് പിശാചിന് പാമ്പിന്റെ രൂപമായിരുന്നില്ല. പിശാച് നേരിട്ടു വന്നിരിക്കുകയാണ്. അതിനുശേഷമാണ് പിശാച് ഇഴജാതിയായ പാമ്പായി മാറിയത്.

പിശാച് വന്ന് ഹവ്വായെ കുറേയേറെ പുകഴ്ത്തി പറഞ്ഞു. ഇത്ര മനോഹരമായ തോട്ടത്തിൽ പാർക്കാൻ എത്ര ഭാഗ്യശാലികളാണ് തങ്ങൾ എന്നു പിശാചു പറഞ്ഞപ്പോൾ ഹവ്വായ്ക്ക് ആനന്ദമായി. ഞങ്ങളുടെ കർത്താവു ഞങ്ങൾക്കു തന്നതല്ലേ ഈ തോട്ടം എന്നാണ് ഹവ്വാ പറഞ്ഞത്. നിങ്ങളുടെ കർത്താവ് എത്ര നല്ലവൻ എന്നുതന്നെ പിശാച് പുകഴ്ത്തി പറഞ്ഞു. അങ്ങനെ പിശാച് സൂത്രം പ്രയോഗിച്ച് അവിടെ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം മുഴുവൻ തിന്നുവാൻ അനുവാദമുണ്ടോ എന്നു ചോദിച്ചു. ആ നടുവിലുള്ള വൃക്ഷത്തിലെ ഫലം തിന്നാൽ മരിക്കും എന്നു കർത്താവു പറഞ്ഞിട്ടുണ്ട് എന്ന് ഹവ്വാ പറഞ്ഞു. അതു ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെയാകും എന്ന് ദൈവത്തിനറിയാം എന്ന് സാത്താൻ തന്ത്രം പ്രയോഗിച്ചു. എന്നു പറഞ്ഞാൽ, നിങ്ങൾ ദൈവത്തെപ്പോലെയാകരുത് എന്നു ദൈവം ആഗ്രഹിക്കുന്നു എന്ന ഭയങ്കരമായ

കെണിയായിരുന്നു സാത്താൻ പ്രയോഗിച്ചത്.

ഹവ്വാ ചിന്തിക്കാൻ തുടങ്ങി. ദൈവത്തിന്റെ വചനം പറയുന്നു ഇതു തിന്നരുതെന്ന്. എന്നാൽ അപരിചിതനായ ഈ അതിഥി പറയുന്നു ഇതു തിന്നാൽ ദൈവത്തെപ്പോലെയാകും എന്ന്. അങ്ങനെ ദൈവത്തോട് ഒരു ശത്രുത്വം ഹവ്വായുടെ മനസ്സിലുളവായി. ആദാം വരുന്നതിനുമുമ്പേ സാത്താൻ ആ പഴം പറിച്ച് ഹവ്വായ്ക്ക് കൊടുത്തു.

സ്ത്രീ ബലഹീനജാതി എന്നു വേദപുസ്തകം പറയുന്നു. വീട്ടിൽ പുരുഷൻ ഇല്ലാത്ത സമയത്ത് ഒരു അപരിചിതനെ സ്വീകരിക്കേണ്ട കാര്യമില്ല. ഇവിടെ പുരുഷൻ ഇല്ലല്ലോ എന്ന് ഒരു വാക്കു പറഞ്ഞ് വാതിലടച്ചാൽ കാര്യം തീരുമായിരുന്നു.

പക്ഷേ, ഹവ്വാ അവിവേകം കാണിച്ചുപോയി. ആ പഴം തിന്നു. ആദാം വന്നപ്പോൾ അവൾ കാര്യം അറിയിച്ചു. എന്നും ഇവളോടു കൂടെയിരിക്കാനാണല്ലോ ദൈവം ഇവളെ സൃഷ്ടിച്ചു തന്നത്; ഞാൻ ഇതു തിന്നില്ലെങ്കിൽ ഞാൻ പറുദീസായ്ക്ക് അകത്തും ഇവൾ പുറത്തും ആയിപ്പോകുമല്ലോ എന്ന് ആദാം ചിന്തിച്ചു. തങ്ങൾ ഒരുമിച്ച് ഇരിക്കണമല്ലോ എന്ന് സ്വന്തം ബുദ്ധിയിൽ ചിന്തിച്ച് ആദാമും ആ പഴം തിന്നു.

ഇതോടുകൂടി പാപം ഏകമനുഷ്യനായ ആദാമിൽക്കൂടി ഭൂമിയിലേക്കു വന്നു. സാത്താൻ ജയിച്ചു! നിത്യനായ ദൈവം താൻ സൃഷ്ടിച്ച മനുഷ്യനെ കാണാൻ എന്നും തോട്ടത്തിൽ വരാറുണ്ടായിരുന്നു. തന്റെ ആരോമൽ പൈതങ്ങളെ കാണാൻ നിത്യനായ ദൈവം അന്നും വന്നു. ആദാമിനെ കാണുന്നില്ല. ഏദെൻതോട്ടത്തിൽ മുഴുവൻ "നീ എവിടെ?" എന്നു വിളിച്ച് ആദാമിനെ അന്വേഷിച്ചുകൊണ്ട് നിത്യനായ ദൈവം നടക്കുകയാണ്.

ആദാം വിളികേട്ടു എങ്കിലും ദൂരെ നിൽക്കുകയാണ്. ഞാൻ തന്ന കല്പന നീ ലംഘിച്ചുവോ എന്നു കർത്താവ്

ചോദിച്ചു. ഹവ്വാ തന്നതിനാൽ താൻ ഭക്ഷിച്ചെന്ന് ആദാമും പാമ്പു തന്നതിനാൽ താൻ ഭക്ഷിച്ചെന്ന് ഹവ്വായും പറഞ്ഞു. ആദാം തനിക്കു പറ്റിയ തെറ്റ് ഹവ്വായുടെ മേൽ ആരോപിച്ചു. ഹവ്വാ തന്റെ തെറ്റ് പാമ്പിന്റെമേൽ ആരോപിച്ചു.

നീ ഭൂമിയിൽ ഇഴയുന്ന, ഇഴജാതിയായിത്തീരും; നീ മൂലം ഈ ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു എന്ന് ദൈവം സാത്താനോട് പറഞ്ഞു.

ആദാമിന്റെ തേജസ്സിന്റെ വസ്ത്രം ഉരിഞ്ഞുപോയി. ദൈവം കൊടുത്ത സാദൃശ്യവും സ്വഭാവവും മാറിപ്പോയി. ആദാം അങ്ങനെ വിഷമിച്ചു നിൽക്കുമ്പോൾ ദൈവം ഒരു മൃഗത്തെ കൊന്ന് അതിന്റെ തോൽ ആദാമിനെ ഉടുപ്പിച്ചു. അന്നുമുതൽ ആദാം വസ്ത്രം ധരിച്ചുതുടങ്ങി. അതുവരെ ആദാം ഒരു ആത്മശരീരമായിരുന്നു. തേജസ്സിന്റെ വസ്ത്രം ധരിച്ചവനായിരുന്നു.

തേജോരൂപിയായ മനുഷ്യൻ പാപം ചെയ്തതുമുതൽ അവൻ വസ്ത്രം കൊണ്ട് ശരീരം മറയ്ക്കാൻ തുടങ്ങി. അവൻ അധമനായിത്തീർന്നു; പാപിയായിത്തീർന്നു. ആദാമിന് ഏദൻതോട്ടത്തിൽ നിൽക്കാൻ സാധിച്ചില്ല.

തേജസ്സിന്റെ വസ്ത്രമില്ലാതെ പറുദീസായിൽ നിൽക്കാൻ സാധിക്കുകയില്ല. പറുദീസായുടെ വിശുദ്ധിയിൽ നിൽക്കാൻ തേജസ്സിന്റെ വസ്ത്രം വേണം. ആ തോട്ടത്തിൽനിന്ന് ആദാം കരഞ്ഞുകൊണ്ട് പുറത്തേക്കുപോയി. ഹവ്വായും കൂടെയിറങ്ങി. ആ തോട്ടത്തിന്റെ വാതിൽക്കൽ, തിരിയുന്ന വാളിന്റെ ജ്വാലയുമായി ദൈവം ക്രോബകളെ, മാലാഖമാരെ നിർത്തി.

> *"ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻതോട്ടത്തിനു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാല*

*യുമായി നിർത്തി.”* *ഉല്പത്തി 3 : 24*

തീയാണ് ദൈവത്തിന്റെ പറുദീസാ! തീയാണ് ദൈവത്തിന്റെ സന്നിധാനം! ദൈവത്തിന്റെ തേജസ്സും മഹത്വവും കൊണ്ട് അവിടം നിറഞ്ഞിരിക്കുകയാണ്. അങ്ങോട്ട് മാനുഷികമായ യാതൊന്നിനും കടന്നുചെല്ലാൻ സാധിക്കുകയില്ല. തീയായിക്കഴിഞ്ഞാൽ മാത്രമേ അങ്ങോട്ടു കടന്നുചെല്ലാൻ സാധിക്കുകയുള്ളൂ.

ദൈവം ആദാമിന് ഒരു വാക്കു കൊടുത്തിരുന്നു. ഇന്നു നീ ഏദെൻതോട്ടത്തിൽനിന്ന് ഇറങ്ങിപ്പോകുന്നെങ്കിലും ഒരു നാൾ സ്ത്രീയുടെ സന്തതിയായി ഒരു പ്രജ ഉത്ഭവിക്കും; ആ സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും. അന്ന് നിനക്ക് പറുദീസായിലേക്ക് കടന്നു വരാം.

ആദാം അതിവേദനയോടെ ഇറങ്ങിപ്പോയി. ആദാമിനും ഹവ്വായ്ക്കും മക്കളുണ്ടായി. കയീനും ഹാബേലും. ഇവർ രണ്ടു സ്വഭാവമുള്ളവരായിരുന്നു. കയീനിൽ സാത്താന്റെ സ്വഭാവമായിരുന്നു ഉണ്ടായിരുന്നത്. ഹാബേലിൽ ഉണ്ടായിരുന്നത് ദൈവികസ്വഭാവവും. ഒരു അപ്പന്റെയും അമ്മയുടെയും മക്കൾ. എന്നാൽ സ്വഭാവം രണ്ടായിരുന്നു.

> *“അനന്തരം മനുഷ്യൻ തന്റെ ഭാര്യയായ ഹവ്വയെ പരിഗ്രഹിച്ചു; അവൾ ഗർഭം ധരിച്ചു കയീനെ പ്രസവിച്ചു: യഹോവയാൽ എനിക്ക് ഒരു പുരുഷപ്രജ ലഭിച്ചു എന്നു പറഞ്ഞു. പിന്നെ അവൾ അവന്റെ അനുജനായ ഹാബെലിനെ പ്രസവിച്ചു. ഹാബേൽ ആട്ടിടയനും കയീൻ കൃഷിക്കാരനും ആയിത്തീർന്നു. കുറെക്കാലം കഴിഞ്ഞിട്ടു കയീൻ നിലത്തെ അനുഭവത്തിൽനിന്നു യഹോവയ്ക്കു ഒരു വഴിപാടു കൊണ്ടുവന്നു. ഹാബേലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽനിന്ന്, അവയുടെ മേദസ്സിൽനിന്നു തന്നേ, ഒരു വഴിപാട്*

*കൊണ്ടുവന്നു. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. കയീന് ഏറ്റവും കോപ മുണ്ടായി, അവന്റെ മുഖം വാടി. എന്നാറെ യഹോവ കയീനോട്: നീ കോപിക്കുന്നത് എന്തിന്ന്? നിന്റെ മുഖം വാടുന്നതും എന്ത്?"*

*ഉല്പത്തി 4 : 1 – 6*

തന്റെ അടുക്കൽ രണ്ടുപേരും വഴിപാടു കൊണ്ടുവന്ന പ്പോൾ നിത്യനായ ദൈവം ഹാബേലിലും അവന്റെ വഴിപാ ടിലും പ്രസാദിച്ചു. ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. അപ്പോഴാണ് കയീന് കോപമുണ്ടായത്. കയീന്റെ മുഖം വാടി.

മുഖം വാടിയ ജീവിതം! അപകർഷതാബോധം കൊണ്ടാ യിരിക്കാം ഇന്ന് പലരുടേയും മുഖം വാടുന്നത്. ഞാൻ അങ്ങ നെയായിരുന്നു. ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചതുകൊണ്ട് ഞാൻ അനാഥനായിരുന്നു. എന്റെ അമ്മ വളരെ കഷ്ടപ്പെട്ട് എന്നെ വളർത്തി. ദൈവത്തിന്റെ വഴിയിൽക്കൂടെ എന്നെ നട ത്തി. വേദപുസ്തകം വായിക്കാൻ പഠിപ്പിച്ചു. നല്ല ചിട്ടയായി എന്നെ വളർത്തി.

മുപ്പതാമത്തെ വയസ്സിൽ വിധവയായ എന്റെ പാവം അമ്മ വളരെ കരഞ്ഞു തളർന്നു. ഞാനും എന്റെ പെങ്ങളും കൂടെക്കരയും. അപ്പൻ മരിച്ചതിന്റെ അടുത്ത വർഷം പതി മൂന്നു വയസ്സായ എന്റെ ചേട്ടനും മരിച്ചു. ഞാൻ ജനിക്കുന്നതി നുമുമ്പ് അമ്മ പ്രസവിച്ച മൂന്നു കുഞ്ഞുങ്ങൾ മരിച്ചിരുന്നു. അഞ്ചുമരണം നടന്ന, കണ്ണീരിൽ ആഴ്ന്നുപോയ വീട്. കൃഷി യുണ്ടായിരുന്നതിനാൽ കഞ്ഞി കുടിക്കാൻ മാർഗ്ഗമുണ്ടായിരു ന്നു. എങ്കിലും ദുഃഖവും ദുരിതവും നിറഞ്ഞ വീട്. ആഹാര ത്തിന് മുട്ടില്ലായിരുന്നെങ്കിലും പൈസയ്ക്കു മാർഗ്ഗമുണ്ടായിരു ന്നില്ല.

ജീവിതത്തിന്റെ യാതനയേറ്റ് കരഞ്ഞുകരഞ്ഞാണ് ഞാൻ വളർന്നത്. എന്റെ മുഖം വാടിയതായിരുന്നു. ദുഃഖം തളംകെട്ടിയ, മൂകത മുറ്റിയ ഒരു വീട്! വീട്ടിൽ എല്ലാവരുടേയും മുഖം വാടിയതായിരുന്നു.

ഇതു വായിക്കുന്ന എന്റെ പ്രിയപ്പെട്ടവരോട് എനിക്കു ചോദിക്കാനുണ്ട്. നിങ്ങളുടെ ആരുടെയെങ്കിലും മുഖം വാടിയിരിക്കുന്നുണ്ടോ? ജീവിതത്തിലെ ഏതെങ്കിലും പ്രതിസന്ധികൾ മൂലം മനസ്സ് വാടിയിരിക്കുന്നവരുണ്ടോ? ഇന്ന് അനേകരുടെ ഹൃദയം  തളർന്ന്, മുഖം വാടിയിരിക്കുകയാണ്.

ഭർത്താവു മരിച്ചുപോയതുകൊണ്ട് ചിറകൊടിഞ്ഞ പക്ഷിയെപ്പോലെ, മുഖം വാടിയിരിക്കുന്നവരുണ്ട്. ഭാര്യ മരിച്ചുപോയതുകൊണ്ട് മുഖം വാടിയവരുണ്ട്. മക്കൾ ഉണ്ടാകാത്തതുമൂലം ദുഃഖിക്കുന്നവരുണ്ട്. ഉള്ള മക്കൾ തിന്മയിലേക്കും പാപത്തിലേക്കും വെറിക്കൂത്തിലേക്കും പോകുന്നതുകൊണ്ട് വേദനിച്ചു കഴിയുന്നവരുണ്ട്. മകളുടെ വിവാഹം നടത്താൻ പൈസ ഇല്ലാതെ ഭാരപ്പെട്ടിരിക്കുന്നവരുണ്ട്. കടം തീർക്കാൻ കഴിയാതെ ഭാരത്തോടെ കഴിയുന്നവരുണ്ട്.

ഇതിനേക്കാളുമൊക്കെ രൂക്ഷമായ പ്രശ്നങ്ങളെ നേരിടുന്നവരുണ്ട്. അനേകം പ്രശ്നങ്ങൾ! മുഖം വാടിയിരിക്കുന്നു!

ഇന്ന് നിങ്ങളുടെ മുഖത്തിന്റെ വാട്ടം മാറ്റി പ്രസന്നവദനരായിത്തീർക്കുവാൻ തക്കവണ്ണം കരുണയുള്ള കർത്താവിന്റെ വചനം അവിടുന്ന് തൂകിത്തരികയാണ്. വചനം നിങ്ങളിലേക്കു വരുമ്പോൾ യേശുക്രിസ്തു നിങ്ങളുടെ അരികത്തു വരുന്നു; നിങ്ങളുടെ മുഖത്തിന്റെ വാട്ടം മാറും. നിങ്ങളുടെ ക്ഷീണം മാറും. നിങ്ങളുടെ ഹൃദയത്തിലെ വിഷാദഭാവം മാറും.

പത്താംക്ലാസ്സ് കഴിഞ്ഞ്, പഠിത്തം നിർത്തി കൃഷിയും കാര്യങ്ങളും നോക്കിനടത്തിക്കഴിയുന്ന കാലത്ത് ഒരു കൃഷിക്കാരനാകാൻ പോവുകയാണെന്നറിഞ്ഞ് ഞാൻ വാടിയ മുഖ

ത്തോടെ നിന്നു. അന്ന് ഞാൻ കൃഷിയുടെ മേൽനോട്ടം വഹിക്കാൻ ഒരുങ്ങുകയായിരുന്നു. ദൈവം കൃപചെയ്ത് അന്ന് വടവുകോട് സ്കൂളിലെ മത്തായിസാർ എന്നെ സ്കൂളിലേക്ക് വിളിപ്പിച്ച് TTC യ്ക്ക് ആപ്ലിക്കേഷൻ ഫോം കൊടുപ്പിച്ചു. എനിക്കുവേണ്ടി അപേക്ഷ സാർ എഴുതി. ഞാൻ ഒപ്പ് ഇടുക മാത്രം ചെയ്തു.

പതിനേഴാമത്തെ വയസ്സിൽ വളരെ ദുഃഖിതനായി, മ്ലാന വദനനായി കഴിഞ്ഞകാലത്ത് ഞാൻ ഞങ്ങളുടെ പള്ളിയിൽ ഒരു ദിവസം യോഗത്തിനു ചെന്നു. എനിക്ക് പരിചയമില്ലാത്ത ഒരാൾ അന്ന് പ്രസംഗിക്കുകയായിരുന്നു. ആദ്യമൊന്നും ഞാൻ അത്ര ശ്രദ്ധിച്ചിരുന്നില്ല. എപ്പോഴോ എന്റെ ഹൃദയത്തിൽ ഒരു വാക്കു വന്ന് തറഞ്ഞു: "ലാസറിന്റെ കല്ലറ പോലെ അകത്തു ചീഞ്ഞിരിക്കുന്ന അനേകർ ഇവിടെ ഇരിക്കുന്നുണ്ട്; പുറമെ യാതൊരു പാപവുമില്ല; മദ്യപാനമില്ല, വ്യഭിചാരമില്ല, മോഷണം, കൊലപാതകം ഒന്നുമില്ല; എന്നാൽ അകം മുഴുവൻ ദുർഗന്ധം വമിക്കുന്നവർ ഇവിടെ ഇരിപ്പുണ്ട്. അവരെ കർത്താവു വിളിക്കുന്നു: ലാസറേ, പുറത്തു വരിക എന്ന്."

ഞാൻ ഞെട്ടിപ്പോയി. ഞാൻ കണ്ണു തുറന്നു നോക്കിയപ്പോൾ അദ്ദേഹം എന്റെ നേരെ വിരൽ ചൂണ്ടുന്നു. ഞാൻ തല താഴ്ത്തി ഏങ്ങലടിച്ച് കരയാൻ തുടങ്ങി. അന്നുരാത്രി യേശുക്രിസ്തു എന്റെ ജീവിതത്തിലേക്ക് എഴുന്നള്ളി വന്നു. അന്നു രാത്രി എന്റെ ജീവിതത്തിന്റെ മ്ലാനത മാറി. ജീവിതത്തിന്റെ മൂകത മാറി. എന്റെ ജീവിതത്തിന്റെ വാട്ടം മാറി. ഞാൻ ഒരു വാക്കേ പറഞ്ഞുള്ളൂ: "യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക." അത് എന്റെ കരുണയുള്ള കർത്താവ് കേട്ടു. അവിടുന്ന് എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വന്നു.

ആ യേശുവിനെ ഹൃദയത്തിൽ പേറിയാണ് ഞാൻ ഈ വർഷമെല്ലാം ഭൂമിയിൽ ജീവിച്ചത്. തികഞ്ഞവനായെന്നോ പൂർണ്ണനായെന്നോ എനിക്ക് ഇതുവരെ തോന്നിയിട്ടില്ല.

എനിക്ക് ഇനിയും തിരുത്താനുണ്ടെന്നേ ഞാൻ ചിന്തിച്ചിട്ടുള്ളൂ. എന്റെ ഹൃദയത്തിൽ ഇരിക്കുന്നവൻ വലിയവനാണ്; അവൻ സർവ്വസൃഷ്ടിയുടെയും ഉടമസ്ഥനാണ്. അവൻ ജീവദാതാവാണ്. അവൻ വാടിയിരിക്കുന്നവരുടെ വാട്ടം മാറ്റുന്നവനാണ്.

ആ യേശുവാണ് നിങ്ങളുടെ അരികത്ത് ഇപ്പോൾ വന്ന് നിൽക്കുന്നത്. ആ യേശു ഇന്നു നിങ്ങളോട് കരുണയോടെ സംസാരിക്കുന്നു. നിങ്ങളുടെ മുഖത്തിന്റെ വാട്ടം മാറ്റാൻ യേശു നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്നു. നിങ്ങളുടെ ജിവിതത്തിലെ ക്ലേശം മാറ്റാൻ യേശു കരുണയോടെ സംസാരിക്കുകയാണ്.

ആയിരിക്കുന്ന അവസ്ഥയിൽ കർത്താവിനോട് ഏറ്റു പറയാം. ഇത്രയും കാലം ഞാൻ അപകർഷതാബോധമുള്ളവനായിരുന്നു. ഇത്രയും കാലം ഞാൻ വാടിത്തളർന്നവനായിരുന്നു. ഇത്രയും കാലം ഞാൻ മനസ്സു ദുഃഖിച്ച് വിഷാദം പൂണ്ടിരിക്കുന്നവളായിരുന്നു. ഇത്രയും കാലം ഞാൻ എന്റെ ജീവിതം പാഴാക്കി കളഞ്ഞവനായിരുന്നു. അനേകമനേകം തെറ്റുകൾ എന്റെ ജീവിതത്തിൽ വന്നുപോയി.

കർത്താവേ, പുറത്താർക്കും അറിഞ്ഞുകൂടാ. എന്റെ ഭാര്യയ്ക്ക് അറിഞ്ഞുകൂടാ. എന്റെ ഭർത്താവിന് അറിഞ്ഞുകൂടാ. എന്റെ മാതാപിതാക്കൾക്കും മക്കൾക്കും അറിഞ്ഞുകൂടാ. സ്വർഗ്ഗത്തിലെ ദൈവമേ, നീ മാത്രം അറിയുന്നു. അനേകം പാപം എനിക്കു വന്നുപോയി. അതുകൊണ്ടാണ് കർത്താവേ, എന്റെ മുഖം വാടിയിരിക്കുന്നത്. ആയിരിക്കുന്ന അവസ്ഥയിൽ എന്റെ കർത്താവേ, നിന്റെ പൊന്നുകരങ്ങളിലേക്ക് എന്റെ ആയുസ്സു ഞാൻ ഏല്പിച്ചു തരുന്നു. ശേഷിക്കുന്ന ആയുസ്സു മുഴുവൻ ഈ ദേഹവും ദേഹിയും ആത്മാവും നിനക്കായി ഞാൻ വേർതിരിക്കുന്നു.

എനിക്കുവേണ്ടി മുറിവേറ്റ് രക്തം ചിന്തിയ യേശുവേ, നിന്റെ കരങ്ങളിലേക്ക് ഈ ജീവിതം ഏല്പിച്ചു തരികയാണ്.

ഈ പാപമയമായ നിസ്സാരജീവിതം ഞാൻ തരികയാണ്. ഇപ്പോൾ നിന്റെ തൃക്കരം എന്റെ ശിരസ്സിൽ വച്ച് പാപിയായ എന്നെ അനുഗ്രഹിക്കണമേ. എനിക്ക് ന്യായം പറയാൻ ഒന്നുമില്ല. അഭിമാനിക്കാൻ യാതൊന്നുമില്ല. കർത്താവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

കർത്താവിന്റെ തൃക്കരം ഇന്നു നിങ്ങളെ പിടിച്ച് എഴുന്നേല്പിക്കും. കർത്താവിന്റെ തൃക്കരം നിങ്ങളുടെ മുഖം പിടിച്ചുയർത്തും. കർത്താവ് തന്റെ തിരുരക്തംകൊണ്ട് നിങ്ങളുടെ പാപങ്ങളെല്ലാം കഴുകിത്തരും. കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകി ഒരു വിശുദ്ധജീവിതം നിങ്ങൾക്കു തരും. ഒരു പുണ്യജീവിതം നിങ്ങൾക്കു തരും. അനുഗൃഹീതമായ ജീവിതം നിങ്ങൾക്കു തരും. ഭാവി ശോഭനമാക്കും. സ്വർഗ്ഗീയസന്തോഷം നിങ്ങൾക്കു തരും. സ്വർഗ്ഗീയസമാധാനം തരും. സ്വർഗ്ഗീയശാന്തിയിലേക്കു നിങ്ങൾ നടന്നടുക്കും. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ തന്നെ സ്വർഗ്ഗീയപൗരത്വം നിങ്ങൾക്കു ലഭിക്കും. കാരണം, ഇന്നു നിങ്ങളുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കും. നിങ്ങൾ ദൈവത്തിന്റെ പ്രിയമക്കളായിത്തീരും. സാത്താൻ നിങ്ങളെ കണ്ടു വിറയ്ക്കും! ദുഷ്ടപ്പിശാചുക്കൾ വിഭ്രമിച്ച് മാറിപ്പോകും. നിങ്ങളുടെ ഹൃദയം സ്വച്ഛസുന്ദരമായിത്തീരും. സമാധാനം നിറഞ്ഞുവരും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## രണ്ട്

*"കയീന് ഏറ്റവും കോപമുണ്ടായി, അവന്റെ മുഖം വാടി. എന്നാറെ യഹോവ കയീനോട്: നീ കോപിക്കുന്നത് എന്തിന്ന്? നിന്റെ മുഖം വാടുന്നതും എന്ത്? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കല്പിച്ചു." ഉല്പത്തി 4 : 5 – 7*

നീ നന്മ ചെയ്യുന്നു എങ്കിൽ ദൈവത്തിന്റെ പ്രസാദം നിനക്കു ലഭിക്കുമല്ലോ. നീ നന്മ ചെയ്യുന്നില്ലെങ്കിൽ നിന്നെ വിഴുങ്ങാൻ, നിന്നെ നശിപ്പിക്കാൻ, പാപം നിന്റെ വാതിൽക്കൽ തന്നെ ഉണ്ട്. പാപത്തിന്റെമേലുള്ള പിശാചിന്റെ ആഗ്രഹം നിന്നെ നശിപ്പിക്കുക എന്നതാണ്. നീയോ പാപത്തെ കീഴടക്കേണ്ടതാകുന്നു.

എന്താണ് കയീന്റെ മുഖം വാടാൻ കാരണം? ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല. എന്നാൽ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനും ഹാബേലും സഹോദരങ്ങളാണ്. പക്ഷേ, സ്നേഹം നഷ്ടപ്പെട്ടു.

ആദ്യകുടുംബത്തിൽ തന്നെ സ്നേഹം നഷ്ടപ്പെട്ടു. ആദ്യകുടുംബത്തിൽ തന്നെ വൈരാഗ്യത്തിന്റെ വിത്തു പാകി. സാത്താൻ ഭീകര ശത്രുവാണ്. അവൻ മനുഷ്യഹൃദയത്തിൽ തിന്മയുടെയും വൈരാഗ്യത്തിന്റെയും പകയുടെയും വിദ്വേഷ

ത്തിന്റെയും പ്രതികാരചിന്തയുടെയും വിത്ത് പാകും.

നിങ്ങളുടെ ഹൃദയത്തിൽ കോപവും ഈർഷ്യയും വരുന്നുണ്ടോ? ആരോടെങ്കിലും നിങ്ങൾക്ക് പകയുണ്ടോ? പിശാചാണ് അതിന്റെ പിന്നിൽ, നിങ്ങൾ ഓർത്തുകൊള്ളണം. “കയീന് ഏറ്റവും കോപമുണ്ടായി.” അവന്റെ ഹൃദയത്തിൽ സഹോദരനോട് ഈർഷ്യയുണ്ടായി. “ദൈവം കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല.” കയീനിൽ പ്രസാദിക്കാത്തതുകൊണ്ടാണ് അവന്റെ വഴിപാടിൽ പ്രസാദിക്കാത്തത്. കയീന്റെ സ്വഭാവം നല്ലതല്ലായിരുന്നു. സഹോദരസ്നേഹം നഷ്ടപ്പെട്ടവനായിരുന്നു കയീൻ. നല്ലതല്ലാത്ത ഹൃദയംകൊണ്ട് എന്തു വഴിപാട് കഴിച്ചാലും ദൈവം പ്രസാദിക്കുകയില്ല.

നിങ്ങൾ ഒന്നു സങ്കല്പിക്കൂ. നന്നായി വിശന്നിരിക്കുമ്പോൾ വളരെ നല്ല ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ ചെല്ലുന്നു. വളരെ മനോഹരമായി ക്രമീകരിച്ചിരിക്കുന്ന സ്ഥലം. മധുരതരമായ വിഭവങ്ങൾ. ഏതോ ഒരു വിഭവം നിങ്ങൾ ഓർഡർ ചെയ്യുന്നു. രുചികരമായ വിഭവം കൊണ്ടുവന്ന പാത്രം പിടിച്ചിരിക്കുന്ന വെയിറ്ററിന്റെ കൈ നിറയെ വ്രണങ്ങൾ. ആ വ്രണത്തിലെ പഴുപ്പ് ആ പാത്രത്തിന്റെ വക്കിൽ ആയിരിക്കുന്നു. നിങ്ങൾക്കത് ഭക്ഷിക്കാനാകുമോ? ഭക്ഷണം നല്ലതാണ്. അതു വച്ചിരിക്കുന്ന പ്ലേറ്റ് നല്ലതാണ്. ആ ഹോട്ടലും അതിന്നുള്ളിലെ സജ്ജീകരണങ്ങളും നല്ലതാണ്. പക്ഷേ, കൊണ്ടുവന്ന കൈകൾ അശുദ്ധിയുള്ള കൈകളാണ്. അതിനാൽ ആ ഭക്ഷണം കഴിക്കാനാവില്ല.

പ്രിയപ്പെട്ടവരേ, നമ്മിൽ അനേകംപേർ വ്രണമുള്ള കൈകൾ കൊണ്ടാണ് ദൈവത്തിന് വഴിപാട് അർപ്പിക്കുന്നത്. നമ്മുടെ കൈയിൽ, നമ്മുടെ ഹൃദയത്തിൽ തിന്മയുണ്ട്. പുറത്തുപറയാൻ അറയ്ക്കുന്ന ജീവിതം നയിക്കുന്ന അനേകരുണ്ട്.

സ്വന്തം ഭാര്യയെ വിട്ട് അന്യസ്ത്രീയിലേക്ക്

ആകർഷിക്കപ്പെട്ടു പോകുന്ന പുരുഷന്മാരുണ്ട്. സ്വന്തം ഭർത്താവിനല്ലാതെ മറ്റു പുരുഷന്മാർക്കു സ്നേഹം കൊടുക്കുന്ന ഭാര്യമാരുണ്ട്. മാതാപിതാക്കളെ അനുസരിക്കാത്ത മക്കളുണ്ട്. മക്കളെ ശപിക്കുന്ന മാതാപിതാക്കളുണ്ട്.

അഴിമതിക്കു കൂട്ടുനിന്ന കൈകൾ! കൈക്കൂലി വാങ്ങിയ കൈകൾ! കള്ളത്തരത്തിന് കൂട്ടുനിന്ന കൈകൾ! അശുദ്ധവാക്കുകളും നുണയും പറഞ്ഞ നാവുകൾ! ചീത്ത പടങ്ങൾ കണ്ടു രസിച്ച കണ്ണുകൾ! എല്ലാമെല്ലാം അശുദ്ധം!

ഇങ്ങനെ അശുദ്ധമായിരിക്കെയാണ് "ദൈവമേ നീ പരിശുദ്ധനാകുന്നു" എന്ന് ചൊല്ലുന്നത്. ഈ അശുദ്ധിയോടെയാണ് "ഞങ്ങളോടു കരുണ ചെയ്യണമേ" എന്ന് ഇരുകരവും വിടർത്തി പ്രാർത്ഥിക്കുന്നത്.

പ്രിയപ്പെട്ടവരേ, ദൈവം കേൾക്കുകയില്ല. ദൈവം സ്വീകരിക്കുകയില്ല. എന്തെല്ലാം സമർപ്പണം പറഞ്ഞാലും ദൈവം കൈക്കൊള്ളുകയില്ല. ആദ്യം നിന്റെ കുഷ്ഠരോഗം ബാധിച്ച കൈകൾ ശുദ്ധമാകട്ടെ. ആത്മാവിന്റെ കുഷ്ഠരോഗം ബാധിച്ച കൈകൾ! ഇതെല്ലാം പിതാക്കന്മാർ കണ്ടിരുന്നു. അതാണ് പിതാക്കന്മാർ പാടിയത്:

നോക്കണമെൻ ദുരിതം നാഥാ!
പലതര ദോഷം ഞാൻ ചെയ്തു
കോപിപ്പിച്ചു ശരണമെനിക്കില്ല
വൈദ്യന്മാർ പക്കൽ ഞാൻ പോയി
അവരൗഷധമെല്ലാം ചെയ്തിട്ടില്ലൊരു ഗുണവും
എൻ വ്രണമോ കഠിനം
നൽവൈദ്യാ! നിന്നെയും നിൻ
ഔഷധഗുണവും ഞാൻ കേട്ടു
നിങ്കൽ വരുന്നോൻ സുഖമേൽക്കും നൂനം.

എന്റെ കർത്താവേ, എന്റെ കൈകൾ വ്രണം നിറഞ്ഞിരി

ക്കുകയാണ്. എന്റെ ദുരിതം നീ ഒന്നു കാണണമേ. എന്റെ കൈകൾ കുഷ്ഠരോഗം ബാധിച്ച കൈകൾപോലെ അശുദ്ധമായിരിക്കുന്നു. വ്രണങ്ങൾ പൊട്ടി ഒലിക്കുന്ന ചലത്തിന് ദുർഗന്ധമുണ്ട്. കർത്താവേ, അനേകം തെറ്റുകൾ എനിക്കു സംഭവിച്ചു. പുറത്തു പറയാൻ ലജ്ജിക്കുന്ന പാപത്തിൽ ഞാൻ വീണുപോയി. എന്റേതല്ലാത്ത, മറ്റുള്ളവരുടെ അപഹരിച്ച രൂപ എന്റെ പക്കലുണ്ട്. എനിക്കു വേറെ വഴിയില്ല. ഇതാ ഞാൻ നിന്റെ അടുക്കലേക്ക് വരുന്നു. നല്ല വൈദ്യനായ നിന്റെ അടുക്കലേക്ക് ഞാൻ സൗഖ്യം പ്രാപിക്കാൻ ഓടി വരികയാണ്. എന്നെ കടാക്ഷിച്ച് എന്റെ പാപത്തിന്റെ ദുരിതമെല്ലാം മാറ്റണമേ.

ഞാൻ അനേകം വൈദ്യന്മാരുടെ അടുക്കൽ സമാധാനം കിട്ടാൻ പോയി നോക്കി. തീർത്ഥയാത്രയ്ക്കു ഞാൻ നടന്നുപോയി. പള്ളിക്കു ചുറ്റും ഉരുണ്ടുനേർച്ച നടത്തി നോക്കി. പള്ളിക്കു ചുറ്റും ഞാൻ മുട്ടിന്മേൽ ഇഴഞ്ഞുനോക്കി. കുരിശുമല കയറാൻ നോക്കി. അനേകം പുണ്യസ്ഥലങ്ങളിലേക്കു വഴിപാടു കൊടുത്തു നോക്കി. പക്ഷേ, എന്റെ പാപത്തിനു പരിഹാരമായില്ല. ഇന്നും എന്റെ ആന്തരാത്മാവിൽ വ്രണം ബാധിച്ചിരിക്കുന്നു. അകത്ത് ചീഞ്ഞ സ്വഭാവമാണ്. അശുദ്ധവികാരങ്ങൾ പോകുന്നില്ല. മലിനമായ മോഹങ്ങൾ ഇന്നും ഉണ്ട്.

കർത്താവേ, ഞാൻ ഇങ്ങനെ പോയാൽ എന്റെ പാപത്തിൽ മരിച്ചുപോകേണ്ടിവരും. പാപത്തിൽ മരിച്ചാൽ നിത്യനരകത്തിലേക്കു ഞാൻ പോകും. അതെനിക്കു സംഭവിക്കരുത്.

എൻ പാപത്തിൽ ഞാൻ ചാകാൻ
ഇടയാകരുതയ്യോ നാഥാ!
എൻ ബാഷ്പങ്ങൾ ചൊരിഞ്ഞീടുന്നിപ്പോൾ
    അജമോ മാടോ ചെങ്ങാലിയോ
    കുറുപ്രാവിൻ കുഞ്ഞുങ്ങളെയോ
    കാഴ്ചയതായിട്ടർപ്പിക്കുന്നില്ല
ശെമഓൻ തൻ ഭവനേ വന്ന

പാപിസ്ത്രീ പോൽ ഇരുതുള്ളി
കണ്ണീർ കണ്ടെൻ മേൽ ദയ തോന്നണമേ

എന്റെ പാപത്തിനു പരിഹാരം വരുത്താൻ എന്റെ കൈയിൽ ഒന്നുമില്ലല്ലോ കർത്താവേ. ഒരു കാളക്കിടാവിനെ കൊണ്ടുവന്ന് ബലിയർപ്പിക്കാൻ എന്റെ കൈയിൽ ഇല്ല. ഒരു കോലാട്ടുകൊറ്റനെയോ ഒരു കുറുപ്രാവിനെയോ ബലിയർപ്പിക്കാൻ എന്റെ കൈയിൽ ഇല്ല. ഒരു ചങ്ങാലിയെപ്പോലും കൊണ്ടുവരുവാൻ എന്റെ കൈയിൽ ഇല്ല.

എന്നാൽ, എനിക്ക് ഒരു കാര്യം മാത്രം സാധിക്കും. എന്റെ കഴിഞ്ഞകാല ജീവിതത്തിലെ പാപങ്ങൾ ഓർത്തു കരഞ്ഞു കൊണ്ട്, രണ്ടുതുള്ളി കണ്ണീർ പൊഴിച്ച് ആ പാപിനിയായ സ്ത്രീ നിന്റെ പാദത്തിൽ വന്നതുപോലെ, ഞാനിതാ നിന്റെ പാദത്തിലേക്ക് വരികയാണ്. അനുതാപത്തിന്റെ രണ്ടു തുള്ളി കണ്ണുനീർ മാത്രമേ എന്റെ പക്കലുള്ളൂ. എന്റെ കർത്താവേ, ഇനി മേൽ തെറ്റ് ആവർത്തിക്കില്ല എന്നു ഞാൻ നിന്നോടു പറയുന്നു. പശ്ചാത്താപത്തിന്റെ കണ്ണീർ ഞാൻ ഒഴുക്കുന്നു. ഇനിയെന്നും പുതിയ മനുഷ്യനായി ജീവിക്കും എന്നു പറഞ്ഞുകൊണ്ടുള്ള കണ്ണീർ. ഞാൻ പാപിയായയോരു മനുഷ്യൻ. കർത്താവേ, നീ മനസ്സലിയണമേ.

സഹോദരങ്ങളേ, ഇത് സമ്മതിച്ചുകൊണ്ട് ദൈവസന്നിധിയിലേക്കു വന്നാൽ അത്ഭുതകരമായ മാറ്റം സംഭവിക്കും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവർത്തിച്ച് കോപാക്രാന്തമായ പ്രകൃതി മാറ്റിത്തരും.

എന്റെ ചെറുപ്രായത്തിൽ ഞാൻ കോപിഷ്ഠനായ മനുഷ്യനായിരുന്നു. പെട്ടെന്നു ദേഷ്യം വരും. വളരെ ശാഠ്യം പിടിക്കുന്ന സ്വഭാവമായിരുന്നു. എന്റെ അമ്മയോട് ഏറെ കോപിച്ചിട്ടുണ്ട്. പിന്നീട് അതെല്ലാം ഏറ്റുപറഞ്ഞ് മാപ്പപേക്ഷിച്ചിട്ടുണ്ട്. പുറമെ ആരോടും കോപിച്ചിട്ടില്ലെങ്കിലും വീട്ടിൽ ഞാൻ

അമ്മയ്ക്ക് ഒരു വേദനാവിഷയമായിരുന്നു.

എന്നാൽ, പതിനേഴാമത്തെ വയസ്സിൽ എന്റെ ജീവിതം ഞാൻ യേശുവിന് കൈമാറിയപ്പോൾ എന്റെ കോപം എങ്ങോട്ടു പോയെന്ന് അറിയാതെയായി. നീരസപ്പെടുന്നതും മറ്റുള്ളവരെ താഴ്ത്തുന്നതുമായ സ്വഭാവം കർത്താവു മാറ്റി ത്തന്നു. മറ്റുള്ളവരെ ബഹുമാനിക്കണമെന്നും എല്ലാവരെയും ശ്രേഷ്ഠരായിട്ട് എണ്ണണമെന്നും കർത്താവ് എനിക്ക് കാണിച്ചു തന്നു. കർത്താവ് എന്നെ ആത്മീയവഴിയിലൂടെ കരം പടിച്ച് നട ത്തിക്കൊണ്ടുപോവുകയായിരുന്നു. ഇന്നും ആ കരം വിട്ടിട്ടില്ല.

പ്രിയപ്പെട്ടവരേ, യേശുക്രിസ്തു നിങ്ങളുടെ കരത്തിൽ പിടിക്കട്ടെ. നിങ്ങളുടെ സ്വഭാവം അവൻ മാറ്റിത്തരും. നിങ്ങ ളുടെ ഹൃദയത്തിന്റെ വിഷാദഭാവങ്ങൾ, നിങ്ങളുടെ അപ കർഷതാബോധം അവൻ മാറ്റിത്തരും. നിങ്ങളുടെ ശാഠ്യപ്ര കൃതി മാറ്റിത്തരും. നിങ്ങളുടെ അഹന്ത അവൻ മാറ്റിത്തരും. അഹങ്കരിക്കുവാനും പ്രശംസിക്കുവാനും ഒന്നുമില്ല എന്ന എളിമ നിങ്ങൾക്കു തരും. പ്രശംസിക്കാൻ ആകെയുള്ളത് ദൈവം എന്നെ സ്നേഹിക്കുന്നു എന്നുള്ള ഒറ്റക്കാര്യം മാത്രം.

യേശു എന്നെ സ്നേഹിക്കുന്നു എന്നുള്ള സ്വത്തുമായി ട്ടാണ് ഞാൻ നടക്കുന്നത്. ഈ അണ്ഡകടാഹത്തെ മെനഞ്ഞവ നായ നിത്യനായ ദൈവം, സൂര്യനെയും ചന്ദ്രനെയും എണ്ണി ത്തിട്ടപ്പെടുത്താനാവാത്ത നക്ഷത്രരാശിയെയും ഗാലക്സി യെയും മെനഞ്ഞ നിത്യനായ ദൈവം, ഈ നിസ്സാര മനുഷ്യനെ വ്യക്തിപരമായി അറിയുന്നു, വ്യക്തിപരമായി സ്നേഹിക്കുന്നു എന്നുള്ള വിശ്വാസം.

ഇന്നു നിങ്ങൾക്ക് ഈ സ്വത്തു വേണമോ? യേശുവിനെ വേണമോ? യേശു നിങ്ങളെ സ്വീകരിച്ച് നിങ്ങളുടെ സ്വഭാവം മാറ്റിത്തരാൻ നിങ്ങളുടെ അരികത്തേക്ക് വന്നിട്ടുണ്ട്. വാശിയും വൈരാഗ്യവും പകയും വിദ്വേഷവും മാറ്റി പിണങ്ങി

യിരിക്കുന്നവരോട് ഇണങ്ങാൻ നിങ്ങൾക്കു തോന്നും. അമ്മയോടോ അപ്പനോടോ കോപിച്ചിട്ടുണ്ടെങ്കിൽ മാപ്പു ചോദിക്കാൻ നിങ്ങൾക്കു തോന്നും. ദ്വേഷിച്ചിരിക്കുന്ന സഹോദരങ്ങളുടെ വീട്ടിൽ ചെന്ന് സ്നേഹമായി സംസാരിക്കാൻ നിങ്ങൾക്കു തോന്നും.

നിങ്ങൾ സൗമ്യപ്രകൃതിയുള്ളവരായിത്തീരും. സൗമ്യതയും ശാന്തതയും നിങ്ങളുടെ കൈമുതലായിത്തീരും. നിങ്ങളുടെ ജീവിതത്തിൽ ദ്രവ്യാഗ്രഹം മാറിപ്പോകും. എല്ലാം മാറി സ്വച്ഛസുന്ദരമായ ജീവിതം നിങ്ങൾക്കു തരാനാണ് കർത്താവ് നിങ്ങളെ വിളിക്കുന്നത്.

കയീന് ഏറ്റവും കോപമുണ്ടായി. കയീന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചില്ല. കയീന് കോപിക്കണ്ട കാര്യമില്ലല്ലോ. കാരണം, ദൈവം പ്രസാദിക്കത്തക്ക സ്വഭാവം അവന് ഉണ്ടായിരുന്നില്ല. അവന് സ്നേഹമുണ്ടായിരുന്നില്ല. അവന്റെ സ്വഭാവത്തിൽ ജന്മനാതന്നെ പാപം ലയിച്ചു കിടക്കുകയാണ്. ദൈവം അവന്റെ വഴിപാടിൽ പ്രസാദിക്കാതെയിരുന്നപ്പോഴല്ല അവന് സ്നേഹമില്ലാതെയായത്. അവൻ ഹവ്വായുടെ ഗർഭത്തിൽ ഉരുവായപ്പോൾ തന്നെ അവനിൽ മനുഷ്യപ്രകൃതി - സാത്താന്യ പ്രകൃതി - കടന്നുകൂടിയിരിക്കുകയാണ്. നാമെല്ലാവരും പ്രകൃത്യാ പാപികളാണ്. ജന്മനാ പാപികളായ നാമാരും കുറ്റമറ്റ നീതിമാന്മാരല്ല.

ആദാമിന് ദൈവത്തിന്റെ സ്വരൂപം നഷ്ടപ്പെട്ടു. ഹവ്വായ്ക്ക് ദൈവത്തിന്റെ സ്വരൂപം നഷ്ടപ്പെട്ടു. കയീനും ദൈവത്തിന്റെ സ്വരൂപം നഷ്ടപ്പെട്ടു. ഹാബേലിന് ഭാഗ്യവശാൽ ദൈവത്തിന്റെ സ്നേഹം തിരിച്ചറിഞ്ഞില്ലെങ്കിൽപോലും ഒരു വിശ്വാസമുണ്ടായിരുന്നു. ദൈവം സ്നേഹമാണ് എന്നൊരു വിശ്വാസം. അതൊരു അത്ഭുതമായിരുന്നു.

എന്റെ ദൈവം സ്നേഹമാണ്. ക്രൂശിൽ മരിച്ച എന്റെ

രക്ഷകൻ സ്നേഹമാണ്. അവൻ എന്നോടു വൈരാഗ്യമുള്ളവനല്ല. ഞാൻ പാപം ചെയ്തെന്നു പറഞ്ഞ് ശപിച്ചു തള്ളുന്നവനല്ല. ഞാൻ തിന്മ ചെയ്തവളാണെന്നു പറഞ്ഞ് എന്നെ തള്ളിക്കളയുന്നവനല്ല. സ്വർഗ്ഗത്തിലെ ദൈവം സ്നേഹം മാത്രമാണ്. അവനെന്നെ സ്നേഹമാണ്. ഈയൊരു ചിന്ത വന്നാൽ മതി, നിങ്ങൾക്കു രക്ഷപ്പെടാം.

കോടാനുകോടി ജനങ്ങളുള്ള ഈ ലോകത്ത് എന്റെ യേശുക്രിസ്തു എന്നെ വ്യക്തിപരമായി അറിയുന്നു. എനിക്കറിയില്ലെങ്കിലും എന്റെ ഓരോ തലമുടിനാരും യേശു എണ്ണിയിരിക്കുന്നു. ദൈവം അറിയാതെ എന്റെ ഒരു തലമുടിനാരുപോലും വീഴില്ല. അത്രമാത്രം ഞാൻ ദൈവത്തിന്റെ ദൃഷ്ടിയുടെ മുമ്പിലാണ്. ഞാൻ യേശുവിന്റെ വകയാണ്.

കയീന് ആ ദൈവസ്നേഹം പിടികിട്ടിയില്ല. ദൈവത്തെ സ്നേഹമായി കാണാൻ കഴിഞ്ഞില്ല. ദൈവത്തെ ക്രൂരനായിട്ടാണ് കണ്ടത്. തെറ്റിന്റെ ആരംഭം അവിടെയാണ്. ദൈവത്തെ സ്നേഹിക്കാൻ കഴിഞ്ഞില്ല. കാരണം, ദൈവത്തിൽ വിശ്വാസമില്ലായിരുന്നു. ദൈവത്തിൽ അവന് ആശ്രയമില്ലായിരുന്നു. അതുകൊണ്ട് മനുഷ്യനെയും സ്നേഹിക്കാൻ കഴിഞ്ഞില്ല.

നിങ്ങൾക്കിന്ന് ആ സ്നേഹത്തിലേക്കു മടങ്ങിവരാം. പരസ്പരം സ്നേഹിക്കുന്ന ഒരു പുതിയ ജീവിതം. ശത്രുക്കളെപ്പോലും, നിങ്ങൾക്ക് ഉപദ്രവം വരുത്തിയവരെയും നിങ്ങൾക്ക് നഷ്ടം വരുത്തിയവരെയും സ്നേഹിക്കുന്ന സ്നേഹം.

ആ മഹാഭാഗ്യം നിങ്ങൾക്ക് വേണോ? ആരോടെങ്കിലും നിങ്ങളുടെയുള്ളിൽ കയ്പ്പുണ്ടോ? നിശ്ശേഷം ഉപേക്ഷിച്ചു കളയുക. കർത്താവു പറഞ്ഞു: “നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും.”

തമ്മിൽ തമ്മിലുള്ള സ്നേഹം ഇന്നു ലോകത്തിൽ നഷ്ട പ്പെട്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് യുദ്ധങ്ങളും ഭീകരാക്ര മണവും? നിരപരാധികൾ കൊല്ലപ്പെടുന്നത് എന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് ബലാത്സംഗങ്ങൾ? കാരണം, സ്നേഹം നഷ്ടപ്പെട്ടുപോയി. വിശുദ്ധി നഷ്ടപ്പെട്ടുപോയി.

വിശ്വാസം വേണം. സ്നേഹം വേണം. വിശുദ്ധി വേണം. ഇതില്ലെങ്കിൽ നാം നരകാഗ്നിയിലേക്കു പോകും. ഇന്ന് ദൈവ ത്തോട് വാക്കു പറയണം: കർത്താവേ, ഞാൻ സ്നേഹമായി ക്കൊള്ളാം. എന്റെ ഭർത്താവിനെ ഞാൻ സ്നേഹിക്കും. എന്റെ ഭാര്യയെ ഞാൻ സ്നേഹിക്കും. എന്റെ മക്കൾ തെറ്റു ചെയ്താലും ഞാൻ അവരോടു ക്ഷമിക്കും. എന്റെ മാതാപിതാ ക്കളോട് ഞാൻ ഒരിക്കലും അവിവേകം കാണിക്കുകയില്ല.

> *"നിനക്കു നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെയിരുപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്നത് വാഗ്ദത്ത ത്തോടു കൂടിയ ആദ്യകല്പന ആകുന്നു."*
>
> *എഫെസ്യർ 6 : 2, 3*

സ്നേഹം നിങ്ങളുടെ ജീവിതത്തിന്റെ നിത്യവൃത്തിയാ യിത്തീരട്ടെ. സ്നേഹംകൊണ്ടു നിങ്ങൾ വ്യാപാരം ചെയ്യു വിൻ. ഈ സ്നേഹത്തിന്റെ വിത്ത് എവിടെയെല്ലാം വിത യ്ക്കാൻ സാധിക്കുമോ അവിടെയെല്ലാം വിതപ്പിൻ. നിങ്ങളുടെ ചാർച്ചക്കാരോടും മിത്രങ്ങളോടും നിങ്ങളുടെ ശത്രുക്കളോടും സ്നേഹം ആചരിപ്പിൻ.

ഇന്നു നിങ്ങൾക്ക് തീരുമാനമെടുക്കാമോ? കുരിശിലേക്കു നോക്കൂ. അവിടെ സ്നേഹം കാണുന്നു. അവിടെ വിശുദ്ധ സ്നേഹം കാണുന്നു. അവിടെ ക്ഷമ കാണുന്നു. അവിടെ ദൈവത്തിലുള്ള വിശ്വാസം കാണുന്നു. എല്ലാം ദൈവത്തിൽ ഭരമേല്പിക്കുന്ന സ്നേഹം കാണുന്നു. "പിതാവേ, ഇതാ ഞാൻ

എന്റെ ആത്മാവിനെ നിന്റെ കൈയിൽ ഭരമേല്പിക്കുന്നു" എന്നു പറഞ്ഞു കടന്നുപോയ യേശുവിന്റെ സ്നേഹമാണ് കുരിശിൽ നാം കാണുന്നത്. "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ" എന്നു പറഞ്ഞ കർത്താവിന്റെ സ്നേഹം.

ആ സ്നേഹം ഇന്നു നിങ്ങളുടെ ഹൃദയത്തിലേക്കു പാകിത്തരികയാണ്. നിങ്ങൾക്ക് ഇഷ്ടക്കേടുള്ളവരോട് ഇഷ്ടം വരുന്ന, അവരുടെ തെറ്റ് തെറ്റായി തോന്നാത്ത സ്നേഹം. ഇപ്പോൾത്തന്നെ നിങ്ങളെ ഈ സ്നേഹത്തിന്റെ ബലിവേദിയിലേക്ക് അർപ്പണം ചെയ്വിൻ. കുരിശിലേക്കു നോക്കുവിൻ. സ്നേഹത്തിന്റെ മകുടമായ ക്രിസ്തു ക്രൂശിന്മേൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്നു. ആരോടും വൈരാഗ്യമില്ലാതെ വേദനയേറ്റ് പിടഞ്ഞ് അവൻ കിടക്കുന്നു.

തന്നെ ന്യായം വിധിച്ച പീലാത്തോസിനോട് പകയില്ല. തന്നെ ശിക്ഷയ്ക്കു വിധിച്ച കയ്യാഫാവിനോടും ഹന്നാവിനോടും പരിഭവമില്ല. തന്നെ പുച്ഛിച്ച ഹെരോദാവിനോടു പരിഭവമില്ല. തന്നെ ഒറ്റിക്കൊടുത്ത യൂദായോടും പരിഭവമില്ല. യൂദാ അവസാനം വന്നപ്പോൾ യേശു പറഞ്ഞത്: "സ്നേഹിതാ, നീ വന്ന കാര്യമെന്ത്?" സ്നേഹിതാ എന്നാണ് വിളിച്ചത്.

ആ ക്രൂശിലെ സ്നേഹത്തിന്റെ മുമ്പിലേക്ക് ഇതാ യേശു നിങ്ങളെ ആനയിക്കുകയാണ്. കുരിശിൻചുവട്ടിൽ നിങ്ങളുടെ ജീവിതം അർപ്പണം ചെയ്യുക. കർത്താവേ, കുരിശിന്റെ ബലിവേദിയിൽ എന്റെ ആയുസ്സ് ഞാൻ താഴ്ത്തി വയ്ക്കുന്നു. എന്റെ ഭാവി മുഴുവൻ നിന്റെ കരങ്ങളിലേക്ക് തരുന്നു.

കരുണയുള്ള കർത്താവേ, നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. യേശുവേ, നീ സ്നേഹം മാത്രമായി ജീവിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും. എന്റെ യേശുവേ, നീ

സ്നേഹമായി ക്രൂശിൽ മരിച്ചതിനാൽ നിന്റെ സ്നേഹത്തിനു വേണ്ടി ഞാനിതാ എന്നെത്തന്നെ അർപ്പണം ചെയ്യുന്നു. എന്റെ കർത്താവേ, ഇപ്പോൾ എന്റെ ഹൃദയത്തിൽ വരണമേ. ഇന്നുമുതൽ ഒരു പുതിയ സൃഷ്ടിയായി ജീവിക്കാൻ എനിക്കു സൗഭാഗ്യം നൽകണമേ. എന്റെമേൽ നിന്റെ തിരുരക്തം തളിക്കണമേ. കഴിഞ്ഞകാല പാപങ്ങളെല്ലാം ക്ഷമിക്കണമേ. എന്നെ നിന്റെ രാജ്യത്തിന് അവകാശിയാക്കിത്തീർക്കണമേ. എന്റെ പേര് ജീവന്റെ പുസ്തകത്തിൽ ഇപ്പോൾത്തന്നെ എഴുതിച്ചേർക്കണമേ.

# മൂന്ന്

*"കയീന് ഏറ്റവും കോപമുണ്ടായി, അവന്റെ മുഖം വാടി. എന്നാറെ യഹോവ കയീനോട്: നീ കോപിക്കുന്നത് എന്തിന്? നിന്റെ മുഖം വാടുന്നതും എന്ത്? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കല്പിച്ചു."* *ഉല്പത്തി 4 : 5 – 7*

കയീന്റെ സ്വഭാവത്തിൽ മാലിന്യമുണ്ടായിരുന്നു; കോപമുണ്ടായിരുന്നു, അസൂയയുണ്ടായിരുന്നു. സ്വഭാവത്തിൽ ഇണക്കക്കുറവുണ്ടായിരുന്നു. അത് അവന്റെ ജന്മസിദ്ധമായ സ്വഭാവമാണ്. സാഹചര്യംകൊണ്ടു വന്നുചേർന്നതല്ല.

നാമെല്ലാവരും അങ്ങനെതന്നെയാണ്. ജനിക്കുമ്പോൾ തന്നെ നമ്മുടെ രക്തത്തിൽ പാപത്തിന്റെ കണികകളുണ്ട്. നമ്മുടെ ഓരോരുത്തരുടേയും രക്തത്തിൽ പാപത്തിന്റെ വേരുകളുണ്ട്. അതുകൊണ്ടാണ് 53–ാം സങ്കീർത്തനത്തിലും 14–ാം സങ്കീർത്തനത്തിലും സങ്കീർത്തനക്കാരൻ പറയുന്നത്: എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മ ചെയ്യുന്നവനില്ല; ഒരുത്തൻ പോലുമില്ല."

നാമാരും മെച്ചപ്പെട്ടവരല്ല. ജനിക്കുന്നതേ പാപത്തിൽ. പൂർവ്വികന്മാരിൽനിന്ന് നമുക്കു വന്ന പാപം. രക്തബന്ധത്തിൽക്കൂടി വന്ന പാപങ്ങൾ, ശാപങ്ങൾ. ഒരു ശിശു ജനിക്കു

മ്പോൾ തന്നെ രക്തത്തിൽ പാപത്തിന്റെ കണികകളുണ്ട്. എന്നാൽ, ഇതു തിരിച്ചറിഞ്ഞ് എന്റെ കർത്താവേ, നിന്റെ തിരുവിലാവിൽനിന്നൊഴുകിയ രക്തത്താൽ എന്നെ കഴുകണമേ എന്നു പ്രാർത്ഥിച്ച് പുതിയ ജീവിതം നയിക്കുന്നതാണ് ക്രിസ്തീയ ജീവിതം.

രക്തത്തിൽ ഏതെല്ലാം ശാപങ്ങളും, പാപങ്ങളുമുണ്ടെങ്കിലും എല്ലാം ക്ഷമിക്കുന്ന യേശുക്രിസ്തുവിന്റെ തിരുഹൃദയം വെമ്പലോടെ നിൽക്കുകയാണ്. അതിനുവേണ്ടിയാണ് ഒരു പാപവും ചെയ്യാത്ത മനുഷ്യപുത്രൻ ക്രൂശിൽ മരിച്ചത്. ഒരു പാപവും ക്രിസ്തു ചെയ്തിട്ടില്ലല്ലോ. നിങ്ങളിൽ ആര് എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുമെന്നാണ് കർത്താവ് ചോദിച്ചത്. കാരണം, ക്രിസ്തു പാപം തീണ്ടാത്തവനാണ്. നിത്യനായ ദൈവത്തിന്റെ തേജോമയനായ അരുമകുമാരൻ പാപം തൊടാത്തവനാണ്.

പാപം തൊടാത്തവനു മാത്രമേ പാപിയെ രക്ഷിക്കാൻ സാധിക്കുകയുള്ളൂ. ചെളി പുരളാത്തവനു മാത്രമേ ഒരാളെ ചെളിയിൽനിന്നു കരകയറ്റാൻ സാധിക്കുകയുള്ളൂ.

കയീന്റെ സ്വഭാവത്തിൽ അസൂയയുണ്ടായിരുന്നു. കയീന്റെ സ്വഭാവത്തിൽ സഹോദരസ്നേഹമുണ്ടായിരുന്നില്ല. ഒരപ്പന്റെയും അമ്മയുടേയും മക്കളായി ജനിച്ചു. തന്റെ രക്തത്തിലുണ്ടായിരുന്ന തിന്മകളെ കാണാനോ അനുതപിക്കാനോ കയീൻ തയ്യാറായില്ല. ദൈവത്തിലുള്ള വിശ്വാസം എനിക്കില്ലല്ലോ എന്നു ചിന്തിക്കാനുള്ള വിനയം അവനുണ്ടായിരുന്നില്ല.

ഹാബേലിന്റെ ഹൃദയത്തിൽ എപ്പോഴും ദൈവമേ, എന്നൊരു വിളി ഉണ്ടായിരുന്നു. അവന്റെ അപ്പൻ ആദാം എന്നും തോട്ടത്തിന്റെ വാതിലിലേയ്ക്ക് നിലവിളിച്ചുകൊണ്ട് പോകുന്നത് അവൻ കാണാറുണ്ടായിരുന്നു. കുറേനേരം കരഞ്ഞിട്ട് സങ്കടത്തോടെ തിരിച്ചു പോരുന്ന അപ്പൻ. ദൈവികവരദാനങ്ങളെല്ലാം അനുഭവിച്ച് ഏദൻ തോട്ടത്തിന്റെ സൗഭാഗ്യ

ത്തിൽ സന്തോഷമായി കഴിഞ്ഞിരുന്ന നാളുകൾ നഷ്ടപ്പെട്ട തോർത്ത് തേങ്ങുന്ന അപ്പൻ. ദൈവകല്പന ലംഘിച്ചു; ദൈവ വചനത്തെ അനുസരിച്ചില്ല എന്നു മാത്രമല്ല ദൈവവചനത്തെ സംശയിക്കുകയും ചെയ്തു. പിശാചിന്റെ വഞ്ചനയിൽ കുടുങ്ങി ദൈവകല്പന ലംഘിച്ച ആദാം.

ആ തോട്ടത്തിന്റെ വാതിൽക്കൽ പോയി എന്നും കരയാനല്ല ദൈവം ആഗ്രഹിക്കുന്നത്. മനുഷ്യജാതിക്കുവേണ്ടി ദൈവം നിർമ്മിച്ച ആ തോട്ടത്തിന്റെ അകത്ത് മനുഷ്യന് വീണ്ടും പ്രവേശിക്കാൻ ദൈവം ഒരു വഴി കണ്ടിട്ടുണ്ട്. "സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും" എന്ന ഒരു വാഗ്ദത്തം കർത്താവ് അന്നു പറഞ്ഞിട്ടുണ്ട്. പുരുഷസമ്പർക്കമില്ലാതെ ജനിക്കുന്ന ഒരു കുഞ്ഞ്! അതിന്റെ നിഴലായിട്ടാണ് ഒരു മൃഗത്തെ കൊന്ന് അതിന്റെ തോലുകൊണ്ട് ദൈവം ആദാമിനും ഹവ്വായ്ക്കും വസ്ത്രം നൽകിയത്.

ആദാം തന്റെ മക്കൾക്ക് എല്ലാം വിവരിച്ചുകൊടുത്തിരുന്നു. ദൈവത്തിന്റെ വചനം ലംഘിച്ചാൽ പാപമാണ്; പാപം വന്നാൽ പിശാച് അവകാശം പറയും. പക്ഷേ, കയീന് സംശയം നിൽക്കുന്നു. എന്നാൽ ഹാബേലിനു വിശ്വാസം വന്നു. ഹാബേലിന്റെ വിശ്വാസം അവന് രക്ഷയായിത്തീർന്നു.

> *"വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു. അതിനാലല്ലോ പൂർവ്വന്മാർക്ക് സാക്ഷ്യം ലഭിച്ചത്. ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറ് ലോകം ദൈവത്തിന്റെ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്ന് നാം വിശ്വാസത്താൽ അറിയുന്നു. വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു."*
>
> *എബ്രായർ 11 : 1 – 4*

വിശ്വാസത്താലാണ് കയീന്റെ യാഗത്തിലും മെച്ചപ്പെട്ട

യാഗം ഹാബേൽ കഴിക്കാനിടയായത്. ഹാബേലിന് വിശ്വാസമുണ്ടായി. ദൈവത്തിലുള്ള വിശ്വാസം. ദൈവത്തെ നേരിട്ടു കണ്ടിട്ടില്ല എങ്കിലും ദൈവത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞ ആദാം പറഞ്ഞ വാക്കുകൾ അവൻ വിശ്വസിച്ചു.

> *"ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു."*
>
> *റോമർ 10 : 17*

വിശ്വാസം കേൾവിയാൽ വരുന്നു. വചനം കേൾക്കണം. അപ്പൻ പറഞ്ഞ വചനം ഹാബേൽ വിശ്വസിച്ചു. "വിശ്വാസത്താൽ ഹാബേൽ കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു; അതിനാൽ അവന് നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു."

നാം ആരും നീതിമാന്മാരല്ല. എന്നാൽ വിശ്വാസത്താൽ നാം നീതിമാന്മാരാകും. ഇപ്പോൾ നിങ്ങൾ കർത്താവിനോട് ഒന്നുമാത്രം പറഞ്ഞാൽ മതി. എന്റെ കർത്താവേ, എനിക്കൊരു നിർമ്മല വിശ്വാസം തരണമേ. എന്റെ യേശു ജീവിക്കുന്നു എന്നും അവൻ ക്രൂശിൽ മരിച്ചു എന്നും അവൻ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നും അവൻ എന്നെ വ്യക്തിപരമായി കാണുന്നു, വ്യക്തിപരമായി അറിയുന്നു, എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു, അവൻ എന്റെ കാര്യങ്ങൾ അന്വേഷിക്കാൻ തത്പരനാണ് എന്ന് വിശ്വസിക്കാൻ എന്റെ ഹൃദയത്തിൽ വിശ്വാസത്തിന്റെ വിത്ത് ഇടണമേ.

വിശ്വാസം കിട്ടുന്നത് ഒരു മഹാഭാഗ്യമാണ്. വലിയ കൃപയാണ്. വിശ്വാസം കിട്ടിയാൽ നിങ്ങൾ രക്ഷപ്പെട്ടു. വിശ്വാസത്തെ ഉലയ്ക്കുന്ന പല കാര്യങ്ങളും നിങ്ങളുടെ ജീവിതത്തിൽ വന്നേക്കാം. ദൈവം സ്നേഹമാണെങ്കിൽ എന്തുകൊണ്ടാണ് എനിക്കു കുഞ്ഞു പിറക്കാത്തത്? ദൈവം സ്നേഹമാണെങ്കിൽ എന്തുകൊണ്ടാണ് എന്റെ രോഗം മാറാത്തത്? എന്തുകൊണ്ടാണ് ഞാൻ പരീക്ഷയിൽ തോറ്റത്? ഇങ്ങനെ അനേകം ചിന്തകൾ മനസ്സിലേക്കു വന്നേക്കാം.

എന്നാൽ സ്നേഹവാനായ ദൈവം നിങ്ങളുടെ അരികത്തു വന്ന് യാചിച്ചുകൊണ്ടു നിൽക്കുകയാണ്. മകളേ, നീ വിശ്വാസിയാവുക. മകനേ, നീ വിശ്വാസിയാവുക.

ഹാബേലിനു വിശ്വാസമുണ്ടായിരുന്നു. കയീനാകട്ടെ അവന്റെ സ്വന്തം സ്വഭാവങ്ങളൊന്നും ഗ്രഹിക്കാൻ സാധിച്ചില്ല. യഹോവ ഹാബേലിൽ പ്രസാദിച്ചതുകൊണ്ട് അവന്റെ വഴിപാടിലും പ്രസാദിച്ചു. കയീനിൽ പ്രസാദിക്കാത്തതുകൊണ്ട് അവന്റെ വഴിപാടിൽ പ്രസാദിച്ചില്ല. നാം ഏതെല്ലാം പുണ്യപ്രവർത്തികൾ ചെയ്താലും ഏതെല്ലാം പ്രാർത്ഥനകൾ ചൊല്ലിയാലും അത് പ്രയോജനപ്പെടണമെങ്കിൽ വിശ്വാസം വേണം. നാം ആരാണെന്ന് നമ്മൾ അറിയണം.

"കയീന് ഏറ്റവും കോപമുണ്ടായി."

അവന്റെ രക്തത്തിൽ ഉണ്ടായിരുന്ന കോപത്തിന്റെ പ്രവണത ഇപ്പോൾ പൊന്തി വന്നു. സന്ദർഭം വന്നപ്പോൾ ആ കോപം പൊന്തി വന്നു. "അവന്റെ മുഖം വാടി." പാപം വന്നാൽ മുഖം വാടും. അശുദ്ധി വന്നാൽ മുഖം വാടും. പ്രാഗത്ഭ്യം കിട്ടുകയില്ല. ധൈര്യം കിട്ടുകയില്ല. നിങ്ങൾക്ക് എന്തെങ്കിലുമൊരു പാപം വന്നാൽ നിങ്ങൾ ദൈവമക്കളുടെ അടുത്തേക്കു വരുന്നതിനു പേടിക്കുന്നില്ലേ? കാരണം, വെളിച്ചത്തേക്കു വരാൻ ഇരുട്ടിന്റെ അവകാശിയായ പിശാചു നിങ്ങളെ സമ്മതിക്കുകയില്ല.

കയീന് ദൈവത്തോടു ദേഷ്യമുണ്ടായി. ദൈവത്തിനു മുഖപക്ഷമുണ്ടെന്ന് അവന് തോന്നിപ്പോയി. ഹാബേലിൽ പ്രസാദിച്ച ദൈവം എന്തുകൊണ്ട് എന്നിൽ പ്രസാദിച്ചില്ല എന്ന് അവൻ ഒന്നു വിനയപ്പെട്ടു ചിന്തിച്ചാൽ മതിയായിരുന്നു. ദൈവമക്കൾ ഓരോരുത്തരും പഠിക്കേണ്ട പാഠമാണിത്. എന്തുകൊണ്ടാണ് ദൈവം എന്നിൽ പ്രസാദിക്കാത്തത്? എന്റെ നേരെ ദൈവം വേദനയോടെ നോക്കുന്നതെന്തുകൊണ്ടാണ്? എന്താണ് എന്റെ പരാജയ കാരണം?

എന്റെ ജീവിതത്തിലെ പോരായ്മയെന്ത് എന്ന് തനിയെ ഇരുന്ന് വിനയപൂർവ്വം ചിന്തിക്കുക. അതാണ് ആത്മീയജീവിതം. പുറമെ കാണിക്കുന്നതല്ല, അകമെ ഉള്ളതാണ് വിനയം. ഞാൻ നിസ്സാരനാണെന്ന ചിന്തയിൽനിന്നു തുടങ്ങി എന്റെ കർത്താവേ, നീ എത്ര വലിയവൻ എന്ന ചിന്ത വരുമ്പോൾ മാത്രമേ വിനയം കിട്ടുകയുള്ളൂ.

എനിക്കു കിട്ടുന്ന വചനം എന്റെ ആത്മാവിന് ആവശ്യമാണെന്ന് സ്വയം തിരിച്ചറിയാനുള്ള വിവേകം വേണം. ദൈവമക്കൾ എന്തെങ്കിലും തിരുത്താൻ പറഞ്ഞാൽ മത്സരമില്ലാതെ തിരുത്താൻ തയ്യാറാവണം.

മകനേ, നീ മനസ്സിലാക്കൂ. നിത്യനായ ദൈവം നിന്നോട് അരുളിച്ചെയ്യുകയാണ്: "പാപം വാതിൽക്കൽ കിടക്കുന്നു." നീ വാതിൽ തുറന്നു പുറത്തേക്കു വരുമ്പോൾ ആദ്യം ചെന്നു ചവിട്ടുന്നത് പാപത്തിന്റെമേൽ ആണ്. വലിയ പാമ്പിനെപ്പോലെ പാപം പതുങ്ങിക്കിടക്കുകയാണ്. നിന്നെ കൊത്താനും നശിപ്പിക്കാനും പാപം വാതിൽക്കൽ കിടക്കുന്നു. വാതിൽക്കൽ കാത്തുകിടക്കുന്ന പാപത്തെ അനേകരും തിരിച്ചറിയുന്നില്ല. നിന്റെ പാപം ദൂരെയല്ല. വളരെ അടുത്തുതന്നെയാണ് കിടക്കുന്നത്. നീ ഇപ്പോൾ ആ പാപത്തെ ത്യജിച്ചില്ലെങ്കിൽ വലിയ വിനാശത്തിൽ പെട്ടുപോകും.

പാപത്തിന്റെ ഏതെങ്കിലും പ്രേരണകൾ വരുമ്പോൾ ഓർത്തുകൊള്ളണം പാപം വാതിൽക്കൽ തന്നെ കിടക്കുന്നു എന്ന്. ചീത്ത ചിന്തകൾ വരാൻ തുടങ്ങുമ്പോൾ ഓർക്കണം, പാപം വാതിൽക്കൽ കിടക്കുന്നു. ആരോടെങ്കിലും വൈരാഗ്യം വന്നാൽ ഓർത്തുകൊള്ളണം, പാപം വാതിൽക്കൽ കിടക്കുന്നു. നിങ്ങൾക്ക് എന്തെങ്കിലും അശുഭചിന്തകൾ വന്നാൽ നിങ്ങൾ ഓർക്കണം, പാപം വാതിൽക്കൽ കിടക്കുന്നു. അതാണ് ആത്മീയജീവിതത്തിലെ തീക്ഷ്ണത എന്നു പറയുന്നത്. ആത്മീയ ജീവിതത്തിൽ പാപം വരരുതേ എന്ന നിർബന്ധത്തിൽനി

ന്നുള്ള ജാഗ്രത!

മുഖം വാടിയിരിക്കുന്നവരാണ് അനേകമാളുകളും. ചിരിക്കുന്നുണ്ട്, വർത്തമാനം പറയുന്നുണ്ട് എങ്കിലും മുഖം വാടിയിരിക്കുന്നു. മനസ്സു തളർന്നിരിക്കുന്നു. മുഖം മനസ്സിന്റെ കണ്ണാടി ആണെന്നു പറയും. മനസ്സിൽ സ്വസ്ഥത ഇല്ലാത്തതുകൊണ്ടാണ് മുഖം വാടുന്നത്. മനസ്സിൽ സന്തോഷമുണ്ടെങ്കിൽ മുഖം പ്രസന്നമായിരിക്കും.

ഇന്നനേകരുടേയും മുഖം വാടിയാണിരിക്കുന്നത്. ഏറ്റവും പ്രിയപ്പെട്ടവർ വേഗം കടന്നുപോയതിൽ മനം നൊന്തിരിക്കുന്ന അനേകം ആളുകളുണ്ട്. പ്രിയപ്പെട്ട ഭർത്താവ് മരിച്ച് അക്കരെയ്ക്കു കടന്നുപോയതുകൊണ്ട് ദുഃഖത്തോടെയിരിക്കുന്ന ഭാര്യമാരുണ്ട്. ഭാര്യ മരിച്ച് പോയതിൽ വിഷമിച്ച് മനം നൊന്ത് മുഖം വാടിയിരിക്കുന്ന ഭർത്താക്കന്മാരുണ്ട്. അപ്പനും അമ്മയുമില്ല, മക്കൾ ദുഃഖത്തോടെയിരിക്കുന്നു. അതും വേദനാവിഷയമാണ്. ഏതെല്ലാം കാര്യങ്ങളിലാണ് നിങ്ങളുടെ മുഖം വാടിയിരിക്കുന്നത്? ഇന്നു മുഖം വാടിയിരിക്കുന്നെങ്കിലും നിങ്ങളുടെ മുഖം പ്രസന്നമാക്കാൻ യേശുക്രിസ്തുവിന് കഴിയും.

പ്രിയപ്പെട്ടവരേ, ഞാൻ മുഖം വാടിയവനായിരുന്നു. എന്റെ ജീവിതത്തിലെ ആദ്യത്തെ പതിനേഴു കൊല്ലങ്ങൾ കരച്ചിലിന്റെ നാളുകളായിരുന്നു. ദുഃഖത്തിന്റെ കാലങ്ങളായിരുന്നു. ഒരു വയസ്സിൽ അപ്പൻ മരിച്ചതിനുശേഷം അമ്മ കരയുന്നതു കണ്ടാണ് ഞാൻ വളർന്നത്. ഞാൻ എന്തു പാപം ചെയ്തിട്ടാണ് കർത്താവേ, എനിക്കിങ്ങനെ വന്നതെന്ന് എന്റെ അമ്മ നെഞ്ചത്തടിച്ചു കരയുന്നത് ഞാൻ കണ്ടിട്ടുണ്ട്. ദുഃഖവും ദുരിതവും മാറാൻ പള്ളിപ്പെരുന്നാൾ ഏറ്റു കഴിക്കാൻ അമ്മ തീരുമാനിച്ചു. ദുരിതം മാറാൻ കോലഞ്ചേരി പള്ളിപ്പെരുന്നാളിന് ഏറ്റവുമധികം ധർമ്മക്കാർ വരുന്ന ദിവസം എല്ലാവർക്കും ധർമ്മംകൊടുക്കാൻ അമ്മ തീരുമാനിച്ചു.

അനേകം തീർത്ഥയാത്രകളും നേർച്ചകളും എല്ലാം

നേർന്നു. ഒരാണ്ടു മുഴുവനും നോമ്പു നോക്കി, ആണ്ടുനോമ്പ്! ജീവിതം തീർത്തും വിരസമായിപ്പോയി. അമ്മയുടെ ദുഃഖത്തിൽ ഞാനും എന്റെ പെങ്ങളും ദുഃഖിച്ചിരുന്നു. ഞങ്ങളുടെ വീട് മൂകമായിപ്പോയിരുന്നു. ചിരിയില്ല, വർത്തമാനമില്ല. മിണ്ടാട്ടമില്ലാത്ത വീട്. മൂന്നുപേരാണ് വീട്ടിൽ. പക്ഷേ, പരസ്പരം സംസാരമില്ല. സംസാരിച്ചാൽ തന്നെ വളരെ ചുരുങ്ങിയ വാക്കുകളിൽ സംസാരം നിർത്തും. കാരണം, ഉള്ളിൽ വിങ്ങലാണ്.

പതിനേഴാമത്തെ വയസ്സിൽ യേശുക്രിസ്തു വചനമായി എന്റെ ഹൃദയത്തിലേക്കു കടന്നു വന്നു. വചനം കേട്ടപ്പോൾ എന്റെ ഉള്ളം കർത്താവു ബലം പ്രയോഗിച്ചു തുറന്നു. കർത്താവ് അധികാരത്തോടെ അകത്തു പ്രവേശിച്ചു. ഞാൻ ആവശ്യക്കാരനല്ലാത്തതിനാൽ വിളിച്ചില്ലായിരുന്നു. എന്റെ നോട്ടത്തിൽ ഞാൻ ഭക്തനും നീതിമാനുമായിരുന്നു. നന്മ ചെയ്യുമായിരുന്നു. സാധുക്കളെ സഹായിച്ചിട്ടുണ്ട്. എന്റെ ഹൃദയം പക്ഷേ വാടിയിരിക്കുന്നത് ഞാനറിഞ്ഞില്ല. യേശു എന്റെയുള്ളിലില്ല എന്ന കാര്യം ഞാനറിഞ്ഞില്ല. രണ്ടുനേരം പ്രാർത്ഥനയും കുമ്പിടീലും ആചാരാനുഷ്ഠാനങ്ങളും ഞായറാഴ്ച ആരാധനയും എല്ലാമുള്ള ഞാൻ അനുഗ്രഹിക്കപ്പെട്ട ജീവിതമാണ് നയിക്കുന്നതെന്നാണ് ധരിച്ചത്.

പക്ഷേ, ഹൃദയം ചീഞ്ഞതായിരുന്നു. വചനം കേട്ടപ്പോൾ മാത്രമാണ് അത് തിരിച്ചറിഞ്ഞത്. ദുരാഗ്രഹവും അത്യാഗ്രഹവും ദ്രവ്യാഗ്രഹവുമുള്ള ഹൃദയമാണ് എന്റേതെന്ന്. ആരോടെല്ലാമോ വഴക്കും പിണക്കവും മുഷിച്ചിലും ഹൃദയത്തിൽ ഉണ്ടായിരുന്നു. എല്ലാം തിരിച്ചറിഞ്ഞു. കർത്താവേ, എനിക്കിതു മാറ്റാൻ സാധ്യമല്ല. ഈ ഹൃദയത്തെ രൂപാന്തരപ്പെടുത്താൻ, വെടിപ്പാക്കാൻ നിനക്കു മാത്രമേ കഴിയൂ. ഞാൻ പറഞ്ഞു: യേശുവേ, ഇന്നു മുതൽ ഞാൻ നിന്റെ വക!

ഈ വാക്കുകളെ വായിക്കുന്ന എന്റെ സഹോദരങ്ങളേ

നിങ്ങൾക്ക് ഇന്നുമുതൽ ഞാൻ നിന്റെ വക എന്ന് യേശുവിനോട് പറയാൻ തോന്നുന്നുണ്ടോ? എങ്കിൽ നിങ്ങളുടെ മുഖം പ്രസന്നമാകും. നിങ്ങളുടെ മുഖത്തിന്റെ വാട്ടം മാറും. നിങ്ങളുടെ ക്ഷീണം മാറി അനുഗ്രഹകരമായ, പ്രസാദാത്മകമായ ജീവിതം കർത്താവു നിങ്ങൾക്കു തരും.

> *"കയീൻ ദുഷ്ടനിൽനിന്നുള്ളവനായി സഹോദരനെ കൊന്നതുപോലെ അല്ല; അവനെ കൊല്ലുവാൻ സംഗതി എന്ത്? തന്റെ പ്രവൃത്തി ദോഷവും സഹോദരന്റേതു നീതിയുമുള്ളതാകകൊണ്ടത്രേ."*
>
> *1 യോഹന്നാൻ 3 : 12*

കയീൻ ദുഷ്ടനിൽ നിന്നുള്ളവനായിരുന്നു. തന്റെ പ്രവൃത്തി ദോഷമുള്ളതാണെന്ന് അവനു മനസ്സിലായി. സഹോദരന്റേത് നീതിയുള്ള ജീവിതമാണെന്നു മനസ്സിലായി. അതുകൊണ്ട് അസൂയപൂണ്ട് സഹോദരനെ അവൻ കൊന്നു. ആ അസൂയ അവന്റെ രക്തത്തിൽ ഉണ്ടായിരുന്നു.

നിങ്ങളുടെ ഹൃദയത്തിലെ പാപം നിങ്ങൾ തന്നെ കാണണം. എത്രമാത്രം എനിക്ക് അസൂയയുണ്ട്? എന്റെ ജീവിതത്തിൽ മ്ലാനത മാറാത്തത് എന്തുകൊണ്ടാണ്? എന്റെ ഹൃദയത്തിൽ പ്രസാദാത്മകത്വം വരാത്തത് എന്തുകൊണ്ടാണ്? എന്റെ ഹൃദയത്തിൽ ശാന്തത വരാത്തത് എന്തുകൊണ്ടാണ്? എന്റെ ഹൃദയം ഇളകിമറിയുന്ന കടൽപോലെ ഇളകിക്കൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്? എനിക്ക് ഭയവും ഭീതിയും വരുന്നത് എന്തുകൊണ്ടാണ്? എനിക്ക് ഒരു സമാധാനം കിട്ടാത്തത് എന്തുകൊണ്ടാണ്?

പ്രിയപ്പെട്ടവരേ, ഇന്നു നിങ്ങളുടെ ഹൃദയത്തിൽ യേശുക്രിസ്തുവിനെ കിട്ടുകയാണെങ്കിൽ നിങ്ങളുടെ ഹൃദയത്തിലുള്ള പാപമെല്ലാം താനേ മാറിപ്പോകും. ഇരുളടഞ്ഞ മുറിയിലേക്കു വെളിച്ചം വന്നാൽ പിന്നെ ഇരുളു തൂത്തു കളയണ്ട ആവശ്യമില്ലല്ലോ; താനേ മാറിക്കൊള്ളും.

*"എന്നാറെ കയീൻ തന്റെ അനുജനായ ഹാബേലി നോട്: (നാം വയലിലേക്ക് പോക എന്നു) പറഞ്ഞു. അവർ വയലിൽ ഇരിക്കുമ്പോൾ കയീൻ തന്റെ അനുജനായ ഹാബേലിനോട് കയർത്ത് അവനെ കൊന്നു."* *ഉല്പത്തി 4 : 8*

ഉപായത്താൽ കയീൻ സഹോദരനെ "നമുക്കു വയലി ലേക്കു പോകാം" എന്ന് താത്പര്യപൂർവ്വം, സ്നേഹത്തോടെ ക്ഷണിക്കുന്നു. നമുക്കു പലർക്കും ഇതുപോലെ കൗശലമുണ്ട്. എല്ലാം പൊളിയുന്ന ഒരു ദിവസം വരും. ഇന്നത്തെ വ്യാജസ്വ ഭാവങ്ങളെല്ലാം തകരും. ഒരു ദിവസം നാം ന്യായാധിപതിയുടെ മുമ്പിൽ നിൽക്കേണ്ടിവരും. ആ തേജസ്സിന്റെ സിംഹാസന ത്തിന്റെ മുമ്പിൽ നിൽക്കുന്ന ദിവസം നമ്മുടെ പാപങ്ങൾ എഴു തിയിരിക്കുന്ന പുസ്തകം തുറക്കും. ഓരോരുത്തന്റെ പേരി ലുള്ള പാപങ്ങൾ എണ്ണിയെണ്ണി വായിച്ചു കേൾപ്പിക്കും. സകല ജനത്തിന്റെയും മുമ്പാകെ വായിക്കും.

ഇന്ന് പലതും നമുക്ക് മറച്ചുവയ്ക്കാം. നമ്മുടെ ഭർത്താവ് അറിയണമെന്നില്ല; ഭാര്യ അറിയണമെന്നില്ല; കുഞ്ഞുങ്ങൾ അറിയുന്നില്ല; മാതാപിതാക്കൾ അറിയുന്നില്ല; ആരും അറി യാതെ സൂത്രത്തിൽ മറച്ചു വയ്ക്കാം. എന്നാൽ എല്ലാം വെളി വാകുന്ന ഒരു ദിവസം വരും.

കയീൻ തന്ത്രപൂർവ്വമാണ് സഹോദരനെ വയലിലേക്കു ക്ഷണിച്ചത്. അവന്റെ രക്തത്തിൽ ഈ 'തന്ത്രം' ഉണ്ടെന്നുള്ളത് ദൈവം മുൻകൂട്ടി കണ്ടിരുന്നു. അതാണ് അവന്റെ വഴിപാടിൽ ദൈവം പ്രസാദിക്കാതെയിരുന്നത്. അവന്റെ വഴിപാടിന്റെ പോരായ്മ കൊണ്ടല്ല ദൈവം പ്രസാദിക്കാഞ്ഞത്. അവന്റെ ഉള്ളിൽ അസൂയയും സ്വാർത്ഥതയും സഹോദര സ്നേഹമില്ലാ യ്മയും ഉണ്ടെന്ന് ദൈവം അറിഞ്ഞിരുന്നു. അതുകൊണ്ട് അവന്റെ ആളത്വത്തിൽ ദൈവം പ്രസാദിച്ചില്ല. തന്മൂലം അവന്റെ വഴിപാടിൽ പ്രസാദിച്ചില്ല.

അനേകരും ഇന്ന് വഴിപാടുകൾ നടത്തുന്നു. തീർത്ഥയാത്രകൾ നടത്തുന്നു. പ്രിയപ്പെട്ടവരേ, ആദ്യം നിങ്ങൾ ജീവനുള്ളവരായിത്തീരുക. അനേകരും ഇന്ന് ആത്മാവിൽ മരിച്ചിരിക്കുന്നു; ഇന്ന് മരിച്ചാൽ ദൈവരാജ്യത്തിൽ പോവുകയില്ല. ഇന്നു നിങ്ങൾ തിരിയണം. ജീവൻ തരാൻ അധികാരമുള്ളവൻ നിങ്ങളുടെ അരികത്തു നിന്ന് പറയുകയാണ്: "മോനേ, ഞാൻ നിനക്കു ജീവൻ തരാം. മോളേ, ഞാൻ നിനക്കു ജീവൻ തരാം. ആത്മാവിന്റെ എല്ലാ കളങ്കങ്ങളും മാറ്റിത്തരാം. നിന്റെ ജീവിതം വിശുദ്ധീകരിക്കാം. നിന്റെ സ്വഭാവത്തിലെ മാലിന്യങ്ങളെല്ലാം മാറ്റിത്തരാം.

"ഞാനിതാ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് ഞാൻ അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും." സന്തോഷമായ, ശോഭനമായ ഒരു നിലവാരത്തിലേക്കു നിനക്കു വരാം. കർത്താവ് കൈയിൽ വിളക്കുമായി ഇരുട്ടത്ത് നടന്നു വന്ന് വാതിൽക്കൽ വന്നു മുട്ടുന്നു. അകത്തു കുറ്റിയിട്ടിരിക്കയാണ്. പ്രകാശമായ ക്രിസ്തുവാണ് വാതിലിൽ വന്നു മുട്ടുന്നത്. ഇന്നു നിന്റെ ഹൃദയവാതിൽക്കൽ നസ്രായനായ യേശു വന്ന് മുട്ടിക്കൊണ്ടുനിൽക്കുകയാണെന്ന് നിങ്ങൾ വിശ്വസിക്കൂ.

കർത്താവ് നിങ്ങളുടെ അടുക്കൽ വന്നിട്ടുണ്ട്. കർത്താവേ, ഈ ശൂന്യഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ; ഈ ഇരുളടഞ്ഞ ഹൃദയത്തിലേക്ക്, പാപമലിനമായ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ; ഇപ്പോൾ നിങ്ങൾ മനസ്സോടെ പ്രാർത്ഥിക്കൂ.

പാപിയായ, അശുദ്ധനായ ഒരു മനുഷ്യൻ ഇവിടെ ഇരിക്കുന്നു. കർത്താവേ, ഇപ്പോൾ എഴുന്നള്ളി വന്ന് ആണ്ടുകൾ കഴിയുംമുമ്പേ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കണമേ. ഞങ്ങൾക്കു പണ്ടത്തെപ്പോലെ ഒരു നല്ലകാലം തരണമേ. ദേശങ്ങൾ ഉണര

ണമേ. രാജ്യങ്ങൾ ഉണരണമേ. അനേകർ യേശുവിന്റെ സന്ദേശം ഗ്രഹിക്കണമെ. അനേകരുടെ കണ്ണു തുറക്കണമേ. അനേകർ മനം തിരിയാൻ ഇടയാകണമേ.

ബന്ധനങ്ങൾ അഴിയട്ടെ. ബാധകൾ മാറട്ടെ. ശാപങ്ങൾ മാറട്ടെ. പാപരോഗങ്ങൾ മാറട്ടെ. രോഗികൾക്കു സൗഖ്യം ലഭിക്കട്ടെ. വിഷാദങ്ങൾ മാറട്ടെ. മുഖം പ്രസന്നമാകട്ടെ. വാടിയ മുഖം മാറട്ടെ. യേശുക്രിസ്തുവിന്റെ സ്നേഹംകൊണ്ട് ഹൃദയം പ്രശോഭിക്കട്ടെ. യേശുവിനായി ജീവിതം സമർപ്പിക്കൂ. യേശുവിന്റെ ആണിപ്പാടുള്ള കരം നിങ്ങളുടെ കരങ്ങളിൽ പിടിക്കും. വിശ്വസിക്ക മാത്രം ചെയ്യുക.

# നാല്

*"ഇവരോ തങ്ങൾ അറിയാത്തത് എല്ലാം ദുഷിക്കുന്നു; ബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ സ്വാഭാവികമായി ഗ്രഹിക്കുന്നവയാൽ ഒക്കെയും തങ്ങളെത്തന്നേ വഷളാക്കുന്നു. അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കയും കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏല്പിക്കയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകയും ചെയ്യുന്നു. ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്നു കഴിഞ്ഞു ഭയം കൂടാതെ നിങ്ങളെത്തന്നേ തീറ്റുന്നവർ; കാറ്റുകൊണ്ട് ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ."*

*യൂദാ 10 – 12*

കയീന്റെ വഴിയെക്കുറിച്ച് പുതിയനിയമത്തിൽ പലഭാഗത്തും പറഞ്ഞിട്ടുണ്ട്. അതിൽ ഒന്നാണ് ഒരദ്ധ്യായം മാത്രമുള്ള യൂദായുടെ ലേഖനത്തിലെ ഈ ഭാഗം.

കയീന്റെ വഴിയെക്കുറിച്ച് പറയുന്നതിനു മുമ്പ് "അവർക്ക് അയ്യോ കഷ്ടം!" എന്നാണ് പറഞ്ഞിരിക്കുന്നത്. കയീന്റെ വഴി കാപട്യത്തിന്റെ വഴിയാണ്, വൈരാഗ്യത്തിന്റെ വഴിയാണ്, അസൂയയുടെ വഴിയാണ്. സ്വാർത്ഥതയുടെയും സ്വയമഹത്വത്തിന്റെയും വഴിയാണ്.

കോപത്തിന്റെ വഴിയാണ് കയീന്റെ വഴി. തന്റെ വഴിപാടിൽ പ്രസാദിക്കാതെ സഹോദരന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചപ്പോൾ കയീന് അസഹ്യമായ കോപമുണ്ടായി. അവന്റെ കോപം അവൻ മറച്ചുവച്ചു. ആ ഭാവം കാണിക്കാതെ അവൻ സ്നേഹത്തോടെ മധുരവാക്കുകൾ പറഞ്ഞ് സഹോദരനെ വയലിലേക്കു കൂട്ടിക്കൊണ്ടുപോയി. കൗശലത്തിന്റെ തന്ത്രപരമായ നീക്കമായിരുന്നു അത്.

ആ വയലിൽവച്ച് എന്തെല്ലാമോ പറഞ്ഞ് കയീൻ ഹാബേലിനോട് കയർത്തു. പാവം ഹാബേൽ മിണ്ടാട്ടമില്ലാതെ നിന്നു. ആ വയലിൽ വച്ച് ഹാബേലിനെ കയീൻ കൊന്നു. കയീന്റെ വഴി കൊലപാതകത്തിന്റെ വഴിയാണ്; ദുഷ്ടതയുടെ വഴിയാണ്.

മനുഷ്യജാതിയുടെ ആദ്യത്തെ കുടുംബത്തിൽ തന്നെ എല്ലാ ദുഷ്ടതയും ചതിവും വഞ്ചനയും കാപട്യവും അസൂയയും വിദ്വേഷവും പകയും കോപവും തുടങ്ങിയിരിക്കുന്നു. ഇന്നത്തെ മനുഷ്യന്റെ ഒരു ചിത്രമാണിത്. വചനം ലഭിച്ചവർ പോലും ഇന്നും ഇങ്ങനെയുള്ള സ്വഭാവങ്ങളിൽനിന്ന് മാറിയിട്ടില്ല. വചനം കേട്ടിട്ടും “ഇത് എന്റെ ചിത്രമാണല്ലോ എന്ന് ഗ്രഹിക്കുന്നില്ല. നാം ഉള്ളിൽ ഒന്നു വച്ച് പുറമെ മറ്റൊന്നു കാണിക്കുന്നു. കാപട്യം! മധുരമുള്ള വാക്കുകളുണ്ട്. പക്ഷേ, ഹൃദയം നിറയെ കയ്പ്പും കോപവുമാണ്. കോപം അകത്ത് നിറയുമ്പോഴും അത് പുറമെ കാണിക്കാതെ സ്നേഹം ഭാവിക്കുന്നു.

കയീൻ തന്റെ സഹോദരനായ ഹാബേലിനോട് കയർത്തു, കോപിച്ചു, അസൂയപ്പെട്ടു. ദൈവം കയീന് മുന്നറിയിപ്പു കൊടുത്തിരുന്നു. ഒരു ദുഷ്ടമൃഗം അല്ലെങ്കിൽ ഒരു പെരുമ്പാമ്പ് നിന്നെ നശിപ്പിക്കാനായി വാതിൽക്കൽ കാത്തു കിടക്കുന്നുണ്ട്. Crouching at the door! തൊട്ടുമുന്നിലുണ്ട്. നീയത് അറിയുന്നില്ല. നശിപ്പിക്കുമെന്ന് അറിഞ്ഞിരുന്നെങ്കിൽ നീ മാറിപ്പോയേനെ. അതുകൊണ്ട് ഞാൻ നിനക്കു മുന്നറിയിപ്പ് തരുന്നു. പാപം വാതിൽക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിന്നോടാകുന്നു.

സൂക്ഷിച്ചുനോക്കിയാൽ നമുക്കു കാണാം ദൈവത്തോടുപോലും കോപിക്കുന്ന വഴിയാണ് കയീന്റെ വഴി. ദൈവത്തോടു മത്സരിക്കുന്ന വഴി. എന്റെ വഴിപാട് ദൈവം എന്തുകൊണ്ട് സ്വീകരിച്ചില്ല എന്ന ചോദ്യം. മത്സരം അകത്താണ്. പുറമെ ഒന്നും വരുന്നില്ല. നമ്മുടെ പലരുടേയും ജീവിതത്തിൽ മത്സരം അകത്താണ്. പല കുടുംബങ്ങളിലും കോപം പുകയുന്നുണ്ട്. പലപ്പോഴും ഈർഷ്യയും വൈരാഗ്യവും പെരുകുന്നുണ്ട്. ദുഷ്ടചിന്തകൾ വളർന്ന് ദുഷ്ടഫലങ്ങൾ കായ്ക്കുന്നുണ്ട്.

അനേകം കുടുംബങ്ങളിലും ഐക്യമില്ല. കുടുംബസമാധാനമില്ല. കുടുംബങ്ങളിൽ ഒരുമനസ്സു കിട്ടുന്നില്ല. നിസ്സാരകാര്യം മതി വാശി പിടിക്കുന്നു, കോപിക്കുന്നു. ഒരാളുടെ കോപവും വാശിയും മറ്റുള്ളവർക്ക് ഈർഷ്യ വരുത്തുന്നു. അങ്ങനെ കുടുംബം തകരുന്നു. ദാമ്പത്യം ഉലയുന്നു. വിവാഹമോചനത്തിൽ കലാശിക്കുന്നു. പരസ്പരം സ്നേഹമില്ലായ്മയാണ് പ്രധാനകാരണം. വിട്ടുവീഴ്ചയ്ക്കു തയ്യാറാവുന്നില്ല. ഇതിനൊക്കെ കാരണങ്ങൾ പലതാണ്. ചിലപ്പോൾ അസൂയയാവാം. അല്ലെങ്കിൽ അസഹിഷ്ണുതയാവാം.

കയീന്റെ ഉള്ളത്തിൽ കോപമുണ്ടായി. കോപം എന്ന ദുഷ്ടബാധ ഇനി എന്റെ ജീവിതത്തിൽ വരില്ല എന്നു നിങ്ങൾ തീരുമാനിക്കണം. അനേകം കുടുംബങ്ങൾ തകരുന്നത് അങ്ങനെയാണ്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ ഉലച്ചിൽ വരുന്നത് അങ്ങനെയാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹത്തിൽ വിള്ളലുകൾ വരുന്നത് അങ്ങനെയാണ്. വെറുതെ വാശിപിടിച്ചു കോപിക്കുന്നു. അല്പം സുബോധം വന്നുകഴിഞ്ഞ് ചിന്തിക്കുമ്പോൾ മനസ്സിലാവും കോപിക്കത്തക്ക കാരണമൊന്നും ഉണ്ടായിരുന്നില്ല എന്ന്. ഏതോ നിസ്സാരവാശിക്ക് ഞാൻ കാണിച്ചത് എന്തൊരു വിഡ്ഢിത്തമായിപ്പോയി എന്ന് ബുദ്ധിയോടെ ചിന്തിച്ചാൽ മനസ്സിലാവും.

പ്രിയപ്പെട്ടവരേ, കോപം ഒരു ദുഷ്ടപ്പിശാചാണ്. ഒരു

ദുഷ്ടബാധയാണ്. ഒരു ഭൂതബാധയാണ്. കോപം ഇരച്ചുകയറുമ്പോൾ ശരീരത്തിന് അമിതബലം കിട്ടുകയാണ്. മനസ്സിനും ബലം കിട്ടുകയാണ്. കാരണം, ദുഷ്ടനായ പിശാച് എല്ലാം കൈയടക്കിക്കഴിഞ്ഞിരിക്കയാണ്. നമ്മുടെ ഹൃദയത്തിൽ കോപം പുകഞ്ഞു പുകഞ്ഞു വരുമ്പോൾ ദുഷ്ടപ്പിശാച് നമ്മെ അമർത്തി ഞെരിക്കുകയാണ്. പിശാച് നമ്മെ ഞെരിക്കുന്നത് നാം തിരിച്ചറിയുന്നുമില്ല.

നിങ്ങൾ കോപത്തിനുമേൽ ജയം നേടിയാൽ ഒരളവുവരെ സമാധാനത്തോടെ മുന്നോട്ടു പോകാൻ പറ്റും. കോപിക്കുന്നതിന്റെ ഒരു കാരണം എന്റെ ഉള്ളിലെ അഹങ്കാരമാണ്; എനിക്കു കോപിക്കാനുള്ള യോഗ്യതയുണ്ട് എന്ന തോന്നലുള്ളതുകൊണ്ടാണ്. പ്രിയപ്പെട്ടവരേ, കോപം ഒരിക്കലും നിങ്ങളെ നന്മയിലേക്ക് നടത്തുകയില്ല. കോപവും ക്രോധവും രോഷവും നമ്മെ തിന്മയിലേക്കേ നയിക്കൂ.

കയീനും ഹാബേലും രണ്ട് ഭിന്ന ആശയഗതികളുടെ പ്രതീകങ്ങളാണ്. കയീൻ വാസ്തവമായി, ആത്മാർത്ഥതയിലാണ് വഴിപാട് കൊണ്ടുവന്നത്. ഹാബേലും ആത്മാർത്ഥതയോടെ വഴിപാടു കൊണ്ടുവന്നു. പക്ഷേ, കയീന്റെ വഴിപാടിൽ ദൈവം പ്രസാദിച്ചില്ല. കൊണ്ടുവന്ന വഴിപാടിലല്ല, കൊണ്ടുവന്ന വ്യക്തിയുടെ ഹൃദയത്തിലേക്കാണ് ദൈവം നോക്കിയത്. ദൈവം എപ്പോഴും നോക്കുന്നത് നമ്മുടെ ഹൃദയത്തെയാണ്. പുറമെ കാണിക്കുന്ന പ്രാർത്ഥനയോ നമസ്ക്കാരങ്ങളോ മധുരമായ ഗീതങ്ങളോ നല്ല ആത്മീയമായ പ്രസംഗങ്ങളോ അല്ല, ഒരു നിഷ്കളങ്കഹൃദയമുണ്ടോ എന്നാണ് ദൈവം നോക്കുന്നത്.

നിങ്ങൾ ആഗ്രഹിക്കണം കർത്താവേ, എനിക്കൊരു നിഷ്കളങ്കഹൃദയം തരണമേ. ഒരു പടികൂടി കടന്ന് 'കർത്താവേ, എനിക്ക് യേശുവിന്റെ ഹൃദയം തരണമേ' എന്ന് പറയണം. ആരോടും പരുഷതയില്ലാത്ത, ആരോടും പിണക്കമില്ലാത്ത,

മുഷിച്ചിലില്ലാത്ത ഒരു ഹൃദയം. മറ്റുള്ളവരുടെ തെറ്റുകൾ തെറ്റായി കാണാത്ത ഒരു ഹൃദയം. എതിരാളികളിൽ പോലും നന്മ കാണാൻ ആഗ്രഹിക്കുന്ന ഒരു ഹൃദയം. നമ്മെ എതിർക്കുകയും ഉപദ്രവിക്കുകയും നമുക്കു നഷ്ടം വരുത്തുകയും ചെയ്യുന്നവരെപ്പോലും സ്നേഹിക്കാൻ പറ്റുന്ന ഒരു ഹൃദയം. അത് യേശുവിന്റെ ഹൃദയമാണ്.

കയീന്റെ ഹൃദയത്തിൽ അനേകം തിന്മകൾ ഉണ്ടായിരുന്നു. അതെല്ലാം വച്ചുകൊണ്ടാണ് അവൻ വഴിപാട് കൊണ്ടുവന്നത്. തന്നെയുമല്ല, ദൈവത്തിന്റെ കൃപയിലുള്ള വിശ്വാസമില്ലാതെപോയി. അപ്പനെയും അമ്മയെയും നിത്യനായ ദൈവം തോട്ടത്തിൽനിന്ന് ഇറക്കിവിട്ടല്ലോ എന്ന പരാതി അവന്റെ ഹൃദയത്തിലുണ്ട്. പക്ഷേ, പറഞ്ഞിട്ടു കാര്യമില്ലല്ലോ. തിരിയുന്ന വാളിന്റെ ജ്വാലയുമായി ക്രോബേന്മാർ കാവലായി നിൽക്കുകയാണ്, അടുക്കാൻ പറ്റുകയില്ല.

അപ്പൻ എന്നും തോട്ടത്തിന്റെ വാതിൽക്കലേക്ക് കരഞ്ഞുകൊണ്ടു പോകുന്നത് കാണുമ്പോൾ കയീന്റെ ഉള്ളിൽ രോഷം പുകയുകയാണ്. ഈ ദൈവം എന്താണ് ഇങ്ങനെ ചെയ്തത് എന്ന ചോദ്യം. അവന് കാര്യം മനസ്സിലായില്ല. എന്നാൽ ഹാബെലിന് ഒരു വിശ്വാസമുണ്ടായിരുന്നു: ദൈവം സ്നേഹമാണ്; ദൈവം എന്തെല്ലാം ചെയ്താലും അത് സ്നേഹത്തിലേക്ക് കൊണ്ടുചെന്ന് ചേർക്കും. ദൈവത്തിലുള്ള വിശ്വാസം! കയീന് വിശ്വാസം ഉണ്ടായിരുന്നില്ല. കാതലായ പ്രശ്നം അതാണ്.

ചിലപ്പോൾ രണ്ടുപേർ ഒരേ പ്രവൃത്തി ചെയ്യുന്നു. രണ്ടുപേർ ചെയ്യുന്നതും തെറ്റായ കാര്യമാണ്. എന്നാൽ ഒരാളുടെ പ്രവൃത്തി അകൃത്യമായി കണക്കാക്കുന്നില്ല. ദൈവം മുഖപക്ഷം കാണിക്കുന്നതല്ല. പ്രവൃത്തിയിൽ ഒരുപക്ഷേ, തെറ്റു വന്നുകാണും. എന്നാൽ ആ പ്രവൃത്തി ചെയ്ത ആളിന്റെ ഹൃദയത്തിന്റെ അന്തരാളത്തിലേക്കു കർത്താവു നോക്കുന്നു.

അകം എങ്ങനെ ഇരിക്കുന്നു!

കയീനും ഹാബേലും രണ്ട് ആശയങ്ങളുടെ പ്രതിനിധികളാണ്. വിശ്വാസിയും അവിശ്വാസിയും. ഹാബേൽ വിശ്വാസിയാണ്. കയീൻ അവിശ്വാസിയും. ഒരു മൃഗത്തെ കൊന്ന് അതിന്റെ രക്തം വീഴ്ത്തുന്നതിലൂടെ ഒരു വീണ്ടെടുപ്പിന് അവസരം കർത്താവ് ഒരുക്കിയിട്ടുണ്ട് എന്ന് അപ്പൻ പറഞ്ഞുകൊടുത്ത വാഗ്ദത്തത്തിലുള്ള വിശ്വാസം. മൃഗത്തെ കൊന്നു ബലിയർപ്പിക്കുന്നതുപോലെ ഒരു കാലത്ത് 'സ്ത്രീയുടെ സന്തതി' വധിക്കപ്പെടും; ആ രക്തം ചൊരിയുമ്പോൾ നമുക്ക് വിമോചനമുണ്ട്. ദൈവത്തിന്റെ സ്നേഹത്തിന്റെ വാഗ്ദത്തത്തിലുള്ള അകളങ്കമായ വിശ്വാസം!

ദൈവിക സാന്നിദ്ധ്യവും ദൈവിക സാദൃശ്യവും നഷ്ടപ്പെട്ട് ആദാമും ഹവ്വായും ഏദെൻതോട്ടത്തിനു പുറത്തുപോയി. എന്നാൽ ദൈവം തന്നെ ഒരു പോംവഴി വച്ചിട്ടുണ്ട്: "സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും." മൃഗത്തെ കൊന്ന് തോൽ ഉടുപ്പിച്ചത്, സ്ത്രീയുടെ സന്തതി ജനിക്കും, ക്രൂശിക്കപ്പെടും, മരിക്കും, രക്തം ചൊരിയും, ആ രക്തത്തിൽക്കൂടി വിമോചനമുണ്ട് എന്നതിന്റെ പ്രതീകമാണ്. അത് ഹാബേൽ വിശ്വസിച്ചു.

കയീന് അതൊന്നും വിഷയമായിരുന്നില്ല. മൃഗത്തിന്റെ ബലികൊണ്ട് നമുക്കെന്ത് പ്രയോജനം? നമ്മുടെ കഷ്ടത മാറുന്നതെങ്ങനെ? എനിക്കൊന്നും മനസ്സിലാവുന്നില്ല. കയീന് വിശ്വാസം വന്നില്ല.

ഇന്നും അങ്ങനെതന്നെ. രണ്ടുകൂട്ടം ആളുകൾ ഉണ്ട്. ക്രിസ്തുവിന്റെ നിർമ്മലരക്തത്താൽ രക്ഷിക്കപ്പെടും എന്ന നിർമ്മലവിശ്വാസമുള്ള ദൈവമക്കളാണ് ഒരു കൂട്ടം. എന്താണ് ക്രിസ്തുവിന്റെ മരണമെന്നോ രക്തമെന്നോ ബുദ്ധികൊണ്ട് ഗ്രഹിക്കാൻ നോക്കിയിട്ട് മനസ്സിലാവാതെ, ക്രിസ്തുവിന്റെ തിരുബലിയുടെ അർത്ഥം മനസ്സിലാക്കാതെ തന്നെത്താൻ അപകടത്തിലാക്കി പിശാചിന് ഇടം കൊടുത്തുകൊണ്ട് നശിക്കുന്ന

മറ്റൊരുകൂട്ടം.

യേശുക്രിസ്തുവിന്റെ രക്തത്തിൽ നമ്മൾ ആശ്രയിച്ചാൽ ഏതെല്ലാം കൊടിയ പാപം വന്നിട്ടുണ്ടെങ്കിലും ഒരു നിമിഷം കൊണ്ട് എല്ലാം മാഞ്ഞുപോകും. നിങ്ങൾ വിശ്വസിച്ചാൽ മാത്രം മതി, മറ്റൊന്നും വേണ്ട.

"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. നമ്മുടെ വേദനകളെ അവൻ ചുമന്നു. അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേലായി. അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" എന്നു വിശ്വസിക്കുന്ന മാത്രയിൽ നമ്മുടെ ജീവിതത്തിൽ നിന്ന് പാപത്തിന്റെ എല്ലാ ബാധകളും ബന്ധനങ്ങളും മാറിപ്പോകും. ദുഷ്ടപ്പിശാചിന് അവിടെ നിൽക്കാൻ സാധിക്കയില്ല.

പാപത്തിന്റെ പ്രേരണകൾ നിങ്ങൾക്കു വരും. ശക്തമായ പ്രേരണകൾ പിശാച് ഒരുക്കിയെന്നു വരും. അപ്പോൾ, "എന്റെ യേശുവേ, നിന്റെ തിരുരക്തത്തിൽ ഞാൻ ആശ്രയിക്കുന്നു" എന്നു നിങ്ങൾ പറയണം. ഉടനെ പിശാച് മാറിപ്പോകും. പറയുന്ന വാക്കിന്റെ മേന്മയാലല്ല, ക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസത്താൽ പിശാച് ഓടിപ്പോകും. യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള വിശ്വാസം നമ്മുടെ ജീവിതത്തിന്റെ അനുഭവമാക്കി എടുക്കണം.

*"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു." റോമർ 3 : 25*

*"മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ*

*പ്രാപിക്കേണ്ടതിനു തന്നെ.”   യോഹന്നാൻ 3 : 14, 15*

കേവലം ലളിതമായ വിശ്വാസം. അതുകൊണ്ടാണ് വലിയ വിദ്യാഭ്യാസമില്ലാത്തവരും എട്ടും പൊട്ടും തിരിയാത്ത വരും അപരിഷ്കൃതരും സാധുക്കളുമായിട്ടുള്ള അനേകർ ആത്മരക്ഷ പ്രാപിച്ച് ദൈവത്തെ സ്തുതിക്കുന്നത്. എന്നാൽ, വിദ്യാഭ്യാസമുള്ളവരും തത്വചിന്തകരും ബുദ്ധിശാലികളുമായ അനേകർക്ക് ഇതു മനസ്സിലാവുന്നില്ല. രണ്ടായിരം വർഷം മുമ്പ് യേശുക്രിസ്തു ക്രൂശിൽ മരിച്ചത് ഇപ്പോൾ ജീവിക്കുന്ന എന്റെ പാപത്തിനുവേണ്ടിയാണെന്നു പറഞ്ഞാൽ എങ്ങനെ വിശ്വസി ക്കാൻ പറ്റും എന്നാണ് അവർ ചോദിക്കുന്നത്. ചോദ്യം ന്യായ മാണ്. എന്നാൽ കണ്ണുമടച്ച് വിശ്വസിക്കുക.

ഒരു ഗ്ലാസ്സ് പാൽ കിട്ടി എന്നു കരുതുക. അതിൽ എന്തെല്ലാം ഘടകങ്ങൾ ഉണ്ട്? പ്രോട്ടീൻ, കാർബോഹൈഡ്രേറ്റ്, ഫാറ്റ് തുട ങ്ങിയവ എണ്ണിയെണ്ണി ഓരോന്ന് അളന്നു ഗ്രഹിച്ചിട്ടാണോ പാൽ കുടിക്കുന്നത്? പാൽ കുടിച്ചാൽ ആ സമീകൃതാഹാരത്തിന്റെ പ്രയോജനം ശരീരത്തിനു കിട്ടും. ഇതെല്ലാം അറിഞ്ഞിട്ടേ ഞാൻ പാൽ കുടിക്കുകയുള്ളൂ എന്നു പറഞ്ഞാൽ നിനക്ക് പാൽ കുടിക്കാൻ പറ്റുകയില്ല. വളരാൻ സാധിക്കുകയില്ല.

ഒരു മനോഹരമായ പൂവ്. നിറയെ ഇതളുകൾ നിറഞ്ഞു നിൽക്കുന്നു. നല്ല സുഗന്ധം പരത്തുന്ന പൂവ്. എവിടെനിന്നാണ് സുഗന്ധം വരുന്നതെന്ന് അറിയാൻ ആ പൂവിന്റെ sepals ഉം petals ഉം പറിച്ചുമാറ്റി അതിന്റെ ഉൾഭാഗങ്ങൾ മുഴുവൻ പറിച്ചു മാറ്റി എന്നു വയ്ക്കുക. അവസാനം ആ പൂവിന്റെ ആസ്വാദ്യത യെല്ലാം നഷ്ടമാക്കി.

അതുപോലെ, ഓരോന്നോരോന്ന് കീറിമുറിച്ചുനോക്കി യിട്ട് രക്ഷപ്പെടാൻ സാധിക്കയില്ല. എന്നാൽ വിശ്വസിക്കുക. ഒരു നിർമ്മലവിശ്വാസമാണ് വേണ്ടത്. വലിയ അറിവൊന്നും വേണ്ട. വേദശാസ്ത്രം പഠിക്കണമെന്നില്ല. എന്റെ കർത്താവേ, എനിക്ക് അധികമൊന്നും അറിയണ്ട. എന്റെ കർത്താവേ, നീ

എന്നെ സ്നേഹിച്ചു, ഇന്നും സ്നേഹിക്കുന്നു. നീ എനിക്കു വേണ്ടി ക്രൂശിൽ മരിച്ചു; ഇന്നും ആ തിരുരക്തം എനിക്കു വേണ്ടി വാദിക്കുന്നു. യേശുവേ, ഞാനിതാ നിന്നെ എന്റെ കർത്താവും എന്റെ രക്ഷിതാവുമായി സ്വീകരിക്കുന്നു.

എന്തെല്ലാം കുബുദ്ധികൾ ഉണ്ടായിട്ടുണ്ടെങ്കിലും എന്തെല്ലാം തെറ്റായ പ്രേരണകൾ നിങ്ങൾക്കുണ്ടായിട്ടുണ്ടെങ്കിലും എല്ലാം ഒരു സെക്കന്റുകൊണ്ട് മാറും. ഹാബെലിന്നു വിശ്വാസം ഉണ്ടായിരുന്നു. വാതിൽ തുറന്നു കിട്ടാതെ അപ്പൻ കരഞ്ഞുകൊണ്ട് തിരിച്ചു നടക്കുമ്പോഴും ഹാബേൽ ചേർന്നു നടന്നിരുന്നു. കയീന് പക്ഷേ ഉള്ളിൽ ഒരു മത്സരബുദ്ധിയാണ്. എന്നാലും ദൈവം അങ്ങനെ ചെയ്തില്ലേ. അത്ര വലിയ തെറ്റൊന്നുമല്ലല്ലോ എന്റെ അപ്പൻ ചെയ്തത്. അതിന് അപ്പനല്ലല്ലോ ഉത്തരവാദി. ആ പാമ്പല്ലേ കാരണം. പാമ്പു ചതിച്ചു, ഞങ്ങൾ എന്തു ചെയ്യും? ഇങ്ങനെ പല ചിന്തകളാണ് അവന്റെ മനസ്സിൽ.

നിങ്ങളുടെ ജീവിതത്തിൽ സ്വയന്യായീകരണമുണ്ടെങ്കിൽ നിങ്ങൾക്കു രക്ഷ കിട്ടുകയില്ല. സ്വന്തം ബുദ്ധിയിൽ ആശ്രയിച്ചുള്ള സ്വയനീതീകരണങ്ങൾ നിങ്ങളെ ഒരിക്കലും രക്ഷയിലേക്ക് നടത്തുകയില്ല. ബുദ്ധിയുടെ വിശകലനങ്ങളെല്ലാം താഴെ വയ്ക്കുക. എന്റെ കർത്താവേ, എനിക്കിതൊന്നും ചിന്തിക്കാനുള്ള ബുദ്ധി വേണ്ട. എനിക്കിതൊന്നും അറിയണ്ട. എനിക്ക് ഒന്നു മാത്രം മതി. രക്ഷ മതി. എനിക്കെന്റെ രക്ഷകന്റെ രാജ്യത്തിൽ എത്തിയാൽ മതി. എനിക്കെന്റെ രക്ഷകന്റെ സഖിത്വം കിട്ടിയാൽ മതി. "യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്ക് ഉണ്ടാകും."

പ്രിയപ്പെട്ടവരേ, യേശുകിസ്തു നിങ്ങളുടെ കൂടെ നടക്കുന്നത് നിങ്ങൾക്ക് അനുഭവമാകും. ആക്ഷേപശരങ്ങളേറ്റ് നിങ്ങൾ പുളയുമ്പോൾ, അവഹേളനത്തിന്റെയും നിന്ദയുടേയും മുള്ളുകൾ നിങ്ങളെ വന്ന് മുറിവേല്പിക്കുമ്പോൾ അത്യുന്നതനായ, ക്രൂശിതനായ ക്രിസ്തു നിങ്ങളുടെ അരികത്തു വന്ന് ചേർന്നു

നിൽക്കുന്നത് നിങ്ങൾ കാണും. അവൻ തന്റെ തിരുവിലാവിനോടുചേർത്ത് നിങ്ങളെ അമർത്തിപ്പിടിക്കുന്നത് നിങ്ങൾക്ക് അനുഭവിക്കാൻ കഴിയും. പ്രയാസങ്ങൾ വരുമ്പോൾ, പോരാട്ടങ്ങൾ വരുമ്പോൾ അവന്റെ തുറക്കപ്പെട്ട വിലാവിലേക്ക് ചേർത്തു നിർത്തി നമ്മളെ തന്റെ ഇരുകൈകളും കൊണ്ട് ആശ്ലേഷിക്കും. ആ സ്നേഹോഷ്മളമായ വലയത്തിനുള്ളിൽ നമ്മൾ സമ്പൂർണ്ണസുരക്ഷിതരായിരിക്കും. അപ്പോൾ നിങ്ങൾക്കു സ്തുതിക്കാൻ സാധിക്കും.

> *"വിശ്വാസത്താൽ ഹാബെൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു."*
>
> *എബ്രായർ 11 : 4*

മൃഗബലിയിൽ ഹാബെലിനു വിശ്വാസമുണ്ടായിരുന്നു. മൃഗബലി എന്നത് പുതിയനിയമത്തിൽ വരുവാനിരിക്കുന്ന കർത്താവിന്റെ മരണത്തിന്റെ നിഴലായി കാണാനുള്ള പരിജ്ഞാനമൊന്നും ഇല്ലെങ്കിലും ഹാബേൽ കണ്ണടച്ചു വിശ്വസിച്ചു.

പഴയനിയമം മാത്രം വിശ്വസിക്കുന്നു എന്നു പ്രസംഗിക്കുന്ന ചില വിശ്വാസ വിപരീതികൾ ഉണ്ട്. ദൈവത്തിന്റെ വചനത്തിന്റെ ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും മാഞ്ഞുപോകയില്ല. പഴയനിയമം നിഴലാണ്. പുതിയനിയമം പൊരുളാണ്. എല്ലാം കർത്താവായ യേശുക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് തന്നതാണ്. എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാണ് എന്ന് വേദപുസ്തകം പറയുന്നു. ഇതിൽ പറഞ്ഞിരിക്കുന്നത് ഞാൻ കണ്ണുമടച്ച് വിശ്വസിക്കുന്നു.

വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും എനിക്ക് മനസ്സിലായിട്ടില്ല. ഇന്നും മനസ്സിലാവാത്ത പല ഭാഗങ്ങളുണ്ട്. എനിക്കു മനസ്സിലായില്ലെങ്കിലും എന്റെ കർത്താവിനു തെറ്റുപറ്റുകയില്ല. എന്റെ കർത്താവിന്റെ വചനമാണിത്. ഞാൻ അത് കണ്ണുമടച്ച് വിശ്വസിക്കുന്നു.

ഇന്നു നിങ്ങൾക്ക് ഒരു തീരുമാനമെടുക്കാം. കർത്താവേ, ഞാൻ അവിശ്വാസത്തിന് ഇടം കൊടുക്കുകയില്ല. അവിശ്വാസി കളുമായി കൂട്ടുകൂടുകയില്ല. അവിശ്വാസികളുടെ വാക്കിനു ഞാൻ ചെവി കൊടുക്കുകയില്ല. എന്റെ നാഥനെ നോക്കി ഞാൻ ജീവിക്കും. എനിക്കുവേണ്ടി ക്രൂശിൽ മരിച്ച എന്റെ രക്ഷകന്റെ തിരുരക്തത്തിൽ ആശ്രയിച്ച് ഞാൻ ജീവിക്കും. നീ എനിക്കുവേണ്ടി ചിന്തിയ രക്തത്തിന്റെ വില കണ്ടുകൊണ്ട്, നാഥാ, എന്നെ നീ അത്രമാത്രം വിലയേറിയവനായി കണ്ടതു കൊണ്ട്, യേശുവേ, ഞാനിതാ എന്നെത്തന്നെ നിനക്കു തരുന്നു.

ഇപ്പോൾ നിങ്ങളെ കൊടുത്താൽ ആ തിരുരക്തം വന്നു നിങ്ങളെ കഴുകും. നിങ്ങളുടെ കഴിഞ്ഞകാല ജീവിതം മാറ്റി ത്തരും. നിങ്ങളുടെ പുറമെയുള്ള പാപങ്ങൾ മാത്രമല്ല, അകമെ യുള്ള കോപവും ഈർഷ്യയും വൈരാഗ്യവും പകയും വിദ്വേ ഷവും പ്രതികാരചിന്തയും എല്ലാം മാറ്റിത്തരും. എല്ലാ അഹങ്കാ രവും സ്വാർത്ഥതയും ദ്രവ്യാഗ്രഹവും മാറ്റിത്തരും. ഒരു പുതിയ ജീവിതം നിങ്ങൾക്കു തരും.

# അഞ്ച്

*"രാജാവ് എന്നോട്: നിന്റെ മുഖം വാടിയിരിക്കുന്ന തെന്ത്? നിനക്കു ദീനം ഒന്നും ഇല്ലല്ലോ; ഇതു മനോ ദുഃഖമല്ലാതെ മറ്റൊന്നുമല്ല എന്നു പറഞ്ഞു."*

*നെഹമ്യാവ് 2 : 2*

കയീന്റെ മുഖം വാടി. നെഹമ്യാവിന്റേയും മുഖം വാടി. കയീന്റെ മുഖം വാടിയപ്പോൾ, നിന്റെ മുഖം വാടുന്നതെന്ത് എന്നു കർത്താവ് ചോദിച്ചു. ദൈവം എല്ലാം അറിയുന്നു, ദൈവം എല്ലാം കാണുന്നു. കയീന്റെ മുഖത്തിന്റെ വാട്ടം കർത്താവു കണ്ടു. പാപം കയീനെ ആക്രമിക്കുവാൻ അടുത്തു വന്നു നിൽക്കുന്നു എന്ന് കർത്താവ് കണ്ടു. പാപത്തിന്റെ അതി രുകൾക്കുള്ളിൽ കയീൻ ഞെരിയാൻ പോകുന്നത് കർത്താവ് കണ്ടു.

പാപത്തിന്റെ ഭീകരമുഖം കയീനെ വിഴുങ്ങുവാൻ ഭാവി ക്കുന്നത് കർത്താവ് കണ്ടു. വാതിൽക്കൽ കാത്തുകിടക്കുന്ന ആ പാപം കയീനെ വീഴിക്കുവാൻ പോകുന്നത് കർത്താവ് കണ്ടു. അതുകൊണ്ടു കർത്താവ് പറഞ്ഞു: നിന്റെ മുഖം വാടി യിരിക്കുന്നതെന്ത്? അവന്റെ മുഖം വാടിയതായിട്ടൊന്നും അവ നറിയാൻ പാടില്ല. അകത്തു പ്രകാശമില്ലാത്തതുകൊണ്ട്, അകത്ത് ഇരുളായതുകൊണ്ട് മുഖം വാടിപ്പോയി. മുഖം മ്ലാനമായി, മുഖം കറുത്തുപോയി.

ഇവിടെ നാം വായിക്കുന്നത് നെഹമ്യാവിന്റെ മുഖം വാടി

എന്നാണ്. നെഹമ്യാവ് അനുഗൃഹീതനായ ഒരു ദൈവദാസനായിരുന്നു. വേദപുസ്തകത്തിലെ രണ്ടു പ്രധാന പുസ്തകങ്ങളാണ് എസ്രായുടെ പുസ്തകവും നെഹമ്യാവിന്റെ പുസ്തകവും.

എസ്രാ ഒരു ന്യായശാസ്ത്രിയും ഒരു പുരോഹിതനുമായിരുന്നു. എസ്രാ യിസ്രായേൽ മക്കളുടെ ഒരു ഗുരുനാഥനായിട്ട് അവരെ പഠിപ്പിക്കുന്ന ഒരു ന്യായശാസ്ത്രിയായിരുന്നു, വേദപണ്ഡിതനായിരുന്നു.

എന്നാൽ നെഹമ്യാവ് അന്നത്തെ പേർഷ്യൻ ചക്രവർത്തിയായ അർത്ഥഹ്ശഷ്ടാ രാജാവിന്റെ ഭക്ഷ്യമന്ത്രി ആയിരുന്നു. ഉന്നതസ്ഥാനമാണ്; ഉയർന്ന പദവിയാണ്. ഉയർന്ന പദവികൾ കിട്ടിയെന്നു വരാം. ഉന്നതസ്ഥാനമാനങ്ങൾ കിട്ടിയെന്നു വരാം. വലിയ അംഗീകാരങ്ങൾ ലഭിച്ചു എന്നു വരാം. പക്ഷേ, ഞാനറിയണം ഞാനാരാണെന്ന്.

ഞാൻ ഒരു ദൈവദാസനാണ്. എന്റെ ജീവിതം ഞാൻ ദൈവത്തിന് കൈമാറിയതാണ്. നിത്യനായ ദൈവത്തെ സ്നേഹിക്കാനും സേവിക്കാനും ഞാൻ എന്റെ ജീവിതം ഉഴിഞ്ഞുവച്ചതാണ്. ഞാനാരാണ്? ഞാൻ നിസ്സാരനാണ്. സ്വർഗ്ഗത്തിലെ ദൈവം എന്നെ തിരഞ്ഞെടുത്തു. സ്വർഗ്ഗത്തിലെ ദൈവത്തിനായി എന്റെ ജീവിതം ഞാൻ വേർതിരിച്ചു. നെഹമ്യാവിന് ആ ബോദ്ധ്യമുണ്ടായിരുന്നു. നമുക്കും വേണം ആ ബോദ്ധ്യം!

ഞാനാരാണ്? ലോകത്തിൽ ഞാൻ വിലയില്ലാത്തവനാണ്. സ്വന്തപ്പെട്ടവർക്ക് ഞാൻ വിലയില്ലാത്തവനായിരിക്കും. വീട്ടിൽ വിലയില്ലാത്തവനായിരിക്കും. എന്റെ ഭാര്യക്ക് എന്നെ വിലയില്ലായിരിക്കും. ഭർത്താവിനെന്നെ വിലയില്ലായിരിക്കും. മക്കൾക്കും എന്നെ പുച്ഛമായിരിക്കും. എന്നാൽ ഞാനാരാണെന്ന് ഞാൻ അറിയണം. ഞാനാരാണ്?

ഞാൻ യേശുക്രിസ്തുവിന്റെ വകയാണ്. രാജാധിരാജന്റെ വിശുദ്ധമണവാട്ടിയാണ്. മുൾമുടിയേറ്റു കടന്നുപോയ കർത്താവായ യേശുക്രിസ്തു രാജകിരീടം ചൂടി മടങ്ങിവരും. എന്റെ വില അന്ന് ഞാൻ തന്നെ അറിയും. ഇന്നെനിക്കറിഞ്ഞുകൂടാ.

മുഖത്ത് അടിയേറ്റും തുപ്പലേറ്റും കവിളത്തുനിന്ന് രോമങ്ങൾ പിഴുതെടുത്തും, രോമകൂപങ്ങളിൽനിന്നും രക്തം ഒഴുകിയും, പുറം ഉഴവുചാലുപോലെ കീറത്തക്കവണ്ണം ചാട്ടവാറുകൊണ്ട് അടിച്ചുപൊളിച്ചും, കൈകളും കാലുകളും ആണിയടിച്ചു തകർത്തും, ചങ്കിൽ കുന്തംകൊണ്ടു കുത്തി രക്തമൊഴുകിയും അങ്ങനെ ഏറ്റവും ദയനീയമായ അവസ്ഥയിൽ കടന്നുപോയ കർത്താവായ യേശുക്രിസ്തു അധികാരത്തിന്റെ ചെങ്കോലുമേന്തി രാജാധിരാജാവായി വീണ്ടും മടങ്ങിവരും.

തേജോമയനായി, മഹത്വപൂർണ്ണനായി യേശു കടന്നുവരും. ആർക്കും അടുത്തു കൂടാത്ത തീയായി യേശു കടന്നുവരും. അന്ന് ഞാൻ അവന്റെ സ്വന്തമായിരിക്കും. അന്ന് അവൻ എന്നെ തിരുമാറോടണയ്ക്കും.

ഇന്ന് ഞാൻ ഏതെല്ലാം തരത്തിൽ വിലകെട്ടവനാണെങ്കിലും, ഇന്ന് എല്ലാവർക്കുമെന്നെ പുച്ഛമാണെങ്കിലും, ആരെല്ലാം എന്നെ പരിഹസിച്ചാലും ഞാൻ എന്റെ യേശുവിന്റെ സ്വന്തമാണ്. ഈ ഒരുറപ്പ് നമുക്കുവേണം. നെഹമ്യാവിന് ആ ഒരു ബോദ്ധ്യമുണ്ടായിരുന്നു. നെഹമ്യാവിന് ആ വിചാരമുണ്ടായിരുന്നു.

ഇന്നു നമുക്ക് പൈസയില്ല. കടമാണ്, ഭാരമാണ്, രോഗമാണ്, ദുഃഖമാണ്, ഞെരുക്കമാണ്. വീട്ടിൽത്തന്നെ പലവിധത്തിലുള്ള അക്കച്ചിക്കലുകളും ഇഷ്ടക്കുറവുകളും മുഷിച്ചിലുകളുമുണ്ട്. ഇന്ന് പലതരത്തിലുള്ള പരാധീനതകളുണ്ട്, ശരിയാണ്. പക്ഷേ, നാളെ ഒരു ദിവസം യേശു മടങ്ങിവരുമ്പോൾ എന്നന്നേക്കും

നിലനിൽക്കുന്ന വിലയെന്താണെന്ന് നമുക്കു കാണാൻ പറ്റും.

നെഹമ്യാവ് താനാരാണെന്നറിഞ്ഞിരുന്നു. നെഹമ്യാവ് രാജകൊട്ടാരത്തിൽ ഭക്ഷ്യമന്ത്രിയായിട്ടിരിക്കുമ്പോൾപോലും ദൈവത്തെ ഓർത്തുകൊണ്ടിരുന്നു. ബാബിലോണിയൻ സാമ്രാജ്യം കഴിഞ്ഞ് പേർഷ്യൻ സാമ്രാജ്യം. ബാബിലോണിയൻ സാമ്രാജ്യത്തിൽ നെബൂഖദ്നേസറിന്റെപോലെതന്നെ ഉയർന്ന ഒരു സാമ്രാജ്യമായിരുന്നു പേർഷ്യൻ സാമ്രാജ്യവും. പേർഷ്യൻ സാമ്രാജ്യത്തിന്റെ ഏറ്റവും ശുഭകാലം 'Xerxus' ന്റെ (അഹശ്വരേശിന്റെ) കാലമാണ്. 'The Golden age of Persia'. പേർഷ്യയുടെ സുവർണ്ണകാലമായിരുന്നു അഹശ്വരേശിന്റെ ഭരണകാലം.

അദ്ദേഹത്തിന്റെ മകനാണ് അർത്ഥഹ്ശഷ്ടാ രാജാവ്. വലിയോരു സാമ്രാജ്യത്തിലെ രാജാധിരാജാവായി വാണരുളുന്ന അർത്ഥഹ്ശഷ്ടാ രാജാവിന്റെ ഭക്ഷ്യമന്ത്രിയായിരിക്കുക നിസ്സാരകാര്യമല്ല. വലിയൊരു പദവിയാണ്. ആ പദവിയിലിരിക്കുമ്പോഴും നെഹമ്യാവ്, എന്റെ ദൈവമേ എന്നുള്ള വിളിയോടുകൂടിയാണിരുന്നത്.

എന്തെല്ലാം ജയങ്ങൾ കിട്ടിയാലും, എന്തെല്ലാം പരാജയങ്ങൾ വന്നാലും, ഏതെല്ലാം പരാധീനതകൾ വന്നാലും, ഏതെല്ലാം ക്ഷീണങ്ങൾ സംഭവിച്ചാലും, എന്തെല്ലാം രീതിയിൽ വറുതികൾ വന്നാലും ഓർക്കുക, ഞാൻ എന്റെ യേശുവിന്റെ വകയാണ്.

ഫ്രെഞ്ചു സാമ്രാജ്യത്തിൽ, ലൂയി പതിന്നാലാമൻ ചക്രവർത്തിയെ അദ്ദേഹത്തിന്റെ ശത്രുക്കൾ യുദ്ധത്തിൽ തോല്പിച്ച് വധിച്ചു. ശത്രുക്കളുടെ വൈരാഗ്യം തീരാൻ അദ്ദേഹത്തിന്റെ മക്കളെ എല്ലാം പിടിച്ചു കൊല്ലാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ ഒരു മകനുണ്ടായിരുന്നു. ഏതാണ്ട് എട്ടോ പത്തോ വയസ്സുപ്രാ

യമുള്ള ഒരു കൊച്ചുകുട്ടി. അവർ വിചാരിച്ചു: ആ കുട്ടിയെ കൊല്ലണ്ട. ഇവനെ ഏറ്റവും വലിയ ദുഷ്ടനാക്കണം.

ചക്രവർത്തിയോടുള്ള അരിശം തീർക്കാൻ ചക്രവർത്തിയുടെ മകനെ ഏറ്റവും മ്ലേച്ഛനാക്കിത്തീർക്കണം. അവനെ മന്ത്രവാദിനിയായ ഒരു ദുഷ്ടസ്ത്രീയുടെ കൈയിൽ ഏല്പിച്ചു. അവൾ അവനെ വേണ്ടാതീനങ്ങൾ ചെയ്യാൻ പഠിപ്പിക്കയും അരുതാത്ത വഴിയിൽക്കൂടി പോകാൻ പ്രേരണ കൊടുക്കയും ചെയ്തപ്പോൾ അവൻ ചിന്തിച്ചു: ഞാൻ ചക്രവർത്തിയുടെ മകനാണ്; എനിക്കതു ചെയ്യാൻ പാടില്ല. അവൻ കൊച്ചുകുട്ടിയാണ് എന്നാലും അവൻ സ്വയം പറഞ്ഞു: എനിക്കതു ചെയ്യാൻ പാടില്ല.

നിങ്ങൾ ആരാണെന്ന് നിങ്ങൾ ഓർക്കാറുണ്ടോ? ഞാൻ രാജാധിരാജാവിന്റെ സ്വന്തം! ഞാൻ അവന്റെ സ്വന്തമാണ്. ആ യഥാർത്ഥമായ ബോധം നിങ്ങൾക്കുണ്ടോ?

യേശുക്രിസ്തുവിന്റെ വകയാണ് ഞാൻ. അതുകൊണ്ട് എനിക്കങ്ങനെ മിണ്ടാൻ പാടില്ല, എനിക്കിങ്ങനെ പറയാൻ പാടില്ല, എനിക്കിങ്ങനെ ചിന്തിക്കാൻ പാടില്ല, എനിക്കങ്ങനെ പ്രതികരിക്കാൻ പാടില്ല എന്നെല്ലാമുള്ള ഒരു കാഴ്ചപ്പാട് നിങ്ങൾക്കു കിട്ടുന്നുണ്ടോ? ലോകമനുഷ്യരെപ്പോലെ സംസാരിക്കുകയോ പെരുമാറുകയോ എനിക്കു ചെയ്യാൻ പാടില്ല. ഞാൻ യേശുക്രിസ്തുവിന്റെ വകയാണ്, അവന്റെ സ്വന്തമാണ്. അവന്റെ സ്നേഹത്തിന്റെ നിധിയാണ്.

ഞാൻ അവന്റെ സ്നേഹം മുഴുവൻ നിക്ഷേപിച്ച സ്നേഹത്തിന്റെ പാത്രമാണ്. ഈ പാത്രത്തിൽ, ഞാനെന്നു പറയുന്ന ഈ കൊച്ചുമനുഷ്യന്റെ ചെറിയ ഹൃദയത്തിലാണ് യേശു തന്റെ സ്നേഹം നിക്ഷേപിച്ചത്. അവന്റെ മഹത്വകരമായ സ്നേഹം നിക്ഷേപിക്കാൻ അവൻ മാനപാത്രമായി

എന്നെ തിരഞ്ഞെടുത്തതാണ്. എനിക്കു യോഗ്യതയുണ്ടായിട്ടല്ല. ഇതാണ് നാം മനസ്സിലാക്കേണ്ടത്.

നെഹമ്യാവ്, അർത്ഥഹ്ശഷ്ടാരാജാവിന്റെ ഭക്ഷ്യമന്ത്രിയായിരിക്കുമ്പോഴാണ് കേട്ടത്, അങ്ങ് ബാബേലിലേക്ക് അടിമകളാക്കിക്കൊണ്ടുപോയിരുന്ന യിസ്രായേൽമക്കൾ പലരും യെരൂശലേമിലേക്ക് മടങ്ങിവന്നു. ബാബിലോണിയായിൽ നിന്ന് യെരൂശലേമിലേക്ക് അയ്യായിരത്തിലേറെ ആളുകൾ മടങ്ങിവന്നു. അന്ന് അതിനു നേതൃത്വം കൊടുത്തത് എസ്രായും സെരുബ്ബാബേലും, യോശുവയുമെല്ലാം ആയിരുന്നു.

പക്ഷേ, പേർഷ്യയിൽ, അർത്ഥഹ്ശഷ്ടാരാജാവിന്റെ രാജധാനിയിൽ ഇരുന്നുകൊണ്ട് ഈ ഉന്നത ഉദ്യോഗസ്ഥനായ നെഹമ്യാവ് യിസ്രായേൽമക്കളുടെ സ്ഥിതി എന്താണ് എന്ന് അറിയണമല്ലോ എന്ന് ചിന്തിച്ചു. അപ്പോഴാണ് മനസ്സിലായത് അവരുടെ സ്ഥിതി വളരെ കഷ്ടതരമാണെന്നും ആരാധന തുടങ്ങാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല എന്നും ആരാധനയില്ലാത്ത ഒരു സമൂഹമായി അവർ വലഞ്ഞുകഴിയുന്നു എന്നും.

പ്രിയപ്പെട്ടവരേ, നിങ്ങൾ പലരും സ്തുതി എന്താണെന്നോ ആരാധനയുടെ, സ്തുതിയുടെ മഹത്വം എന്താണെന്നോ ഒന്നുമറിയാതെയാണ് സ്തുതിക്കുന്നത്. ഈ ആരാധനയുടെ സൗകുമാര്യം എന്താണെന്ന് നിങ്ങൾ അറിയണം. ആരാധനയുടെ ബലമെന്താണെന്ന് നിങ്ങൾ അറിയണം. ആരാധനയുടെ വിശുദ്ധി എന്താണെന്ന് നിങ്ങൾ അറിയണം. വിശുദ്ധമായ സ്തുതികളിന്മേലിറങ്ങി വരുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അത്ഭുതകരമായ, തീക്ഷ്ണമായ പ്രകാശമാണ് ചുറ്റിമിന്നുന്നതെന്ന് നിങ്ങൾ അറിയണം, അനുഭവിക്കണം.

എന്തെല്ലാം വന്നാലും എന്റെ കർത്താവ് എന്റെ സ്വഭാവം മാറ്റിത്തരുന്ന മഹാഭാഗ്യം എനിക്കനുഭവിക്കണം എന്ന

അടക്കാനാകാത്ത ആഗ്രഹമുണ്ടായിരിക്കണം. വിശുദ്ധിയുടെ ആത്മാവിന്റെ ആരാധന എനിക്ക് ആരംഭിക്കണം. ആത്മാവിന്റെ ആരാധന! മതിമറന്നിരുന്നു സ്തുതിക്കുന്ന ആത്മാവിന്റെ ആരാധന! ശബ്ദഘോഷമൊന്നും വേണമെന്നില്ല. ഹൃദയത്തിലാണ് ആരാധന. എപ്പോഴും എന്റെ ദൈവമേ, എന്നുള്ള വിളി, അതാണ് ആരാധന.

ലോകത്ത് പലർക്കുമെന്നെ അറിഞ്ഞുകൂടാ. എന്നാൽ നിത്യനായ ദൈവം, അഖിലാണ്ഡത്തിന്റെ ഉടയവനായ ക്രിസ്തു എന്നെ വ്യക്തിപരമായി അറിയുന്നു. എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു. ഇതാണ് യഥാർത്ഥമായ ആരാധനയുടെ കാരണം.

യേശു തന്റെ പ്രിയപ്പെട്ടവനായി, പ്രിയപ്പെട്ടവളായി എന്നെ കരുതുന്നു. എന്നെ ചേർത്തണയ്ക്കുന്നു. ഞാൻ യേശുവിന്റെ സ്വന്തമാണ്. യേശു എന്റെയും സ്വന്തമാണ്. അത് ഒരു ഉന്നതമായ കാഴ്ചപ്പാടാണ്. നിങ്ങൾ ഇതു വായിച്ചുമാത്രം പോകരുത്. ഇതു നിങ്ങൾക്ക് അനുഭവമായോ എന്ന് ചിന്തിക്കണം. ഉന്നതമായ അനുഭവങ്ങളുടെ ശൃംഗങ്ങളിലേക്ക് കർത്താവ് നമ്മെ കയറ്റാൻ ആഗ്രഹിക്കുന്നു.

നിങ്ങളാരും താണ പ്രതലത്തിൽ കഴിയാനല്ല, ഉയർന്നുയർന്ന് പറക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. അതിന് വിദ്യാഭ്യാസം വേണമെന്നില്ല. പാണ്ഡിത്യം വേണമെന്നില്ല. വേദപരിജ്ഞാനം വേണമെന്നില്ല. വേദപുസ്തകത്തിൽ നല്ല നിശ്ചയം വേണമെന്നില്ല. ആകെ ഒന്നുമാത്രം മതി. ഒരു ലളിതമായ ഹൃദയം. ഒരു ദരിദ്രമായ ഹൃദയം. കർത്താവേ, ഞാൻ ഒരു പാപിയായ മനുഷ്യൻ. ഞാൻ ഒരു നിസ്സാരനായ മനുഷ്യൻ, ഞാൻ ഒരു വിലകെട്ട മനുഷ്യൻ. എന്നും ദു:ഖം മാത്രം ശീലമാക്കിയ ഒരു സാധു മനുഷ്യൻ.

നാഥാ, നീ എന്നോടു മനസ്സലിയണം. നീ എന്റെ ഉള്ളത്തിലേക്കു വരണം. നീ എന്റെ ഹൃദയത്തിൽ വന്നു വസിക്കണം. എനിക്ക് ഒന്നും അറിയാൻ പാടില്ല. യേശുവേ, നീ ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. നീ കുരിശിൽ മരിച്ചത് എനിക്കു വേണ്ടിയാണെന്ന് എനിക്കറിയാം. കർത്താവേ, നീ എന്നെ ഇപ്പോഴും സ്നേഹിക്കുന്നു എന്നും, എന്നെ നരകത്തിൽ നിന്നു വലിച്ചെടുത്ത് സ്വർഗ്ഗത്തിലാക്കാൻ നീ ഉദ്യമിച്ചുകൊണ്ടിരിക്കുന്നു എന്നും ഞാൻ അറിയുന്നു.

പ്രവാസത്തിലേക്കു പോയവരുടെ തിരിച്ചു വരവിനുശേഷം അവരുടെ സ്ഥിതി എന്തെന്നറിയാൻ നെഹമ്യാവ് എപ്പോഴും ആഗ്രഹിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് അവരുടെ സ്ഥിതി വളരെ ദയനീയമാണെന്ന് ചിലരിൽനിന്നും മനസ്സിലാക്കാൻ ഇടയായത്.

> *"ഹഖല്യാവിന്റെ മകനായ നെഹമ്യാവിന്റെ ചരിത്രം. ഇരുപതാം ആണ്ടിൽ കിസ്ലേവ് മാസത്തിൽ ഞാൻ ശൂശൻ രാജധാനിയിൽ ഇരിക്കുമ്പോൾ എന്റെ സഹോദരന്മാരിൽ ഒരുത്തനായ, ഹനാനിയും യഹൂദയിൽ നിന്നു ചില പുരുഷന്മാരും വന്നു; ഞാൻ അവരോടു പ്രവാസത്തിൽനിന്നു തെറ്റി ഒഴിഞ്ഞുപോയ യഹൂദന്മാരെക്കുറിച്ചും യെരൂശലേമിനെക്കുറിച്ചും ചോദിച്ചു. അതിന് അവർ എന്നോട്: പ്രവാസത്തിൽ നിന്ന് തെറ്റി ഒഴിഞ്ഞുപോയ ശേഷിപ്പ് അവിടെ ആ സംസ്ഥാനത്ത് മഹാകഷ്ടത്തിലും അപമാനത്തിലും ഇരിക്കുന്നു."*
>
> *നെഹമ്യാവ് 1 : 1 – 3*

പേർഷ്യൻ ചക്രവർത്തിയായ സൈറസ് (കോരശ്) ചക്രവർത്തിയുടെ കല്പനപ്രകാരം ജനം യെരൂശലേമിലേക്കു മടങ്ങി പോന്നെങ്കിലും വാസ്തവത്തിൽ അവരിന്നു വലിയ

കഷ്ടത്തിലാണ്. പണ്ട് ബാബേൽ നദിയുടെ തീരത്ത് അലരി വൃക്ഷങ്ങളിന്മേൽ കിന്നരങ്ങൾ തൂക്കിയിട്ടുകൊണ്ട് അവർ കരഞ്ഞുകൊണ്ടിരുന്ന സ്ഥിതിയിൽ നിന്ന് ഒന്നുകൂടി കഷ്ടത്തിൽ ആയിരിക്കുകയാണ് ഇപ്പോൾ.

ബാബേൽ രാജാവായ നെബൂഖദ്നേസറിന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന കാലത്ത് അവർക്ക് എന്നും കരച്ചിലായിരുന്നു, എന്നും വിലാപമായിരുന്നു. എന്നാൽ ഇന്ന് അവർ തിരികെ യെരൂശലേമിക്കുപോയി. ഭാഗ്യം, യെരൂശലേമിലേക്കു മടങ്ങിപ്പോകാൻ അവർക്കു സാധിച്ചു. അവിടെ യാഗപീഠം പണിത് യാഗം നടത്തേണ്ടവർ, ആരാധന നടത്തേണ്ടവർ, അവർ അതൊന്നും ചെയ്യാതെ വളരെ കഷ്ടത്തിൽ ആയിരിക്കയാണ്. വളരെ ദുഃഖത്തിൽ ആയിരിക്കയാണ്.

'യെരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവച്ച് ചുട്ടും കിടക്കുകയായിരുന്നു.

ആലയംപണിതന്നെ കഷ്ടിച്ചു പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. മതിലെല്ലാം ഇടിഞ്ഞു കിടക്കുന്നു. യെരൂശലേമിന്റെ വാതിലുകളെല്ലാം തീകൊണ്ട് വെന്തു കിടക്കുന്നു. വർഷങ്ങൾ പലതു കഴിഞ്ഞു എന്നിട്ടും ആരാധന തുടങ്ങാൻ സാധിച്ചിട്ടില്ല.

ഇതൊക്കെ നമ്മുടെ ജീവിതത്തിലും പ്രസക്തമല്ലേ? നിങ്ങളുടെ ജീവിതത്തിൽ ഇത്രയും വർഷങ്ങൾ കഴിഞ്ഞു. എന്നാൽ ഒരു സത്യാരാധന തുടങ്ങിയോ? നിങ്ങൾ പ്രാർത്ഥനായോഗത്തിനു വരുന്നവരായിരിക്കാം. നിങ്ങൾ യോഗത്തിന് വരുന്നതു വളരെ നല്ലതാണ്. പക്ഷേ, ഞാൻ വളരെ വിനയത്തോടെ പറയട്ടെ, നിങ്ങളിൽ പലരും സത്യം കണ്ടെത്തിയിട്ടില്ല. നിങ്ങൾ പലരും ഇന്നും വാസ്തവമായ ആരാധന എന്താണെന്നും ദൈവം ആരാണെന്നും മനസ്സിലാ

ക്കിയിട്ടില്ല. യേശുക്രിസ്തു ആരാണെന്നു നിങ്ങൾ ചിന്തിച്ചിട്ടില്ല.

പ്രാർത്ഥനായോഗത്തിന് സംബന്ധിച്ചതിനുശേഷം നിങ്ങൾ വീണ്ടും ലോകത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നു. അപ്പോൾ പലപല കാര്യങ്ങളായി, പല പ്രശ്നങ്ങളായി, ചില ഇഷ്ടക്കുറവുകളോ മുഷിച്ചിലുകളോ ആയി. ചിലപ്പോൾ കോപാക്രാന്തമായ പെരുമാറ്റമായി. ചിലപ്പോൾ മുഷിഞ്ഞു സംസാരിക്കാൻ ഇടയായി. ഇങ്ങനെ അനേകമനേകം കുഴപ്പങ്ങൾ നിങ്ങൾ നേരിടുന്നു. വചനം കിട്ടിയതിന്റെ പൊരുൾ എന്താണെന്ന് നിങ്ങൾ മറന്നുപോയി. അനേകർ അങ്ങനെയാണ്.

സഹോദരങ്ങളേ, എന്താണ് നമ്മുടെ വാസ്തവമായ അവസ്ഥ? നാം പിശാചിന്റെ അടിമത്വത്തിൽ ആയിരുന്നു. എത്രയോ ഹീനമായ ജീവിതമാണ് നാം ഒരു കാലത്ത് നയിച്ചിരുന്നത്? മദ്യപിച്ചു ലക്കുകെട്ട് ജീവിച്ച ഒരു കാലമുണ്ടായിരുന്നില്ലേ? വഴക്കടിച്ചും കലഹിച്ചും വീട്ടിൽ പിണക്കമുണ്ടാക്കിയും വീട്ടിൽനിന്ന് ഇറങ്ങിപ്പോയ കാലങ്ങളുണ്ടായിരുന്നില്ലേ? വിളമ്പിവച്ച ചോറുകഴിക്കാതെ ഭാര്യയും ഭർത്താവും മക്കളും തമ്മിൽ പരസ്പരം പോരടിച്ച് പാത്രങ്ങൾ വലിച്ചെറിഞ്ഞ് ഊണുമേശയിൽ നിന്ന് ഇറങ്ങിപ്പോയ കാലങ്ങൾ ഉണ്ടായിരുന്നില്ലേ? കഞ്ചാവ് വലിച്ച് കിറുങ്ങി നടന്ന കാലങ്ങളുണ്ടായിരുന്നില്ലേ?

അശുദ്ധശീലങ്ങളിൽ, അശുദ്ധമായ വേഴ്ചകളിൽ, അശുദ്ധമായ ബന്ധങ്ങളിൽ ജീവിതം തകർത്തുകളഞ്ഞ കാലങ്ങളുണ്ടായിരുന്നില്ലേ? അന്ന് പ്രവാസികളായിരുന്നു. പരദേശവാസികളായിരുന്നു. അന്ന് ബാബേലിലായിരുന്നു. അന്ന് മതബോധമുണ്ടായിരുന്നില്ല. പക്ഷേ, മതബോധമെല്ലാം കിട്ടി. അവർ തിരിച്ചുവന്നു. കൂട്ടായ്മയിൽ വന്നു. ഒരു മാറ്റം നിങ്ങൾക്കു കിട്ടി ശരിയാണ്; സംശയമില്ല.

മദ്യപാനം വേണ്ടായെന്നു വച്ചു. ആത്മഹത്യാ പ്രവണതകൾ മാറി. എനിക്ക് ഇനിയും ജീവിക്കണമല്ലോ എന്ന ആഗ്രഹം വന്നു. എന്റെ കർത്താവിനെ മഹത്വപ്പെടുത്തണം. എന്റെ കർത്താവിനു വേണ്ടി എന്റെ ആയുസ്സ് ചിലവഴിക്കപ്പെടണം എന്ന ആഗ്രഹം വന്നു. നല്ല നല്ല തീരുമാനങ്ങൾ വന്നു. പുതിയ സമർപ്പണങ്ങൾ വന്നു. പക്ഷേ, ഇന്നും ആരാധന തുടങ്ങിയിട്ടില്ല. കഷ്ടസ്ഥിതിയിലായി കിടക്കുകയാണ്.

*"ഈ വർത്തമാനം കേട്ടപ്പോൾ ഞാനിരുന്ന് കരഞ്ഞു."* *നെഹമ്യാവ് 1: 4*

ഈ വർത്തമാനം കേട്ടപ്പോൾ നെഹമ്യാവ് ഇരുന്നു കരഞ്ഞു. കൊട്ടാരത്തിൽ ഇരുന്നു കരയുന്ന ഒരു ദൈവഭൃത്യൻ. പദവിയിൽ ഇരുന്നു കരയുന്ന ഒരു ദൈവദാസൻ. ഉന്നതമായ പദവിയിൽ ഇരിക്കുമ്പോഴും ഇരുന്നു കരയുകയാണ്. എന്തിനാണ് നെഹമ്യാവ് കരയുന്നത്? എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കാണുന്നു. എന്റെ ജനം, എന്റെ പ്രിയപ്പെട്ടവർ, അവരിപ്പോഴും പ്രവാസത്തിൽനിന്നു വന്നതിനുശേഷവും വാസ്തവമായി ദൈവികമായ ബന്ധമില്ലാതെ, ആരാധനയില്ലാതെ കഴിയുന്നു.

എന്റെ പ്രിയ സഹോദരങ്ങളേ, ഇതെല്ലാം എഴുതുമ്പോഴും ഞാൻ എന്റെ കാര്യങ്ങൾ തന്നെയാണ് ഓർക്കുന്നത്. പതിനേഴാമത്തെ വയസ്സിൽ എനിക്ക് മാനസാന്തരം കിട്ടി. പക്ഷേ, അപ്പോഴും കഷ്ടത്തിലായിരുന്നു. രൂപാന്തരം വന്നില്ല. മാനസാന്തരം കിട്ടി, പതിനേഴാമത്തെ വയസ്സിൽ ദൈവത്തിന്റെ വേല ചെയ്യണമെന്ന ഉത്സാഹമുണ്ടായി. കർത്താവിന്റെ വേല ചെയ്യാൻ ഓടി നടന്നു.

ഞങ്ങളുടെ ഇടവകയിൽ മാത്രമല്ല, മറ്റുസ്ഥലങ്ങളിലൊക്കെ പോയി പ്രസംഗിച്ചു. പക്ഷേ, ആളത്വം മാറിയിരുന്നില്ല. രൂപാന്തരപ്പെട്ടിരുന്നില്ല. ഇന്നും രൂപാന്തരപ്പെട്ടു കഴിഞ്ഞെന്ന് തോന്നു

ന്നില്ല. ഇനിയും അനേകം കാര്യങ്ങളിൽ മാറ്റം വരേണ്ടിയിരിക്കുന്നുവെന്നാണ് എന്റെ വ്യക്തിപരമായ ബോദ്ധ്യം. അതിനുവേണ്ടി ദൈവസന്നിധിയിൽ ഇന്നും കരഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ ഭൂമിയിൽ നിന്നു മാറ്റപ്പെടുന്നതിനുമുമ്പ് മുഴുവനായി രൂപാന്തരം പ്രാപിച്ച്, പൂർണ്ണമായ ഒരു വിശുദ്ധി എന്തെന്നനുഭവിച്ച് ഒരു വിശുദ്ധനായി കടന്നുപോകണമെന്ന് ഞാൻ വീണ്ടും വീണ്ടും ദൈവത്തോട് പറയാറുണ്ട്.

കർത്താവേ, ഞാൻ ചോദിക്കുന്നത് അന്യായമല്ലല്ലോ. തെറ്റായ ഒരു കാര്യമല്ലല്ലോ. ഒരു വിശുദ്ധനാകണമെന്നാണല്ലോ ഞാൻ ചോദിക്കുന്നത്. എനിക്കതു തന്നേ പറ്റൂ എന്ന് ഞാൻ പറയാറുണ്ട്. വേറൊന്നും എനിക്കു വേണ്ട, എന്റെ യേശുവിന്റെ മനസ്സു തന്നാൽ മതി എന്നു ഞാൻ പറയാറുണ്ട്.

നിങ്ങൾക്ക് കർത്താവ് ഒരു മാനസാന്തരം തന്നു, ശരിയാണ്. പല പാപങ്ങൾ വിട്ടു, അതും ശരിയാണ്. മദ്യപാനം വേണ്ടായെന്നു വച്ചു, കഞ്ചാവു വേണ്ടെന്നു വച്ചു, ചീത്തകൂട്ടുകെട്ടുകളും വെറിക്കൂത്തുകളും വേണ്ടെന്നു വച്ചു, മ്ലേച്ഛചിത്രങ്ങൾ വേണ്ടെന്നു വച്ചു, നന്നായി. ചീത്തകൂട്ടുകെട്ടിൽ പോകുന്നില്ല. ചീട്ടുകളിസംഘങ്ങളിൽ മുഴുകുന്നില്ല. അതെല്ലാം വിട്ടു. പഴയ കൂട്ടുകാർ, അവരെയും വിട്ടു.

പക്ഷേ, ഇന്നും നമ്മുടെ കോപത്തെ നമുക്കു ജയിക്കാൻ സാധിക്കുന്നില്ല. ഇന്നും നമ്മുടെ മുഷിഞ്ഞ മനസ്സിനെ നമുക്കു ജയിക്കാൻ സാധിക്കുന്നില്ല. നമ്മുടെ ക്രോധത്തെ നമുക്കു മാറ്റാൻ സാധിക്കുന്നില്ല. കൂട്ടായ്മയിൽ വരുന്ന ദൈവമക്കളുടെ വീടുകളിൽ തന്നെ ഭാര്യയും ഭർത്താവും തമ്മിൽ അഭിപ്രായവ്യത്യാസം. ഉള്ളത്തിൽ പോരടിക്കൽ. പുറമെ ഒന്നുമില്ല. ആരു നോക്കിയാലും ഒന്നും കാണുകയുമില്ല. ഉള്ളിൽ അക്കച്ചിക്കലുകൾ.

ഏറ്റവും വലിയ മഹാഭാഗ്യം പരസ്പരം സ്നേഹിക്കുക എന്നതാണ്. പരസ്പരം കരുതുന്ന ഒരു ഹൃദയം! അതൊരു മഹാഭാഗ്യമാണ്.

നിങ്ങൾ ഓരോരുത്തരും യേശുവിങ്കലേക്ക് ജീവിതം കൊടുക്കുക. യേശുവിനായ് ജീവിതം തുറന്നു കൊടുക്കുക. കർത്താവേ, ഈ നിസ്സാരമനുഷ്യന്റെ ഹൃദയത്തിലേക്ക് നീ ഇപ്പോൾ എഴുന്നള്ളി വരണമേ. എന്റെ കർത്താവേ, പാപിയെ സ്നേഹിക്കയും പാപത്തെ വെറുക്കുകയും ചെയ്യുന്ന യേശുവേ, നീ എന്റെ ഹൃദയത്തിലേക്കു കടന്നു വരണമേ, എന്റെ ഉള്ളത്തിലേക്ക് നീ വന്ന് രാജാധിരാജാവായി വാഴണമേ എന്നു പ്രാർത്ഥിക്കൂ. ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി യാചിക്കൂ, ഇപ്പോൾതന്നെ നിങ്ങളുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്ക് കൊടുത്തു എന്നുള്ള ഉറപ്പു സമ്പാദിക്കൂ! ദൈവത്തിന്റെ നാമം മഹത്വപ്പെടട്ടെ.

# ആറ്

*"അതിന് അവർ എന്നോട്: പ്രവാസത്തിൽനിന്നു തെറ്റി ഒഴിഞ്ഞുപോയ ശേഷിപ്പ് അവിടെ ആ സംസ്ഥാനത്ത് മഹാകഷ്ടത്തിലും അപമാന ത്തിലും ഇരിക്കുന്നു: യെരൂശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു എന്നു പറഞ്ഞു. ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു; കുറെനാൾ ദുഃഖിച്ചും ഉപവസിച്ചുംകൊണ്ടു സ്വർഗ്ഗത്തിലെ ദൈവത്തോടു ഞാൻ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ:"* *നെഹമ്യാവ് 1: 3, 4*

ഈ വർത്തമാനം കേട്ടപ്പോൾ നെഹമ്യാവിരുന്നു കരഞ്ഞു, ഉപവസിച്ചു, പ്രാർത്ഥിച്ചു. കർത്താവിനോടുകൂടി ചേർന്നു വസിക്കുക എന്നാണ് ഉപവസിക്കുക എന്നതിന്റെ അർത്ഥം. ദൈവത്തോടു ചേർന്നിരുന്ന് സുഖസൗകര്യങ്ങളോ സന്തോഷ ങ്ങളോ ഒന്നും വേണ്ട എന്നു വിചാരിച്ച് ശരിയായ ഉപവാസമെ ടുത്ത് ദൈവസന്നിധിയിൽ കരയാൻ തുടങ്ങി.

ആത്മാക്കളെക്കുറിച്ചുള്ള ഭാരംകൊണ്ട് ദൈവപുരുഷൻ കരയുകയാണ്. നഷ്ടപ്പെട്ടുപോകുന്ന ജനത്തെക്കുറിച്ചുള്ള ഭാരം ദൈവപുരുഷന്റെ ഹൃദയത്തെ വല്ലാതെ അലട്ടി. യിസ്രാ യേൽ ജനം യെരൂശലേമിലേക്കു തിരിച്ചുചെന്നു. പക്ഷേ, അവർ അവിടെ ആലയം പണിയുന്നില്ല, മതിൽ പണിയുന്നില്ല,

മതിലിന്റെ കേടുപാടുകൾ പോക്കുന്നില്ല. വാതിലുകൾ ശരിയാക്കുന്നില്ല. യാഗപീഠം പണിയുന്നില്ല. ആരാധന തുടങ്ങിയിട്ടില്ല. ഇതെല്ലാം കേട്ടപ്പോൾ ദൈവപുരുഷന് സങ്കടമായി.

അവർ സ്വന്തപട്ടണം പണിയുന്നു, സ്വന്തവീടുപണിയുന്നു. പക്ഷേ ദേവാലയത്തിൽ ഒന്നും ചെയ്യുവാൻ അവർക്ക് സാധിക്കുന്നില്ല. ദൈവാലയം പണിയുവാൻ തുടങ്ങുന്നില്ല.

> *"ഹഗ്ഗായി പ്രവാചകൻ മുഖാന്തരം യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ: ഈ ആലയം ശൂന്യമായിരിക്കെ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?"* *ഹഗ്ഗായി 1 : 3, 4*

എന്താണ് നിങ്ങൾ ചെയ്യുന്നത്? നിങ്ങൾ സ്വന്തം വീടുകൾ പണിയുന്നു. വീടു പണിയണ്ട എന്നല്ല. പക്ഷേ, ആദ്യം പണിയേണ്ടത് ദേവാലയമാണ്. നിങ്ങൾ ദേവാലയം പണിയാതെ നല്ല വീടുകളിൽ പാർത്താൽ ഒരു പ്രയോജനവുമില്ല. ഉത്തുംഗ ഗോപുരങ്ങളിൽ പാർക്കാം. നിങ്ങൾക്കു സുഖമായി നല്ല നല്ല വീടുകൾ പണിയാം. പക്ഷേ, എന്റെ ആലയം ശൂന്യമായി കിടക്കുന്നു. "ദൈവത്തിന്റെ ആലയം ശൂന്യമായി കിടക്കെ നിങ്ങൾക്കു തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ?"

ഹഗ്ഗായി പ്രവാചകൻ വളരെ വേദനയോടെ പ്രവചിച്ചു. മാത്രമല്ല, ആ കാലങ്ങളിലുള്ള ജനത്തിന്റെ അനാസ്ഥ കണ്ട്, സെഖര്യാ പ്രവാചകനും വളരെ സങ്കടത്തോടെ പ്രവചിച്ചു.

നെഹമ്യാവും ഇരുന്നു കരയുകയാണ്; പ്രാർത്ഥിക്കുകയാണ്. അസഹ്യമായ ദുഃഖം! എന്റെ കർത്താവേ, ഈ ജനം വലയുന്നല്ലോ, ജനം ദൈവത്തെ കണ്ടെത്തുന്നില്ലല്ലോ; ഈ ജനം ലോകത്തിൽ വീടു പണിയുന്ന കാര്യമാണല്ലോ ചിന്തിക്കുന്നത്. മുന്തിരിത്തോട്ടം ഉണ്ടാക്കുന്നു. ഒലിവുതോട്ടം പിടിപ്പിക്കുന്നു. മാതളത്തോട്ടം ഉണ്ടാക്കുന്നു. ഈ ലോകത്തിലെ

കാര്യങ്ങളെല്ലാം അവർ ചെയ്യുന്നു. എല്ലാം ചെയ്തുകൊള്ളട്ടെ, പക്ഷേ, ദൈവത്തിന്റെ ആലയം ശൂന്യമായി കിടക്കുന്നു.

എന്താണ് ഈ പറഞ്ഞതിന്റെ അർത്ഥം? ഏതാണ് ഈ ആലയം?

*"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവ ത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?" 1 കൊരിന്ത്യർ 3 : 16*

നിങ്ങളാണ്, നിങ്ങൾ തന്നെയാണ് ദൈവാലയം. നിങ്ങൾ ഈ ആലയത്തെ, ഈ ശരീരത്തെ അശുദ്ധമാക്കരുത്. ഈ ഹൃദയത്തെ അശുദ്ധമാക്കരുത്. നമ്മുടെ മനസ്സിനെ അശുദ്ധമാ ക്കരുത്. ഇതു ദൈവത്തിന്റെ ആലയമാണ്. അശുദ്ധി പറ്റി യാലോ, എന്റെ ആലയം അശുദ്ധമാക്കുന്നവനെ ഞാൻ നശി പ്പിക്കും എന്ന് ദൈവം പറയുന്നു.

"I will destroy him that defileth My temple."

എന്റെ ആലയം നശിപ്പിക്കുന്നവനെ, അശുദ്ധമാക്കുന്ന വനെ ഞാൻ നശിപ്പിക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു.

*"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരി ക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" 1 കൊരിന്ത്യർ 6 : 19*

നിങ്ങളിൽ ഇരിക്കുന്ന ദൈവത്തിന്റെ ദാനമായ പരിശു ദ്ധാത്മാവിനു വസിക്കാനുള്ള മന്ദിരമാണ് നിങ്ങളുടെ ശരീരം എന്നു നിങ്ങൾ അറിയണം.

നിങ്ങൾ വിലയ്ക്കു വാങ്ങപ്പെട്ടവരാണ്. നിങ്ങളുടെ ഓരോ അണുവും കർത്താവിന് വിറ്റതാണ്. ക്രിസ്തു കൊടുത്ത

വിലയോ തന്റെ തിരുരക്തമാണ്. തന്റെ വിലയേറിയ രക്തം! സ്വന്ത ജീവൻ! തന്റെ വിലയേറിയ ജീവൻ മറുവിലയായി കൊടുത്തു നമ്മെ വിലയ്ക്കു വാങ്ങി! ഇനി നാം നമുക്കുള്ളവ രല്ല.

അരുതാത്ത ഒരു വാക്കു പറയാൻ തുടങ്ങുമ്പോഴേക്കും നാം ഓർക്കണം, എന്റെ നാവ് യേശുവിന് കൊടുത്തതാണ്. ഈ നാവുകൊണ്ട് അശുദ്ധി സംസാരിക്കാൻ പാടില്ല. കോപിച്ച് എന്തെങ്കിലും ഒരു ശാപവാക്കോ ഒരു അരുതാത്ത വാക്കോ പറ യാൻ തുടങ്ങുമ്പോൾ ഓർക്കണം അയ്യോ, ഈ നാവ് യേശു വിനു കൊടുത്തതാണ്. ഈ നാവ് അങ്ങനെ പറയാൻ പാടില്ല. ആരെയെങ്കിലും ദുഷിക്കുന്ന, ഒരു വാക്കു പറയാൻ തുടങ്ങു മ്പോൾ ഓർക്കണം, ഇതെന്റെ യേശുവിനു കൊടുത്തതാണ്, എനിക്കതു ചെയ്യാൻ പാടില്ല. അങ്ങനെ ഓരോ അവയവവും നാം കാത്തുസൂക്ഷിക്കണം.

അങ്ങനെ ദൈവത്തിനായിട്ടു വിട്ടുകൊടുത്ത ഒരു മന്ദിര മായി ഈ ഭൂമിയിൽ ജീവിച്ചതിനുശേഷം ഇവിടെ നിന്നു കട ന്നുപോയാൽ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാ മത്തെ വരവിൽ നാം ഉയിർത്തെഴുന്നേൽക്കും. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുകിട്ടും. അപ്പോൾ കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നാം ഉയിർത്തെഴു ന്നേറ്റു പറന്നു ചെല്ലും.

ഇന്ന് ഞാൻ എന്നെത്തന്നെ കർത്താവിനു വിട്ടുകൊടുത്ത്, എന്റെ ജീവിതം, എന്റെ ശരീരം, എന്റെ ഹൃദയം, എന്റെ മനസ്സ്, എന്റെ ബുദ്ധി, എന്റെ ആലോചനാശക്തി, എന്റെ നിരൂപണ ങ്ങൾ എല്ലാം യേശുവിന് മുഴുവനായി വിട്ടുകൊടുത്ത് ഞാൻ യേശുവിന്റെ വകയായി തീർന്ന് ഈ ഭൂമിയിൽ ജീവിച്ചില്ല എങ്കിൽ ഞാൻ ഈ ഭൂമിയിൽ നിന്ന് കടന്നുചെല്ലുമ്പോൾ ആ ഉയിർത്തെഴുന്നേൽപ്പിൽ എനിക്ക് പങ്ക് കിട്ടുകയില്ല.

ഏതെല്ലാം ശാപങ്ങൾ നിങ്ങൾക്കുണ്ടെങ്കിലും, കുടുംബത്തിന്റെ പൂർവ്വികമായ ശാപങ്ങൾ എന്തെല്ലാം വന്നുകയറിയിട്ടുണ്ടെങ്കിലും, എല്ലാം നിങ്ങളിൽ നിന്ന് വിട്ടുപോകും. ശാപദോഷങ്ങളും മാറിപ്പോകും. എല്ലാ ബന്ധനങ്ങളും അഴിഞ്ഞുപോകും. നിങ്ങളുടെ ജീവിതം പൂർണ്ണമായി യേശുവിന് വിട്ടുകൊടുത്തു കഴിഞ്ഞാൽ യേശു നമ്മിൽ വന്ന് അധിവസിക്കും.

നിങ്ങൾ ചിന്തിക്കൂ, ഞാൻ മുഴുവനായി എന്റെ യേശുവിന് കൊടുത്തുവോ? എന്റെ സമ്പത്ത് യേശുവിനായി കൊടുത്തുവോ? എന്റെ ബാങ്ക് ബാലൻസ് ഞാൻ യേശുവിന് കൊടുത്തുവോ? എന്റെ വീട് ഞാൻ യേശുവിന് കൊടുത്തുവോ? എനിക്കുള്ളത് എന്തെല്ലാമുണ്ടോ അതെല്ലാം ഞാൻ യേശുവിന് കൊടുത്തുവോ? എന്റെ പ്രിയരേ, നിങ്ങൾ കൊടുത്തിട്ടില്ല. നിങ്ങൾ കൊടുക്കാൻ ഇതുവരെയും ചിന്തിച്ചിട്ടുപോലുമില്ല.

നെഹമ്യാവിന് ജനത്തെക്കുറിച്ച് വലിയ ഭാരമുണ്ടായി. അയ്യോ! ഈ ജനം നശിക്കുന്നല്ലോ. ഈ ജനം ദൈവത്തെ കണ്ടെത്തുന്നില്ലല്ലോ. പ്രവാസികളായി ബാബേലിൽ കഴിഞ്ഞതുപോലെ ഇവിടെ വന്നിട്ടും വലിയ മാറ്റമൊന്നും കാണുന്നില്ലല്ലോ.

> *“ഈ വർത്തമാനം കേട്ടപ്പോൾ ഞാൻ ഇരുന്നു കരഞ്ഞു; കുറെനാൾ ദു:ഖിച്ചും ഉപവസിച്ചും കൊണ്ട് സ്വർഗ്ഗത്തിലെ ദൈവത്തോടു ഞാൻ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ: സ്വർഗ്ഗത്തിലെ ദൈവമായ യഹോവേ, നിന്നെ സ്നേഹിച്ച് നിന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു നിയമവും ദയയും പാലിക്കുന്ന മഹാനും ഭയങ്കരനുമായ ദൈവമേ, നിന്റെ ദാസന്മാരായ യിസ്രായേൽമക്കൾക്കു വേണ്ടി രാവും പകലും നിന്റെ മുമ്പാകെ പ്രാർത്ഥിക്കയും യിസ്രായേൽ മക്കളായ ഞങ്ങൾ*

*നിന്നോടു ചെയ്തിരിക്കുന്ന പാപങ്ങളെ ഏറ്റുപറകയും ചെയ്യുന്ന അടിയന്റെ പ്രാർത്ഥന കേൾക്കേണ്ടതിന് നിന്റെ ചെവി ശ്രദ്ധിച്ചും നിന്റെ കണ്ണ് തുറന്നും ഇരിക്കേണമേ.” നെഹമ്യാവ് 1 : 4 – 6*

നെഹമ്യാവ് കരയുകയാണ്: ഞങ്ങളുടെ പാപം! അടിയനും പാപിയാണ് കർത്താവേ. ഞാൻ ഈ ജനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. പക്ഷേ, ഞാനും പാപിയാണ്. കർത്താവേ, ഈ ജനത്തിനൊരു ബോധമില്ലാതിരിക്കുന്നു. കർത്താവേ, ഈ ജനത്തിനുവേണ്ടി ഞാനും പ്രാർത്ഥിക്കയാണ്. ഞങ്ങളുടെ പാപം നീ ഓർക്കരുതേ. ഞങ്ങളുടെ പാപം നീ കണക്കിടരുതേ.

ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾ നിങ്ങൾ ചിന്തിക്കണം. ജീവിതത്തിൽ എന്റെ പാപംകൊണ്ട് എന്റെ കൂടെയുള്ള ജനം നഷ്ടപ്പെട്ടുപോകുന്നു. എന്റെ പാപംകൊണ്ട് എന്റെ കൂടെയുള്ള ആളുകൾ പിശാചിന്റെ കൈപ്പിടിയിൽ ഒതുങ്ങുന്നു. ഞാൻ, ഞാനാണ് ഉത്തരവാദി. ഓരോരുത്തരും പറയണം. എന്റെ ദേശം നന്നാകാത്തതിനു കാരണം, എന്റെ ദേശം ഇന്നും ശൂന്യമായിക്കിടക്കുന്നതിനു കാരണം ഞാനാണ്. ഞാനാണ് മാറേണ്ടത്.

എന്റെ ഭവനം കലഹംകൊണ്ടും അഭിപ്രായവ്യത്യാസംകൊണ്ടും കലുഷമായിരിക്കുന്നതിന്റെ കാരണം ഞാനാണ്. ഞാൻ പ്രകടമായ പാപത്തിനു പോകുന്നില്ല. വഴക്കിനു പോകുന്നില്ല. പക്ഷേ, ഞാൻ ഒരു വിശുദ്ധനായി നിന്നില്ല. അതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ എല്ലാം. എന്റെ മക്കൾ വഴി തെറ്റിപോകുന്നതിനു കാരണം ഞാനാണ്. എന്റെ മക്കൾ ലോകത്തിന്റെ ഇമ്പങ്ങളിലേക്കു പോകുന്നതിനു കാരണം ഞാനാണ്.

ഞാൻ ലോകത്തിന്റെ ഇമ്പങ്ങളിലേക്ക് പോകുന്നില്ല. പക്ഷേ, ഞാൻ എന്റെ കർത്താവിന്റെ സ്വർഗ്ഗീയമായ വചനമനു

സരിച്ച് വിട്ടുകൊടുത്തിരുന്നെങ്കിൽ എന്റെ മക്കൾ വഴി തെറ്റി പ്പോകുകയില്ലായിരുന്നു. എന്റെ സ്വഭാവം തന്നെയാണ് എന്റെ മക്കൾക്കുള്ളത്. മക്കൾ ഒരുപക്ഷേ വേണ്ടാത്ത രീതിയിൽ പോകുമ്പോൾ നിങ്ങൾ കുറ്റം വിധിക്കയല്ല വേണ്ടത്. ഞാനാണ് മാറേണ്ടത്, എന്റെ സ്വഭാവമാണ് എന്റെ മക്കൾക്കുള്ളത്, എന്നു തിരിച്ചറിഞ്ഞ് കരയുക.

നെഹമ്യാവ് തന്നെത്താൻ ഇരുന്ന് ഉപവസിച്ചു പ്രാർത്ഥി ക്കുകയാണ്.

യിസ്രായേൽമക്കളായ ഞങ്ങൾ നിന്നോടു ചെയ്തിരി ക്കുന്ന പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുന്ന അടിയന്റെ പ്രാർത്ഥന നീ ഇപ്പോൾ ഒന്നു കേൾക്കണം. എന്റെ കർത്താവേ നീ ഒന്നു കാണണമേ. നീ ഒന്നു കേൾക്കണമേ. ഞങ്ങൾ വലിയ കഷ്ടത്തിലായിരിക്കുന്നു.

> *“ഞാനും എന്റെ പിതൃഭവനവും പാപം ചെയ്തിരി ക്കുന്നു. ഞങ്ങൾ നിന്നോട് ഏറ്റവും വഷളത്തമാ യത് പ്രവർത്തിച്ചിരിക്കുന്നു.” നെഹമ്യാവ് 1: 7*

നെഹമ്യാവ് വഷളത്തമായതൊന്നും പ്രവർത്തിച്ചില്ല. പക്ഷേ, നെഹമ്യാവ് ജനത്തിന്റെ പാപം ഏറ്റെടുത്തുകൊണ്ട് ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയാണ്.

> *“നിന്റെ ദാസനായ മോശയോടു നീ കല്പിച്ച കല്പനകളും ചട്ടങ്ങളും വിധികളും ഞങ്ങൾ പ്രമാ ണിച്ചിട്ടുമില്ല.” നെഹമ്യാവ് 1: 7*

കർത്താവേ, നീ മോശയിൽക്കൂടി തന്ന ചട്ടങ്ങളും വിധി കളും പ്രമാണങ്ങളും ഞങ്ങൾ അനുസരിച്ചിട്ടില്ല. മുൻപുകിട്ടിയ വചനങ്ങൾ ഒന്നും ഞങ്ങൾ അനുസരിച്ചിട്ടില്ല. പ്രിയപ്പെട്ടവരേ, അങ്ങനെയല്ലേ നമുക്കും പറയുവാനുള്ളത്. ഏതു വചനമാണ്

നിങ്ങൾക്കു കിട്ടാത്തത്? ഏതു കാര്യത്തിലാണ് നിങ്ങൾക്ക് ഉപദേശം കിട്ടാത്തത്? എന്താണ് നിങ്ങൾക്കു മനസ്സിലാക്കാൻ പറ്റാതെ ഇന്നും ബാക്കിയുള്ളത്? ഞങ്ങൾ നിന്റെ വചനം പ്രമാണിച്ചിട്ടില്ല. കേൾക്കേണ്ടതെല്ലാം കേട്ടിട്ടുണ്ട്. മനംതിരിയേണ്ടതിനുള്ള വകയെല്ലാം ഞങ്ങൾക്കു കിട്ടിയിട്ടുണ്ട്. പക്ഷേ, ഇതുവരെയും ഞങ്ങൾ അത് പ്രമാണിച്ചിട്ടില്ല. പഴയകാലത്തെ പ്രവാചകനായ മോശയിൽ കൂടി കിട്ടിയ വചനങ്ങൾ, ആ ദൈവിക പ്രമാണങ്ങൾ ഞങ്ങൾ ഇതുവരെയും അനുസരിച്ചു നടന്നിട്ടില്ല.

ദൈവത്തിന്റെ വചനങ്ങൾക്കൊത്ത് നാം ജീവിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കുക. ഓരോ പ്രാവശ്യവും നാം തീരുമാനമെടുക്കുന്നു. ആ തീരുമാനം പാലിച്ചിട്ടുണ്ടോ എന്നു ചിന്തിക്കുക. തീരുമാനം പാലിച്ചേ പറ്റുകയുള്ളു.

ഞാൻ ദൈവത്തിന്റെ വചനം പറയുന്നുണ്ടല്ലോ, ഞാൻ ദൈവത്തിന്റെ വേല ചെയ്യുന്നുണ്ടല്ലോ, ഫെല്ലോഷിപ്പ് നടത്തുന്നുണ്ടല്ലോ എന്നൊന്നും അഭിമാനിക്കരുത്. നിങ്ങൾ പറയണം: കർത്താവേ, ഞാൻ പാപം ചെയ്തു. എന്റെ പിതൃഭവനവും പാപം ചെയ്തു. ഞങ്ങൾക്കഭിമാനിക്കുവാൻ ഒന്നുമില്ല. പാരമ്പര്യം പറയാൻ, ശ്രേഷ്ഠത പറയാൻ എനിക്കൊന്നുമില്ല. പൂർവ്വികന്മാരുടെ കാലം നോക്കിയാൽ അഭിമാനിക്കത്തക്കതായിട്ടൊന്നുമില്ല.

ഇപ്പോൾത്തന്നെ നിങ്ങൾക്ക് കർത്താവിനോടു പറയാം: കർത്താവേ, ഞാൻ വിനയപൂർവ്വം തിരുമുമ്പാകെ വരുന്നു. നാഥാ, ഞാൻ നിന്റെ സന്നിധിയിൽ പറഞ്ഞ വാക്കുകൾ ഒന്നും പാലിച്ചിട്ടില്ല. നിന്റെ സന്നിധിയിൽ ഞാൻ അനുസരണക്കേടു കാണിച്ചിട്ടേയുള്ളൂ. ഞാൻ വിചാരിച്ചു മനുഷ്യരോടാണ് ഞാൻ കോപിച്ചതെന്ന്. ഞാൻ വിചാരിച്ചു മനുഷ്യരോടാണ് ഞാൻ അനുസരണക്കേടു കാണിച്ചതെന്ന്.

എനിക്കിപ്പോൾ മനസ്സിലാകുന്നു. എന്റെ ഹൃദയം കാണുന്ന എന്റെ യേശുവിനോട്, എന്നെ സ്നേഹിക്കുന്ന എന്റെ യേശുവിനോട്, നരകക്കുഴിയിൽ നിന്ന് എന്നെ കരേറ്റുവാൻ അദ്ധ്വാനിക്കുന്ന എന്റെ യേശുവിനോടാണ് ഞാൻ പാപം ചെയ്തത്. എന്റെ യേശുവിനെ അറിയാത്തവനെപ്പോലെ ഞാൻ ജീവിച്ചു. തിരുമുമ്പാകെ വന്നു നിന്നുകൊണ്ട് ഞാൻ കരഞ്ഞു പറയുകയാണ്. എന്നെ നീ ഒന്നു രൂപാന്തരപ്പെടുത്തണമേ. നീ തന്ന വചനങ്ങൾ അനുസരിക്കാനുള്ള ഒരു എളിമ എനിക്കു തരണമേ. എന്റെ ഹൃദയത്തിലേക്ക് കൃപയുടെ വചനം തൂകിത്തരണമേ. ദൈവത്തിന്റെ വചനത്തിന്റെ ശക്തി എന്നിലേക്ക് ആവസിച്ച് എന്നെ രൂപാന്തരപ്പെടുത്തണമേ. കർത്താവേ, എന്നെ നീ ശുദ്ധീകരിക്കണമേ.

വചനം കേൾക്കാത്ത എന്തുമാത്രം ആളുകളാണ് ഈ ലോകത്തുള്ളത്! എത്രയോ ലക്ഷങ്ങൾ, ജനകോടികൾ ഇന്നും വചനം കേട്ടിട്ടില്ല. യേശു ആരാണെന്ന് അവർക്ക് അറിയാൻ പാടില്ല.

എന്റെ കർത്താവേ, ആത്മാക്കളെക്കുറിച്ചുള്ള ഭാരം തരണമേ. യേശുവേ, നീ ജനത്തെക്കണ്ടു മനസ്സലിഞ്ഞു എന്നു ഞാൻ വായിക്കുന്നു. ആളുകൾ കൂടി വന്നിരിക്കുന്നതു കണ്ട് നീ മനസ്സലിഞ്ഞു. എന്നാലോ, എന്റെ മനസ്സ് കല്ലിച്ചിരിക്കുകയാണ്. നശിച്ചുപോകുന്ന ജനത്തെക്കുറിച്ച് എനിക്ക് ഭാരമില്ല.

ഇതുവരെയും നശിച്ചുപോകുന്നവരെക്കുറിച്ച് ഒരു വേദനയില്ലാതെ ഞാൻ ജീവിച്ചു. എന്റെ കുടുംബത്തിൽത്തന്നെ പലരും നശിച്ചുപോകുന്നു. അതിൽ എനിക്കു വേദന ഉണ്ടായില്ല. എന്റെ മക്കൾ പഠിച്ച് ഡോക്ടർമാരോ, എഞ്ചിനീയർമാരോ, നല്ല ഉയർന്ന നിലവാരത്തിലോ ഉള്ളവർ ആകണമെന്നു ഞാൻ ആഗ്രഹിച്ചു. പക്ഷേ, ഞാൻ ഒരിക്കലും എന്റെ മക്കൾ എന്റെ യേശുവിനെപ്പോലെയാകണമെന്ന് ആഗ്രഹിച്ചില്ല. നിങ്ങൾ

ദൈവത്തോട് തുറന്നുപറയണം.

നെഹമ്യാവ് ആത്മാക്കളെക്കുറിച്ചുള്ള ഭാരത്തോടെ കരഞ്ഞു. ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ ആത്മാക്കളെക്കുറിച്ചുള്ള ഭാരം നിങ്ങൾക്കുണ്ടാകട്ടെ. നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ച്, വേദനിക്കുന്ന ആത്മാക്കളെക്കുറിച്ച്, നഷ്ടപ്പെട്ടുപോകുന്ന ആത്മാക്കളെക്കുറിച്ച്, നരകത്തിലേക്കു പിശാച് വലിച്ചുകൊണ്ടുപോകുന്ന ആത്മാക്കളെക്കുറിച്ച് ഭാരമുണ്ടാകട്ടെ.

ആ മഹാഭയങ്കരമായ നഷ്ടം എനിക്കും എന്റെ പ്രിയപ്പെട്ടവർക്കും വരരുതേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ. എന്റെ ദൈവമേ, ഈ ജനം നാശത്തിലേക്കു പോകുന്നല്ലോ. നരകം എന്താണെന്നുപോലും അറിയാതെ പോകുന്നല്ലോ. നരകത്തിന്റെ ഭീകരത വിശ്വസിക്കാതെ പോകുന്നല്ലോ. സ്വർഗ്ഗത്തെക്കുറിച്ച് ഒരു ചിന്തയുമില്ലാതെ പോകുന്നല്ലോ. എന്റെ കർത്താവേ, അവരെയെല്ലാം നരകത്തിൽ നിന്നു വിടുവിക്കുവാൻ അവിടുന്ന് ശക്തനാണല്ലോ. പക്ഷേ, അവർക്കു വചനം കൊടുക്കുവാൻ ആരുണ്ട്? അടിയനിതാ, അടിയനെ അയയ്ക്കേണമേ.

ഇന്ന് നിങ്ങൾക്കു ദൈവത്തോടു പ്രാർത്ഥിക്കാം. കർത്താവേ, ഞാനിതാ ഒരാൾ ഇവിടെയുണ്ട്. പൂർണ്ണമായി രൂപാന്തരപ്പെട്ട്, നിന്റെ ജനത്തെക്കുറിച്ച് ആവലാതിപൂണ്ട്, ജനത്തെക്കുറിച്ചുള്ള ഭാരത്തോടെ, ദാഹത്തോടെ നിന്റെ വേല ചെയ്യാൻ ഞാനിതാ വരുന്നു. യേശുവിന്റെ സ്വഭാവം പ്രാപിച്ച് യേശുവിന്റെ പ്രിയപ്പെട്ട ജനത്തെ സത്യവിശ്വാസത്തിലേക്ക് കൊണ്ടുവരുവാനുള്ള വലിയ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കയാണ്. കർത്താവേ, നിന്റെ കരം എന്റെമേൽ വരണമേ. നിന്റെ കരം എന്റെമേൽ വച്ച് എന്നെ അനുഗ്രഹിക്കണമേ.

കർത്താവേ, കഴിഞ്ഞകാലങ്ങളെല്ലാം നഷ്ടപ്പെടുത്തിക്ക

ളഞ്ഞു. ഇനി അല്പമായ ചെറിയൊരു ആയുസ്സ് മാത്രം. ഇനിയുള്ള കാലത്തിന്റെ ഓരോ സെക്കന്റുകളും എന്റെ യേശുവിനുവേണ്ടി എരിഞ്ഞു തീരാനുള്ളതാണ്. യേശുവിനുവേണ്ടി കത്തിജ്ജ്വലിച്ച് തീർന്നുപോകാനുള്ളതാണ്. മെഴുകുതിരി കത്തിത്തീരുന്നതുപോലെ എന്റെ ആയുസ്സ് കത്തിത്തീരാനുള്ളതാണ്. അന്ധകാരദേശത്ത് പ്രകാശം പരത്താൻ ഇതാ ഞാൻ എന്നെത്തന്നെ നിനക്കു തരുന്നു.

# ഏഴ്

പേർഷ്യൻ സാമ്രാജ്യത്തിലെ അർത്ഥഹ്ശഷ്ടാ രാജാവ് തന്റെ മുമ്പിൽ മുഖം വാടിയിരുന്ന അവിടുത്തെ ഭക്ഷ്യമന്ത്രിയായിരുന്ന നെഹമ്യാവിനോട് ചോദിച്ചു: നിന്റെ മുഖം വാടിയിരിക്കുന്നതെന്ത്? നിനക്ക് മനോദു:ഖമല്ലാതെ മറ്റൊന്നുമല്ല.

അപ്പോൾ നെഹമ്യാവ് പറയുകയാണ്:

*"അപ്പോൾ ഞാൻ ഏറ്റവും ഭയപ്പെട്ടു രാജാവിനോട്: രാജാവ് ദീർഘായുസ്സായിരിക്കട്ടെ; എന്റെ പിതാക്കന്മാരുടെ കല്ലറകൾ ഉള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു വെന്തും കിടക്കെ എന്റെ മുഖം വാടാതെ ഇരിക്കുന്നത് എങ്ങനെ എന്ന് പറഞ്ഞു." നെഹമ്യാവ് 2 : 3*

നിങ്ങൾ ഒരു ആത്മീയനാണെങ്കിൽ നിങ്ങളുടെ ഉള്ളം വേദനകൊണ്ട് വിങ്ങും. അനേകമനേകം ആളുകൾ, പതിനായിരം പതിനായിരമല്ല, ലക്ഷോപലക്ഷം ആളുകൾ പള്ളികളിൽ പോകുന്നു. ആരാധനകളിൽ പങ്കെടുക്കുന്നു. അവർ കുമ്പസാരിക്കുന്നു, വിശുദ്ധകുർബ്ബാന അനുഭവിക്കുന്നു. ചടങ്ങുകൾ എല്ലാമുണ്ട്. പെരുന്നാൾ ആഘോഷിക്കുന്നു. പക്ഷേ, സത്യം കാണുന്നില്ല. ജനം രക്ഷകനെ കണ്ടെത്തുന്നില്ല, യേശുവിനെ തിരിച്ചറിയുന്നില്ല.

കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു തൊട്ടുമുൻപ് അവസാനമായിപ്പറഞ്ഞത് നിങ്ങൾ എന്റെ സാക്ഷികൾ ആകണമെന്നാണ്. "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റേയും

പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിക്കാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും എന്റെ ശിഷ്യരാക്കിക്കൊൾവിൻ" എന്നാണ്. മത്തായി 28 : 19, 20.

സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ എന്ന കല്പന ഇന്ന് സഭകൾ അറിയുന്നില്ല. സഭകൾ ശൂന്യമായി കിടക്കുന്നു. കെട്ടിടങ്ങൾ പൊങ്ങുന്നുണ്ട്. കുരിശിൻതൊട്ടികൾ പണിതുയരുന്നുണ്ട്. നല്ലനല്ല മനോഹരങ്ങളായ ദേവാലയങ്ങൾ കോടാനുകോടി ചിലവഴിച്ച് ഉണ്ടാക്കുന്നുണ്ട്. സെമിത്തേരികളോ അല്ലെങ്കിൽ കല്ലറകളോ ഉണ്ടാക്കുന്നുണ്ട്. എല്ലാം മനോഹരമാണ്.

എന്നാൽ ആന്തരികമായ ഒരു ശൂന്യത. ആരെങ്കിലും അതിനെക്കുറിച്ച് വേദനിച്ചിട്ടുണ്ടോ? എപ്പോഴെങ്കിലും വേദനിച്ചിട്ടുണ്ടോ? കർത്താവേ, സഭകൾ ഉറങ്ങുന്നല്ലോ എന്ന്. സഭകൾ മയങ്ങിപ്പോയല്ലോ എന്ന്. സഭകൾ അത്യുന്നതനായ ക്രിസ്തുവിന്റെ അവസാനത്തെ കല്പന അനുസരിക്കുന്നില്ലല്ലോ എന്ന്.

സുവിശേഷത്തിന് എന്തു വിലയുണ്ട്? ചില പള്ളികളിലെങ്കിലും പെരുന്നാളിന്റെ ദിവസങ്ങളിൽ ഒരു ചെറിയ പ്രസംഗം ചെയ്തു എന്ന് വന്നേക്കും. പക്ഷേ, ആ ദിവസം അനേകം പള്ളികളിലും നാടകവും കൂത്തും ഗാനമേളകളും അവിടുത്തെ അന്തരീക്ഷത്തെ പിടിച്ചടക്കുന്നു. ആത്മാക്കൾ നാശത്തിലേക്കു പോകുന്നത് ആരും അറിയുന്നില്ല. കാരണം, അവരവരുടെ അവസ്ഥ തിരിച്ചറിയുന്നില്ല. നാശത്തിലേക്ക് ഇങ്ങനെ കുത്തായി ഒഴുകിയൊഴുകി പോകുന്നു. ജനം സത്യം അറിയുന്നില്ലല്ലോ എന്നുള്ള വേദന വരുന്നുണ്ടോ?

നെഹമ്യാവിന് ആ വേദന വന്നു. എന്റെ മുഖം വാടാതിരിക്കുന്നതെങ്ങനെ? എന്റെ പിതാക്കന്മാരുടെ കല്ലറകളുള്ള പട്ടണം ശൂന്യമായും അതിന്റെ വാതിലുകൾ തീകൊണ്ടു

വെന്തും കിടക്കെ എന്റെ മുഖം വാടാതിരിക്കുന്നതെങ്ങനെ?

ആ രാജാവ് നല്ല അനുഗ്രഹസിദ്ധിയുള്ള ഒരു രാജാവായിരുന്നു. പേർഷ്യൻ ചക്രവർത്തിമാർ പലരും അങ്ങനെയായിരുന്നു. പേർഷ്യൻ ചക്രവർത്തിയായ ഡേരിയസ് (ദാര്യാവേശ്) വളരെ സൽസ്വഭാവിയായ ഒരു ചക്രവർത്തിയായിരുന്നു. ഡേരിയസിനു ശേഷം വന്ന സൈറസ്, (കോരശ്) രാജാവ് വളരെ നല്ല സ്വഭാവമുള്ള ചക്രവർത്തിയായിരുന്നു. കോരശ് രാജാവിനുശേഷം പിന്നീടു വന്ന Xerxes (അഹശ്വരേശ്) വളരെ നല്ല മനുഷ്യനായിരുന്നു. അതിനുശേഷം വന്ന അർട്ടാശേർശ്ശസ്സ് (അർത്ഥഹ്ശഷ്ടാ) രാജാവും നല്ല മനസ്സുള്ള ഒരു ചക്രവർത്തിയായിരുന്നു.

ചക്രവർത്തി, നെഹമ്യാവിന് യെരൂശലേമിലേക്ക് പോകുവാൻ അനുവാദം കൊടുത്തു. നിന്റെ ഹൃദയം നോവുന്നത് എനിക്ക് മനസ്സിലാകുന്നുണ്ട്. എത്രകാലം വേണമെങ്കിലും നീ ലീവ് എടുത്തുകൊള്ളൂ. നീ പോയി യെരൂശലേമിൽ ചെന്ന് ആലയത്തിന്റെ വാതിലുകൾ പണിയുകയും തീ കൊണ്ടു വെന്തുകിടക്കുന്ന ആലയത്തിന്റെ വാതിലുകൾ എല്ലാം നേരെയാക്കുകയും ചെയ്യുക. വേഗം മതിൽ പണിയുക. രാജാവ് അനുവാദം കൊടുത്തു.

രാജാവിന്റെ കല്പനയനുസരിച്ച് നെഹമ്യാവ് പുറപ്പെട്ടു. യെരൂശലേമിൽ കൂടിയിരുന്ന ആളുകളോട്, അവിടെയുള്ള മഹാപുരോഹിതന്മാരും പുരോഹിതന്മാരും എല്ലാം ഉൾപ്പെട്ട ജനസഞ്ചയത്തോട് നെഹമ്യാവ് പറഞ്ഞു: നാം ഇനി ഇങ്ങനെ അലസരായിരിക്കാൻ പാടില്ല. “നാം ഇനി നിന്ദാപാത്രമായിരിക്കാതവണ്ണം എഴുന്നേറ്റ് പണിയുക” എന്നുപറഞ്ഞു. നെഹമ്യാവ് 2 : 17. നാം ഇനി നിഷ്ക്രിയരായിരിക്കാൻ പാടില്ല. നാം എഴുന്നേറ്റ് പണിയുക. വേല വലിയതും, വിശാലവുമാകുന്നു. നാം ഇനി മയങ്ങി ഇരിക്കാൻ പാടില്ല. നാം ഉറങ്ങിക്കിടക്കേണ്ട സമയമല്ല ഇത്.

കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു. അനേകം അടയാളങ്ങൾ കാണുന്നു. നക്ഷത്ര രാശികളിലും ബഹിരാകാശത്തിലും പല അടയാളങ്ങളും കാണുന്നു. എന്തെല്ലാമൊക്കെയോ സംഭവിക്കാൻ പോകുന്നു. ലോകമഹായുദ്ധത്തിന്റെ വക്കിലേക്ക് നാം നീങ്ങുകയാണോ? ഹർമ്മഗെദ്ദോൻ യുദ്ധം ആരംഭിക്കാറായോ? മൂന്നാം ലോകമഹായുദ്ധത്തിന്റെ ഭേരിരവമാണോ നാം കേട്ടുകൊണ്ടിരിക്കുന്നത്?

എപ്പോഴും ഉള്ളിൽ ഒരു തീ വേണം. കർത്താവേ, നീ എനിക്കു വീണ്ടെടുപ്പു തന്നല്ലോ. വീണ്ടെടുപ്പിന്റെ വചനം തന്നല്ലോ. ഈ വചനം കേൾക്കാത്ത എത്രയോ ലക്ഷങ്ങൾ! കോടാനുകോടികൾ! അവർക്ക് ഈ വചനം കൊടുക്കാൻ ഈ ദേശത്തോ അല്ല വിദേശത്തോ നിന്ന് ആരെയെങ്കിലും നീ അയയ്ക്കണമേ. അടിയനിതാ, അടിയനെ അയക്കേണമേ.

നെഹമ്യാവ് ആ ദാഹത്തോടുകൂടി ആളുകളെ ഉണർത്തി.

*“ഞാൻ നോക്കി എഴുന്നേറ്റുനിന്നു പ്രഭുക്കന്മാരോടും പ്രമാണികളോടും ശേഷം ജനത്തോടും: നിങ്ങൾ അവരെ പേടിക്കേണ്ടാ; വലിയവനും ഭയങ്കരനുമായ കർത്താവിനെ ഓർത്തു നിങ്ങളുടെ സഹോദരന്മാർക്കും പുത്രന്മാർക്കും പുത്രിമാർക്കും ഭാര്യമാർക്കും വീടുകൾക്കും വേണ്ടി പൊരുതുവിൻ എന്നുപറഞ്ഞു.” നെഹമ്യാവ് 4 : 14*

വലിയോരെതിർപ്പുണ്ടായി. നെഹമ്യാവ് പറഞ്ഞു: നിങ്ങൾ എതിർക്കുന്നവരെ കാണേണ്ട, അങ്ങോട്ടു നോക്കണ്ട. ശമര്യയിലെ നേതാക്കന്മാരിൽ രണ്ടുമൂന്നു പേർ എഴുന്നേറ്റ് മതിൽ പണി തടുക്കുവാൻ നോക്കി.

അമ്മോന്യനായ തോബിയാവ്, സൻബെല്ലത്ത്, പിന്നെ ഗേശം.

മതിൽ പണിയുന്നു എന്നു കേട്ടപ്പോൾ കോപവും

മഹാരോഷവും പൂണ്ട് സൻബെല്ലത്ത് എഴുന്നേറ്റ് യഹൂദന്മാരെ നിന്ദിച്ചു പറയുകയാണ്.

"ഈ ദുർബ്ബലന്മാരായ യഹൂദന്മാർ എന്തുചെയ്‌വാൻ പോകുന്നു? അവർ യാഗം കഴിക്കുമോ? ഒരു ദിവസംകൊണ്ട് പണി തീർത്തു കളയുമോ? വെന്തുകിടക്കുന്ന ചണ്ടിക്കൂമ്പാര ങ്ങളിൽ നിന്ന് അവർ കല്ലു ജീവിപ്പിക്കുമോ? എന്നിങ്ങനെ തന്റെ സഹോദരന്മാരും ശമര്യാസൈന്യവും കേൾക്കെ പറഞ്ഞു. അപ്പോൾ അവന്റെ അടുക്കൽ നിന്നിരുന്ന അമ്മോന്യനായ തോബിയാവ്: അവർ എങ്ങനെ പണിതാലും ഒരു കുറുക്കൻ കയറിയാൽ അവരുടെ കന്മതിൽ ഉരുണ്ടു വീഴും എന്നുപറഞ്ഞു." നെഹമ്യാവ് 4 : 1 – 4.

എതിരാളികൾ പറയുകയാണ്: എത്ര പറഞ്ഞാലും ഈ കോലാഹലമെല്ലാം കുറച്ചു നാളത്തേക്കേയുള്ളൂ. ഒരു കുറു ക്കൻ കയറിയാൽ ഈ മതിൽ ഉരുണ്ടു വീഴും. ഇവർക്ക് മതിൽ പണിയാൻ അറിയാമോ? വല്ല പഠിപ്പുമുണ്ടോ? തിയോളജിക്കൽ പാരമ്പര്യമുണ്ടോ? വേദശാസ്ത്രപരമായ ഡിഗ്രികൾ ഉണ്ടോ? സെമിനാരിയിൽ പഠിച്ചിട്ടുണ്ടോ? എന്തറിഞ്ഞിട്ടാണ്? ഇവർ ഇതു കൊണ്ടു വല്ലതും നേടാൻ പോകുന്നുണ്ടോ?

അതിന് നെഹമ്യാവ് മറുപടി പറയാൻ പോയില്ല. പക്ഷേ, ജീവനുള്ള ദൈവത്തോട് പ്രാർത്ഥിച്ചു.

ഞങ്ങളുടെ ദൈവമേ, കേൾക്കണമേ; ഞങ്ങൾ നിന്ദിത രായിരിക്കുന്നു; അവരുടെ നിന്ദയെ സ്വന്തതലയിലേക്കു തിരിച്ച് പ്രവാസദേശത്തിൽ അവരെ കവർച്ചയ്ക്ക് ഏല്പിക്കേണമേ. പണിയുന്നവർ കേൾക്കെ അവർ നിന്നെ കോപിപ്പിച്ചിരിക്ക യാൽ അവരുടെ അകൃത്യം മറയ്ക്കരുതേ; അവരുടെ പാപം നിന്റെ മുമ്പിൽ നിന്ന് മാഞ്ഞു പോകയും അരുതേ."

നിങ്ങൾ ഇത് പ്രാർത്ഥിക്കണം. ദൈവമേ, ഞങ്ങൾ നിന്ദിത രായിരിക്കുന്നു. ഞങ്ങൾ അപമാനിക്കപ്പെട്ടിരിക്കുന്നു. അധികാ

രമുള്ളവർ വന്ന് ഞങ്ങളെ വിലക്കുന്നു. നിങ്ങൾ പണിയുന്ന ഈ മതിൽ ഒരു കുറുക്കൻ കയറിയാൽ ഉരുണ്ടു വീഴാനേ യുള്ളു എന്നു പറയുന്നു. ഞങ്ങളെ ആക്ഷേപിക്കുന്നു. ഞങ്ങൾക്കു കഴിവില്ല എന്നുപറയുന്നു. കർത്താവേ, നീ മനസ്സ ലിയണമേ. ഞങ്ങളെ നിന്ദിതരാക്കരുതേ. പിതാക്കന്മാർ പാടി: "നിൻ സാക്ഷിയെ ലജ്ജിതനാക്കരുതേ" എന്ന്.

കർത്താവിന്റെ സാക്ഷികളായി നാം എഴുന്നേറ്റാൽ നമ്മെ കർത്താവ് ലജ്ജയ്ക്കു വിടുകയില്ല. കർത്താവ് നമ്മെ അത്ഭുത കരമായി വഴി നടത്തും. കർത്താവിന്റെ വേലയിൽ വർദ്ധിച്ചു വരുവാനുള്ള കൃപ തരും. നാം തളരരുത്. വേലയിൽ പുറകോട്ടു മാറരുത്. വളരെ അമൂല്യമായ സമ്പത്താണ് നമുക്ക് കിട്ടുന്നത്. സ്വർഗ്ഗത്തിന്റെ സന്തോഷവും അംഗീകാരവുമാണ് നമുക്ക് കിട്ടു ന്നത്. ഇവിടെയുള്ള താത്ക്കാലിക ജീവിതം കഴിഞ്ഞ് ഒരുനാൾ നാം അക്കരെക്കു കടന്നു ചെല്ലുമ്പോൾ "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായി രുന്നു, ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും" മത്തായി 25 : 21 എന്നുള്ള നാഥന്റെ സ്വരം കേൾക്കാം.

നെഹമ്യാവ് സൻബെല്ലത്തിനോടും തോബിയാവോടും എതിർത്തു. സൻബെല്ലത്തും തോബിയാവും ചില തന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഞങ്ങളും കൂടെ പണിയാമെന്നു പറഞ്ഞു വരുന്നുണ്ട്. പണി മുൻപോട്ടു പോയപ്പോൾ നമ്മളെല്ലാം ഒന്നല്ലേ, നമുക്കൊന്നിച്ചു പണിയാം എന്നു പറഞ്ഞ് സൻബെല്ലത്തും തോബിയാവും വരുന്നുണ്ട്. നെഹമ്യാവ് പറയുന്നു: ഞങ്ങളുടെ ദൈവത്തിന്റെ ആലയം ഞങ്ങൾ പണിയുമ്പോൾ, നമുക്കു തമ്മിൽ യാതൊരു ബന്ധവുമില്ല. ഞങ്ങൾ അത്യുന്നതനായ ദൈവത്തിന്റെ വേലക്കാരാകുന്നു. നിങ്ങൾ ഞങ്ങളോടു സഹ കരിച്ച് അങ്ങനെ കൂടിയിണങ്ങി പ്രവർത്തിക്കാവുന്ന രംഗമല്ലിത്. ഇത് ദൈവത്തിന്റെ വേലയാണ്. വ്യക്തമായ വേർപാടു പാലിച്ചു നിൽക്കുകയാണ്.

അനേമനേകം കാര്യങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ഇപ്പോൾ ഉരുത്തിരിഞ്ഞു വരുന്നുണ്ടാകും. നിങ്ങൾ പലപ്പോഴും ദൈവദൂഷണം പറയുന്നവരോട് വേർപാടു പാലിക്കാതെ നിന്ന ത്, ദൈവത്തേയും ദൈവത്തിന്റെ വചനത്തേയും ദൈവ ത്തിന്റെ മക്കളേയും ദുഷിക്കുന്നവരോട് വേർപാട് പാലിക്കാത്ത ത്, അതുകൊണ്ട് നിങ്ങളുടെ ശക്തി ചോർന്നുപോകുന്നു. ദൈവത്തിന്റെ വചനത്തെ ദുഷിക്കയും ദൈവത്തിന്റെ മക്കളെ ശപിക്കയും, ദൈവത്തിന്റെ വേലയെ അപഹസിക്കുകയും ചെയ്യുന്നവരോട് നിങ്ങൾ വേർപാട് പാലിക്കാത്തതുകൊണ്ട് കിട്ടിയ സമ്പത്തെല്ലാം ചോർന്നു പോകുന്നു.

നെഹമ്യാവ് അവരോടു പറഞ്ഞു: നിങ്ങൾക്ക് ഞങ്ങളുമായി യാതൊരു കാര്യവുമില്ല. നമുക്ക് തമ്മിൽ യാതൊരു ബന്ധവുമില്ല.

ദൈവത്തിന്റെ വേല ചെയ്യുന്ന നെഹമ്യാവ് ഹൃദയം നുറുങ്ങി പ്രാർത്ഥിച്ചു:

> *"ഞങ്ങളുടെ ദൈവമേ, കേൾക്കേണമേ; ഞങ്ങൾ നിന്ദിതന്മാർ ആയിരിക്കുന്നു; അവരുടെ നിന്ദയെ അവരുടെ സ്വന്തതലയിലേക്കു തിരിച്ചു പ്രവാസദേ ശത്തിൽ അവരെ കവർച്ചെക്കു ഏല്പിക്കേണമേ."*
>
> *നെഹമ്യാവ് 4 : 4*

പ്രാർത്ഥന, മതിൽപണി - രണ്ടും ഒപ്പം നടക്കുകയാണ് ദൈവത്തോടു പ്രാർത്ഥിച്ച് ശക്തി പ്രാപിച്ചുകൊണ്ട് മതിൽ പണിതുകൊണ്ടിരുന്നു.

> *"ഞങ്ങൾ മതിൽ പണിതു; വേല ചെയ്വാൻ ജന ത്തിന് ഉത്സാഹം ഉണ്ടായിരുന്നതുകൊണ്ട് മതിൽ മുഴുവനും പാതി പൊക്കം വരെ തീർത്തു."*
>
> *നെഹമ്യാവ് 4 : 6*

ജനത്തിന് ഉത്സാഹം. ഒരാൾ ആത്മാവിന്റെ നിറവിൽ ദൈവത്തിന്റെ ശുശ്രൂഷ ചെയ്യുവാൻ തുടങ്ങിയപ്പോഴേക്കും,

ദൈവത്തിന്റെ ആലയത്തിന്റെ മതിൽ പണിവാൻ തുടങ്ങിയപ്പോഴേക്കും എല്ലാവരും ഉത്സാഹഭരിതരായി.

പണി മുമ്പോട്ടു മുമ്പോട്ട് പോകുന്നു. മതിൽ പണി പാതി പൊക്കം തീർത്തു.

> *"യെരൂശലേമിന്റെ മതിലുകൾ അറ്റകുറ്റം തീർന്നു വരുന്നു എന്നും ഇടിവുകൾ അടഞ്ഞു തുടങ്ങി എന്നും സൻബല്ലത്തും തോബിയാവും അരാബ്യരും അമ്മോന്യരും അസ്തോദ്യരും കേട്ടപ്പോൾ അവർക്ക് മഹാകോപം ജനിച്ചു." നെഹമ്യാവ് 4 : 7*

എതിരാളികൾക്ക് മഹാകോപം ജ്വലിച്ചു. ആലയം പണിതു. ഇപ്പോൾ ഇതാ മതിലും പണിയുന്നു. മതിലുപണി പൊങ്ങിക്കൊണ്ടിരിക്കുന്നു. വിചാരിച്ചതുപോലെയല്ലല്ലോ, ഇവർക്ക് കാര്യം സാധിച്ചുകൊണ്ടിരിക്കുന്നു. എതിരാളികൾക്ക് മഹാകോപം ഉണ്ടായി.

ദൈവത്തിന്റെ വേല ചെയ്യുന്നവരെക്കുറിച്ച് ചിലർ പ്രസംഗവേദികളിൽ നിന്നുകൊണ്ട് കോപത്തോടെ എതിർത്ത് സംസാരിക്കാറുണ്ട്. കാരണം മറ്റൊന്നുമല്ല, അവരുടെ ഉള്ളിൽ പിശാചാണ് പ്രവർത്തിക്കുന്നത്.

ഒരിക്കൽ ഒരു ഉയർന്ന മനുഷ്യൻ, മേശപ്പുറത്തേക്ക് ആഞ്ഞടിച്ചു. അദ്ദേഹം വിചാരിച്ചത് എന്നെ തല്ലുകയാണെന്നാണ്. ഞാൻ അവിടെയെങ്ങും ഉണ്ടായിരുന്നില്ല. കൂട്ടായ്മയെ എതിർത്താണ് ആഞ്ഞടിക്കുന്നത്.

> *"യെരൂശലേമിന്റെ നേരെ ചെന്നു യുദ്ധം ചെയ്യേണ്ടതിന്നും അവിടെ കലക്കം വരുത്തേണ്ടതിന്നും അവരൊക്കെയും ഒന്നിച്ചുകൂടി കൂട്ടുകെട്ടുണ്ടാക്കി."*
> *നെഹമ്യാവ് 4 : 8*

അവർ ഒന്നിച്ചുകൂടി ഒരു പുതിയ സംഘടനയുണ്ടാക്കി.

ഒരു കൂട്ടുകെട്ടുണ്ടാക്കി. ഒരു യൂത്ത് അസോസിയേഷൻ പെട്ടെന്ന് സ്വരുക്കൂട്ടി. യെരൂശലേമിന്റെ നേരെ ചെന്നു യുദ്ധം ചെയ്യേണ്ടതിനും അവിടെ കലക്കം വരുത്തേണ്ടതിനും അവരൊക്കെയും ഒന്നിച്ചുകൂടി ഒരു കൂട്ടുകെട്ടുണ്ടാക്കി.

അനേകർ ദൈവത്തിന്റെ വേലയെ തടുക്കാനുള്ള കൂട്ടുകെട്ട് ഉണ്ടാക്കുന്നുണ്ട്. അനേകം ഗൂഢാലോചനകൾ നടക്കുന്നുണ്ട്. കല്പനകൾ പണിപ്പുരയിൽ പൂർത്തിയായി വരുന്നുണ്ട്.

> *"ഞങ്ങളോ ഞങ്ങളുടെ ദൈവത്തോട് പ്രാർത്ഥിച്ചു." നെഹമ്യാവ് 4 : 9*

ഞങ്ങൾ അവരോട് മറുപടി പറയാൻ പോയില്ല. ഞങ്ങളോ ഞങ്ങളുടെ ദൈവത്തോടു പ്രാർത്ഥിച്ചു.

> *"അവരുടെ നിമിത്തം രാവും പകലും കാവല്ക്കാരെ ആക്കേണ്ടി വന്നു." നെഹമ്യാവ് 4 : 9*

അവർ ഉപദ്രവിക്കുമോ എന്നു പേടിച്ച് അവരുടെ നിമിത്തം രാവും പകലും കാവല്ക്കാരെ ആക്കേണ്ടി വന്നു. യെരൂശലേമിന്റെ ചുറ്റും രാവും പകലും കാവൽക്കാരെ നിർത്തി. ദൈവമക്കൾ കാവലായിട്ടു നിൽക്കുന്നു.

> *"എന്നാൽ യെഹൂദ്യർ: ചുമട്ടുകാരുടെ ശക്തി ക്ഷയിച്ചു പോകുന്നു; കല്ലും മണ്ണും ഇനിയും വളരെ കിടക്കുന്നു; ആകയാൽ മതിൽ പണിവാൻ നമുക്കു കഴികയില്ല എന്നു പറഞ്ഞു."*
>
> *നെഹമ്യവ് 4 : 10*

അവിടെയാണ് കുഴപ്പം. കൂട്ടായ്മയിൽ ഉള്ളവർ പറഞ്ഞു, മതിൽ പണിതുകൊണ്ടിരുന്നവർ പറഞ്ഞു: നാം ജയിക്കില്ല, സാധിക്കില്ല, നമ്മൾ വിചാരിച്ചാൽ ഒന്നും നടക്കില്ല. ഈ മതിൽ പണി തീർക്കുന്നതിനുമുമ്പ് അവർ നമ്മെ കൊല്ലും. ആ കൂട്ടർ വന്ന് നശിപ്പിക്കും. നമ്മെയും മുടക്കും, പള്ളിയിൽ കയ

റ്റില്ല. അതുകൊണ്ട്  പ്രശ്നം ഉണ്ടാക്കണ്ട. തത്ക്കാലം ഈ പണിയങ്ങു നിർത്തിയേക്കാം.

> *"ഞങ്ങളുടെ ശത്രുക്കളോ: നാം അവരുടെ ഇടയിൽ ചെന്നു അവരെ കൊന്നു പണിമുടക്കുന്നതുവരെ അവർ ഒന്നും അറികയും കാണുകയും അരുത് എന്നുപറഞ്ഞു." നെഹമ്യാവ് 4 : 11*

ഏറ്റവും സങ്കടകരമായ കാര്യം വേലക്കാരുടെ ശക്തി ക്ഷയിച്ചു പോകുന്നു. വേലക്കാർ മടുത്തുപോകുന്നു എന്നതാണ്.

ഒരിക്കൽ ധീരതയോടെ നിന്ന ദൈവമക്കൾ ആരെങ്കിലും ഇന്ന് ധീരത മാറി ഭീരുക്കളായി പിറകോട്ടു മാറിയിട്ടുണ്ടോ? ചിന്തിച്ചു നോക്കൂ. കർത്താവിന്റെ വേലയിൽ ശക്തിയോടെ നിന്ന അനേകം പേർ ഇന്ന് പിന്മാറി പോയിട്ടുണ്ടോ? ആരെങ്കിലുമെല്ലാം പിൻമാറിപോയിട്ടുണ്ടോ. വയ്യ, എന്നെക്കൊണ്ടു വയ്യ. പള്ളിയിൽ നിന്നു മുടക്കു കല്പന വന്നാൽ ഞാൻ എന്തു ചെയ്യും? എന്റെ മകളുടെ കല്യാണം എങ്ങനെ നടത്തും? എന്റെ അമ്മയുടെ ശവസംസ്കാരം എങ്ങനെ നടത്തും എന്നൊക്കെ പേടിച്ച് കഴിയുന്ന ആരെങ്കിലുമുണ്ടോ?

ഞാൻ തുറന്ന് എഴുതുകയാണ്. നിങ്ങൾ ആരേയും പേടിക്കണ്ട. മനുഷ്യരെ ഭയപ്പെടേണ്ട. സ്വർഗ്ഗത്തിലെ ദൈവമാണ് നിങ്ങളെ വിളിച്ചിറക്കിയതെങ്കിൽ അവൻ വഴിയിലിട്ടിട്ടു പോവുകയില്ല ഉറപ്പ്. സർവ്വജനത്തിന്റെയും അധിപതിയായ കർത്താവായ യേശുക്രിസ്തുവാണ് നിങ്ങളെ വിളിച്ചിറക്കിയതെങ്കിൽ ഒരു തരിമ്പും പേടിക്കേണ്ട. അല്പംപോലും പേടിക്കേണ്ട. ധൈര്യപ്പെട്ടിരിക്കുക.

> *"അവരുടെ സമീപം പാർത്ത യെഹൂദന്മാർ പല സ്ഥലങ്ങളിൽ നിന്നുവന്നു; നിങ്ങൾ ഞങ്ങളുടെ അടുക്കൽ വരുവിൻ എന്നു പത്തുപ്രാവശ്യം*

*ഞങ്ങളോട് അപേക്ഷിച്ചു.” നെഹമ്യാവ് 4 : 12*

നിങ്ങൾ ഞങ്ങളുടെ അടുക്കലേക്ക് വരിക. നമുക്ക് ഒരു സൗഹൃദസംഭാഷണം നടത്താം. നിങ്ങൾ ഒറ്റയ്ക്ക് ഇങ്ങനെ പണിതുകൊണ്ടു പോകേണ്ട, നമുക്ക് ഒരുമിച്ചിരുന്നു സംസാരിക്കാം. ഞങ്ങളുംകൂടി പണിയേണ്ടതല്ലേ. ഇവിടെ ഈ പള്ളിയിൽ എല്ലാമുണ്ടല്ലോ. നിങ്ങൾ എന്തിനിങ്ങനെ ചിതറി നടക്കുന്നു. നിങ്ങളും കൂടി വരിക. നമുക്കൊരുമിച്ചു പണിയാം.

ശത്രുക്കൾ പറഞ്ഞ വേറൊരു തന്ത്രമാണത്.

നിങ്ങൾ ഞങ്ങളുടെ അടുക്കൽ വരുവിൻ എന്നു പത്തു പ്രാവശ്യം ഞങ്ങളോട് അപേക്ഷിച്ചു.

*“അതുകൊണ്ട് ഞാൻ മതിലിന്റെ പിമ്പുറത്തു പൊക്കം കുറഞ്ഞ സ്ഥലങ്ങളിലും തുറന്നു കിടക്കുന്ന സ്ഥലങ്ങളിലും ആളുകളെ ആക്കി ജനത്തെ കുടുംബം കുടുംബമായി വാളുകളോടും കുന്തങ്ങളോടും വില്ലുകളോടും കൂടെ നിർത്തി.”*
*നെഹമ്യാവ് 4 : 13*

“എല്ലാ ജനത്തേയും ആയുധം ധരിപ്പിച്ചു. അങ്ങനെ ജനമെല്ലാം ആയുധധാരികളായി ശത്രുവിന്റെ എതിർപ്പിനെ ചെറുക്കേണ്ടതിന്, ശത്രുവിന്റെ നേരെ ആയുധം പ്രയോഗിക്കാൻ തക്കവണ്ണം എല്ലാ സ്ഥലത്തും കാവൽക്കാരെ നിർത്തി.”

*“ഞാൻ നോക്കി എഴുന്നേറ്റു നിന്നു പ്രഭുക്കന്മാരോടും പ്രമാണികളോടും ശേഷം ജനത്തോടും: നിങ്ങൾ അവരെ പേടിക്കേണ്ട; വലിയവനും ഭയങ്കരനുമായ കർത്താവിനെ ഓർത്തു നിങ്ങളുടെ സഹോദരന്മാർക്കും പുത്രന്മാർക്കും പുത്രിമാർക്കും ഭാര്യമാർക്കും വീട്ടുകാർക്കും വേണ്ടി പൊരുതുവിൻ എന്നു പറഞ്ഞു.” നെഹമ്യാവ് 4 : 14*

നമ്മളെക്കൊണ്ടു സാധിക്കില്ല എന്നു പറഞ്ഞവരോടും മറ്റു പ്രഭുക്കന്മാരോടുമെല്ലാം നെഹമ്യാവ് പറഞ്ഞു. എതിർക്കുന്നവരെ നിങ്ങൾ പേടിക്കേണ്ട. വലിയവനും ഭയങ്കരനുമായ കർത്താവിനെ ഓർത്ത് നിങ്ങളുടെ സഹോദരന്മാർക്കും പുത്രിമാർക്കും പുത്രന്മാർക്കും ഭാര്യമാർക്കും വീടുകൾക്കും വേണ്ടി പൊരുതുവിൻ. നിങ്ങൾ സംശയിക്കാതെ യുദ്ധം ചെയ്യുവിൻ.

ആരോടാണ് യുദ്ധം? പുറമെ കാണുന്ന മനുഷ്യരോടല്ല യുദ്ധം.

> *"നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചു നിൽപ്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിനു ചെരിപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ." എഫേസ്യർ 6 : 12 – 17*

പ്രിയപ്പെട്ടവരേ, രക്ഷയുടെ പാനപാത്രമുണ്ട്. രക്ഷയുടെ ശിരസ്ത്രമുണ്ട്, Helmet. രക്ഷ എന്ന ശിരസ്ത്രം ധരിച്ചുംകൊണ്ട് നിൽക്കുക. കൈയിൽ വാളൂരിപ്പിടിച്ചുംകൊണ്ട് നിൽക്കുക. യുദ്ധം ചെയ്യാൻ തയ്യാറായി നിൽക്കുക.

ഇങ്ങനെ തീഷ്ണതയോടെ നിന്നാൽ ആർക്കാണ് ഗുണം?

നിങ്ങളുടെ ഭാര്യമാർക്ക്, നിങ്ങളുടെ ഭർത്താക്കന്മാർക്ക്, നിങ്ങളുടെ മക്കൾക്ക്, നിങ്ങളുടെ പുത്രന്മാർക്ക്, നിങ്ങളുടെ പുത്രിമാർക്ക്, നിങ്ങളുടെ കുടുംബത്തിലുള്ള എല്ലാറ്റിനും സംരക്ഷണം കിട്ടും. ഇതെല്ലാം കർത്താവ് നമുക്ക് വാഗ്ദാനം ചെയ്തിരിക്കയാണ്. എല്ലാം കർത്താവ് അന്വേഷിക്കും, സംശയിക്കണ്ട.

നിങ്ങളെ ഇന്നു വിഷമിപ്പിക്കുന്ന ഏതു കൊടിയ പ്രശ്നമാകട്ടെ അതിനു കർത്താവ് പരിഹാരം തരും. നിങ്ങൾ ആയിരിക്കുന്ന പ്രകാരം നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക. എല്ലാ പാപങ്ങളോടും കൂടെ, എല്ലാ ഭാരങ്ങളോടും കൂടെ, എല്ലാ ചുമടുകളോടും കൂടെ കർത്താവിന്റെ പാദത്തിൽ വീഴുക. ഇപ്പോൾ അതിനുപറ്റിയ സമയമാണ്.

ഈ സമയം നഷ്ടപ്പെടുത്തരുത്. നിങ്ങൾ നിങ്ങളെത്തന്നെ താഴ്ത്തിക്കൊണ്ട് കർത്താവിന്റെ അടുക്കലേക്കു വരിക. കർത്താവേ, തെറ്റുകൾ ഏറെ സംഭവിച്ചുപോയി. അബദ്ധങ്ങൾ ഏറെ വന്നുപോയി. എന്റെ കർത്താവേ, എനിക്ക് നല്ലതെന്നു പറഞ്ഞ് തിരുമുമ്പാകെ കൊണ്ടുവരുവാൻ ഒന്നുമില്ല. ഞാൻ ഇപ്പോൾ വരുന്നത് ലജ്ജാഭാരത്തോടെയാണ്. കുറ്റബോധത്തോടെയാണ്. ഞാൻ ചെയ്യേണ്ടത് ചെയ്തില്ല. ചെയ്യരുതാത്തത് പലതും ചെയ്തുംപോയി. കടങ്ങളുമുണ്ട്, പാപങ്ങളുമുണ്ട്.

നാഥാ, നീ എന്നോടൊന്ന് മനസ്സലിയണമേ. നീ സ്നേഹവാനാണല്ലോ. അതുകൊണ്ടാണല്ലോ എനിക്ക് ഈ പുസ്തകം വായിക്കാനിടയായത്. നീ എനിക്ക് പ്രത്യാശ തന്നത് അതുകൊണ്ടാണല്ലോ. ഞാൻ വിശ്വസിക്കുന്നു. യേശുവേ, ഇപ്പോൾ നീ നിന്റെ ആണിപ്പാടുള്ള ആ കരം നീട്ടി എന്റെ ശിരസ്സിൽ ഒന്നു തൊടണമേ. എന്റെ ഈ ശിരസ്സിൽ നിന്റെ തൃക്കരമൊന്ന് തൊടണമേ. നിന്റെ ആണിപ്പാടുള്ള കരം, ആ തിരുരക്തം പുരണ്ട കരം എന്നെ തൊടുമ്പോൾ എന്റെ കണ്ണിലും എന്റെ മുഖത്തും കർത്താവേ ആ തിരുരക്തത്തുള്ളികൾ വീഴുമല്ലോ.

യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി

ശുദ്ധീകരിക്കുന്നുവെന്ന്, എന്റെ പാപം പോക്കാൻ അവിടുന്ന് കുരിശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. യേശുവേ, നീ ഇന്നും ജീവിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഇരിക്കുന്നിടത്തേക്ക് നീ അടുത്തുവരുന്നു എന്നും നീ എന്നോടു സംസാരിക്കുന്നു എന്നും ഞാൻ വിശ്വസിക്കുന്നു.

കർത്താവേ, നിന്റെ കരത്തിലേക്ക് എന്റെ ഭാവിജീവിതം ഞാനിതാ ഏല്പിച്ചു തരുന്നു. എത്രയോ ചുരുങ്ങിയ ഒരു കാലം! എത്രയുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ. ഉള്ളത് എത്രയായാലും അത് മുഴുവനായും നിന്റെ കൈയിലേക്ക് ഞാൻ തരുന്നു.

നിങ്ങളുടെ ഭാവി യേശുവിന്റെ കരങ്ങളിലേക്ക് ഏല്പിക്കൂ. യേശു കൈ നീട്ടി നിൽക്കുന്നു. വാങ്ങുവാൻ കർത്താവ് തയ്യാറായി നിൽക്കുകയാണ്. എത്ര ഹീനമാണെങ്കിലും എത്ര ക്ഷീണിതമാണെങ്കിലും എത്ര മ്ലേച്ഛമാണെങ്കിലും കർത്താവ് സ്വീകരിക്കും. കർത്താവ് നുറുക്കും. കർത്താവ് വിളമ്പും, അനേകർക്ക് ആഹാരമായിത്തീരും. നീ മൂലം അനേകം പേർ അനുഗ്രഹം പ്രാപിക്കും.

## എട്ട്

*“ഞാൻ പ്രഭുക്കന്മാരോടും പ്രമാണികളോടും ശേഷം ജനത്തോടും: വേല വലിയതും വിശാലമായതും ആകുന്നു; നാം മതിലിന്മേൽ ചിതറി തമ്മിൽ തമ്മിൽ അകന്നിരിക്കുന്നു.” നെഹമ്യാവ് 4 : 19*

വേല വലിയതും വിശാലമായതും ആകുന്നു. വലിയൊരു ശുശ്രൂഷയ്ക്കായിട്ടാണ് നെഹമ്യാവ് ഇറങ്ങി പുറപ്പെട്ടത്. യെരൂശലേമിന്റെ മതിലുകൾ എല്ലാം ഇടിഞ്ഞുപോയി, അതിന്റെ വാതിലുകളെല്ലാം വെന്തുപോയി. ആ മതിലുകൾ എല്ലാം പണിയണം. പുതിയ വാതിലുകൾ പിടിപ്പിക്കണം. അതിനുവേണ്ടി നെഹമ്യാവ് തന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് ഇറങ്ങി പുറപ്പെട്ടു. വലിയൊരു വേലയ്ക്കുവേണ്ടി നെഹമ്യാവ് സമർപ്പിച്ചു.

നാം അറിയുന്നില്ല ഇന്ന് നമ്മുടെ മുന്നിലുള്ള വേല എത്ര വലുതാണെന്ന്. കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വമുള്ള വേലയുടെ പങ്കാളികളാണ് എന്ന ആ ഗൗരവം നമുക്കു പലപ്പോഴും ഉണ്ടാകാറില്ല. ക്രിസ്തുവിന്റെ വേലയിൽ, ആത്മാക്കളെ വീണ്ടെടുക്കുന്ന പരിശുദ്ധാത്മാവിന്റെ വേലയിൽ നാം പങ്കാളികളാണ്. ഓരോരുത്തരേയും രൂപാന്തരപ്പെടുത്തുന്ന ക്രിസ്തുവിന്റെ വേലയിൽ ഞാനും പങ്കാളിയാണ് എന്നുള്ള ഒരു ബോധം നമുക്കു വരണം. ഞാൻ ക്രിസ്തുവിന്റെ സാക്ഷിയാണ്. ഞാൻ കർത്താവിന്റെ വേലക്കാരിയാണ്. ഞാൻ യേശുവിന്റെ വേലക്കാരനാണ്. നമ്മുടെ ഏറ്റവും വലിയ വേലയതാ

ണ്, ക്രിസ്തുവിന്റെ വേല, സുവിശേഷവേല.

ഭൂമിയിൽ നമുക്കു പല ജോലികളുണ്ട്. തീർച്ചയായും ഏറ്റവും വിശ്വസ്തമായി എല്ലാം ചെയ്യണം, ഒരു സംശയവുമില്ല. മറ്റുള്ളവർക്ക് അത്ഭുതം തോന്നത്തക്കവിധം ഏറ്റവും നന്നായി നാം ജോലികൾ ചെയ്യണം; എവിടെയാണെങ്കിലും, ഓഫീസിലാണെങ്കിലും അല്ല, മറ്റേതു രംഗത്താണെങ്കിലും നാം ഏറ്റവും നന്നായി ചെയ്യണം. കാരണം,

> *"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞുകൊണ്ടിരിപ്പിൻ"*
>
> *കൊലൊസ്യർ 3 : 17*

കർത്താവു പറഞ്ഞു: "നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും." യോഹന്നാൻ 4 : 35. വിളവ് വിളഞ്ഞു നിൽക്കുകയാണ്. നല്ല ഫലഭൂയിഷ്ഠമായ മണ്ണിലാണ് കൃഷി ചെയ്തത്. നല്ല കതിരുകൾ! എല്ലാം മനോഹരമായി തളിർത്തു നിൽക്കുകയാണ്.

കൊയ്യേണ്ട സമയത്ത് കൊയ്തില്ലെങ്കിൽ ആ നെന്മണികൾ വല്ല എലിമാളങ്ങളിലും പോകും. ഇപ്പോൾ കൊയ്തില്ലെങ്കിൽ അത് തത്തകളോ മറ്റു പക്ഷികളോ അപഹരിച്ചുകൊണ്ടു പോകും. കളപ്പുരയിൽ എത്തേണ്ട നെന്മണികളാണ് നഷ്ടപ്പെട്ടു പോകുന്നത്. ഉടമസ്ഥന്റെ കളപ്പുരയിൽ എത്തേണ്ട നെന്മണികൾ! അതുകൊണ്ട് കൊയ്യേണ്ട സമയത്ത് കൊയ്യണം.

നാലുമാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നാണ് നിങ്ങൾ പറയുന്നത്. ഇപ്പോൾ ധൃതിപിടിച്ചു ചെയ്യണ്ട. നാലുമാസം കഴിഞ്ഞിട്ടേയുള്ളൂ. എന്നാൽ നിങ്ങൾ സത്യമൊന്നു

ഗ്രഹിക്കൂ. നിങ്ങൾ നിങ്ങളുടെ ചുറ്റുപാടും മാത്രം നോക്കാതെ തല ഉയർത്തി വിശാലതയിലേക്കു നോക്കിയാൽ, തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾത്തന്നെ കൊയ്ത്തിനു വിളഞ്ഞിരിക്കുന്നത് നിങ്ങൾ കാണും.

"കൊയ്ത്തു വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയയ്ക്കേണ്ടതിന്നു യാചിപ്പിൻ." മത്തായി 9 : 37, 38. കർത്താവിന്റെ വേല ചെയ്യാൻ ആളുകളില്ല. ദൈവത്തിന്റെ വേല ചെയ്യാൻ നിങ്ങൾ ഓരോരുത്തരും നിങ്ങളെത്തന്നെ സമർപ്പിക്കണം. എല്ലാവരും പ്രസംഗിക്കണമെന്നില്ല. എല്ലാവരും സാക്ഷ്യം പറയണമെന്നില്ല. നിങ്ങൾക്ക് ആളാംപ്രതി വേല ചെയ്യാം. ഫോൺ ചെയ്ത് ചിലരോട് സംസാരിക്കാം. ചിലരെ വചനം കേൾപ്പിക്കാം. വചനം കേൾക്കാൻ കൂട്ടിക്കൊണ്ടു വരാം. അനേകം കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കും.

ഈ പുസ്തകം അനേകർക്ക് വായിക്കാൻ കൊടുക്കാം. ലജ്ജകൂടാതെ, അപമാനം വന്നാലും അല്പംപോലും മടിക്കാതെ അനേകരെ ഈ വചനശുശ്രൂഷയിലേക്കു വരാൻ നിങ്ങൾക്കു ക്ഷണിക്കാം. ആളുകൾ ഒരുപക്ഷേ നിങ്ങളെ നിന്ദിച്ചു എന്നു വരും. അപമാനിച്ചു എന്നുവരും. തിരസ്ക്കരിച്ചു എന്നു വരും. പക്ഷേ, ക്രിസ്തുവിന്റെ സന്നിധിയിൽ നമുക്ക് പ്രതിഫലമുണ്ട്.

വേല വലിയതും വിശാലമായതുമാകുന്നു. പ്രിയപ്പെട്ടവരേ, നിങ്ങൾ ഓരോരുത്തരും സമർപ്പിക്കണം. ഞാൻ കർത്താവിന്റെ വേലക്കാരനാണ്, വേലക്കാരിയാണ്. എനിക്കു വിദ്യാഭ്യാസമില്ലെന്നോ എനിക്കു പ്രായമായി എന്നോ ഒന്നും ചിന്തിക്കേണ്ട. നിങ്ങൾക്ക് ബഹുദൂരം യാത്ര ചെയ്യാനുണ്ട്.

ഇന്ന് സങ്കടകരമായ കാര്യം ദൈവത്തിന്റെ വേല ചെയ്യുമെന്നു പ്രതീക്ഷിക്കുന്ന അനേകം സഭകളും സഭയിലെ അംഗ

ങ്ങളും വേല എന്താണെന്നുപോലും മറന്നുപോയിരിക്കുന്നു. എന്താണ് എന്നെ ദൈവം ഭരമേൽപ്പിച്ചിരിക്കുന്നത് എന്നു മറന്നു പോയിരിക്കുന്നു. സഭകൾ ഇന്ന് ഉറങ്ങുകയാണ്. സഭകളെല്ലാം തന്നെ മൊത്തത്തിൽ സഭയുടെ ദൗത്യം എന്താണെന്നുള്ളത് മറന്നുപോയിരിക്കുന്നു.

യജമാനന്റെ വേല പലതുമുണ്ട്. പല വേലസ്ഥലമുണ്ട്. എവിടെയാണ് ഞാൻ വേല ചെയ്യേണ്ടത് എന്ന് നാം തന്നെ കണ്ടെത്തണം. നാം ഓരോരുത്തരും വേലക്കാരായി വിളിക്കപ്പെട്ടവരാണ്.

“കൂലി അവന്റെ കൈയിലും പ്രതിഫലം അവന്റെ പക്കലും ഉണ്ട്.” തക്ക കൂലി കിട്ടും. യെശയ്യാവ് 62 : 11.

വിശാലമായ വേലയാണ് പക്ഷേ, ഇന്ന് പ്രവർത്തകരായ നാം തമ്മിൽ ചിതറി അകന്നിരിക്കുന്നു. പരസ്പരം അകന്നു പോയിരിക്കുന്നു. എന്നാൽ അവരുടെ സമർപ്പണം എന്തായിരുന്നു!

> *“അന്നു മുതൽക്ക് എന്റെ ഭൃത്യന്മാരിൽ പാതിപേർ വേലക്ക് നിന്നു പാതിപേർ കുന്തവും പരിചയും വില്ലും കവചവും ധരിച്ചു നിന്നു; മതിൽ പണിയുന്ന എല്ലാ യഹൂദന്മാരുടെയും പുറകിൽ പ്രഭുക്കന്മാർ നിന്നു; ചുമടെടുക്കുന്ന ചുമട്ടുകാർ ഒരു കൈകൊണ്ട് വേല ചെയ്കയും മറ്റേ കൈകൊണ്ട് ആയുധം പിടിക്കയും ചെയ്തു. പണിയുന്നവർ അരയ്ക്കു വാൾ കെട്ടിയുംകൊണ്ട് പണിതു. എന്നാൽ കാഹളം ഊതുന്നവൻ എന്റെ അടുക്കൽ തന്നെ ആയിരുന്നു.” നെഹമ്യാവ് 4 : 16 – 18*

അവിടെ ഓരോരുത്തർക്കും അവരവരുടെ വേല വീതിച്ചുകൊടുത്തു. എല്ലാവരും വേലക്കാരായിട്ട് നിൽക്കയാണ്.

മതിൽ പണിതുകൊണ്ടിരിക്കുകയാണ്. വെറുതെ ഒരു മതിൽപണിയല്ല. യെരൂശലേം ദേവാലയത്തിന്റെ മതിലാണ് പണിയുന്നത്. ഇടിഞ്ഞുപോയ ദേവാലയത്തിന്റെ മതിൽപണി നടക്കുകയാണ്. വിദേശീയ ചക്രവർത്തിയായ നെബൂക്കദ്നേസർ വന്ന് യെരൂശലേമിനെ ഇടിച്ചു തകർത്തിരുന്നു. എല്ലാം ശൂന്യമാക്കിക്കളഞ്ഞിരുന്നു. മതിലുകളെല്ലാം ഉടച്ചു കളഞ്ഞിരുന്നു. വാതിലുകൾ എല്ലാം തീകൊണ്ട് ചുട്ടുവെന്ത് നശിച്ചു പോയിരുന്നു.

എന്നാൽ ഇപ്പോൾ നഷ്ടപ്പെട്ടുപോയ സ്ഥാനത്ത് പുതിയ മതിൽ പണിയാൻ തുടങ്ങുകയാണ്.

നെഹമ്യാവ് ഓരോരുത്തരേയും അതാതിന്റെ സ്ഥലത്ത് വേലയ്ക്കു നിർത്തി. അതാതിന്റെ സ്ഥലത്ത് അവരവരുടെ വേല. അവർക്ക് അഭിപ്രായവ്യത്യാസം ഉണ്ടാകേണ്ട കാര്യമില്ല. എനിക്ക് ഇന്ന വേലയാണ് വേണ്ടിയിരുന്നത്, ഇന്ന വേലയാണ് എനിക്കു കൂടുതൽ താത്പര്യം, ആ വേലയിലാണ് ഞാൻ കുറച്ചുകൂടി നന്നായിരിക്കുന്നത് എന്നു വിചാരിക്കേണ്ട കാര്യമില്ല.

ഞാനും വേലക്കാരനാണ്. എന്നെ ആക്കുന്ന സ്ഥലത്ത് ഞാൻ വേല ചെയ്യും. ഇതാണ് നാം തീരുമാനിക്കേണ്ടത്. ഞാനും ദൈവത്തിന്റെ വേലക്കാരനാണ്. ഈ മതിൽപണിക്ക് എനിക്കും പങ്കുകിട്ടിയിരിക്കയാണ്. അത് മഹാഭാഗ്യമായി കരുതി ഞാൻ വേല ചെയ്യണം.

സൻബെല്ലത്തും തോബിയാവും ഗേശെമും നശിപ്പിക്കുവാൻ വരികയാണ്. പ്രബലന്മാരായ ശത്രുക്കളാണ് വരുന്നത്.

> *"ഞങ്ങളുടെ ശത്രുക്കളോ: നാം അവരുടെ ഇടയിൽ ചെന്ന് അവരെ കൊന്ന് പണി മുടക്കുന്നതുവരെ അവർ ഒന്നും അറികയും കാണുകയും അരുത് എന്നു പറഞ്ഞു."* *നെഹമ്യാവ് 4 : 11*

വേല ചെയ്യുന്നവരെ കൊല്ലണമെന്നാണ് സൻബെല്ലത്തും

തോബിയാവും തീരുമാനിച്ചത്. അവരുടെകൂടെ അതിനുള്ള സംഘമുണ്ട്, ആളുകളുണ്ട്. അവർ വന്ന് ഈ ദൈവവേല ക്കാരെ നശിപ്പിക്കാൻ പരിപാടിയിട്ടു. എന്നാൽ അവർ ഇങ്ങനെ ഉപദ്രവിക്കാൻ വരുന്നതുകൊണ്ട്:

> *"ഞങ്ങളോ ഞങ്ങളുടെ ദൈവത്തോടു പ്രാർത്ഥിച്ചു; അവരുടെ നിമിത്തം രാവും പകലും കാവൽക്കാരെ ആക്കേണ്ടിവന്നു."* *നെഹമ്യാവ് 4 : 9*

ദൈവജനം രാവും പകലും കാവൽക്കാരെ നിർത്തുക യാണ്. ഉറങ്ങാതെ, ശത്രുക്കൾ വന്ന് ഉപദ്രവിക്കാതിരിക്കേണ്ട തിന് കാവൽക്കാരെ നിർത്തി.

എന്താണ് ഈ കാവൽക്കാർ എന്നൊക്കെപ്പറയുന്നത്. നമ്മുടെ ജീവിതത്തിൽ ഓരോ അവയവത്തിനും കാവൽക്കാരെ നിർത്തണം. "ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിക്ക ണമേ" എന്നു പ്രാർത്ഥിക്കണം.

എന്റെ നാവ് അരുതാത്തതൊന്നും പറയാതിരിക്കാൻ നിന്റെ ദൂതന്മാരെ കാവൽ നിർത്തണമേ. എന്റെ നാവിലും ചുണ്ടിലും നിന്റെ തിരുരക്തം പുരട്ടണമേ. ആവശ്യമില്ലാത്ത ഒരക്ഷരം എന്നിൽ നിന്നു വരരുത്. പ്രയോജനമില്ലാത്ത ഒരു വാക്ക് എന്നിൽ നിന്നു വരരുത്. മറ്റുള്ളവർക്ക് ആത്മീയ വർദ്ധന വരുത്തുന്ന വാക്കുകളേ എന്നിൽ നിന്നും വരാവൂ. ഇതിനെല്ലാമായി നാം പ്രാർത്ഥിക്കണം.

എന്റെ കണ്ണ് അരുതാത്ത വഴിയ്ക്കു പോകുവാൻ ഇടവര രുത്. ഈ കണ്ണ് യേശുവിന്റെ മനോഹരത്വം കാണ്മാനുള്ള കണ്ണാണ്. ഈ കണ്ണ് സ്വർഗ്ഗീയസീയോൻപുരിയിൽ ചെന്ന് സ്വർഗ്ഗീയമഹത്വം കാണാനുള്ള കണ്ണാണ്. ഈ കണ്ണ് ഈ ഭൂമി യിൽ ജീവിച്ചിരിക്കുമ്പോൾ പാവപ്പെട്ട ആളുകളെ സഹായി

ക്കാൻ കനിവോടെ നോക്കേണ്ട കണ്ണാണ്.

ആവശ്യക്കാരെ സഹായിക്കാനും അവരുടെ കാര്യത്തിൽ ഇടപെടാനും കനിവോടെ ആർദ്രതയോടെ നോക്കാനുമുള്ളതാണ് എന്റെ കണ്ണ്. ദൈവം എനിക്കുതന്ന കാഴ്ച അത് അനേകർക്കു പ്രയോജനപ്പെടേണ്ടതാണ്. ഈ കണ്ണ് ചീത്തപ്പടങ്ങൾ കാണാനുള്ളതല്ല. അശുദ്ധ ചിത്രങ്ങൾ കാണാനുള്ളതല്ല. ഈ കണ്ണ് ഒരിക്കലായി ക്രിസ്തുവിനു കൊടുത്തതാണ്. ക്രിസ്തുവിന് വിറ്റതാണ്. ഈ കണ്ണ് യേശുവിന്റെ വകയായി ഞാൻ ഏല്പിച്ചതാണ്.

നാഥാ, എന്റെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിക്കേണമേ.

> *"ഞാൻ നോക്കി എഴുന്നേറ്റുനിന്നു പ്രഭുക്കന്മാരോടും പ്രമാണികളോടും ശേഷം ജനത്തോടും: നിങ്ങൾ അവരെ പേടിക്കേണ്ട; വലിയവനും ഭയങ്കരനുമായ കർത്താവിനെ ഓർത്തു നിങ്ങളുടെ സഹോദരന്മാർക്കും പുത്രന്മാർക്കും പുത്രിമാർക്കും ഭാര്യമാർക്കും വീട്ടുകാർക്കും വേണ്ടി പൊരുതുവിൻ എന്നു പറഞ്ഞു." നെഹമ്യാവ് 4 : 14*

നിങ്ങൾ സൻബെല്ലത്തിനെയും തോബിയാവിനെയും പേടിക്കേണ്ട. അവർ വമ്പന്മാരാണ്, ശരിയാണ്. അവർ ഉഗ്രന്മാരാണ്, ശരിയാണ്. അവർ നല്ല അധികാരമുള്ളവരാണ്, അതും ശരിയാണ്. പക്ഷേ, നിങ്ങൾ പേടിക്കേണ്ട. നിങ്ങൾ ഈ വേലയിൽ പങ്കാളികളാകുന്നത് ആർക്കുവേണ്ടിയാണ്? നിങ്ങളുടെ കുടുംബത്തിനും നിങ്ങളുടെ പ്രിയപ്പെട്ടവർക്കും വേണ്ടിയാണ്. അവർക്കുവേണ്ടി നിങ്ങൾ യുദ്ധം ചെയ്യുവിൻ. നിങ്ങൾ വിശ്വസ്തതയോടെ നിന്നാൽ ഗുണം നിങ്ങളുടെ മക്കൾക്കും മക്കളുടെ മക്കൾക്കും അനന്തര തലമുറകൾക്കുമാണ്.

കർത്താവിന്റെ പക്ഷത്തു നിന്നാലുള്ള പ്രയോജനം എന്താണ്? നമ്മുടെ കുടുംബത്തിലുള്ളവർ രക്ഷപ്പെടും. നമ്മുടെ പ്രിയപ്പെട്ടവർ സ്വർഗ്ഗം കാണുവാൻ ഇടയാകും. ഇന്ന് ഒരുപക്ഷേ വീട്ടിൽ കലഹമുണ്ടായിരിക്കും, ഒരുപക്ഷേ വീട്ടിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായിരിക്കും. മകൻ അപ്പനോ അമ്മയോ പറയുന്നതു കേൾക്കാതെ ഉഴപ്പി നടക്കുകയായിരിക്കും. പക്ഷേ, നാളെ ഒരു ദിവസം അവരും തിരിഞ്ഞുവന്ന് കർത്താവിന്റെ രാജ്യത്തിലെത്തുവാൻ ഇടയാകും. നിങ്ങൾ അതിനുവേണ്ടി പൊരുതുവിൻ, പോരാടുവിൻ.

ഒരു കുടുംബം നശിക്കാനുള്ള വഴി അവിടെയുള്ളവർ പരസ്പരം ഭിന്നിക്കുക എന്നതാണ്. പരസ്പരം ഭിന്നിച്ചാൽ, പരസ്പരം ഇഷ്ടക്കുറവോ പരിഭവമോ വന്നാൽ ആ കുടുംബം മുടിയും. അതൊരു സ്ഥാപനമാണെങ്കിലും അങ്ങനെതന്നെ. പരസ്പരം തൊഴുത്തിൽ കുത്തും കിടമത്സരവുമാണെങ്കിലും അങ്ങനെതന്നെ. പ്രിയപ്പെട്ടവരേ, നിങ്ങൾ ഓർക്കൂ, വേലക്കാർ തമ്മിൽ തമ്മിൽ അകന്നിരിക്കാൻ പാടില്ല. വേലക്കാർ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഒരുമനസ്സായി വേല ചെയ്യണം.

വീട്ടിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകരുത്. ആരും ആരേയും ചെറുതായി കാണരുത്. ഓരോരുത്തരും മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണിക്കൊൾവിൻ എന്നാണ് വചനം പറയുന്നത്. ആരെയും തരം താഴ്ത്തിക്കാണരുത്. ആരെയും തുച്ഛീകരിക്കരുത്. ഓരോരുത്തരും ദൈവത്തിന്റെ മോഹനസൃഷ്ടിയല്ലോ എന്ന് ഓർത്തു കൊള്ളണം.

ഒരുപക്ഷേ നിങ്ങളേക്കാൾ ബലഹീനതയുള്ള ഒരാളായിരിക്കട്ടെ, പഠിക്കാൻ അത്ര സാമർത്ഥ്യമില്ലാത്ത ആളായിക്കൊള്ളട്ടെ, ആ ആളെയും നിങ്ങൾ തരം താഴ്ത്തി കാണരുത്. ആ ആളിൽ എന്തെല്ലാം നന്മയുണ്ടെന്നു കണ്ട് ആ നന്മയെ നിങ്ങൾ പ്രോത്സാഹിപ്പിക്കുക. നന്മയെ അഭിനന്ദിക്കുക.

വീടുകളിൽ അമ്മമാർ പ്രത്യേകം ശ്രദ്ധിക്കുക. ഒരുപക്ഷേ എല്ലാ മക്കൾക്കും ഒരുപോലെ കഴിവുണ്ടായി എന്നു വരികയില്ല. കഴിവില്ലാത്ത ഒരു മോനാണ് എങ്കിൽതന്നെയും നിങ്ങൾ ആ മകന് പ്രോത്സാഹനം കൊടുക്കുക. അവനിൽ ചില നല്ല അംശങ്ങൾ കാണുമ്പോൾ ഉടനെ നിങ്ങൾ അഭിനന്ദിക്കുക.

ഇന്ന് സഭയിലും സമുദായങ്ങളിലും നടക്കുന്നതെന്താണ്? ഒരേ സഭയിൽ തന്നെയുള്ളവർ, ഒരേ ഇടവകയിൽ തന്നെയുള്ളവർ പരസ്പരം പോരാടുന്നു. പോരാടുന്നവനും നഷ്ടം, ദൈവത്തിനും നഷ്ടം, ദൈവവേലയ്ക്കും നഷ്ടം. ഒരിക്കലും അത് വരരുത്. എന്തു ത്യാഗം സഹിച്ചും നാം ഐക്യത്തിൽ നിൽക്കാൻ ശ്രമിക്കണം.

പക്ഷേ, അതിന്റെ കൂടെ ഞാൻ പറയട്ടെ, തെറ്റുകൾ എവിടെയെങ്കിലും കണ്ടാൽ അല്പംപോലും കലർപ്പുകൂടാതെ നിങ്ങൾ തെറ്റുകൾ ചൂണ്ടിക്കാണിച്ചുകൊടുക്കണം. അത് വിനയപൂർവ്വം സ്നേഹത്തോടെ ചൂണ്ടിക്കാണിച്ചു കൊടുക്കണം. സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുക എന്ന് അപ്പൊസ്തലൻ ഗലാത്യലേഖനം 6-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്. ആരുടെയെങ്കിലും തെറ്റു കണ്ടാൽ അത് കണ്ടില്ല എന്നു നടിക്കയല്ല വേണ്ടത്. തെറ്റു ചൂണ്ടിക്കാണിക്കാൻ നിങ്ങൾ മടിക്കരുത്. പക്ഷേ, അതു പറയുമ്പോൾ ആ ആൾക്ക് വേദന വരാത്ത വിധത്തിൽ വളരെ മയമായി, മൃദുലമായി പറഞ്ഞു കൊടുക്കണം.

> *"അങ്ങനെ യിസ്രായേൽമക്കൾ തങ്ങളുടെ പട്ടണങ്ങളിൽ പാർത്തിരിക്കുമ്പോൾ ഏഴാം മാസത്തിൽ സകലജനവും നീർവ്വാതിലിന്റെ മുമ്പിലുള്ള വിശാലസ്ഥലത്ത് ഒരുമനപ്പെട്ട് വന്നുകൂടി, യഹോവ യിസ്രായേലിന്നു കല്പിച്ചു കൊടുത്ത മോശയുടെ ന്യായപ്രമാണപുസ്തകം കൊണ്ടുവരുവാൻ*

*എസ്രാശാസ്ത്രിയോടു പറഞ്ഞു. ഏഴാം മാസം ഒന്നാം തീയതി എസ്രാ പുരോഹിതൻ പുരുഷ ന്മാരും സ്ത്രീകളും കേട്ടു ഗ്രഹിപ്പാൻ പ്രാപ്തി യുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായ പ്രമാണം കൊണ്ടുവന്നു. നീർവ്വാതിലിനെതിരെ യുള്ള വിശാലസ്ഥലത്തു വച്ചു രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിപ്പാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാ ണപുസ്തകം വായിച്ചു; സർവ്വജനവും ശ്രദ്ധിച്ചു കേട്ടു.”* *നെഹമ്യാവ് 8 : 1– 3*

സകലജനവും ഒരുസ്ഥലത്ത് ഒരുമനപ്പെട്ട് വന്നുകൂടി. പണി മുന്നോട്ട് ഐശ്വര്യമായി പോകണമെങ്കിൽ എല്ലാവരും ഒരുമിച്ച് കൂടേണ്ടിയിരിക്കുന്നു. ദൈവാലയത്തിന്റെ മതിൽ പണിത് മുമ്പോട്ട് പോകുകയാണ്. പണി പൂർത്തിയായി വരിക യാണ്. ദൈവത്തിന്റെ വേലയുടെ ഏറ്റവും നിർബന്ധമായ ഒരാ വശ്യമാണ് ഒരു മനസ്സ് –ഐകമത്യം–എന്നുള്ളത്.

എസ്രാ ശാസ്ത്രി എഴുന്നേറ്റ് ന്യായപ്രമാണം കൊണ്ടു വന്ന് വായിച്ചു. സർവ്വജനവും അത് ശ്രദ്ധിച്ചു കേട്ടു. വേലയ്ക്ക് ദൈവത്തിന്റെ വചനം കൂടിയേ കഴിയൂ. വചനം വായിക്കണം, വായിക്കുന്നത് ശ്രദ്ധിച്ചു കേൾക്കണം. നിങ്ങൾ ചിന്തിക്കൂ, നാം എത്രത്തോളം ദൈവത്തിന്റെ വചനം വായിക്കുന്നുണ്ട്? ഒരു കാലത്ത് ദൈവത്തിന്റെ വചനം വായിച്ചുകൊണ്ടിരുന്ന പലരും ഇന്ന് വേദപുസ്തകം വായിക്കുന്നത് ചുരുക്കമായി കഴിഞ്ഞിരി ക്കുന്നു.

ജോലിത്തിരക്കുകൊണ്ടായിരിക്കാം. എന്നാൽ എത്ര ജോലിത്തിരക്കുണ്ടെങ്കിലും അല്പസമയം വേറിട്ടിരുന്ന് തനിയെ ഇരുന്നു പ്രാർത്ഥിച്ച് പോരായ്മകളെല്ലാം ഏറ്റുപറഞ്ഞ് സ്വന്തം ജീവിതത്തിലെ വീഴ്ചകളും താഴ്ചകളും എല്ലാം

കർത്താവിനോട് ഏറ്റ് പറഞ്ഞ് കർത്താവിന്റെ കൃപയാൽ പാപ മോചനം പ്രാപിച്ച് കർത്താവിനെ സ്തുതിച്ചതിനുശേഷം നിങ്ങൾ ദൈവത്തിന്റെ വചനം വായിക്കണം. ഇത് ഒരു പതിവാക്കി തീർക്കണം.

വചനത്തിൽ അടിസ്ഥാനപ്പെട്ട്, വചനത്തിൽ വേരൂന്നിയാണ് ആത്മീയജീവിതം നയിക്കേണ്ടത്. ഏതൊരു കാര്യം വന്നാലും കർത്താവിന്റെ വചനം എന്തു പറയുന്നു, വേദപുസ്തകം എന്തുപറയുന്നു, തിരുവെഴുത്തിൽ എന്താണ് എഴുതിയിരിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ വേണം നമ്മുടെ ജീവിതചര്യകളെ നാം നിയന്ത്രിക്കാൻ.

> *"എസ്രാ സകല ജനവും കാൺകെ പുസ്തകം വിടർത്തി അവൻ സകല ജനത്തിനും മീതെ ആയിരുന്നു; അതു വിടർത്തിയപ്പോൾ ജനമെല്ലാം എഴുന്നേറ്റു നിന്നു. എസ്രാ മഹാദൈവമായ യഹോവയെ സ്തുതിച്ചു; ജനമൊക്കെയും കൈ ഉയർത്തി: ആമേൻ, ആമേൻ, എന്നു പ്രതിവചനം പറഞ്ഞു. വണങ്ങി സാഷ്ടാംഗം വീണ് യഹോവയെ നമസ്ക്കരിച്ചു. ജനം താന്താന്റെ നിലയിൽത്തന്നെ നിന്നിരിക്കെ യോശുവ, ബാനി, ഗേരബ്യാവ്, യാമീൻ, അക്കൂബ്, ശബ്ബെത്തായി, ഹോദിയാവ്, മയസേയാവ്, കെലീതാ, അസര്യാവ്, യോസാബാദ്, ഹാനാൻ, പെലായാവ് എന്നിവരും ലേവ്യരും ജനത്തിനു ന്യായപ്രമാണത്തെ പൊരുൾതിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കയും ചെയ്തു. ദേശാധിപതിയായ നെഹമ്യാവും ശാസ്ത്രിയായ എസ്രാപുരോഹിതനും ജനത്തെ*

*ഉപദേശിച്ചുപോന്ന ലേവ്യരും സകല ജനത്തോടും: ഈ ദിവസം നിങ്ങളുടെ ദൈവമായ യഹോവയ്ക്ക് വിശുദ്ധമാകുന്നു; നിങ്ങൾ ദു:ഖിക്കരുത്, കരയുകയും അരുത് എന്നു പറഞ്ഞു. ജനമെല്ലാം ന്യായപ്രമാണ വാക്യങ്ങളെ കേട്ടപ്പോൾ കരഞ്ഞുപോയിരുന്നു."*

*നെഹമ്യാവ് 8 : 5 – 9*

സർവ്വജനവും എഴുന്നേറ്റു നിന്നു, സ്തുതി മുഴങ്ങി. ജനം ആമേൻ, ആമേൻ എന്നു പറഞ്ഞ് നിലംപറ്റെ വീണ് ദൈവത്തെ നമസ്ക്കരിച്ചു. ചില ദൈവമക്കൾ ന്യായപ്രമാണത്തിന്റെ പൊരുൾ തിരിച്ചുകൊടുത്തു.

വേദപുസ്തകം വായിച്ചു കേട്ടപ്പോൾ ജനമെല്ലാം കൂട്ടത്തോടെ കരച്ചിലായി. അയ്യോ! തെറ്റുപറ്റിപ്പോയല്ലോ. ഇത്രയും കാലം ഈ വചനത്തിനു വിരുദ്ധമായി ജീവിച്ചുപോയല്ലോ എന്നു പറഞ്ഞ് ജനമെല്ലാം കൂട്ടത്തോടെ കരഞ്ഞു. അവിടെ ദൈവത്തിന്റെ വചനം വായിച്ചുകേൾപ്പിക്ക മാത്രമല്ല, അത് വ്യാഖ്യാനിച്ചു കൊടുത്തു, പറഞ്ഞുകൊടുത്തു, അതിന്റെ പൊരുൾ തിരിച്ചുകൊടുത്തു. അപ്പോൾ ദൈവമക്കൾ യഹോവയ്ക്ക് ഈ ദിവസം വിശുദ്ധമാകുന്നു എന്ന് പറഞ്ഞു. ദൈവത്തിനുവേണ്ടി വേർതിരിച്ച ഒരു ദിവസം. വചനം കേൾക്കയും വചനത്തിന്റെ അർത്ഥം പറഞ്ഞു കൊടുക്കയും ചെയ്ത ദിവസം വിശുദ്ധമാകുന്നു.

വചനം കേൾക്കാൻ വരാൻ പറ്റാതിരിക്കുന്നവരുണ്ടല്ലോ, അവർക്കു നിങ്ങൾ പകർച്ച കൊണ്ടുപോകണം. അനുഗൃഹീതമായ ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ പറ്റാതെ പോയ ചിലരുണ്ട്. നിങ്ങളുടെ പ്രിയപ്പെട്ടവർ! അവർക്കു നിങ്ങൾ പകർച്ച കൊണ്ടുപോകണം. മധുരപാനീയങ്ങൾ കൊണ്ടുപോകണം. രുചികരമായ ആഹാരം കൊണ്ടുപോകണം. ഇത് യഹോവയ്ക്ക്

വിശുദ്ധ ദിവസമാകുന്നു.

> *"അനന്തരം അവൻ അവരോട്: നിങ്ങൾ ചെന്നു മൃഷ്ടാന്നഭോജനവും മധുരപാനീയവും കഴിച്ചു തങ്ങൾക്കായി വട്ടം കൂട്ടിയിട്ടില്ലാത്തവർക്ക് പകർച്ച കൊടുത്തയപ്പിൻ; ഈ ദിവസം നമ്മുടെ കർത്താവിന് വിശുദ്ധമാകുന്നു; നിങ്ങൾ ദു:ഖിക്കരുത്; യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നുവല്ലോ എന്നുപറഞ്ഞു."*
>
> *നെഹമ്യാവ് 8 : 10*

നിങ്ങളുടെ ആകെയുള്ള ബലം അത് യഹോവയിങ്കലെ സന്തോഷമാണ്; ദൈവത്തിൽ സന്തോഷിക്കുന്നു.

വലിയ ഒരുകൂട്ടം ജനം വന്നിരിക്കുന്നു. അവരെല്ലാം ദൈവത്തിന്റെ വേലയിൽ പങ്കാളികളായവരാണ്. അവരെല്ലാം ഇപ്പോൾ ഒരുമനപ്പെട്ട് കൂടിയിരിക്കുന്നു. ഒരു സമയത്ത് അവർക്ക് ഇടർച്ച വന്നുപോയിരുന്നു. ഒരു സമയത്ത് അവർ ഭിന്നിച്ചിരുന്നു. ഒരു സമയത്ത് അവർ പരസ്പരം വേർപെട്ടിരുന്നു. എന്നാൽ എസ്രാശാസ്ത്രിയും നെഹമ്യാവും അവരോട് ഉപദേശിച്ചതിനു തക്കവണ്ണം അവർ ഒരുമനപ്പെട്ടു. അങ്ങനെ ഒരു മനസ്സായിതീർന്നപ്പോൾ നെഹമ്യാവിന്റെ മുഖത്തിന്റെ വാട്ടം മാറി. നെഹമ്യാവ് സന്തോഷിക്കുകയാണ്. "യഹോവയിങ്കലെ സന്തോഷം നമ്മുടെ ബലമാകുന്നുവല്ലോ."

ഇന്ന് പല കാര്യങ്ങളിലും നമ്മുടെ മനസ്സ് വാടിയിരിക്കുന്നു. മുഖം വാടിയിരിക്കുന്നെങ്കിലും, മനസ്സ് വാടിയിരിക്കുന്നെങ്കിലും, ദൈവത്തിന്റെ വചനം കേട്ട്, വചനം നിങ്ങൾ സ്വീകരിച്ചാൽ നിങ്ങൾക്ക് അത്ഭുതകരമായ സന്തോഷം ലഭിക്കും. ഹൃദയം സന്തോഷംകൊണ്ട് നിറയും. എന്താണ് പറയുന്നത് എന്നുള്ള വാക്കുകളുടെ മേന്മയല്ല, പറയുന്ന ആളുടെ മേന്മയുമല്ല യഹോവയുടെ വചനത്തിന്റെ മേന്മയാണ്.

യഹോവയുടെ വചനം, ജീവനുള്ള ദൈവത്തിന്റെ വചനം നിങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾക്കു മഹാസന്തോഷം ലഭിക്കും. മറ്റുള്ളവർക്കു പകർച്ച കൊണ്ടുപോയി കൊടുക്കണമെന്നു നിങ്ങൾക്കു തോന്നും.

പണത്തിൽ ബലമുള്ളവരുണ്ട്, പ്രതാപത്തിൽ ബലമുള്ളവരുണ്ട്, സ്ഥാനമാനങ്ങളിൽ ബലമുള്ളവരുണ്ട്. ഓരോരോ കാര്യങ്ങളോർത്തോർത്ത് സ്വയമായി അഭിമാനിക്കുന്ന ആളുകളുണ്ട്. ഒന്നും അഭിമാനിക്കുവാനില്ല. അഭിമാനിക്കുവാൻ യഹോവയിങ്കലെ സന്തോഷം മാത്രം. ദൈവം എന്നെ സ്നേഹിക്കുന്നു എന്ന സന്തോഷം. ഈ നിസ്സാര മനുഷ്യനെ, ഈ അല്പപ്രാണിയായ മനുഷ്യനെ സ്വർഗ്ഗത്തിലെ ദൈവം കണ്ടല്ലോ എന്നുള്ള സന്തോഷം. എന്റെ അമ്മയുടെ ഗർഭത്തിൽ ഞാൻ ജനിക്കുന്നതിനുമുമ്പ്, ഉരുവാകുന്നതിന് മുമ്പ് ദൈവം എന്നെ അറിഞ്ഞല്ലോ എന്നുള്ള സന്തോഷം.

സഹോദരങ്ങളേ, വലിയൊരു വെളിച്ചം ചുറ്റും മിന്നുന്നു. നിങ്ങളെ ഓരോരുത്തരേയും പേർ ചൊല്ലി വിളിക്കുകയാണ്. എന്തിന്? യഹോവയിങ്കലെ സന്തോഷത്തിലേക്കു നിങ്ങളെ നടത്താൻ. സന്തോഷം നിറഞ്ഞ ഒരു ശുഭഭാവിയിലേക്കു നിങ്ങളെ കൊണ്ടുപോകാൻ. ഇന്നത്തെ ദുരിതങ്ങൾ മാറ്റാൻ, ഇന്നത്തെ ആവലാതികൾ തീർക്കാൻ, ഇന്നത്തെ എല്ലാ യാതനകളും മാറ്റാൻ.

നാളെ എന്ത് എന്നു നാം അറിയുന്നില്ല. നാളെ ഒരു ദിവസം നാം ഈ ഭൂമിയിൽ ഉണ്ടോ എന്നു നാം അറിയുന്നില്ല. ഇന്ന് വചനം വായിക്കുവാനും വചനം സ്വീകരിപ്പാനും ഭാഗ്യം തന്നിരിക്കുന്നു. ഇത് യഹോവയുടെ ദിവസമാകുന്നു. ഇത് യഹോവ എനിക്ക് സന്തോഷം തരുന്ന ദിവസമാകുന്നു. എല്ലാവർക്കും പകർച്ച കൊടുത്തയക്കേണ്ട ദിവസമാകുന്നു.

നെഹമ്യാവ് സന്തോഷിക്കയാണ്. വാടിയിരുന്ന നെഹ

മ്യാവിന്റെ മുഖത്തിന്റെ വാട്ടം മാറി. നിങ്ങൾ അനേകർ വാടിയാണോ ഇരിക്കുന്നത്? ഓരോരോ കാര്യങ്ങൾ ഓർത്ത് നിങ്ങൾ വിഷമിച്ചാണോ ഇരിക്കുന്നത്? പല കാര്യങ്ങളിൽ നിങ്ങൾ മ്ലാനവദനരായാണോ ഇരിക്കുന്നത്? എന്നാൽ പറയട്ടെ, ഇരിക്കുന്ന ഇരുപ്പിൽത്തന്നെ നിങ്ങൾ നാഥനോടു പറയണം: കർത്താവേ, ഇത്രയുംകാലം പാഴാക്കിയ കാലങ്ങളാണ്. നഷ്ടപ്പെടുത്തിയ കാലങ്ങളാണ്. ഞാനിപ്പോൾ ദു:ഖിക്കുന്നു. നാഥാ! എന്നാൽ ഇന്നും നീ എന്നെ സ്നേഹിക്കുന്നല്ലോ. അതുകൊണ്ടാണല്ലോ എന്നെ പേർ ചൊല്ലി വിളിച്ചത്. ഇന്നും നീ എന്റെ അരികിലേക്ക് വന്നിരിക്കുന്നുവല്ലോ, അതുകൊണ്ടാണല്ലോ എനിക്കിതു വായിക്കാൻ ഇടയായത്. അതുകൊണ്ടു കർത്താവേ, ഞാനിന്ന് യാതൊരു വ്യവസ്ഥയും പറയാതെ, എന്റെ ആയുസ്സ് നിന്റെ കരങ്ങളിലേക്കു തരികയാണ്. എന്റെ ഭാവി നിന്റെ കരങ്ങളിലേക്ക് വച്ചു തരികയാണ്.

എനിക്ക് ഒന്നുമാത്രം മതി, എന്റെ യേശു എന്നിൽ പ്രസാദിച്ചാൽ മതി. യേശു എന്നെ കണ്ടാൽ മതി. യേശു എന്നെ സ്നേഹിച്ചാൽ മതി. യേശുവിന്റെ സ്നേഹം എനിക്ക് അനുഭവിച്ചാൽ മതി. ആ സ്നേഹത്തിൽ എനിക്കു വളർന്നാൽ മതി. യേശുവിന്റെ സ്നേഹത്തിൽ എനിക്കു സ്തുതിച്ചാൽ മതി.

# ഒൻപത്

*“അതിന് ഏലി: സമാധാനത്തോടെ പോയ്ക്കൊൾക; യിസ്രായേലിന്റെ ദൈവത്തോടു നീ കഴിച്ച അപേക്ഷ അവൻ നിനക്കു നല്കുമാറാകട്ടെ എന്ന് ഉത്തരം പറഞ്ഞു. അടിയനു തൃക്കണ്ണിൽ കൃപ ലഭിക്കുമാറാകട്ടെ എന്നു പറഞ്ഞ് സ്ത്രീ തന്റെ വഴിക്കു പോയി ഭക്ഷണം കഴിച്ചു; അവളുടെ മുഖം പിന്നെ വാടിയതുമില്ല”* *1 ശമൂവേൽ 1 : 17–18*

അവളുടെ മുഖം പിന്നെ വാടിയതുമില്ല. വാടിയ മുഖത്തോടെയാണ് അവൾ അന്ന് ദേവാലയത്തിലേക്കു വന്നത്. ക്ഷീണിതമായ മനസ്സോടെ, തളർന്നുപോയ ശരീരത്തോടെ, എല്ലാവിധത്തിലും മ്ലാനതയുള്ള മുഖത്തോടെ അവൾ വന്നു. അതിദു:ഖത്തോടെ ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടാണ് അവൾ ആലയത്തിൽ നിന്നത്. കരയുന്നതുകൊണ്ട് അവളുടെ വാക്കുകൾ പുറത്തു വരാൻ പ്രയാസമായിരുന്നു. അസഹ്യമായ മനോദു:ഖം കൊണ്ട് മനസ്സു ക്ലേശിച്ച് അവൾ വിഷമിച്ചു വരികയായിരുന്നു. അവളുടെ വീട്ടിൽ അവളുടെ ഭർത്താവിന്റെ മറ്റൊരു ഭാര്യകൂടി ഉണ്ടായിരുന്നു.

*“എല്ക്കാനയ്ക്ക് രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു; ഒരുത്തിക്ക് ഹന്നാ എന്നും മറ്റവൾക്ക് പെനിന്നാ എന്നും പേർ; പെനിന്നായ്ക്ക് മക്കൾ ഉണ്ടായിരുന്നു; ഹന്നായ്ക്കോ മക്കൾ ഇല്ലായിരുന്നു.”*

*1 ശമൂവേൽ 1 :2*

എല്ക്കാനാ എന്ന നല്ല മനുഷ്യൻ, അദ്ദേഹത്തിന്റെ രണ്ടു ഭാര്യമാർ. അക്കാലത്ത് ഒന്നിലേറെ ഭാര്യമാരെ വിവാഹം കഴിക്കുന്നതിൽ തെറ്റുള്ളതായിട്ട് നാം കാണുന്നില്ല. ഇന്നങ്ങനെയല്ല. കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ തിരുഅവതാരം ചെയ്തതിനു ശേഷം വളരെ വ്യക്തമായ ചില കല്പനകൾ കർത്താവ് നമുക്ക് തന്നിട്ടുണ്ട്. പോകാനുള്ള വ്യക്തമായ വഴികൾ കർത്താവ് കാണിച്ചു തന്നിട്ടുണ്ട്.

പഴയനിയമകാലത്ത് മനുഷ്യർക്കു ദ്വിഭാര്യാത്വം ഉണ്ടായിരുന്നു. എല്ക്കാനയുടെ ഭാര്യമാരായിരുന്നു ഹന്നയും പെനിന്നയും. പെനിന്നാക്ക് മക്കളുണ്ടായിരുന്നു. എന്നാൽ ഹന്നാ മച്ചിയായിരുന്നു. വലിയൊരു ദുരിതം പിടിച്ച ജീവിതമായിരുന്നു അത്. കാരണം, വൈവാഹിക ജീവിതത്തിൽ ഒരു സന്തോഷവും സംതൃപ്തിയും നിറഞ്ഞു നിൽക്കുന്നത് മക്കളിലാണ്. മക്കൾ ഉണ്ടാകുന്നില്ല! മക്കളില്ലാത്ത ദു:ഖം സഹിക്കണമല്ലോ! അതിലേറെ ദു:ഖം പെനിന്നാ നിരന്തരം ഹന്നായെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു എന്നതായിരുന്നു.

നീ വലിയ പ്രാർത്ഥനയും ഭക്തിയുമായി നടന്നിട്ട് എന്താ കിട്ടിയത്? നിനക്കു കുഞ്ഞുങ്ങൾ ഉണ്ടാകുമോ? മക്കൾ ഉണ്ടാകുമോ? വെറുതെയല്ല നീ മച്ചിയായിപ്പോയത്. നീ പുറമേ കാണിക്കുന്ന ഭക്തിയെല്ലാം വെറും പൂച്ച് മാത്രമാണ്. ഇതെല്ലാം വെറും കാപട്യമാണ്. എന്തേ നിനക്കു മക്കൾ ഉണ്ടാകാത്തത്? പെനിന്നാ അസഹ്യമായി അവളെ വേദനിപ്പിച്ചുകൊണ്ടിരുന്നു.

നാം ജീവിക്കുന്ന സമൂഹത്തിലും ചിലർ ഒരു പക്ഷേ, നമ്മെ കുറ്റപ്പെടുത്തിയെന്നു വരും. ചിലർ നമ്മെ പരിഹസിച്ചു എന്നു വരും. എല്ലാം തികഞ്ഞവരല്ലല്ലോ മനുഷ്യരാരും. എന്തെങ്കിലുമെല്ലാം കുറവുകൾ നമുക്കു കാണും. അത് ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മെ കുറ്റപ്പെടുത്തുന്ന, അതിനെ ചൂണ്ടിക്കാണിച്ച് നമ്മെ അപമാനിക്കുന്ന, അവഹേളിക്കുന്ന ആളുകൾ കാണും. എന്നാൽ ഇതെല്ലാം കാണുന്ന ഒരു ദൈവമുണ്ട്.

ആരെല്ലാം ആക്ഷേപിക്കുമ്പോഴും പരിഹസിക്കുമ്പോഴും തരം താഴ്ത്തുമ്പോഴും നമ്മുടെ ദയനീയ അവസ്ഥയിൽ സഹതപിക്കുന്ന ദൈവം കരുണയുള്ള ദൈവമാണ്.

ഹന്നാ കരഞ്ഞു പ്രാർത്ഥിക്കുന്നുണ്ട്. പക്ഷേ, മക്കളെ കിട്ടുന്നില്ല. എന്തുകൊണ്ടോ, അവൾ മച്ചിയായിത്തീർന്നു. എന്നാൽ ഒരു ദിവസം ഹന്നാ സങ്കടത്തോടുകൂടി ദേവാലയത്തിൽ ചെന്നു. വാതിൽ തുറന്നു കിടക്കുകയാണ്. അവൾ ഒന്നും നോക്കിയില്ല. അന്നത്തെ പുരോഹിതൻ ഏലി അവിടെ ഇരിക്കുന്നുണ്ടായിരുന്നു. പക്ഷേ അവൾ ആരെയും കണ്ടില്ല.

ഒരേയൊരു ചിന്തയോടെ, നിറകണ്ണുകളോടുകൂടി വിതുമ്പിക്കരഞ്ഞുകൊണ്ടാണ് അവൾ വന്നത്. കരച്ചിൽ അമർത്തിപ്പിടിച്ചുകൊണ്ട് അവൾ പ്രാർത്ഥിക്കാൻ തുടങ്ങി. പ്രാർത്ഥനയുടെ ശബ്ദം പുറത്തു വരുന്നില്ല. പ്രാർത്ഥനയുടെ വാക്കുകൾ പുറത്തു വരുന്നില്ല. കാരണം, കരച്ചിൽ ഏങ്ങലടിയായി ഉയർന്നപ്പോൾ വാക്കുകൾ തിരിയുന്നില്ല.

ഇതെല്ലാം കണ്ടുകൊണ്ട് പുരോഹിതൻ ഏലി അവിടെ ഇരിക്കുന്നുണ്ടായിരുന്നു. പുരോഹിതന് തോന്നി ഇവൾ ഒരു പക്ഷേ ലഹരി പിടിച്ച് വന്നതായിരിക്കുമോ? പുരോഹിതനു മനസ്സിലായില്ല. പലപ്പോഴും നമ്മുടെ ജീവിതത്തിലുള്ള വേദനകൾ മറ്റുള്ളവർക്കു മനസ്സിലായി എന്നു വരികയില്ല. എത്ര ആത്മീയ നേതാവാണെങ്കിലും നാം അനുഭവിക്കുന്ന തനതായ ദു:ഖങ്ങൾ മനസ്സിലാകണമെന്നില്ല.

നമ്മുടെ വീട്ടിൽ സ്വന്തം ഭർത്താവുപോലും നമ്മുടെ വേദനകൾ വേണ്ടതുപോലെ മനസ്സിലാക്കി എന്നു വരികയില്ല. സ്വന്തം ഭാര്യ, നമ്മുടെ ഹൃദയത്തിന്റെ ഉള്ളിലുള്ള വിക്ഷോഭങ്ങൾ, നമ്മുടെ പ്രയാസങ്ങൾ ഒരുപക്ഷേ മനസ്സിലാക്കി എന്നു വരികയില്ല. നമ്മുടെ ഹൃദയത്തിന്റെ അന്ത:സംഘർഷങ്ങൾ മറ്റുള്ളവർ മനസ്സിലാക്കി എന്നു വരികയില്ല.

ഏതായാലും ഹന്ന ദേവാലയത്തിൽ ചെന്നു. അവൾ പ്രാർത്ഥിച്ചുകൊണ്ടു നിന്നപ്പോൾ ഏലി വിളിച്ചു പറഞ്ഞു: നിർത്ത്, നിർത്ത്, എത്രനേരം നീ ലഹരി പിടിച്ചുകൊണ്ടിരിക്കും?

*"ഇങ്ങനെ അവൾ യഹോവയുടെ സന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഏലി അവളുടെ വായ് സൂക്ഷിച്ചു നോക്കി. ഹന്നാ ഹൃദയം കൊണ്ട് സംസാരിച്ചതിനാൽ അവളുടെ അധരം അനങ്ങിയ തല്ലാതെ ശബ്ദം കേൾപ്പാനില്ലായിരുന്നു; ആക യാൽ അവൾക്കു ലഹരി പിടിച്ചിരിക്കുന്നു എന്ന് ഏലിക്കു തോന്നിപ്പോയി. ഏലി അവളോട്: നീ എത്രത്തോളം ലഹരി പിടിച്ചിരിക്കും? നിന്റെ വീഞ്ഞ് ഇറങ്ങട്ടെ എന്നു പറഞ്ഞു."*

*1 ശമൂവേൽ 1 : 12 – 14*

പുരോഹിതൻ പറഞ്ഞു: "നീ ലഹരി പിടിച്ച് ഇങ്ങോട്ടുവ ന്നതെന്തിനാണ്? നിന്റെ ലഹരി ഇറങ്ങട്ടെ, എന്നിട്ടു പ്രാർത്ഥി ച്ചാൽ മതി. നീ രാവിലെ സമയത്ത് ലഹരിപിടിച്ച് ദേവാലയത്തി ലേക്ക്, ഈ വിശുദ്ധസ്ഥലത്തേക്ക് വന്നിരിക്കുന്നുവോ? മദ്യപി ച്ചിട്ടാണോ നീ വന്നിരിക്കുന്നത്?"

ഇവൾ എന്തിനാണ് കരയുന്നതെന്നോ അവളുടെ കരച്ചി ലിന്റെ ആഴമെന്താണെന്നോ ഒന്നും അദ്ദേഹത്തിനു മനസ്സിലാ യില്ല.

*"അതിനു ഹന്നാ ഉത്തരം പറഞ്ഞത്: അങ്ങനെയല്ല, യജമാനനേ; ഞാൻ മനോവ്യസനമുള്ളോരു സ്ത്രീ; ഞാൻ വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല; യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പക രുകയത്രേ ചെയ്തത്."* *1 ശമൂവേൽ 1 : 15*

"അങ്ങനെയല്ല യജമാനനേ, എന്നെ ഒരു നീചസ്ത്രീ യായി വിചാരിക്കരുതേ? ഞാൻ മനോവ്യസനമുള്ള ഒരു

സ്ത്രീ. ഹൃദയം തകർന്ന ഒരു പാവം സ്ത്രീ. മനസ്സുലഞ്ഞുപോയ, നിരാശ മുറ്റിയ ഒരു സാധു സ്ത്രീ. എന്റെ ഉള്ളത്തിലുള്ള സങ്കടങ്ങളെല്ലാം ദൈവസന്നിധിയിലേക്ക് ഞാൻ പകരുകയായിരുന്നു. വാക്കുകൾ ഉച്ചരിക്കാൻ കഴിയാത്ത വിധത്തിൽ എനിക്ക് കരച്ചിൽ വന്നുപോയി. യജമാനനേ, ക്ഷമിക്കണം. യഹോവയുടെ സന്നിധിയിൽ എന്റെ ഹൃദയം പകരുകയത്രേ ഞാൻ ചെയ്തത്."

ഏതൊരു മനുഷ്യനും ഏതു പ്രതിസന്ധിയുടെ ഘട്ടം വന്നാലും ദൈവസന്നിധിയിലേക്കു കടന്നു ചെന്ന് ഹൃദയം പകരാം. അതിന് നിങ്ങൾക്കൊരു പ്രാർത്ഥനാമുറിയില്ലെങ്കിലും സാരമില്ല. നിങ്ങൾ എവിടെ നിൽക്കുന്നുവോ അവിടെ നിന്നുകൊണ്ട് വേറാരും അറിയാതെ നിങ്ങളുടെ ഹൃദയം ദൈവസന്നിധിയിലേക്കു പകരാം. ദൈവകരത്തിലേക്കു നിങ്ങളുടെ ഹൃദയം ഒഴിച്ചു കൊടുക്കാം. ഹൃദയത്തിന്റെ ഭാരം ഇറക്കി വയ്ക്കാം.

ഉള്ളിൽ നിറയെ ഭാരങ്ങളുള്ള ആളുകളുണ്ട്. നിങ്ങളിൽ പലരും അങ്ങനെയാണ്. ഒന്നല്ലെങ്കിൽ മറ്റൊന്ന്, ഭാരങ്ങളുടെ വലിയൊരു കൂമ്പാരം! വലിയ ചുമടുകൾ! ഉള്ളത്തിൽ അസഹ്യമായ വേദനകൊണ്ടു വിങ്ങിയാണ് പലരും ജീവിയ്ക്കുന്നത്. ഒരുപക്ഷേ ഏങ്ങലടികൾ പുറത്തു വരാതെവണ്ണം നിങ്ങൾ അമർത്തിപ്പിടിച്ചിരിക്കുന്നുണ്ടാവും. എന്നാൽ ദു:ഖം തളംകെട്ടിയ മനസ്സുമായി വന്നിരിക്കുന്ന അനേകമനേകം ആളുകളുണ്ട്.

സഹോദരങ്ങളേ, ഹൃദയം പകരുക. എവിടെയിരുന്നാണെങ്കിലും എവിടെ നിന്നാണെങ്കിലും ദൈവത്തിന്റെ സന്നിധിയിലേക്ക് ഹൃദയം പകരുക. നിങ്ങളുടെ ഹൃദയത്തിന്റെ അവസ്ഥ കാണുന്ന ഒരു ദൈവം ജീവിക്കുന്നു. നിങ്ങളുടെ മനോവിഷാദങ്ങൾ കാണുന്ന, ഭാരങ്ങൾ കാണുന്ന ഒരു ദൈവം ജീവിക്കുന്നു. കാണുക മാത്രമല്ല, അതിന്റെ പരിഹാരം ദൈവത്തിന്റെ

പക്കലുണ്ട്.

മറ്റുള്ളവരുടെ മുമ്പിൽ പറഞ്ഞാലൊന്നും അതിന് പരിഹാരം കിട്ടുകയില്ല. പക്ഷേ, ദൈവസന്നിധിയിൽ പറഞ്ഞാൽ പരിഹാരം കിട്ടും. എത്ര കൊടിയ പ്രശ്നമാണെങ്കിലും ദൈവത്തിന്റെ സന്നിധിയിൽ നമ്മുടെ ഹൃദയം പകർന്നാൽ നമുക്കു പരിഹാരം കിട്ടും. അത് നാം അനുഭവിക്കേണ്ടതാണ്, ചോദിച്ചു വാങ്ങേണ്ടതാണ്.

അവളുടെ മുഖം പിന്നെ വാടിയതുമില്ല എന്നാണ് നാം പിന്നീടു വായിക്കുന്നത്. ഹന്നാ പ്രാർത്ഥിച്ചപ്പോൾ ഹൃദയത്തിലുള്ള ദു:ഖം മുഴുവൻ മുഖത്ത് പ്രതിബിംബിക്കുന്നു. മുഖം വാടിയാണ് വന്നത്. പ്രാർത്ഥിച്ചു തുടങ്ങിയത് മുഖം വാടിയാണ്. പക്ഷേ, എഴുന്നേറ്റപ്പോൾ അവളുടെ മുഖത്തിന്റെ വാട്ടം മാറി.

നിങ്ങൾക്കും ഇതനുഭവിക്കാവുന്ന കാര്യമാണ്. അതിന് വലിയ വിദ്യാഭ്യാസമോ,. അക്ഷരാഭ്യാസമോ വേണമെന്നില്ല. നിങ്ങൾക്ക് ദു:ഖമുണ്ടല്ലോ; പ്രശ്നമുണ്ടല്ലോ; അഴിക്കാൻ നോക്കിയിട്ട് അഴിയാത്ത ചില കുരുക്കുകൾ ഉണ്ടല്ലോ. നിങ്ങൾ നോക്കിയിട്ട് പരിഹരിക്കാൻ പറ്റാത്ത ചില പ്രശ്നങ്ങളുണ്ടല്ലോ. ക്രിസ്തുവിന്റെ അരികിലേക്കു വരിക. ക്രിസ്റ്റ്യൻ റിവൈവൽ ഫെല്ലോഷിപ്പിലേക്ക് വരാൻ പോലും ഞാൻ പറയുന്നില്ല. അതുകൊണ്ട് നിങ്ങൾ രക്ഷപ്പെടണമെന്നില്ല.

കൂട്ടായ്മയിൽ വരുന്ന എത്രയോ ആളുകളുണ്ട്? അവരെല്ലാവരും രക്ഷപ്പെടുന്നില്ലല്ലോ. അവർക്കെല്ലാവർക്കും ജീവന്റെ പുസ്തകത്തിൽ പേരു കിട്ടിയിട്ടില്ലല്ലോ. അവരിൽ ചിലരുടെ പേര് ജീവന്റെ പുസ്തകത്തിൽ നിന്ന് മാഞ്ഞുപോയിരിക്കയാണ്. ജീവന്റെ പുസ്തകത്തിൽ പേരുണ്ടായിരുന്നു പക്ഷേ, മാഞ്ഞുപോയി. ഇതൊന്നും തിരിച്ചറിയാതെ മൂഢവിശ്വാസത്തിനടിമപ്പെട്ട് പലരും കഴിയുകയാണ്.

ഹന്നാ അവളുടെ ഹൃദയം പകർന്നു. നിങ്ങൾക്കും ഹൃദയം

പകരാൻ പറ്റിയ സമയമാണിത്. കർത്താവ് നമ്മുടെ അരികത്തേക്കിറങ്ങി വന്നിരിക്കുന്ന സമയം! യേശു നിങ്ങളുടെ അരികത്തേക്ക് ചേർന്നു നിൽക്കുന്ന സമയം! ഒന്നിനും അർഹതയില്ല എന്ന് നിങ്ങൾക്ക് ഉള്ളത്തിലറിയാം. നിങ്ങൾ ആര് എന്നു കർത്താവ് നോക്കുന്നില്ല. നിങ്ങളുടെ യോഗ്യതകൾ ഒന്നും കർത്താവ് നോക്കുന്നില്ല. കർത്താവിന്റെ മോഹനസൃഷ്ടിയാണ് നിങ്ങൾ. യേശുക്രിസ്തുവിന്റെ പ്രിയജനമാണ്.

> *"നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു. മുമ്പേ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ."* *1 പത്രൊസ് 2 : 9, 10*

നാം അകന്നു നിൽക്കേണ്ടവരല്ല. നാം ദൂരെ ദൂരെ മാറി നിൽക്കേണ്ടവരല്ല. നാം ചേർന്നു വരേണ്ടവരാണ്, സ്വന്തജനമാണ്.

കരുണ ലഭിച്ചതുകൊണ്ടാണ് നിങ്ങൾക്ക് ഈ വചനം വായിക്കാൻ ഇടയായത്. ദൈവത്തിന്റെ കരുണയാണത്. നിങ്ങൾക്ക് കാണാൻ കാഴ്ചയുണ്ടല്ലോ. യാത്ര ചെയ്തുവരുവാൻ സാഹചര്യം കിട്ടിയല്ലോ! പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഹൃദയം സ്പന്ദിക്കുന്നുണ്ടല്ലോ. നിങ്ങളുടെ ബുദ്ധി ഇന്നു പ്രവർത്തിക്കുന്നുണ്ടല്ലോ. എല്ലാം ദൈവത്തിന്റെ കരുണയാണ്.

മുമ്പേ നിങ്ങൾ കരുണലഭിക്കാത്തവർ, ഇപ്പോഴോ കരുണ ലഭിച്ചവർ തന്നെ. അങ്ങനെ കരുണ ലഭിക്കാത്തവരായ നാം കരുണലഭിച്ചവരായി വന്നിരിക്കയാണ്. ദൈവിക സാന്നിദ്ധ്യം കിട്ടിയിരിക്കയാണ്. ഈ സമയത്ത് നിങ്ങൾക്ക് ഹൃദയം

കർത്താവിന്റെ സന്നിധിയിലേക്കു പകർന്ന് ഉള്ളു തുറന്നു പ്രാർത്ഥിക്കാം. കർത്താവേ, ഞാൻ ഭാരമേറിയ ചില ചുമടുകളും പേറിയാണ് വന്നിരിക്കുന്നത്.

ഞാൻ പലതരത്തിലുള്ള പ്രശ്നങ്ങളിൽ പെട്ട് നീറി പുകയുകയാണ്. കർത്താവേ, എന്റെ മനസ്സിനു സ്വസ്ഥതയില്ല. എന്റെ കുടുംബത്തിൽ ഒരു സമാധാനം കിട്ടിയിട്ടില്ല. കുടുംബത്തിൽ ഇന്നും അലോഹ്യങ്ങളുണ്ട്, അസ്വാരസ്യങ്ങളുണ്ട്, അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഇന്നും ചില പ്രയാസങ്ങളുണ്ട്. കർത്താവേ, ഞാൻ ഒന്നും പറയാതെതന്നെ നിനക്കെല്ലാമറിയാമല്ലോ.

എന്റെ മനസ്സിന്റെ ആന്തരിക സംഘട്ടനം നീ ഒന്നു കാണണമേ. എന്റെ ഹൃദയത്തിനകത്ത് ദു:ഖമാണ്. കർത്താവേ, ഞാൻ പലതിലും തോറ്റുപോകുന്നു. ഞാൻ പല തീരുമാനങ്ങളെടുക്കുന്നു. പക്ഷേ പാലിക്കാൻ സാധിക്കുന്നില്ല. ഞാൻ വീണുപോകുന്നു, തളർന്നു പോകുന്നു. കർത്താവേ, ഇതിനൊരു പരിഹാരമില്ലയോ? ഭാരമേറിയ ചുമടുംപേറി ഞാൻ വരികയാണ്.

നമുക്കു പലർക്കും ഭൗതികമായ കാര്യങ്ങളുണ്ട്. ആത്മീയമായ കാര്യങ്ങളുണ്ട്. പക്ഷേ, ഹന്നായ്ക്ക് ആത്മീയമായ കാര്യങ്ങൾ ഉണ്ടായിരുന്നില്ല. അവൾ ദൈവഭക്തയായിരുന്നു. അവൾ പാപം വരാതെ തന്നെത്തന്നെ സൂക്ഷിച്ചിരുന്നു. പെനിന്നാ അവളെ അധിക്ഷേപിക്കുമ്പോഴും രൂക്ഷമായി വിമർശിക്കുമ്പോഴും അവൾക്ക് അല്പം പോലും നിരാശ വന്നിട്ടില്ല.

അവൾക്ക് ഒരേ ഒരു കാര്യം മാത്രം: ഞാൻ നിന്ദിക്കപ്പെട്ടവളാണ്. കർത്താവേ, ആ നിന്ദ മാറ്റുവാൻ നിനക്കു മാത്രമേ കഴിയൂ. ഞാൻ നിന്ദ വഹിക്കുകയാണ്, അപമാനം വഹിക്കുകയാണ്. ആക്ഷേപവും പരിഹാസവും ഞാൻ സന്തോഷത്തോടെ ഏല്ക്കുകയാണ്. എന്നാൽ കർത്താവേ, നീ എനിക്ക് ഒരു കുഞ്ഞിനെത്തരണം.

അവൾ ഇങ്ങനെ പറഞ്ഞപ്പോൾ ഏലി പറഞ്ഞു:

അതിനു ഏലി: “സമാധാനത്തോടെ പോയ്ക്കൊൾക; യിസ്രായേലിന്റെ ദൈവത്തോടു നീ കഴിച്ച അപേക്ഷ അവൻ നിനക്കു നല്കുമാറാകട്ടെ എന്ന് ഉത്തരം പറഞ്ഞു.”

പുരോഹിതന് ആദ്യം മനസ്സിലായില്ലെങ്കിലും ഭാഗ്യവശാൽ പിന്നീട് കാര്യം മനസ്സിലായി. ആദ്യം അദ്ദേഹം തെറ്റിദ്ധരിച്ചു. ഇവൾ ലഹരി പിടിച്ചാണ് വന്നതെന്നു വിചാരിച്ചു. പക്ഷേ, അവൾ വളരെ എളിമയോടുകൂടി പറഞ്ഞ വാക്കുകൾ പുരോഹിതന്റെ ഹൃദയത്തെ തൊട്ടു. അദ്ദേഹം പറയുകയാണ്: “മകളേ, നീ യഹോവയുടെ സന്നിധിയിൽ കഴിച്ച അപേക്ഷ ദൈവം നിനക്കു നൽകുമാറാകട്ടെ.” പുരോഹിതൻ അനുഗ്രഹിച്ചു പറഞ്ഞു വിടുകയാണ്: നിന്റെ ആഗ്രഹം സാധിക്കുമാറാകട്ടെ.

*“അടിയനു തൃക്കണ്ണിൽ കൃപ ലഭിക്കുമാറാകട്ടെ എന്നു പറഞ്ഞു സ്ത്രീ തന്റെ വഴിക്കു പോയി ഭക്ഷണം കഴിച്ചു; അവളുടെ മുഖം പിന്നെ വാടിയതുമില്ല.”* *1 ശമുവേൽ 1 : 18*

അവളുടെ മുഖം പിന്നെ വാടിയതുമില്ല. മുഖത്തിന്റെ വാട്ടം മാറി. പ്രിയപ്പെട്ട സഹോദരീ സഹോദരങ്ങളേ, നിങ്ങൾ ഇന്ന് മുഖവാട്ടം മാറിയവരായി പോകണം. ഹന്നായ്ക്ക് വാടിയ മുഖം മാറി, പ്രസന്നമായ മുഖം ലഭിച്ചു. ആ ഒരു ഭാഗ്യം നിങ്ങൾ അനുഭവിക്കണം.

ഞാൻ മുഖം വാടിയവനായിരുന്നു. മുഖം മ്ലാനമായിരുന്നു. ഒരു വയസ്സിൽ അപ്പൻ മരിച്ചുപോയതിനുശേഷം മുഖം വാടിയവനായി ഞാൻ ജീവിച്ചു. എനിക്ക് സമാധാനമുണ്ടായിരുന്നില്ല. ഭാഗ്യവശാൽ അന്ന് പറയത്തക്ക പ്രയാസങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. അമ്മ എല്ലാം നോക്കിയിരുന്നു. അപ്പന്റെ സഹോദരന്മാരും എല്ലാകാര്യങ്ങളിലും സഹായിച്ചിരുന്നു,

സഹകരിച്ചിരുന്നു. എന്നാൽ എന്റെ മുഖത്തിന്റെ വാട്ടം മാറിയിരുന്നില്ല. പലതിലും എനിക്ക് അപകർഷതാബോധമായിരുന്നു.

ആഹാരത്തിന് മാർഗ്ഗമുണ്ട്, ശരിയാണ്. വേറെ കുഴപ്പങ്ങളൊന്നുമില്ല. പൈസക്ക് ഇത്തിരി ഞെരുക്കമുണ്ട്. എങ്കിലും കാര്യങ്ങൾ നടന്നിരുന്നു. തൊട്ടടുത്ത വീട്ടിലെ കൊച്ചപ്പനാണ് എനിക്ക് ഫീസ് കൊടുക്കാനുള്ള പൈസ തന്നിരുന്നത്. വാടിയ മുഖത്തോടെ ഞാൻ ക്ലാസ്സിൽ പഠിക്കാൻ പോയി. വാടിയ മുഖത്തോടെ ഞാൻ യാത്ര ചെയ്തു. അന്ന് ഈ വീട് ഉറങ്ങിപ്പോയി എന്നു പറഞ്ഞ് അമ്മ കരയാറുണ്ട്.

ഞാൻ എന്തിനാണ് പിന്നെയും പിന്നെയും ഇതു പറയുന്നത്. എന്റെ പ്രിയപ്പെട്ടവരേ, നിങ്ങളുടെ പലരുടേയും ജീവിതത്തിന്റെ അനുഭവമാണിത്. വീടുറങ്ങിപ്പോയി. സന്തോഷങ്ങളില്ല, ചിരിയില്ല. വലിയ വർത്തമാനമില്ല. ഏതാണ്ടൊരു മൂകത.

കൃഷിപ്പണിയുള്ളതുകൊണ്ട് വേലക്കാർ വരുമ്പോൾ അവരോട് സംസാരിക്കും. അതും പറയേണ്ട വാക്കുകൾ മാത്രം പറയും. അങ്ങനെ ജീവിതം വിരസമായിരുന്നു. എന്നാൽ യേശുക്രിസ്തു എന്റെ ഹൃദയത്തിന്റെ അധിപനായി വന്നപ്പോൾ, യേശു എന്റെ കാര്യങ്ങൾ ഏറ്റെടുത്തപ്പോൾ എന്റെ മുഖത്തിന്റെ വാട്ടം മാറി.

യേശുക്രിസ്തു ഒരു സജീവ യാഥാർത്ഥ്യമാണ്. നാം ഇവിടെയിരിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്ന ഒരു യേശു. നിങ്ങൾ ഓരോരുത്തരും ഇരിക്കുന്നിടത്ത് നിങ്ങളുടെ അരികിലേക്കു വരുന്ന യേശു. യേശുവിനു നിങ്ങളോട് സ്നേഹമാണ്. യേശുവിന് നിങ്ങളെക്കുറിച്ച് കരുതലാണ്. നിങ്ങളുടെ കാര്യം യേശു നോക്കിക്കൊള്ളും, വിശ്വസിക്കുക.

I will give you rest! ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും! ഞാൻ നിങ്ങൾക്ക് വിശ്രമം തരും!

തൃക്കണ്ണിൽ കൃപ ലഭിക്കുമാറാകട്ടെ എന്നുപറഞ്ഞ് സ്ത്രീ

തന്റെ വഴിക്കു പോയി ഭക്ഷണം കഴിച്ചു. ഉപവാസമായിരുന്നു. ആഹാരം കഴിക്കാതെ പ്രാർത്ഥനയായിരുന്നു. അന്ന് ജലപാന മില്ലാതെ വലഞ്ഞു വിഷമിച്ച് അവൾ ദേവാലയത്തിലേക്കു വന്നു. പിന്നീട് അവളുടെ മുഖം വാടിയില്ല. അവൾ പോയി ഭക്ഷണം കഴിച്ചു. അതുകഴിഞ്ഞ് നാം വായിക്കുന്നത്, യഹോവ അവളെ ഓർത്തു എന്നാണ്.

> *"അനന്തരം അവർ അതികാലത്ത് എഴുന്നേറ്റ് യഹോവയുടെ സന്നിധിയിൽ നമസ്കരിച്ചശേഷം രാമയിൽ തങ്ങളുടെ വീട്ടിലേക്കു പോയി. എന്നാൽ എല്ക്കാനാ തന്റെ ഭാര്യയായ ഹന്നായെ പരിഗ്രഹിച്ചു; യഹോവ അവളെ ഓർത്തു."*
>
> *1 ശമൂവേൽ 1 : 19*

അവൾ ആലയത്തിൽ ചെന്നതും പ്രാർത്ഥിച്ചതും കർത്താവ് കണ്ടിരുന്നു. യഹോവ അവളെ ഓർത്തു.

നമ്മെ ഓർക്കുന്ന ഒരു ദൈവം! "ഞാനോ എളിയവനും ദരിദ്രനും ആകുന്നു. എങ്കിലും കർത്താവ് എന്നെ വിചാരിക്കു ന്നു." സങ്കീർത്തനം 40 : 17. യഹോവ എന്നെ ഓർക്കുന്നു. ഞാൻ അവന്റെ സന്നിധിയിൽ കഴിച്ച ചില പ്രാർത്ഥനകൾ അവൻ ഓർത്തു.

പ്രിയപ്പെട്ടവരേ, നാം ക്രിസ്തുവിന്റെ സന്നിധിയിൽ ചെന്ന് അപേക്ഷിച്ച ചില അപേക്ഷകൾ കർത്താവ് ഓർത്തുവച്ചിട്ടുണ്ട്. കർത്താവ് മറന്നു പോകുന്നില്ല. നാം കർത്താവിനോടു പറഞ്ഞ ചില വാക്കുകൾ നാം മറന്നുപോയി. നാം ചില പ്രതിഷ്ഠകൾ എടുത്തു, അതും നാം മറന്നുപോയി. ദൈവസന്നിധിയിൽ ചില തീരുമാനങ്ങളെടുത്തു, അതും നാം മറന്നുപോയി. എന്നാൽ എന്നെ ഓർത്തുകൊണ്ടിരിക്കുന്ന ദൈവം ഒന്നും മറക്കുന്നില്ല. യഹോവ അവളെ ഓർത്തു.

ഇന്ന് ഇപ്പോൾ തന്നെ നിങ്ങൾക്ക് വ്യക്തമായ ഒരു തീരു

മാനമെടുക്കാം. എന്റെ കർത്താവേ, എന്നെ സ്നേഹിക്കുന്ന എന്റെ യേശുവേ, ഇപ്പോൾ നീ എന്റെ അരികത്തു വന്നു നിൽക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. കരുണയുള്ള കർത്താവേ, തൃക്കരം എന്റെ നേരെ ഒന്നു നീട്ടണമേ. ആ ആണിപ്പാടുള്ള കരം ഞാനൊന്ന് ചുംബിച്ചുകൊള്ളട്ടെ.

എന്റെ കർത്താവേ, എന്റെ ഈ അശുദ്ധമായ അധരങ്ങൾകൊണ്ട്, എനിക്ക് അർഹത ഇല്ല എങ്കിലും നിന്റെ സ്നേഹത്തെ ഓർത്ത്, നിന്റെ കാരുണ്യത്തെ ഓർത്ത് ഞാൻ തൃക്കരം ഒന്നു ചുംബിച്ചുകൊള്ളട്ടെ. എന്റെ നാഥാ, ഞാൻ മുത്തുമ്പോൾ നിന്റെ തൃക്കൈകളിലുള്ള തിരുരക്തം ഒരു തുള്ളി എന്റെ മേൽ വന്നു വീണാൽ മതി, ഞാൻ പൂർണ്ണമായും ശുദ്ധനാകും. എന്റെ പാപങ്ങളെല്ലാം നീ തിരുരക്തത്താൽ മായിച്ചുകളയും എന്നു ഞാൻ വിശ്വസിക്കുന്നു.

എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, ഇപ്പോൾ ഞാനിതാ നിന്റെ അരികിലേക്ക് വന്നിരിക്കുകയാണ്. എന്റെ പാപങ്ങൾ ഓർക്കരുതേ. എന്റെ പാപങ്ങളെല്ലാം ക്ഷമിക്കണമേ. അകൃത്യങ്ങൾ കണക്കിടരുതേ. ഓർമ്മയുടെ പുസ്തകത്തിൽനിന്ന് എല്ലാം മായിച്ചു കളയണമേ. എല്ലാ പാപങ്ങളുടേയും കടച്ചീട്ട് കീറിക്കളഞ്ഞ് എനിക്കു മോചനം തരണമേ.

# പത്ത്

എല്ക്കാനാ തന്റെ ഭാര്യയായ ഹന്നായെ പരിഗ്രഹിച്ചു. യഹോവ അവളെ ഓർത്തു. ഒരാണ്ടു കഴിഞ്ഞിട്ട് ഹന്നാ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിച്ചു.

മച്ചിയായവൾ, കുഞ്ഞുണ്ടാകയില്ലെന്നു തീർച്ചപ്പെടുത്തിയിരുന്നവൾ ഒരു കുഞ്ഞിനെ പ്രസവിച്ചു. "ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചുവാങ്ങി എന്നു പറഞ്ഞ് അവന് ശമൂവേൽ എന്നു പേരിട്ടു." 1ശമുവേൽ 1 : 20.

യഹോവയോട് അപേക്ഷിച്ചു വാങ്ങി. നിങ്ങൾ അനേകർ ദൈവത്തോട് അപേക്ഷിച്ചു വാങ്ങേണ്ടവരാണ്. നിങ്ങൾക്കുള്ള ജോലി ദൈവത്തിന്റെ കൈയിലുണ്ട്, നിങ്ങൾ പിടിച്ചു വാങ്ങണം. നിങ്ങളുടെ കടം മാറ്റുന്ന ഭാഗ്യാനുഭവം ദൈവത്തിന്റെ കൈയിലുണ്ട്, അതു നിങ്ങൾ ചോദിച്ചു വാങ്ങണം. അപേക്ഷിച്ചു വാങ്ങണം.

നിങ്ങൾക്കൊരു വീടു വേണം. അതു ദൈവം കരുതിയിട്ടുണ്ട്, നിങ്ങൾ ചോദിച്ചു വാങ്ങണം. നിങ്ങൾക്ക് ഭാര്യയെ ദൈവം കരുതിയിട്ടുണ്ട്, അവളെ നിങ്ങൾക്കു വിവാഹം കഴിക്കാനായിട്ട് ദൈവത്തോട് ചോദിച്ചു വാങ്ങണം. നിങ്ങൾക്കൊരു കുഞ്ഞിനെ ദൈവം കരുതിയിട്ടുണ്ട്, അത് ദൈവത്തോട് ചോദിച്ചു വാങ്ങണം.

"ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞ് അവന് ശമൂവേൽ എന്നു പേരിട്ടു." മുഖം പ്രസന്നമാണ്. വാട്ടം മാറി, സന്തോഷമായി. ആ വീട്ടിൽ ചിരിയു

ണ്ടായി. ആ വീട്ടിൽ സന്തോഷത്തിമിർപ്പുണ്ടായി. ആഘോഷ മായി. ആരവാരമായി. എല്ക്കാനയുടെ വീട് സന്തോഷ ത്തിന്റെ സമൃദ്ധിയുടെ വീടായി മാറി. അവിടെ ഹന്നാ ആനന്ദ ത്തോടെ ദൈവത്തെ സ്തുതിക്കുകയാണ്.

> *"ഈ ബാലനായിട്ടു ഞാൻ പ്രാർത്ഥിച്ചു; ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്കു നല്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ അവനെ യഹോവയ്ക്കു നിവേദിച്ചിരിക്കുന്നു; അവൻ ജീവപര്യന്തം യഹോവയ്ക്കു നിവേദിത നായിരിക്കും. അവർ അവിടെ യഹോവയെ നമ സ്ക്കരിച്ചു."* *1 ശമൂവേൽ 1: 27, 28*

ഹന്നാ ഈ ശിശുവിനെ എടുത്തുകൊണ്ട് പുരോഹി തന്റെ അടുക്കലേക്കു ചെന്നു. പുരോഹിതൻ അവളുടെ മുഖ ത്തേക്ക് അത്ഭുതത്തോടെ നോക്കി. പണ്ടത്തെ ഹന്നാ അല്ല, അവളുടെ മുഖം തെളിഞ്ഞിരിക്കുന്നു. മുഖം പ്രസന്നമായിരി ക്കുന്നു. പുരോഹിതന് സന്തോഷമായി. അവൾ പറഞ്ഞു: യജ മാനനേ, ഞാൻ യഹോവയോടു കഴിച്ച അപേക്ഷ യഹോവ എനിക്ക് നൽകിയിരിക്കുന്നു. ഈ ബാലനായിട്ടാണ് ഞാൻ പ്രാർത്ഥിച്ചത്. ഇങ്ങനെ ഒരു ബാലനെ കിട്ടാനാണ് ഞാൻ പ്രാർത്ഥിച്ചത്. യഹോവ എനിക്കു നൽകിയിരിക്കുന്നു. അതു കൊണ്ട് ഞാൻ അവനെ യഹോവയ്ക്ക് നിവേദിച്ചിരിക്കുന്നു. ദൈവത്തിനായി ഞാൻ അർപ്പണം ചെയ്തിരിക്കുന്നു. ദൈവ ത്തിനായി ഞാൻ വേർതിരിച്ചിരിക്കുന്നു.

ഞാൻ അവനെ യഹോവയോട് അപേക്ഷിച്ചുവാങ്ങി. ഞാൻ അവനെ യഹോവയ്ക്ക് കൊടുക്കുകയാണ്. എന്റെയാ യിട്ടു ഞാൻ വളർത്തുകയില്ല. ഈ കുഞ്ഞിനെ ഞാൻ യഹോ വയുടെ പൈതലായിട്ടു വളർത്തും.

മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണിത്. ഓരോ മാതാവും പിതാവും ചിന്തിക്കണം: എന്റെ കുഞ്ഞിനെ ഞാൻ

ദൈവത്തിനായിട്ട് വളർത്തുന്നുണ്ടോ? ദൈവവശത്തേക്കു തിരിയുന്നതിന് ഞാൻ പ്രാർത്ഥിക്കുന്നുണ്ടോ? എന്റെ കുഞ്ഞ് പരീക്ഷ പാസ്സാകുവാൻ ഞാൻ ആഗ്രഹിക്കുന്നുണ്ട്, പ്രാർത്ഥിക്കുന്നുണ്ട്. ഉയർന്ന ഡിഗ്രി പാസ്സാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നുണ്ട്, പ്രാർത്ഥിക്കുന്നുണ്ട്. നല്ല ഉദ്യോഗം കിട്ടണമെന്ന് ആഗ്രഹിക്കുന്നുണ്ട്, പ്രാർത്ഥിക്കുന്നുണ്ട്.

എന്റെ കുഞ്ഞ് ദൈവത്തിന്റെ ഒരു നിവേദിതനായിരിക്കണമെന്ന് നിങ്ങൾ പ്രാർത്ഥിക്കുന്നുണ്ടോ? ദൈവത്തിന്റെ സ്വന്തമായിത്തീരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എന്റെ അവകാശങ്ങളെല്ലാം ഞാൻ ഈ കുഞ്ഞിൽ നിന്നു വിട്ടിരിക്കുന്നു. എല്ലാം ഞാൻ യഹോവയ്ക്കു കൊടുത്തിരിക്കുന്നു. ദൈവത്തിനുവേണ്ടി devote ചെയ്തിരിക്കുന്നു. ഇവനെ ക്രിസ്തുവിനുവേണ്ടി നിവേദിച്ചിരിക്കുന്നു. ഇവനെ ഞാൻ അർപ്പണം ചെയ്തിരിക്കുന്നു. ഇങ്ങനെ സമർപ്പിക്കുന്നുണ്ടോ?

പ്രിയപ്പെട്ടവരേ, കുഞ്ഞുങ്ങളെ വളർത്തുമ്പോൾ നാം ശ്രദ്ധിക്കണം. അവരുടെ തെറ്റു കാണുമ്പോൾ നാം അവരെ സ്നേഹത്തോടെ ശാസിക്കണം. സ്നേഹത്തോടെ ഉപദേശിക്കണം.

അപ്പനെ നിന്ദിക്കുന്നവരുണ്ട്, പരിഹസിക്കുന്നവരുണ്ട്. അമ്മയെ പുച്ഛിക്കുന്നവരുണ്ട്. അമ്മയുടെ ഭക്തിയെ കളിയാക്കുന്നവരുണ്ട്. അപ്പന്റെ ഭക്തിജീവിതത്തെ ഒരു പോരായ്മയായിട്ട് കാണുന്നവരുണ്ട്. ഇതെല്ലാം ശാപകരമായ കാര്യങ്ങളാണ്. നിങ്ങളുടെ തലമേൽ ഭയങ്കരങ്ങളായ ശാപങ്ങൾ വരുമെന്ന് അറിഞ്ഞുകൊള്ളുക. മാതാപിതാക്കളെ നിങ്ങൾ ബഹുമാനിച്ചു കൊള്ളുക, ആദരിച്ചുകൊള്ളുക.

ദൈവം കഴിഞ്ഞാൽ മാതാപിതാക്കളെ നിങ്ങൾ ഏറ്റവും അധികം ആദരിക്കുകയും പൂജിക്കുകയും ചെയ്യേണ്ടതാണ്. അവരെ വിനയപൂർവ്വം നിങ്ങൾ അനുസരിക്കണം. ഒരു പക്ഷേ നിങ്ങളുടെ അത്രയും വിദ്യാഭ്യാസം അവർക്കില്ലായിരിക്കും.

നിങ്ങളുടെ അത്രയും കഴിവില്ലായിരിക്കും. നിങ്ങൾക്കുള്ള ലോകപരിചയം അപ്പനും അമ്മയ്ക്കും ഉണ്ടായി എന്നു വരികയില്ല. പക്ഷേ, ഏതെല്ലാം തരത്തിൽ കുറവുള്ളവരാണെങ്കിലും അപ്പനെയും അമ്മയെയും ആദരിച്ചുകൊള്ളുക, ബഹുമാനിച്ചു കൊള്ളുക, അനുസരിച്ചുകൊള്ളുക.

> *“അപ്പനെ പരിഹസിക്കയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകിൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും.” സദൃശവാക്യങ്ങൾ 30 : 17*

ഏതാണ് ഈ കഴുകിൻ കുഞ്ഞുങ്ങൾ? തോട്ടരികത്തെ കാക്ക ഏതാണ്? അതെല്ലാം ദുരാത്മാക്കളാണ്. ഈ അന്തരീക്ഷത്തിൽ നിറയെ ദുഷ്ടാത്മാക്കളുണ്ട്. നാമിതൊന്നും അറിയുന്നില്ല. ഈ ദുരാത്മാക്കൾ നമ്മെ കെണിയിലാക്കുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ മനസ്സ് അലസമായിരിക്കുമ്പോഴും ദുഷ്ടാത്മാക്കൾ വളരെ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെയാണ് ഇവനെ വിഴുങ്ങേണ്ടത്? എങ്ങനെയാണിവനെ നശിപ്പിക്കേണ്ടത് എന്ന് ചിന്തിച്ചു കൊണ്ടിരിക്കുന്നു.

കുഞ്ഞുങ്ങൾ വളർന്നു വരുമ്പോൾ പിശാചുക്കൾ വട്ടം കൂടും. ആ കുഞ്ഞിനെ തട്ടിയെടുത്താൽ അവരെ നശിപ്പിക്കുന്നതിൽക്കൂടെ അപ്പനെയും അമ്മയെയും നിരാശയിലാക്കാം, ദു:ഖത്തിലാക്കാം. അപ്പോൾ അപ്പനെയും അമ്മയെയും പിടികൂടാമല്ലോ എന്നാണ് പിശാച് കാണുന്നത്. അപ്പനും അമ്മയും ഉറച്ചു നിൽക്കണ്ടതാണ്. ധൈര്യത്തോടെ നിൽക്കേണ്ടതാണ്. ഒട്ടും അധൈര്യം വേണ്ട. ഒട്ടും ഭയപ്പെടേണ്ട.

മക്കൾ കർത്താവിനെ വേണ്ടാ എന്നു വയ്ക്കുകയാണെങ്കിൽ നിങ്ങൾ മക്കളെ കർക്കശമായി ശാസിക്കണം. നല്ല ശിക്ഷണം കൊടുക്കാൻ നിങ്ങൾ മടിക്കരുത്. മക്കളെ കൂട്ടത്തല്ലുതല്ലണമെന്നൊന്നുമല്ല, ശിക്ഷണം കൊടുത്തു വളർത്തണം.

നല്ല അച്ചടക്കത്തിൽ വളർത്തണം. കാരണം, ഈ മകൻ യഹോവയ്ക്ക് നിവേദിതനാണ്. Devoted to God! ആ ചിന്ത വേണം. ഇവൻ ദൈവം എനിക്ക് തന്ന ദാനമാണ്. പക്ഷേ, ദൈവത്തിന് ശപഥാർപ്പിതമായി അർപ്പിക്കപ്പെട്ടവനാണ്.

എന്റെ മകൻ ദൈവത്തിനു നിരക്കുന്ന വഴിയിലേ നടക്കാവൂ. എന്റെ മകൾ കർത്താവിനു ചേരാത്ത വഴിയിൽ നടക്കരുത്. മക്കളെ നേരായ വഴിയിൽ നടത്തണം. നിങ്ങൾ നിങ്ങളുടെ മക്കളെക്കുറിച്ച് കരയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇന്ന് അനേകം കുടുംബങ്ങളിലും മക്കൾ പരിഹാസികളായി തീർന്നിരിക്കുന്നു. മക്കൾ ലോക ഇമ്പങ്ങളിലേക്കു പോയിരിക്കുന്നു. മക്കൾ അരുതാത്ത ചില കൂട്ടുകെട്ടിൽ പെട്ട് നശിക്കുന്നു. പ്രായമാകുന്നതിനുമുമ്പ് അപ്പനെയും അമ്മയെയും അനുസരിക്കാതെ വൃത്തികെട്ട ജീവിതത്തിലേക്ക് പോകുന്ന മക്കളുണ്ട്. അപ്പനും അമ്മയ്ക്കും ഒരു വിലയും കൊടുക്കാത്ത മക്കളുണ്ട്. അതെല്ലാം ദോഷമാണ്, അപകടമാണ്.

നിങ്ങളുടെ മക്കളെക്കുറിച്ച് നിങ്ങൾക്കു കരുതൽ വേണം. നിങ്ങൾ അവരെ സ്നേഹിക്കണം. അവരെ സ്നേഹിക്കുന്നത് അവരെ ശിക്ഷിച്ചാണ്. അവരെ സ്നേഹിക്കുന്നത് അവരെ ശാസിച്ചാണ്. അവരെ സ്നേഹിക്കുന്നത് അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചാണ്. യഥാർത്ഥമായ സ്നേഹമുണ്ടെങ്കിൽ തെറ്റുകൾ കണ്ടാൽ ചൂണ്ടിക്കാണിക്കും.

ഇന്നനേകം മാതാപിതാക്കൾ മക്കളെക്കുറിച്ച് അലംഭാവമുള്ളവരാണ്. മക്കളെക്കുറിച്ച് ഒരു വേദനയും ഇല്ലാത്തവരാണ്. മക്കൾ എങ്ങോട്ടു പോകുന്നു എന്നതിനെക്കുറിച്ച് ചിന്തയില്ലാത്തവരാണ്. മക്കൾ നന്നായി വരണം എന്ന ചിന്തയില്ല. മക്കൾ പഠിക്കണം, പഠിച്ചുയരണം. ഡോക്ടർ അല്ലെങ്കിൽ എൻജിനീയർ ആകണം. അതല്ലെങ്കിൽ IAS Officer ആകണം എന്നൊക്കെ പറയുന്ന മാതാപിതാക്കളുണ്ട്. ആഗ്രഹങ്ങൾ നല്ലതു തന്നെ. എന്റെ മക്കൾ കർത്താവിനെ അറിയുന്നവരും, കർത്താ

വിന്റെ സ്നേഹമറിയുന്നവരുമായിത്തീരണം എന്നാഗ്രഹിക്കണം, പ്രാർത്ഥിക്കണം.

മക്കൾ ജനിക്കുന്നതിനുമുമ്പുതന്നെ നിങ്ങൾ പ്രാർത്ഥിക്കണം: കർത്താവേ, എനിക്കു നീ തരുന്ന പ്രജ, അത് ആണാകട്ടെ പെണ്ണാകട്ടെ യേശുക്രിസ്തുവിന്റെ ഒരു ദാസനായി, ഒരു ദാസിയായി തീരണം. ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടു വേണം നിങ്ങളുടെ ജീവിതത്തിൽ ഒരു വൈവാഹിക ബന്ധത്തിലേക്കു വരാൻ.

ജീവിതം കളിയല്ല, കളയാനുള്ളതല്ല. ജീവിതം വിലപ്പെട്ടതാണ്. ജീവിതം മൂല്യവത്താണ്. നിങ്ങളുടെ മക്കളെക്കുറിച്ച് നിങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടു വേണം.

> *"അപ്പനെ ശപിക്കയും അമ്മയെ അനുഗ്രഹിക്കാതിരിക്കയും ചെയ്യുന്നോരു തലമുറ! തങ്ങൾക്കു തന്നെ നിർമ്മലരായിത്തോന്നുന്നവരും അശുദ്ധി കഴുകിക്കളയാത്തവരുമായോരു തലമുറ! അയ്യോ, ഈ തലമുറയുടെ കണ്ണുകൾ എത്ര ഉയർന്നിരിക്കുന്നു. അവരുടെ കണ്ണിമകൾ എത്ര പൊങ്ങിയിരിക്കുന്നു."* *സദൃശവാക്യങ്ങൾ 30 : 11, 12*

അഹങ്കാരം! മകന് അഹങ്കാരം, മകൾക്ക് അഹങ്കാരം. ഒരല്പം ഫിസിക്സ് പഠിക്കുമ്പോഴേക്കും, ഒരല്പം കെമിസ്ട്രി പഠിക്കുമ്പോഴേക്കും അഹങ്കാരത്തിൽ മുഴുകുന്നു. അങ്ങേയറ്റം കയറി എന്നാണ് വിചാരം. സയന്റിസ്റ്റ് ആകാനുള്ള എല്ലാ യോഗ്യതയും നേടിയെന്നാണ് വിചാരം.

പ്രിയപ്പെട്ടവരേ, മക്കൾ നാനാവിധമായിപ്പോകാൻ ഇടവരുത്തരുത്. മക്കൾ അപ്പനെ പരിഹസിക്കുന്നു, അപ്പനെ ശപിക്കുന്നു. അമ്മയെ അനുഗ്രഹിക്കുന്നില്ല; പകരം ശപിക്കുന്നു. തങ്ങൾക്കുതന്നെ നിർമ്മലരായിത്തോന്നുന്നു. ഞാൻ പറയുന്നതും കാണിക്കുന്നതും എല്ലാം ശരിയാണ് എന്നാണ് മക്കൾ

വിചാരിക്കുന്നത്.

മക്കളെ നേർവഴിക്കു നടത്തുക. ചൊവ്വായി നടത്തുക. മക്കളെക്കുറിച്ച് നമുക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുക. മക്കൾക്കുവേണ്ടി എന്നും പ്രാർത്ഥിക്കുക. മക്കളുടെ ആത്മീയ മായ കാര്യങ്ങളെക്കുറിച്ച് നിങ്ങൾക്ക് അതിവേദന വരിക. അവരെ കർത്താവിങ്കലേക്ക് വരുത്തുവാൻ നിങ്ങൾ അത്യന്തം പ്രയത്നിക്കുക. മക്കളെ നിങ്ങൾ കർത്താവിന്റെ വചനത്തി ലേക്ക് ആനയിക്കുക, ഉത്സാഹിപ്പിക്കുക.

ഒരു കുഞ്ഞിനെ കിട്ടി. അത് ദൈവത്തിന്റേതാണ്. എന്തൊരത്ഭുതമാണ് ഒരു ആരോഗ്യമുള്ള കുഞ്ഞു പിറക്കുക എന്നുള്ളത്! മാനസികമായും ശാരീരികമായും ആരോഗ്യ മുള്ള ഒരു കുഞ്ഞിനെ കിട്ടുക എന്നുള്ളത് ദൈവത്തിന്റെ മഹത്തായ ദാനമാണ്. പഴയ കാലം പോലെയല്ല, ഇന്ന് പരി ഷ്ക്കാരം വർദ്ധിച്ചപ്പോൾ ഒരു കുഞ്ഞുപിറക്കുക എന്നുള്ളത് വളരെ പ്രയാസമാണ്.

നിങ്ങൾക്ക് ഒരു കുഞ്ഞിനെ കിട്ടിയെങ്കിൽ ദൈവം തന്ന നിധിയാണെന്ന് ഓർത്തുകൊള്ളണം. ആ നിധി നിങ്ങൾ പരി പാവനമായി സൂക്ഷിച്ചു കൊള്ളണം. കുഞ്ഞുങ്ങളില്ലാത്തവ രോട് ഞാൻ പറയട്ടെ: ഹന്നായെ ഓർത്ത ഒരു ദൈവമുണ്ട്. ഹന്നായുടെ പ്രാർത്ഥന കേട്ട ദൈവമുണ്ട്. ഹന്നായുടെ അപേക്ഷ കേട്ട ദൈവമുണ്ട്. ഹന്നായ്ക്ക് ഒരു മകനെ കൊടുത്ത ദൈവമുണ്ട്. നിങ്ങൾ പ്രാർത്ഥിക്കൂ, ആണാകട്ടെ പെണ്ണാകട്ടെ ഒരു കുഞ്ഞിനെ തരണമേ, എനിക്ക് ഒരു കുഞ്ഞിനെ ഗർഭം ധരിക്കാൻ ഭാഗ്യം തരണമേ എന്ന്.

ഇവിടെ ഹന്നാ, ശമൂവേലിനെ ദൈവത്തിനു നേർന്നു.

നമുക്ക് ദൈവം എന്തെങ്കിലും തന്നിട്ടുണ്ടോ? നമുക്ക് ആരോഗ്യം തന്നു ശരി, ഈ ആരോഗ്യം ദൈവത്തിനുവേണ്ടി ചിലവഴിക്കാനുള്ളതാണ്. നമുക്ക് ആയുസ്സ് നീട്ടി തന്നു, ഈ

ആയുസ്സ് ദൈവത്തിനുവേണ്ടി ചെലവഴിക്കാനുള്ളതാണ്. നമുക്ക് പൈസ കൈയിൽ തന്നു, ആ പൈസ എന്റെയല്ല എന്റെ യേശുവിന്റേതാണ്. അത് യേശുവിനോട് ചോദിച്ച് കർത്താവ് പ്രസാദിക്കുന്നതുപോലെ ചെലവഴിക്കാനുള്ള താണ്. അല്ലാതെ ചെലവഴിക്കാൻ എനിക്കവകാശമില്ല. ഞാൻ പത്തു പൈസ ചെലവഴിക്കുന്നെങ്കിൽ എന്റെ ദൈവം പ്രസാദി ക്കണം. ഇതായിരിക്കണം നമ്മുടെ സമർപ്പണം. ഇതായിരി ക്കണം നമ്മുടെ തീരുമാനം.

ഞാൻ ഒരു പത്തുരൂപ ഏതെങ്കിലും കാര്യത്തിന് ചെലവ ഴിക്കുമ്പോൾ എന്റെ ദൈവത്തോട് ചോദിക്കണം. കർത്താവേ, നീ പ്രസാദിക്കുന്നതുപോലെ മാത്രമേ ഞാൻ ചെലവാക്കുക യുള്ളൂ. നിന്റേതാണ് രൂപ. നീ എന്നെ അത് സൂക്ഷിക്കാൻ ഏല്പിച്ചിരിക്കുന്നു എന്നേയുള്ളൂ. എന്റെ വീട് എന്റെയല്ല, നിന്റെയാണ്. നിനക്കും നിന്റെ മക്കൾക്കും വന്ന് ഇഷ്ടം പോലെ ജീവിക്കാനുള്ള വീടാണ്. ഇതാണ് നമ്മുടെ സമർപ്പണം. ഇങ്ങനെ സമർപ്പിക്കാൻ സാധിക്കണം.

കർത്താവേ, എന്റേതെന്ന് ഞാൻ കരുതുന്നതെല്ലാം ഇനി എന്റെയല്ല നിന്റെയാണ്. ഞാനിതാ നിനക്കു തന്നിരിക്കുന്നു. സ്വമനസ്സാലെ തന്നിരിക്കുന്നു. നമുക്ക് എന്തെല്ലാമുണ്ടോ എല്ലാം ദൈവത്തിനു കൊടുക്കൂ.

സഹോദരങ്ങളേ, നിങ്ങൾ ജീവിതം കർത്താവിന്റെ കൈയിലേക്കു കൊടുക്കുക. നമുക്കുവേണ്ടി ക്രൂശിൽ പിടഞ്ഞു മരിച്ച കർത്താവായ യേശുക്രിസ്തു. നമുക്കുവേണ്ടി രക്തം ചിന്തിയ കർത്താവായ യേശുക്രിസ്തു. ഇതാ നമ്മുടെ അരി കത്തു വന്നുനിന്ന് കൈനീട്ടുന്നു. മകനേ, നിന്റെ ഹൃദയം എനിക്കു തരിക. എന്റെ മകളേ, നിന്റെ ഹൃദയം എനിക്കു തരിക. കർത്താവ് അതേ ചോദിക്കുന്നുള്ളൂ.

ദൈവത്തോടു നിങ്ങൾക്കു പറയാം: കർത്താവേ, ഈ ശരീരം നിന്റേതാണ്. നിനക്കു വസിക്കാനുള്ള ആലയമാണ്.

നിത്യപരിശുദ്ധനായ ദൈവത്തിന്റെ പരിശുദ്ധാത്മാവിനു വസിക്കാനുള്ള ആലയമാണിത്. ഞാൻ ഇനിമേൽ ഈ ശരീരത്തെ അശുദ്ധമാക്കുകയില്ല. കർത്താവേ, ഇപ്പോൾ ഞാൻ തിരുമുമ്പാകെ തീരുമാനമെടുക്കുന്നു. ഈ ശരീരം നിന്റേതാണ്.

നിന്റെ തിരുശരീരരക്തങ്ങൾ വഹിക്കാനുള്ളതാണ്, വഹിക്കുന്നതാണ്. നിന്റെ ശരീരം പോലെ എന്റെ ശരീരം ആയിത്തീരണം. നിന്റെ രക്തംപോലെ എന്റെ രക്തം ആയിത്തീരണം. നിന്റെ തിരുശരീരവും തിരുരക്തവും എന്നിൽ ലയിക്കണം. എന്നിൽ അലിഞ്ഞു ചേരണം; അങ്ങനെ നാഥാ, ഞാനും നീയും ഒന്നായിത്തീരുന്ന ആ ശ്രേഷ്ഠമായ സായൂജ്യാനുഭവം എനിക്കു തരണം.

സാക്ഷാത്തായ മോക്ഷത്തിന്റെ ആ സായൂജ്യം അനുഭവിക്കാൻ നിങ്ങൾ ഇപ്പോൾ തന്നെ നിങ്ങളുടെ ആത്മാവും ശരീരവും കർത്താവിനു വിട്ടുകൊടുക്കുക. നിങ്ങളുടെ ഭാവി കർത്താവിന് വിട്ടുകൊടുക്കുക.

ഒട്ടുംമടിക്കാതെ എല്ലാം കർത്താവിന്റെ കരങ്ങളിലേക്ക് കൈമാറൂ. നിങ്ങൾ ദൈവത്തെ സ്തുതിക്കൂ. യേശുവിനെ ആരാധിക്കൂ. കൈകൂപ്പിക്കൊണ്ട് അവനോടു പറയൂ: എന്റെ നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക.

## പതിനൊന്ന്

*"അവൻ ദരിദ്രനെ പൊടിയിൽനിന്ന് നിവർത്തുന്നു; അഗതിയെ കുപ്പയിൽനിന്ന് ഉയർത്തുന്നു; പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാനും മഹിമാസനം അവകാശമായി നല്കുവാനും തന്നെ. ഭൂധരങ്ങൾ യഹോവയ്ക്കുള്ളവ; ഭൂമണ്ഡലത്തെ അവയുടെ മേൽ വച്ചിരിക്കുന്നു. തന്റെ വിശുദ്ധന്മാരുടെ കാലുകളെ അവൻ കാക്കുന്നു; ദുഷ്ടന്മാർ അന്ധകാരത്തിൽ മിണ്ടാതെയാകുന്നു; സ്വശക്തിയാൽ ഒരുത്തനും ജയിക്കയില്ല."* *1 ശമൂവേൽ 2 : 8, 9*

ഹന്നായുടെ ഗാനം! ഹന്നായ്ക്ക് ഒരു മകനെ കിട്ടി. മച്ചിയെന്ന് എല്ലാവരും വിചാരിച്ചിരുന്ന ഹന്നാ, ഒരു കുഞ്ഞുണ്ടാവുകയില്ലെന്ന് എല്ലാവരും കരുതിയിരുന്ന ഹന്നാ, യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാതിരുന്ന ഹന്നാ ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു, പ്രാർത്ഥിച്ചു. പിന്നെയും പിന്നെയും പ്രാർത്ഥിച്ചു. മുട്ടിപ്പായി പ്രാർത്ഥിച്ചു.

ഹന്നാ വാടിയ മുഖമുള്ളവളായിരുന്നു. പക്ഷേ, വാടിയ മുഖം പ്രസന്നമായിത്തീർന്നു. പ്രിയപ്പെട്ടവരേ, നിങ്ങളുടെ വാട്ടം മാറ്റാൻ, നിങ്ങളുടെ വാടിയ മുഖത്തെ പ്രസന്നമാക്കാൻ ഇന്ന് കർത്താവ് ആഗ്രഹിക്കുന്നു.

കടം വന്നു പെരുകി, മുഖം വാടിപ്പോയി. രോഗം വന്നിരിക്കുന്നു, ചികിത്സിച്ചാൽ ഫലമില്ലെന്നു തോന്നുന്നു, മുഖം വാടിപ്പോയി. മനസ്സു തളർന്നുപോയി. എല്ലാം തകർന്നു കിടക്കുക

യാണ്. എന്നാൽ എന്റെ സഹോദരങ്ങളേ, യേശുക്രിസ്തു നിങ്ങളുടെ മുഖത്തിന്റെ വാട്ടം മാറ്റുവാൻ മതിയായവനാണ്.

ഹന്നാ ശമൂവേലിനെ ദൈവത്തിനു സമർപ്പിച്ചു. പിന്നീട് ഹന്നാ പാടിയ പാട്ടാണ് നമ്മുടെ ചിന്താവിഷയം. "അവൻ ദരിദ്രനെ പൊടിയിൽ നിന്ന് നിവർത്തുന്നു; അഗതിയെ കുപ്പയിൽ നിന്ന് ഉയർത്തുന്നു; തന്റെ വിശുദ്ധന്മാരുടെ കാലുകളെ അവൻ കാക്കുന്നു."

അഗതിയെയും ദരിദ്രനെയും ദൈവം കടാക്ഷിക്കുന്നു. സഹോദരങ്ങളേ, നിങ്ങൾ ഇത് വെറുതെ വായിച്ചുകൊണ്ടിരിക്കരുത്. സജീവമായ ചില അനുഭവങ്ങൾ പ്രാപിക്കണം. ദരിദ്രനെ പൊടിയിൽ നിന്നുയർത്തുന്ന ഒരു ദൈവം! ദരിദ്രനെ കുപ്പയിൽ നിന്നുയർത്തുന്ന ദൈവം! അഗതിയെ സംരക്ഷിക്കുന്ന ദൈവം!

എനിക്ക് ആരോരുമില്ലെന്നു പറഞ്ഞിരിക്കുന്നവനെ സഹായിക്കുന്ന ഒരു ദൈവമുണ്ട്. എന്റെ കാര്യം നോക്കാൻ എനിക്കാരുമില്ല, കാര്യങ്ങൾ തുറന്നുപറയുവാൻ എനിക്കാരുമില്ല. എനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആരുമില്ല. എന്റെ കാര്യങ്ങൾ ഏറ്റെടുത്ത് ദൈവസന്നിധിയിൽ മദ്ധ്യസ്ഥത വഹിക്കാൻ എനിക്ക് ആരുമില്ല. എനിക്കൊരു കൈത്താങ്ങൽ തരാൻ ആരുമില്ല. എന്റെ വീട്ടിലുള്ളവർപോലും എന്റെ വിഷയം കാണുന്നില്ല, അവർക്കു കാണാൻ ഒക്കുകയുമില്ല. കർത്താവേ, ഇതാ നിന്റെ മുമ്പിൽ ഞാൻ വന്നിരിക്കയാണ്. ഏകാകിയായി ഞാൻ വന്നിരിക്കയാണ്. ഞാൻ നിന്റെ തിരുമുമ്പാകെ വന്ന് നിന്നോടു യാചിക്കുകയാണ്. കർത്താവേ, നീ എനിക്ക് ഉദ്ധാരണം തരണം. പൊടിയിൽനിന്ന് എന്നെ കരേറ്റണം. കുപ്പയിൽ നിന്ന് എന്നെ ഉയർത്തണം.

കർത്താവേ, ഞാനിതാ ആത്മാവിൽ ദരിദ്രനായി തിരുമുമ്പാകെ വന്നിരിക്കുന്നു. എന്റെ ഉള്ളിൽ പരിശുദ്ധാത്മാവിന്റെ തിരുസ്പർശമില്ല. അതുകൊണ്ടാണ് എനിക്ക് തിന്മകൾ വരു

ന്നത്, അശുദ്ധി വരുന്നത്, ചീത്ത ചിന്തകൾ വരുന്നത്, അത്യാഗ്രഹം വരുന്നത്, സ്ഥാനമോഹം വരുന്നത്. പരിശുദ്ധാത്മാവിന് എന്നിൽ ഇടം കിട്ടിയിട്ടില്ല. കർത്താവേ, എനിക്കാഗ്രഹമുണ്ട്. ഞാൻ അഗതിയായി വന്നിരിക്കുന്നു. ഞാൻ ദരിദ്രനായി വന്നിരിക്കുന്നു. കർത്താവേ, നീ എന്നോട് മനസ്സലിയണമേ.

നിങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കേൾക്കാം ഒരു മൃദുസ്വരം: മകനേ, നീ എന്റെ മുഖത്തേക്കു നോക്കൂ. മകളേ, നീ എന്നെ നോക്കൂ. കുരിശിൽ പിടഞ്ഞു മരിച്ച, കുറ്റമില്ലാത്ത രക്തം ചിന്തിയ എന്നെ നീ നോക്കൂ. തെറ്റു ചെയ്തിട്ടല്ലല്ലോ ഞാൻ കുരിശേറിയത്. ഞാൻ പാപം ചെയ്തിട്ടല്ലല്ലോ കുറിശേറേണ്ടി വന്നത്. മകനേ, നീ എന്നെ ഒന്നു നോക്ക്. എന്റെ തിരുരക്തത്തിലേക്ക് ഒന്നുനോക്ക്.

അങ്ങനെ നിങ്ങൾ നോക്കുമ്പോൾ, യേശുക്രിസ്തുവിനെ അക്ഷരികമായിട്ട് കണ്ടില്ലെങ്കിലും നിങ്ങളുടെ ഹൃദയത്തിൽ യേശുവിന്റെ സാന്നിദ്ധ്യം നിങ്ങൾക്കു ലഭിക്കും.

അവങ്കലേക്കു നോക്കുക എന്നാണ് പറയുന്നത്. ക്രിസ്തുവിനെ നോക്കുക. പീഡകളേറ്റ് പിടഞ്ഞു മരിച്ച ക്രിസ്തുവിനെ നോക്കുക. വേദനയുടെ ആധിക്യം ഏറ്റുവാങ്ങിയ ക്രിസ്തുവിനെ നിങ്ങൾ നോക്കുക. എല്ലാമെല്ലാം ആ വേദനയുടെ പ്രതിരൂപത്തിലേക്കു നോക്കിക്കൊണ്ട് നിങ്ങൾ പറയണം: കർത്താവേ, നീ എനിക്കുവേണ്ടി വേദനയെല്ലാം സഹിച്ചല്ലോ. ഇനിയുള്ള ആയുസ്സ് ഞാൻ നിനക്കുവേണ്ടി ജീവിക്കാൻ തീരുമാനിക്കുകയാണ്. നിനക്കുവേണ്ടി മാത്രം എന്റെ ആയുസ്സ് ഞാൻ വേർതിരിച്ചിരിക്കയാണ്. എന്നോടു നീ മനസ്സലിയണമേ. എന്നെ നീ തൊടണമേ, എന്നെ അനുഗ്രഹിക്കണമേ.

> *"അനന്തരം ഹന്നാ പ്രാർത്ഥിച്ചു പറഞ്ഞതെന്തെന്നാൽ: എന്റെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു; എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു; എന്റെ വായ് ശത്രുക്കളുടെ നേരേ വിശാല*

*മാകുന്നു; നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു.” 1 ശമൂവേൽ 2 : 1*

എന്റെ ഹൃദയം ആനന്ദിക്കുകയാണ്. ഇതുവരെയും വാടിയ മുഖത്തോടെ നിന്ന ഹന്നാ ഇന്ന് ആനന്ദിക്കുകയാണ്. ഇതുവരെയും മ്ലാനമുഖിയായിരുന്ന ഹന്നാ, കരഞ്ഞുകൊണ്ടിരുന്ന ഹന്നാ ഇന്ന് സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുകയാണ്.

പ്രിയപ്പെട്ടവരേ, അങ്ങനെ ഒരു ഭാഗ്യം നിങ്ങൾക്കു ലഭിക്കും, ലഭിക്കണം. നമുക്ക് ഈ ലോകജീവിതം കഴിഞ്ഞ് ഒരു ദിവസം നിത്യതയിലേക്കു കടന്നു ചെല്ലണ്ടേ? ഒരു ദിവസം നാം ഓരോരുത്തരും അക്കരെയ്ക്കു പോകുമല്ലോ. ഞാനിവിടെ സ്ഥിരവാസിയല്ല. ഞാൻ ഇവിടെ നിന്നും ഒരിക്കൽ പറന്നുപോകും. എന്റെ ശരീരം ഇവിടെ കിടക്കും. പക്ഷേ, ആത്മാവോ അനന്തതയിലേക്കു പറക്കും. പ്രിയപ്പെട്ടവരേ, നിങ്ങളുടെ മനസ്സിൽ എപ്പോഴും ഈ ഒരു ഓർമ്മയുണ്ടായിരിക്കണം.

ഹന്നാ പറയുകയാണ്: എന്റെ ഹൃദയം ആനന്ദിക്കുന്നു. എന്റെ രക്ഷയായ ദൈവത്തിൽ ഞാൻ ആനന്ദിക്കുന്നു. ദൈവത്തിലാണ് ആനന്ദം. പ്രിയപ്പെട്ടവരേ, ആത്മീയജീവിതം തുടങ്ങിയവർക്ക്, ഒരു മാനസാന്തരം വന്നവർക്ക് അത് മനസ്സിലാകും. ഇതുവരെയും മാനസാന്തരം കിട്ടിയിട്ടില്ലാത്തവർക്ക് ആ അനുഭവം ഇപ്പോൾ പ്രാപിക്കാം. എങ്ങനെ? ദൈവത്തിൽ ആനന്ദിക്കുക. ഇവിടെയുള്ള ഒന്നിലും ആനന്ദിക്കുവാനില്ല. എല്ലാം പറന്നു പോകുന്നവയാണ്.

ആരോഗ്യം പറന്നു പോകും. ഇന്ന് ആരോഗ്യത്തോടെ ഇരിക്കുന്നു. നാളെയോ ഒരുപക്ഷേ കിടപ്പിലായി എന്നു വരും. ഇന്നു നല്ല ചടുലതയോടെ യാത്ര ചെയ്യുന്നു. നാളെയോ? നിസ്സഹായനായി കിടന്ന കിടപ്പിൽ കിടക്കേണ്ടി വരുമോ? ആർക്കറിയാം?

ഹന്നായ്ക്ക് ഒരു മകനെ കിട്ടി. സന്തോഷിക്കയാണ്. ദൈവത്തെ സ്തുതിക്കയാണ്. ദൈവത്തിലാണ് ആനന്ദിക്കുന്നത്.

ഇവിടെ പലർക്കും പല കുറവുകൾ ഉണ്ട്. ഒരാൾക്കു പഠിക്കാൻ വേണ്ടത്ര കഴിവില്ല. വേറൊരാൾക്ക് സാമർത്ഥ്യത്തോടെ ഒരു കാര്യം ചെയ്യുവാൻ കഴിവില്ല. വേറൊരാൾക്ക് നല്ല ചടുലമായ സംഭാഷണം ചെയ്യുവാനുള്ള കഴിവില്ല. വേറൊരാൾക്ക് നിയോഗിക്കപ്പെട്ട പ്രവൃത്തി വേണ്ടതുപോലെ പൂർത്തീകരിക്കാൻ കഴിവില്ല.

അംഗഭംഗമുള്ളവരുണ്ട്. കണ്ണിന് കേടുള്ളവർ, ചെവി കേൾക്കില്ലാത്തവർ, സംസാരിക്കാൻ വിഷമമുള്ളവർ, പലതരത്തിലുള്ള പ്രയാസങ്ങൾ ഉള്ളവരുണ്ട്. എന്നാൽ ഈ പ്രയാസങ്ങൾ എല്ലാം കൂടി ചുമന്നുകൊണ്ട് നിങ്ങൾ അരുമനാഥനായ യേശുവിന്റെ കാൽക്കൽ ചെന്നു വീഴണം.

പ്രിയപ്പെട്ടവരേ, ഞാൻ രോഗം വന്ന് ഹോസ്പിറ്റലിൽ കിടന്നപ്പോൾ പെട്ടെന്ന് രോഗത്തിന്റെ ഗതിമാറി, രോഗം സൗഖ്യമായി വന്നു. അപ്പോൾ അവിടത്തെ ഡോക്ടർ എന്നെ നോക്കി പറഞ്ഞു: സാറിന് രോഗസൗഖ്യം കിട്ടത്തക്ക മരുന്നൊന്നും ഞങ്ങൾ ചെയ്തില്ല, എന്തുകൊണ്ടോ സാറിനു സൗഖ്യമായി. ഞങ്ങൾ ഒന്നും ചെയ്തിട്ടല്ല.

എന്താണതിന്റെ അർത്ഥം? അനേകം ദൈവമക്കൾ എനിക്കുവേണ്ടി ജാഗരിച്ചതുകൊണ്ട്, എനിക്കുവേണ്ടി പ്രാർത്ഥിച്ചതുകൊണ്ട് കർത്താവ് എനിക്കു സൗഖ്യം തന്നു. അതിന് ഡോക്ടർമാരെ ഉപയോഗിച്ചു. അവരുടെ ബുദ്ധി ഉപയോഗിച്ചു. അവരുടെ കഴിവുപയോഗിച്ചു. ആ കഴിവിൽക്കൂടി അവർ തന്ന മരുന്ന് എനിക്കു പ്രയോജനമായിത്തീർന്നു.

പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം ജീവിക്കുന്നുണ്ട്. കണ്ണുനീർ കാണുന്ന ഒരു ദൈവം ജീവിക്കുന്നുണ്ട്. യേശു നമ്മെ കാണുന്നു. യേശു നമ്മെ ഓരോരുത്തരേയും അറിയു

ന്നു. യേശു നമ്മെ ഓരോരുത്തരേയും സ്നേഹിക്കുന്നു. ആ യേശുവിന്റെ പാദത്തിലേക്കാണ് നാം വന്നിരിക്കുന്നത്.

കർത്താവിന് വഴി ഒരുക്കുവിൻ, അവന്റെ പാത നിരപ്പാക്കുവിൻ. അതാണ് നിങ്ങൾ ചെയ്യേണ്ടത്. യേശുക്രിസ്തു ഹൃദയത്തിലേക്കു വരാൻ കല്ലെല്ലാം എടുത്തു മാറ്റി കർത്താവിനു വഴി ഒരുക്കിക്കൊടുക്കണം.

നിങ്ങൾ പറയണം: കർത്താവേ, നീ ഒന്നു നോക്കിയാൽ മതി എന്റെ ദുസ്സ്വഭാവങ്ങൾ മാറിപ്പോകുമല്ലോ. കഞ്ചാവും വേണ്ടാത്ത ബന്ധങ്ങളും, അരുതാത്ത പ്രണയബന്ധങ്ങളും പ്രേമബന്ധങ്ങളും തകർന്നു പോകുമല്ലോ. കർത്താവേ, ഇന്ന് എന്നെ പിശാച് വശീകരിച്ച് ചില മായാക്കുരുക്കുകളിൽ പെടുത്തി എന്നെ നാശകൂപത്തിലേക്ക് തള്ളിയിടാൻ കൊണ്ടു പോവുകയാണ്. എന്റെ ദൈവമേ, ഞാനിതാ തിരുമുമ്പാകെ വരികയാണ്. ഈ അവിഹിതബന്ധം എനിക്കു വേണ്ട. ഈ സ്നേഹബന്ധം എനിക്കുവേണ്ട. ഈ ജഡിക സ്നേഹം എനിക്കുവേണ്ട.

യേശുവിന്റെ സ്നേഹം കിട്ടിക്കഴിഞ്ഞു. ഉത്തമമായ സ്നേഹം കിട്ടിക്കഴിഞ്ഞു. ആ സ്നേഹത്തെ വിട്ടിട്ട് ഞാൻ എങ്ങും പോവുകയില്ല. ആ സ്നേഹത്തെ മറന്നിട്ട് ഞാൻ എങ്ങോട്ടു പോകാനാണ്? ആകാശത്തോളം ഉയർന്നിരിക്കുന്ന നിത്യസ്നേഹം! കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമെല്ലാം പരന്നു കിടക്കുന്ന സ്നേഹം! കർത്താവേ, പ്രപഞ്ചത്തിലെങ്ങും ഒതുങ്ങാത്ത ആ സ്നേഹം! അണ്ഡകടാഹത്തിലൊതുങ്ങാത്ത ഈ അത്ഭുത സ്നേഹം! അതെനിക്കു കിട്ടിക്കഴിഞ്ഞു!

നാഥാ, എനിക്കിനി വേറെ ഒന്നും വേണ്ട യേശു മതി, യേശുവേ, നീ മാത്രം മതി. അങ്ങനെ നിങ്ങൾ ഓരോരുത്തരും പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെമേൽ ദൈവത്തിന്റെ കൃപ ഒഴുകി വരും. ദൈവത്തിന്റെ സ്നേഹം ഒഴുകി വരും. നിങ്ങളുടെ മനസ്സിലെ ചാഞ്ചല്യങ്ങൾ മാറും. നിങ്ങളുടെ മനസ്സിലെ

ഭാരങ്ങൾ മാറും, ആകുലങ്ങൾ മാറും, ആവലാതികൾ മാറും.

ഹന്നാ പ്രാർത്ഥിച്ചു. ഹന്നാ സ്തുതിച്ചു. ഹന്നാ ദൈവത്തെ പുകഴ്ത്തി. ഹന്നാ ദൈവത്തിൽ ആനന്ദിക്കുന്നു. ഹന്നാ പറയുകയാണ്: "എന്റെ ഹൃദയം യഹോവയിൽ ആനന്ദിക്കുന്നു. എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു. എന്റെ വായ് ശത്രുക്കളുടെ നേരെ വിശാലമാകുന്നു. നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു." 1 ശമുവേൽ 2 : 1.

കർത്താവേ, നീ തന്ന രക്ഷ! ശത്രുക്കൾ ലജ്ജിതരായി. ശത്രുക്കൾ ലജ്ജിച്ചു പിന്മാറി. പെനിന്നാ ഇന്ന് വഴക്കടിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല. പെനിന്നാ ലജ്ജിച്ചുപോയി. ഹന്നായ്ക്ക് ഒരു മകനെ കിട്ടി.

നമുക്ക് ഒരു വിശാല മനസ്സു കിട്ടി. എല്ലാവരെയും ഒരുപോലെ കാണുന്ന വിശാലമായ ഒരു വീക്ഷണം നമുക്ക് കർത്താവ് തന്നു. നമുക്ക് ഒരു പ്രത്യേക സഭയിലേ രക്ഷയുള്ളൂ എന്ന ചിന്തയില്ല. ആ ഭാഗ്യം കർത്താവ് നമുക്കു തന്നതാണ്. ഇന്ന സഭയിലേ രക്ഷയുള്ളൂ, വേറൊരു സഭയിലാണെങ്കിൽ അവർക്കു രക്ഷയില്ല എന്നൊന്നും നമുക്ക് തോന്നിയിട്ടില്ല. വിശുദ്ധന്മാർക്ക് രക്ഷയുണ്ട് എന്ന് നാം വിശ്വസിക്കുന്നു. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ, കുഞ്ഞാടിന്റെ രക്തത്താൽ അങ്കി അലക്കി കഴുകിയവർ, അങ്ങനെയുള്ളവർക്ക് രക്ഷയുണ്ട്. അവർക്കാണ് രക്ഷ.

ഏതു സഭയെന്നുള്ളതിന് യാതൊരു പ്രത്യേകതയുമില്ല. ഇന്ന സഭയിലേ രക്ഷയുള്ളൂ എന്നു വിചാരിക്കണ്ട. തെറ്റ് എവിടെയും കണ്ടു എന്നു വരാം. എല്ലായിടത്തും തെറ്റുണ്ടായി എന്നുവരാം. കൂട്ടായ്മയിൽ എത്രയോ ആളുകൾ വരുന്നുണ്ട്, എല്ലാവരും കുറ്റമറ്റു നിൽക്കുന്നവരാണോ? അല്ലല്ലോ. എല്ലാവരുടെയും ഉള്ളത്തിലേക്ക് വചനം ചെല്ലുന്നുണ്ടോ? ഇല്ലല്ലോ! അതുകൊണ്ട് കൂട്ടായ്മയെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല.

ഹന്നായ്ക്കു കിട്ടിയ ഭാഗ്യം ഹന്നാ പറയുകയാണ്: “എന്റെ ഹൃദയം എന്റെ യഹോവയിൽ ആനന്ദിക്കുന്നു, എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു, എന്റെ വായ് ശത്രുക്കളുടെ നേരെ വിശാലമാകുന്നു, നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു.”

വേറെ ഒന്നുമില്ല എനിക്കു സന്തോഷിക്കാൻ. ആകെ നിന്റെ രക്ഷയിൽ ഞാൻ സന്തോഷിക്കുന്നു.

ക്രിസ്തു തരുന്ന രക്ഷയിൽ മാത്രം സന്തോഷിക്കുക. മഹാരക്ഷ നമുക്കു തന്നിരിക്കുന്നു. ഇത്ര വലിയ രക്ഷ നമുക്കു തന്നിരിക്കുന്നു. ശിക്ഷാവിധി നമ്മളിൽനിന്നു മാറ്റിയിരിക്കുന്നു. ശിക്ഷാവിധി യേശുക്രിസ്തു ഏറ്റിരിക്കുന്നു. യേശുവിന്റെ തിരുരക്തത്താൽ എല്ലാം കഴുകിയിരിക്കുന്നു. നിങ്ങൾ അതു വിശ്വസിച്ച് അനുഭവിച്ചാൽ മതി.

നിങ്ങൾ എത്ര കൊടുംക്രൂരപാതകിയാണെങ്കിലും എത്രയും ഹീനമായ ജീവിതം നയിച്ചവനാണെങ്കിലും ശരി, മോളേ, നീ എത്രമാത്രം വഴക്കാളിയും കൊള്ളരുതാത്തവളും ആണെങ്കിലും ശരി, നിങ്ങൾക്കു തിരിയാം. ഇപ്പോൾ തിരിയേണ്ട സമയമാണ്. യാചിക്കേണ്ട സമയമാണ്. ഇപ്പോൾ മോചനം കിട്ടുന്ന സമയമാണ്; ഇതു നമസ്കാരത്തിന്റെ സമയമാണ്. ഇതു കരുണാസമയമാണ്. ഈ സമയം നിങ്ങൾ കളയരുത്. ഇപ്പോൾ നിങ്ങൾ ദൈവത്തോടു പറയണം.

കർത്താവേ, നീ എനിക്കു രക്ഷ തന്നിരിക്കുന്നുവല്ലോ. എന്റെ കൊമ്പുയർന്നിരിക്കാൻ തക്കവണ്ണം നീ എന്നെ ഉയർത്തിയല്ലോ. എന്റെ ഹൃദയം ദൈവത്തിൽ ആനന്ദിക്കുന്നു. വേറൊന്നിലും എനിക്ക് ആനന്ദിക്കാനില്ല. എനിക്ക് സ്വത്തിൽ ആശ്രയിക്കാനില്ല, സമ്പത്തിൽ ആനന്ദിക്കാനില്ല, സൗന്ദര്യത്തിൽ ആനന്ദിക്കാനില്ല, എന്റെ ആരോഗ്യത്തിൽ ആനന്ദിക്കാനില്ല. എന്റെ മക്കളിൽ പ്രശംസിക്കാനില്ല. ആകെ ഒരേയൊരാനന്ദം യേശുവേ, നീ മാത്രം, നീമാത്രം.

കർത്താവേ, നീയാണ് എന്റെ ആത്മാവിന്റെ ബന്ധനം അഴിച്ചവൻ. നീയാണ് പിശാചിനെ എന്നിൽ നിന്നു മാറ്റിയവൻ. നീയാണ് ക്രൂശിൽ എനിക്കുവേണ്ടി മരിച്ചവൻ. നീയാണ് ദുഷ്ടപ്പിശാചുക്കളുടെ ബന്ധനം അഴിച്ചു തന്നവൻ. നീയാണ് ദുഷ്ടന്റെ കോട്ടകളെ തകർത്തുതന്നവൻ. നീയാണ് എന്നെ ജയിലിൽനിന്ന് പുറത്തേക്കു കൊണ്ടുവന്നവൻ. നീയാണ് എന്റെ രക്ഷകൻ. നാഥാ, നിന്നെ ഞാൻ സ്തുതിക്കട്ടെ, നിന്നെ ഞാൻ വന്ദിക്കട്ടെ, നിന്നെ ഞാൻ വണങ്ങട്ടെ, നിന്നെ ഞാൻ ആരാധിക്കട്ടെ.

പ്രിയപ്പെട്ടവരേ, രക്ഷയിൽ സന്തോഷിപ്പിൻ; അവൻ തന്ന രക്ഷയിൽ നിങ്ങൾ ഉല്ലസിപ്പിൻ. അവൻ തന്ന ആത്മാവിന്റെ വീണ്ടെടുപ്പിൽ നിങ്ങൾ ആനന്ദിപ്പിൻ. അവൻ തന്ന പാപ ത്തിന്റെ മോചനത്തിൽ നിങ്ങൾ ആശ്രയിപ്പിൻ.

ശാപങ്ങൾ മാറിപ്പോകട്ടെ. രോഗങ്ങൾ നീങ്ങിപ്പോകട്ടെ. ബന്ധനങ്ങൾ അഴിഞ്ഞുപോകട്ടെ. എല്ലാ കെട്ടുകളും പൊട്ടി പ്പോകട്ടെ. യേശുക്രിസ്തുവിന്റെ അത്ഭുത സാന്നിദ്ധ്യം ലഭിക്കട്ടെ. പരിശുദ്ധാത്മാവ് പ്രാവെന്നപോലെ പറന്നിറങ്ങട്ടെ. നിങ്ങളുടെ തലമേൽ പരിശുദ്ധാത്മാവ് പ്രാവുപോലെ വന്ന് ആവസിക്കട്ടെ. പരിശുദ്ധാത്മാവ് പറന്ന് ഉല്ലാസത്തോടെ വരട്ടെ.

## പന്ത്രണ്ട്

*"അവനെ അറിയാതവണ്ണം അവരുടെ കണ്ണ് നിരോധിച്ചിരുന്നു. അവൻ അവരോട്: നിങ്ങൾ വഴിനടന്നു തമ്മിൽ വാദിക്കുന്ന ഈ കാര്യം എന്ത് എന്നു ചോദിച്ചു; അവർ വാടിയ മുഖത്തോടെ നിന്നു. ക്ലെയൊപ്പാവ് എന്നു പേരുള്ളവൻ: യെരൂശലേമിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ച കാര്യം അറിയാതിരിക്കുന്നുവോ എന്ന് ഉത്തരം പറഞ്ഞു."*

*ലൂക്കോസ് 24 : 16 – 18*

അവർ വാടിയ മുഖത്തോടെ നിന്നു. അവരുടെ മുഖം വാടിയിരുന്നു. അവരുടെ കണ്ണ് നിരോധിച്ചിരുന്നു. ആരാണ് അവരുടെ കൂടെ നടക്കുന്നതെന്ന് തിരിച്ചറിയാൻ പറ്റാത്തവിധം അവരുടെ കണ്ണ് നിരോധിച്ചിരുന്നു. ക്ലെയോപ്പാവും മറ്റൊരു ശിഷ്യനും, ഒരുപക്ഷേ അത് ക്ലെയോപ്പാവിന്റെ ഭാര്യയായിരിക്കാമെന്ന് ചില വേദപണ്ഡിതന്മാർ പറയുന്നുണ്ട്. ക്ലെയോപ്പാവും ഭാര്യയും അവരുടെ സ്വന്ത വാസസ്ഥലമായ എമ്മവൂസിലേക്ക് യാത്ര ചെയ്യുകയായിരുന്നു.

യെരൂശലേമിൽനിന്ന് ഏഴു നാഴിക ദൂരമുണ്ട് എമ്മവൂസിലേക്ക്. അവർ നടന്നാണ് പോകുന്നത്. അപരിചിതനായ ഒരാൾ അവരുടെ കൂടെ ചേർന്നു നടക്കുന്നു. അത് യേശുവാണെന്ന് അവർ അറിഞ്ഞില്ല. അപരിചിതനായ ഒരുവൻ! പരദേശികൾ ആരെങ്കിലും ആയിരിക്കും.

നിങ്ങൾ എന്താണ് ഈ തർക്കിച്ചുകൊണ്ടു പോകുന്നത്? എന്തു കാര്യത്തെക്കുറിച്ചാണ് നിങ്ങൾ ഇങ്ങനെ ഗൗരവമായി സംസാരിച്ചുകൊണ്ടു പോകുന്നത്? യേശു ചോദിച്ചു. അവർ കുറെ നേരം മിണ്ടാതിരുന്നു. മുഖത്തു വാട്ടം! ഉള്ളിലും വാട്ടമാണല്ലോ. അവർ വാടിയ മുഖത്തോടെ നിന്നു.

ഇന്ന് അനേകർ വാടിയ മുഖത്തോടെ നിൽക്കുന്നു. വാടിയ ഹൃദയത്തോടെ നില്ക്കുന്നു. മാവിന്റെയും മറ്റും തളിരില മനോഹരമായി നല്ല നിറപ്പകിട്ടോടെ നിൽക്കുന്നതു കാണുന്നത് കൗതുകമാണ്. എന്നാൽ ഒരു ഉഗ്രമായ വെയിൽ ഉദിച്ചു കഴിയുമ്പോഴേക്കും ആ തളിരില വാടി താണിരിക്കുന്നതു കാണാം. നല്ല മനോഹരമായ ഇലകളാണ്. കാണാൻ ചന്തമുള്ള ഇലകളാണ്. പക്ഷേ, അതിന്റെ ഭംഗിപോയി. വാടിയ പൂക്കൾ! വാടിയ ഇലകൾ! വാടിയ ജീവിതം!

നമ്മുടെ പലരുടേയും ജീവിതങ്ങൾ വാടിയതാണ്. നിങ്ങൾക്ക് ധാരാളം കഥകൾ പറയാനുണ്ടാകും, വാട്ടം എങ്ങനെയൊക്കെയാണ് വന്നതെന്ന്.

എന്നാൽ, അപകർഷതകൾ മാറ്റുന്ന, ഉൽക്കർഷം തരുന്ന കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. ക്രിസ്തു വചനമായി ഹൃദയത്തിലേക്കു കടന്നു വരുമ്പോൾ നമ്മുടെ ജീവിതത്തിന്റെ നൈരാശ്യങ്ങൾ മാറും. ഹൃദയത്തിന്റെ തിങ്ങുന്ന വേദനകൾ മാറും. യേശു അകത്തു വരുമ്പോൾ അവിടെ പുഞ്ചിരിയാണ്. അകത്തു പ്രസാദമാണ്, പ്രസന്നതയാണ്. ജീവിതം സന്തോഷഭരിതമായി തീരുകയാണ്.

ഇപ്പോൾ ഈ വാക്കുകൾ വായിക്കുമ്പോൾ നിങ്ങൾ കർത്താവിനോടു പറയണം: കർത്താവേ, ഇന്നുമുതൽ മുഖത്തിന്റെ വാട്ടം മാറിക്കിട്ടിയവനായി, ഹൃദയത്തിന്റെ മ്ലാനത മാറിയവനായി എനിക്ക് ജീവിക്കണം. എന്റെ മ്ലാനത മുഴുവൻ മാറ്റുവാൻ നിനക്കു കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിന്റെ തിരുവചനം എന്റെ ഹൃദയത്തിലേക്ക് പകർന്നുകൊണ്ടി

രിക്കുമ്പോൾ എന്റെ മ്ലാനത പയ്യെപ്പയ്യെ മാറി വരുമെന്ന് ഞാൻ അറിയുന്നു.

അനേകം സ്ത്രീകളുടെ മുഖം വാടിയാണിരിക്കുന്നത്. മദ്യപിച്ച് കൂത്താടി വരുന്ന ഭർത്താവിന്റെ മർദ്ദനമേൽക്കണം. അപ്പനില്ല, അമ്മയില്ല, ആങ്ങളമാരും തിരിഞ്ഞു നോക്കുന്നില്ല, എന്തു ചെയ്യും? ഭർത്താവിന്റെ അടികൊണ്ട് എന്നും ജീവിക്കുക. പാവം പിഞ്ചു കുഞ്ഞുങ്ങളെ പോലും ഉപദ്രവിക്കുന്ന അപ്പന്മാർ! മദ്യപിച്ചു കഴിയുമ്പോൾ സുബോധം പോയി കുഞ്ഞിന്റെ കൈ ചവിട്ടി ഒടിക്കുന്ന അപ്പന്മാർ!

കുഞ്ഞ് കരയുന്നതുകേട്ട് ദേഷ്യപ്പെട്ടുവന്ന് ഇതിനെ ഞാനിപ്പോൾ ഫ്രിഡ്ജിലേക്കു കയറ്റി വയ്ക്കും എന്നു പറഞ്ഞ അപ്പൻമാരുള്ള ലോകം! കരയാതിരിക്കാൻ ഫ്രിഡ്ജിലേക്കു കയറ്റി വയ്ക്കുമെന്ന്! കുഞ്ഞ് മരവിച്ച് ചത്തുപോവില്ലേ! ഇങ്ങനെയുള്ള നിഷ്ക്കണ്ടകന്മാരായ അനേകമനേകം ആളുകളുണ്ട്.

ഭർത്താവ് എന്നു പറയുന്ന മനുഷ്യൻ സാധു സ്ത്രീയെക്കുറിച്ച് ഒരനുകമ്പയുമില്ലാത്തവനായിപ്പോകുന്നു. നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഇതൊക്കെ നിങ്ങൾ അറിയുന്നുണ്ടോ? നിങ്ങൾ പലരും സന്തോഷമായി ജീവിക്കുന്നവരായിരിക്കും. പക്ഷേ, അനേകമനേകം സ്ത്രീകൾ വാസ്തവത്തിൽ ദുരിതത്തിന്റെ തീരാക്കയത്തിൽ പെട്ട് അഴലുന്നവരാണ്.

ക്ലെയോപ്പാവും ഭാര്യയും വാടിയ മുഖത്തോട നിന്നു. അവർ നടന്നുപോകുമ്പോൾ ഗൗരവമായി സംസാരിച്ചുകൊണ്ടാണ് പോകുന്നത്. കൂട്ടിയും കിഴിച്ചും സംസാരിക്കുകയാണ്. യേശുക്രിസ്തുവിന്റെ മരണത്തെക്കുറിച്ച്, യേശുക്രിസ്തുവിന്റെ കൂടെ നടന്ന നാളുകളെക്കുറിച്ച്, യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങളെക്കുറിച്ച്, യേശുക്രിസ്തുവിനെക്കുറിച്ച് അവർ പ്രത്യാശിച്ചിരുന്ന കാര്യങ്ങൾ നടന്നില്ലല്ലോ എന്നുള്ള വേദന, ഇതെല്ലാമായിട്ടവർ സംസാരിച്ചുകൊണ്ടു നടക്കുകയാണ്.

യേശുക്രിസ്തു വന്നപ്പോൾ അവരുടെ പ്രതീക്ഷ റോമൻ സർക്കാരിന്റെ ആധിപത്യത്തിൽ നിന്ന് യഹൂദജാതിയെ മോചിപ്പിക്കും, നാടിന് ഒരു സ്വാതന്ത്ര്യം കിട്ടും, ഒരു വിമോചനം കിട്ടും എന്നായിരുന്നു.

പക്ഷേ, ആ യേശു, നിന്ദിതനായി ന്യായസ്ഥലത്തു നിൽക്കുന്നതും വീണ്ടും വീണ്ടും കയ്യാഫാവിന്റെ കോടതിയിലും ഹന്നാവിന്റെ കോടതിയിലും ഹെരോദാവിന്റെ കോടതിയിലും മൂന്നു പ്രാവശ്യം പീലാത്തോസിന്റെ കോടതിയിലും വിസ്തരിക്കപ്പെടുന്നതും കണ്ടപ്പോൾ അവർ ഓർത്തു: കഷ്ടം! ഈ യേശുവിന്റെ കൂടെ നടന്നത് നഷ്ടമായിപ്പോയല്ലോ. യേശു ഭാരമേറിയ കുരിശും ചുമന്ന് വേച്ചുവീണ് അങ്ങനെ ഗോഗുൽത്താമലയിലേക്കു കയറിപ്പോകുമ്പോൾ അവരോർത്തു, നാം പ്രതീക്ഷിച്ചതുപോലെയല്ലല്ലോ കാര്യം. വെറുതെ മൂന്നര വർഷം കളഞ്ഞുപോയല്ലോ. ഇങ്ങനെയെല്ലാം ചിന്തിച്ചുകൊണ്ട് അവർ പോവുകയാണ്.

കഴിഞ്ഞ കാലങ്ങളെ ഓർത്ത് നിരാശയോടെയിരിക്കുന്ന ആളുകളുണ്ട്. കഴിഞ്ഞകാല പ്രതീക്ഷകൾ നഷ്ടപ്പെട്ടുപോയതിൽ ആകുലപ്പെട്ടിരിക്കുന്നവർ! പ്രത്യാശ മങ്ങി, ആഗ്രഹങ്ങളൊന്നും സാധിക്കാതെ, സ്വപ്നങ്ങൾ കരിഞ്ഞുണങ്ങി കഴിയുന്ന അനേകം ആളുകൾ!

വലിയ പ്രതീക്ഷകളോടെ ഒരു ബിസിനസ്സ് തുടങ്ങി, ആ ബിസിനസ്സ് തകരുന്നു. വലിയ പ്രതീക്ഷയോടെ ഒരു വിവാഹം കഴിച്ചു ആ വിവാഹബന്ധം ഉലയുന്നു. വലിയ പ്രതീക്ഷയോടെ ഒരു കുഞ്ഞിനുവേണ്ടി കാത്തിരുന്നു പക്ഷേ, ആ കുഞ്ഞിനെ കിട്ടിയില്ല. കുഞ്ഞ് ഗർഭത്തിൽ വച്ചു തന്നെ നഷ്ടപ്പെട്ടുപോയിരിക്കുന്നു. പ്രതീക്ഷ നഷ്ടപ്പെട്ട്, പ്രത്യാശ നശിച്ച ആളുകൾ. ആഗ്രഹിച്ചതു കിട്ടാതെ മനസ്സ് വിഷമിച്ച് കേണുകൊണ്ടിരിക്കുന്ന ആളുകൾ.

*"ക്ലെയൊപ്പാവ് എന്നു പേരുള്ളവൻ: യെരൂശലേ*

*മിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ച കാര്യം അറിയാതിരിക്കുന്നുവോ എന്ന് ഉത്തരം പറഞ്ഞു.”*

*ലൂക്കൊസ് 24 : 18*

ഈ നാളിൽ യെരൂശലേമിൽ സംഭവിച്ചത് നീ അറിഞ്ഞില്ലേ? ഇത്ര വലിയ സംഭവം ഈ നാട്ടിൽ നടന്നത് അറിഞ്ഞില്ലേ?

*“ഏത് എന്ന് അവൻ അവരോടു ചോദിച്ചതിന് അവർ അവനോടു പറഞ്ഞത്: ദൈവത്തിനും സകലജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന നസറായനായ യേശുവിനെക്കുറിച്ചുള്ളതുതന്നെ. നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളും അവനെ മരണവിധിക്ക് ഏല്പിച്ചു ക്രൂശിച്ചു.”*

*ലൂക്കൊസ് 24 : 19, 20*

നീ കേട്ടിട്ടില്ലേ ഈ യേശുവിനെക്കുറിച്ച്? ആ യേശുവിനെക്കുറിച്ചുള്ള കാര്യമാണ് ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നത്.

ഒരു മർമ്മം പറഞ്ഞു തരാം. യേശുവിന്റെ വിഷയം സംസാരിച്ചാൽ യേശു അവിടെ വരും.

നിങ്ങൾ വീട്ടിൽ വാഗ്വാദത്തിനൊന്നും മുതിരാതെ, ലോകകാര്യങ്ങൾ പറഞ്ഞ് രസിച്ചിരിക്കാതെ, മറ്റുള്ളവരുടെ കുറ്റം പറഞ്ഞുകൊണ്ടിരിക്കാതെ നിങ്ങൾ ഭാര്യയും ഭർത്താവും മക്കളും ഒരുമിച്ചിരുന്ന് യേശുവിന്റെ കാര്യം പറയൂ, യേശു അവിടെ വരും. യേശുവിന്റെ കാര്യം ആരു പറയുന്നുവോ അവിടെ യേശു വരും. അതാണ് അനേകം കുടുംബങ്ങൾക്ക് ഐശ്വര്യമുണ്ടാകുന്നത്.

യേശുവിന് ഇടം കൊടുക്കുന്ന വീടുകളിൽ യേശുവിന്റെ കാര്യമാണ് പറയുന്നത്. അതുകൊണ്ട് യേശു അപ്പോൾ

അവിടെ വരികയാണ്. എപ്പോഴെല്ലാം യേശുവിന്റെ കാര്യം പറയുന്നുവോ, അപ്പോൾ യേശു അവിടെ വരും. നിങ്ങൾ മനസ്സിൽ വിഷാദിച്ച് ആകുലപ്പെട്ടിരിക്കാതെ യേശുവിന്റെ കാര്യം പറയൂ. തിരുവചനം പറയൂ. വചനത്തിൽ ഇങ്ങനെ ഉണ്ടെന്ന് പറയൂ.

വേദപുസ്തകം വായിക്കുമ്പോൾ അവിടെ യേശു വന്നുകഴിഞ്ഞു. അതുകൊണ്ടാണ് ഈ വചനശുശ്രൂഷയിൽ യേശുവിന്റെ സാന്നിദ്ധ്യമുണ്ടെന്നു ഞാൻ പറയുന്നത്. യേശുവിനെക്കുറിച്ചാണ് നമ്മൾ പറയുന്നത്. വേറൊരു കാര്യം പറയുന്നില്ല. നമുക്ക് ലോകകാര്യങ്ങളൊന്നും പറയാനില്ല.

യേശു എന്നൊരു പ്രവാചകൻ ഉണ്ടായിരുന്നു എന്ന് നീ കേട്ടിട്ടില്ലേ? അവർ ചോദിക്കുകയാണ്. ഈ നാളിൽ ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന യേശുവിനെക്കുറിച്ച് അവർ പറഞ്ഞത് സത്യമാണ്. നിരാശപ്പെട്ടിരിക്കയാണെങ്കിലും പറയേണ്ടത് അവർ പറഞ്ഞു: “ദൈവത്തിനും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന നസറായനായ യേശു.”

മൂന്നരക്കൊല്ലം യേശുവിന്റെ കൂടെ നടന്നപ്പോൾ അവർക്കു കിട്ടിയ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഈ സാക്ഷ്യം പറയുന്നത്. അങ്ങനെയാണ് നിങ്ങൾ സാക്ഷ്യം പറയേണ്ടത്. നമുക്കു കിട്ടിയ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് സാക്ഷ്യം പറയേണ്ടത്. യേശുക്രിസ്തു എനിക്ക് എന്തു ചെയ്തു? എന്നോട് എങ്ങനെ ഇടപെട്ടു? യേശുക്രിസ്തു എനിക്ക് എങ്ങനെയാണ് സമാധാനം തന്നത്? അത് പറയുന്നതാണ് സാക്ഷ്യം.

യേശു എന്റെ ജീവിതത്തിന്റെ കാഴ്ചപ്പാടുകൾ മാറ്റി മറിച്ചു. യേശു എനിക്ക് പ്രത്യാശ തന്നു. ജീവിതത്തിൽ ഒരു കെട്ടുറപ്പു തന്നു. എന്റെ ഭയവും ഭീതിയും ആകുലങ്ങളുമെല്ലാം മാറിപ്പോയി. യേശു എനിക്ക് സമാധാനം തന്നു. ഞങ്ങളുടെ

കുടുംബത്തിൽ സൈ്വര്യം തന്നു. ഞങ്ങളുടെ കുടുംബത്തിലെ വഴക്കും പിണക്കവും കലഹവുമെല്ലാം മാറിപ്പോയി. ഇതാണ് സാക്ഷ്യം പറയേണ്ടത്.

അവർ സങ്കടത്തോടെ പറയുകയാണ്: "നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളും അവനെ മരണവിധിക്ക് ഏല്പിച്ചു ക്രൂശിച്ചു."

ശക്തിയുള്ള പ്രവാചകനായിരുന്നു പക്ഷേ, എന്തുഫലം? നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളുമെല്ലാം അവനെ തിരായിപ്പോയി. നല്ല കാര്യങ്ങളാണ് യേശു പറഞ്ഞത്. കിട്ടിയ അനുഗ്രഹങ്ങൾ വർണ്ണനാതീതമായ കാര്യങ്ങളാണ്. പക്ഷേ എന്തുഫലം? ഞങ്ങളുടെ പള്ളിപ്രമാണികൾ യേശുവിനെ ശത്രുവായിട്ടു കണ്ടു. നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളും അവനെ മരണവിധിക്ക് ഏല്പിച്ചു ക്രൂശിച്ചു.

ഇടവിടാതെ ഞാൻ ക്രൂശിക്കപ്പെടുന്നു. ഇടവിടാതെ ഞാൻ മരിച്ചുകൊണ്ടിരിക്കുന്നു.

*"ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്കു പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്കു നല്കാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലതു ഭാഗത്തിരിക്കയും നമുക്കു വേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? നിന്റെ നിമത്തം ഞങ്ങളെ ഇടവിടാതെ*

*കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു.” റോമർ 8 : 31 – 36*

എന്നും കൊന്നുകൊണ്ടിരിക്കയാണ്. ഒരിക്കൽ ക്രൂശിച്ചാൽ തീർന്നു. ഇത് അങ്ങനെയല്ല. ദൈവമക്കളെ എന്നുമെന്നും ക്രൂശിച്ചുകൊണ്ടിരിക്കയാണ്. ഓരോ അവസരത്തിലും ദൈവമക്കളെക്കുറിച്ച് ചീത്ത പറയുകയോ ചീത്ത എഴുതുകയോ ചെയ്യുന്നു.

പ്രിയപ്പെട്ടവരേ, സത്യവിശ്വാസി എന്നും ഭീഷണിയുടെ മുൾമുനയിലാണ്. സത്യവിശ്വാസികൾ എന്നും തിരസ്കരിക്കപ്പെടുന്നു, പാർശ്വവൽക്കരിക്കപ്പെടുന്നു. അവരെ കൂട്ടത്തിൽ കൂട്ടുകയില്ല. അവരെ പുറംകൊള്ളിയാക്കി മാറ്റുന്നു. അവരെ അപമാനിക്കുന്നു. പലതരത്തിൽ അവരെ ഉപദ്രവിക്കുന്നു, ഇല്ലാത്തതെല്ലാം അവരെക്കുറിച്ച് പറയുന്നു.

അന്ന് നസറായനായ യേശു അനുഭവിച്ചതുതന്നെ അവന്റെ അനുയായികൾക്ക് എല്ലാക്കാലത്തും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. കർത്താവായ യേശുക്രിസ്തു യെരൂശലേം ദേവാലയത്തിലെ പള്ളിപ്രമാണികളിൽനിന്നും മഹാപുരോഹിതന്മാരിൽ നിന്നും നേരിട്ട പരിഹാസവും ആക്ഷേപവും നിന്ദയും കുരിശും അവന്റെ പിന്നാലെ വന്ന അനുയായികൾക്കും കിട്ടുന്നുണ്ട്. അതു വരുമ്പോൾ നിങ്ങൾ പേടിക്കരുത്. എന്റെ കർത്താവിനു കിട്ടിയതാണ് ഇത് എന്നോർത്തുകൊള്ളണം.

എനിക്കിപ്പോൾ വരുന്ന ആക്ഷേപം, ഞാൻ ഏല്ക്കുന്ന പരിഹാസം, നിന്ദ, യാതന എന്റെ യേശുവിന് അന്നു കിട്ടിയതാണ്. അതിന്റെ പിൻതുടർച്ച തന്റെ മക്കൾക്കും തന്റെ അനുയായികൾക്കും കിട്ടുകയാണ്. അപ്പോൾ നമുക്ക് സന്തോഷമാകും. ആ സന്തോഷം നമുക്ക് വരുമ്പോഴാണ് ശത്രുവിന്റെ തല താഴുന്നത്. ശത്രുവിന്റെ മുന ഒടിയും.

എന്നും ഭീഷണിപ്പെടുത്തുന്നു. ആ കൂട്ടായ്മയിൽ പോക

രുതെന്നു പറയുന്നു. അവിടെ പോയാൽ പള്ളി ആവശ്യം നടത്തിത്തരില്ല എന്നൊക്കെ പറഞ്ഞു കേൾക്കുമ്പോഴേക്കും നിങ്ങൾ എന്തിനു പേടിക്കണം? പള്ളി ആവശ്യം നടത്തി തരാത്തതുകൊണ്ട് ഒരു വിശുദ്ധൻ സ്വർഗ്ഗത്തിൽ പോവില്ല എന്നു വരുമോ?

അപ്പൊസ്തലന്മാർ വളരെ യാതനയേറ്റ്, പീഡയേറ്റ് വലഞ്ഞവരാണ്. ചിലരെ മൃഗങ്ങൾക്ക് ഇരയായിക്കൊടുത്തു. ചിലരെ കൊന്ന് കടലിൽ തള്ളി. അവരെ ആരെങ്കിലും സംസ്ക്കാരം ചെയ്യാനുണ്ടായിരുന്നോ? അവിടെ ആരെങ്കിലും പ്രാർത്ഥിക്കാൻ വന്നായിരുന്നോ? ആരെങ്കിലും പ്രാർത്ഥിച്ച് ശവസംസ്ക്കാര ശുശ്രൂഷ നടത്തിയിരുന്നോ?

എന്തിനു ഭയപ്പെടണം? നമുക്ക് വ്യക്തമായ ഒരു ധാരണയുണ്ടായിരിക്കണം. ഞാൻ ആരുടെ പിന്നാലെ പോകുന്നു? ആരോടാണ് ഞാൻ വാക്കു പറഞ്ഞത്? ആരാണ് എന്നോട് വാക്കു പറഞ്ഞത്? അദൃശ്യനായ ക്രിസ്തു എന്നെ കണ്ടിരിക്കുന്നു, എന്നെ വിളിച്ചിരിക്കുന്നു, അവൻ എന്നെ ഓമനപ്പേർ ചൊല്ലി വിളിച്ചിരിക്കുന്നു.

അവൻ എന്റെ അര മുറുക്കിയിരിക്കുന്നു; അവൻ എന്റെ നാഥനായി എന്റെ ജീവിതത്തിലേക്ക് കടന്നു വന്നിരിക്കുന്നു. എന്റെ ആകുലങ്ങളെല്ലാം അവൻ ഏറ്റെടുത്തിരിക്കുന്നു. എന്റെ ആവശ്യങ്ങളെല്ലാം ഏറ്റെടുത്തിരിക്കുന്നു. ഞാൻ അവന്റെ വകയാണ്. ഇങ്ങനെയുള്ള ഒരു കാഴ്ചപ്പാട് നമുക്കു വന്നാൽ ഭയത്തിനാവശ്യമില്ല; സന്തോഷത്തോടെ, ആനന്ദത്തോടെ ദൈവത്തെ നിങ്ങൾക്ക് വാഴ്ത്തിപ്പാടി സ്തുതിക്കാം.

ഇതെല്ലാം കേട്ടു കഴിഞ്ഞപ്പോൾ ഈ അപരിചിതനായ ആൾ അവരോടു പറഞ്ഞു: അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ! നിങ്ങൾ നസറായനായ യേശുവിനെക്കുറിച്ചൊക്കെ പറഞ്ഞുകൊണ്ടു പോകുന്നു. നിങ്ങൾക്കറിയാമോ? യേശുവിനെക്കുറിച്ച്

പ്രവാചകപുസ്തകങ്ങളിലൊക്കെയും പറഞ്ഞിട്ടുണ്ട്. നിങ്ങൾ യഹൂദന്മാർ പഴയനിയമം വായിക്കുന്നവരും പഠിക്കുന്നവരും ആണല്ലോ.

മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും യേശുവിന്റെ വരവിനെക്കുറിച്ചും യേശു ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചും മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. യേശു ക്രൂശിക്കപ്പെടുമെന്നും യേശു അടിപ്പിണരുകൾ ഏല്ക്കേണ്ടി വരുമെന്നും, യേശു വേദനിച്ച് പുളയേണ്ടി വരുമെന്നും, യേശുവിനെ കുറ്റം പറഞ്ഞ് അവർ ക്രൂശിക്കുമെന്നും എല്ലാം മുൻകൂട്ടി എഴുതിയിട്ടുണ്ടല്ലോ.

“സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു. അവൻ നമ്മുടെ അകൃത്യങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേലായി, അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.”

യേശുവിന്റെ അടിപ്പിണരുകളെക്കുറിച്ചും പ്രവാചകന്മാർ പറഞ്ഞിട്ടുണ്ടല്ലോ. അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറയുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ; കർത്താവ് അവരെ ശാസിച്ചു. ഈ അപരിചിതനായ മനുഷ്യൻ ശാസിച്ചു സംസാരിച്ചു. പക്ഷേ, ആ ശാസന ഫലം ചെയ്തു.

ശാസന കേട്ടപ്പോൾ അവർക്കു തോന്നി: ഇദ്ദേഹത്തെ നമ്മുടെ കൂടെ കൊണ്ടുപോകണം. നമുക്ക് ഈ രാത്രി ഇദ്ദേഹത്തോടുകൂടി കഴിക്കണം. ഇദ്ദേഹം പറഞ്ഞത് ഓരോന്നും കേട്ടുകൊണ്ടിരുന്നപ്പോൾ ഉള്ളു കത്തിക്കൊണ്ടിരിക്കയായിരുന്നു. “അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ നമ്മുടെ ഹൃദയം കത്തിക്കൊണ്ടിരുന്നില്ലയോ?” അവൻ സംസാരിച്ചപ്പോഴെല്ലാം ഉള്ളു കത്തുന്ന ഒരനുഭവം! ഏതോ ഒരു പ്രത്യേകത! സാധാരണ സംഭാഷണം പോലെയല്ല.

അവൻ നമ്മളെ കുറ്റപ്പെടുത്തി, നിങ്ങൾ മന്ദബുദ്ധികളാണെന്നു പറഞ്ഞു; ബുദ്ധിഹീനരാണെന്നു പറഞ്ഞു; അപ്പോഴൊന്നും നമുക്ക് നൊമ്പരം തട്ടിയില്ലല്ലോ. നമ്മളെ അപമാനിച്ചു എന്നോ നമ്മുടെ കുറ്റം പറഞ്ഞു എന്നോ തോന്നിയില്ലല്ലോ. അത് തീപോലെ നമ്മുടെ ഉള്ളിലേക്ക് ആളിപ്പടർന്നല്ലോ. ആ വചനം, ആ വാക്ക്, അദ്ദേഹത്തിന്റെ നാവിൽ നിന്നു വന്ന ആ വാക്ക് നമ്മുടെ ഉള്ളത്തെ കത്തു പിടിപ്പിച്ചല്ലോ.

“അയ്യോ ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ട് തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ” എന്നു പറഞ്ഞു. ക്രിസ്തു കഷ്ടം സഹിച്ചിട്ടാണ് മഹത്വത്തിൽ കടക്കുന്നത്. അങ്ങനെയല്ലേ പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത്? ക്രിസ്തു മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുമെന്ന് പ്രവാചകന്മാർ പറഞ്ഞിട്ടുണ്ട്. മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും എഴുതിയ പുസ്തകങ്ങളിൽ വിശദമായി ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

ക്രിസ്തു, മോശ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിൽ നിന്നും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു. എല്ലാം വിവരിക്കയാണ്. പ്രിയപ്പെട്ടവരേ, യേശു കൂടെ നടന്നാൽ നമുക്ക് എല്ലാം പറഞ്ഞുതരും.

കർത്താവ് അവരുടെ വിശ്വാസത്തെയാണ് തുറന്നത്. വചനം അവരുടെ വിശ്വാസത്തെ തുറന്നു. Jesus Christ opened their faith. അയ്യോ മന്ദബുദ്ധികളേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതെല്ലാം വിശ്വസിക്കാത്ത അവിശ്വാസികൾ എന്നുപറഞ്ഞ് ശാസിക്കുകയാണ്. ആ ശാസനയുടെ പിന്നിൽ ഒരു സ്നേഹമുണ്ട്, ഒരു വലിയ വാത്സല്യമുണ്ട്. ഇവർ മൂന്നരക്കൊല്ലം എന്റെ പിന്നാലെ നടന്നവരല്ലേ? ഇവർക്ക് ഇപ്പോൾ വചനം വിശ്വസിക്കാൻ സാധിക്കാതെ വിഷമിക്കയല്ലേ?

ശാസന വരുന്നു, അപ്പോൾ തെറ്റുതിരുത്തുന്നു. ഉടനെ സുബോധം വരുന്നു. മോശ തുടങ്ങി എല്ലാ പ്രവാചകന്മാരും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ച് പറഞ്ഞിരിക്കുന്നത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു. Opened the word of God. ദൈവത്തിന്റെ വചനം തുറന്നു കൊടുത്തു.

ഇതെല്ലാം നമുക്ക് കിട്ടും. ഇന്നു നിങ്ങൾക്കിതു പ്രാപിക്കാം. നിങ്ങളുടെ വിശ്വാസത്തെ കർത്താവ് തുറന്നു തരും. അവിശ്വാസ ചിന്തകൾ നിങ്ങളുടെ മനസ്സിലേക്ക് കൂടെക്കൂടെ വരും. പലതും നിങ്ങൾ കേട്ട് പോകുന്നു. പക്ഷേ, അവിശ്വാസം കൊണ്ട് അതെല്ലാം മൂടിപ്പോകുന്നു. അതെല്ലാം മാറിയിട്ട് നിങ്ങൾക്ക് വിശ്വാസം വരും. വിശ്വാസം നിങ്ങളുടെ ജീവിതത്തിൽ വന്നിട്ട് നിങ്ങളുടെ ഹൃദയം തുറക്കും. നിങ്ങളുടെ കണ്ണു തുറക്കും. നിങ്ങളുടെ ബോധം തുറക്കും. നിങ്ങളുടെ ബുദ്ധി തുറക്കും, വിശ്വാസം തുറക്കും. Opened their faith. Opened their intellect. Opened their heart. അടഞ്ഞിരിക്കുന്നതെല്ലാം തുറന്നു തരുന്ന ക്രിസ്തു!

## പതിമൂന്ന്

അനേകർക്ക് ഇന്നു പറ്റിയിരിക്കുന്ന അപകടം വിശ്വാസ രാഹിത്യമാണ്. വിശ്വാസമില്ലാത്തതുകൊണ്ട് അനേകർ തറപറ്റിപ്പോകുന്നു. തങ്ങൾക്കു മനസ്സിലാക്കാൻ പറ്റാത്തതിനെയെല്ലാം ചോദ്യം ചെയ്യുന്നു. എല്ലാം ദോഷമാണ്.

"ഞാൻ നിന്നെ ഉപദേശിച്ച് നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും. ഞാൻ നിന്റെ മേൽ ദൃഷ്ടിവച്ച് നിനക്ക് ആലോചന പറഞ്ഞുതരും." നടക്കേണ്ടുന്ന വഴിയിൽ കൂടി നടത്തും. ക്രിസ്തുവിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുക. ക്രിസ്തുവിലുള്ള ആശ്രയവും വിശ്വാസവും വന്നാൽ നിങ്ങൾക്കു ജയിച്ചു ജയിച്ചു മുന്നോട്ടു പോകാം. ചില തോന്നലുകളിൽ ആശ്രയിച്ചു നിങ്ങൾ പോകരുത്.

> *"അവർ പോകുന്ന ഗ്രാമത്തോട് അടുത്തപ്പോൾ അവൻ മുമ്പോട്ടു പോകുന്ന ഭാവം കാണിച്ചു; അവരോ: ഞങ്ങളോടു കൂടെ പാർക്കുക, നേരം വൈകി അസ്തമിപ്പാറായല്ലോ എന്നുപറഞ്ഞ് അവനെ നിർബ്ബന്ധിച്ചു. അവൻ അവരോടുകൂടെ പാർപ്പാൻ ചെന്നു. അവരുമായി ഭക്ഷണത്തിന് ഇരിക്കുമ്പോൾ അവൻ അപ്പം എടുത്ത് അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്ന് അവർ അവനെ അറിഞ്ഞു."*
>
> *ലൂക്കോസ് 24 : 28 – 31*

Opened their eyes! അവരുടെ കണ്ണ് തുറന്നു.

അവരുടെ വിശ്വാസം തുറന്നു, അവർക്ക് വചനം തുറന്നു കൊടുത്തു. ഇപ്പോൾ അവരുടെ കണ്ണു തുറന്നു. യേശുവാണ് കൂടെയുള്ളതെന്ന് തിരിച്ചറിയാതെ അപരിചിതനായ ഒരു മനുഷ്യന്റ കൂടെ പോകുന്നു എന്നേ അവർ വിചാരിച്ചുള്ളൂ. പക്ഷേ, ഇപ്പോൾ അവരുടെ കണ്ണ് തുറന്നു കിട്ടി.

നമ്മുടെ ജീവിതത്തിൽ ഒരു ശരിയായ കാഴ്ച ഇപ്പോൾ കിട്ടിയിട്ടില്ല. പുറമേയുള്ള കാഴ്ചയല്ല ഞാൻ പറഞ്ഞത്. ആന്തരികമായി ആത്മാവിന്റെ കണ്ണു തുറന്നു കിട്ടണം. അദ്ധ്വാനിക്കുന്ന കൃഷിക്കാരനാകുന്നു ആദ്യം ഫലം അനുഭവിക്കേണ്ടത്. നിങ്ങളിൽ പലരും പ്രയത്നിക്കുന്നില്ല.പലരും സമയങ്ങൾ വൃഥാ കളയുന്നുണ്ട്.

കൊച്ചു കുട്ടികൾ അവരുടെ വിലപ്പെട്ട സമയം എന്തിനൊക്കെയോ ചിലവഴിക്കുന്നു. എന്തെല്ലാം അബദ്ധങ്ങളിലാണ് ചെന്നു വീഴുന്നത്? വീഡിയോ ഗെയിംസ് വലിയ നാശം വരുത്തുന്നതാണ്. സ്പോർട്സ് - അത് അതിൽ തന്നെ തെറ്റല്ല - പക്ഷേ, നിങ്ങൾക്കു വിലയേറിയ ജീവിതത്തിന്റെ ലാക്കുകളും ലക്ഷ്യങ്ങളുമുണ്ട്. അതിലേക്കു പോകുമ്പോൾ കാർട്ടൂൺ പടങ്ങളും വീഡിയോ ഗെയിമുകളും കണ്ടിരിക്കാൻ നിങ്ങൾക്കു നേരമില്ല.

ദൈവത്തിന്റെ വചനം വ്യാഖ്യാനിച്ചു കൊടുത്തു. ദൈവത്തിന്റെ വചനം അവർക്കു മനസ്സിലാക്കിക്കൊടുത്തു. അപ്പോൾ അവരുടെ കണ്ണുതുറന്നു. കണ്ണു കാഴ്ച കിട്ടാൻ നിങ്ങൾ പ്രാർത്ഥിക്കണം. ഇപ്പോൾ നിങ്ങൾ ഒറ്റയ്ക്കൊരു കാര്യം പ്രാർത്ഥിക്കണം. കർത്താവേ, എന്റെ ഉൾക്കണ്ണു തുറന്നു തരണമേ. എന്റെ ആന്തരിക കണ്ണു തുറന്നു തരണമേ. പലതും എനിക്കു മനസ്സിലാകുന്നില്ല.

കർത്താവേ, നിന്റെ മഹാത്ഭുതങ്ങൾ കാണാൻ എന്റെ കണ്ണൊന്നു തുറന്നു തരണമേ. നിത്യനായ ദൈവത്തിന്റെ വഴി

കളും വചനങ്ങളും മനസ്സിലാകുവാൻ എന്റെ കണ്ണൊന്നു തുറന്നു തരണമേ. ദൈവത്തിന്റെ വഴികൾ എന്ത്? ദൈവത്തിന്റെ വിചാരങ്ങൾ എന്ത്? ദൈവത്തിന്റെ വചനത്തിന്റെ പ്രസക്തി എന്ത്? അതു മനസ്സിലാക്കാൻ എന്റെ കണ്ണൊന്നു തുറന്നു തരണമേ.

യാത്ര പോയ്ക്കൊണ്ടിരിക്കയാണ്. യേശുതമ്പുരാൻ അവരോടു സംസാരിച്ചുകൊണ്ട് അവരുടെ കൂടെ തന്നെ നടക്കുകയാണ്. അത് ഒരു അനുഗൃഹീത യാത്രയായിരുന്നു. ഒരിക്കലും മറക്കാനാവാത്ത ഒരു യാത്ര. നടക്കുന്ന സമയത്ത് അത്രയ്ക്കവർക്കു തോന്നിയില്ലെങ്കിൽ പോലും അത് ഏറ്റവും ശ്രേഷ്ഠമായ ഒരു യാത്രയായിരുന്നു.

ഒരു വലിയ പദവിയാണത്. യേശുവിനോടുകൂടി യാത്ര ചെയ്യുക. യേശുവിനോടുകൂടി ബസ്സിൽ ഇരിക്കുക. അല്ല, കാറിലോ മറ്റ് ഏതെങ്കിലും വാഹനത്തിലോ ആയിരിക്കട്ടെ; യേശു കൂടി ഉണ്ടായിരിക്കുക.

നിങ്ങൾ സ്കൂളിലേക്കു പോകുന്നത് യേശുവിന്റെ കൂടെയാണോ? നിങ്ങൾ കോളേജിലേക്കു പോകുമ്പോൾ, കൃഷിപ്പണിക്കു പോകുമ്പോൾ, പള്ളിയിൽ പോകുമ്പോൾ യേശുവിന്റെ കൂടെയാണോ യാത്ര ചെയ്യുന്നത്? അല്ല, യേശു നിങ്ങൾക്കു വിഷയമല്ല. പ്രസംഗമെല്ലാം കേൾക്കുന്നുണ്ട്. കൂട്ടായ്മയിൽ വരുന്നുണ്ട്. എന്നാൽ ചിലരോടുള്ള ഈർഷ്യ മനസ്സിലിരിക്കുന്നു. ചിലരോടുള്ള മുഷിച്ചിൽ, വൈരാഗ്യം, ഇണക്കക്കുറവ് എല്ലാം ഉള്ളിലുണ്ട്. ദൈവമക്കളേ, നിങ്ങൾ കൂട്ടായ്മയിൽ ഉള്ളവർ തന്നെയാണെങ്കിലും യേശു കൂടെ നിൽക്കുകയില്ല.

ദൈവത്തിന്റെ വചനത്തിന്റെ പ്രസക്തി ഗ്രഹിക്കാതെ അനേകരിന്ന് യേശു കൂടെയുണ്ടെന്ന് ഊഹിച്ചു യാത്ര ചെയ്യുകയാണ്. കാണും, കാണാതിരിക്കില്ല. ഞാനും സമർപ്പിച്ചതല്ലേ?

ഇന്നയാൾക്ക് എന്നോട് ഇഷ്ടമില്ലാത്തതുകൊണ്ട് എന്റെ കുറ്റം പറയുന്നു. ഇങ്ങനെയൊക്കെയാണ് നിങ്ങൾ ചിന്തിക്കുന്നത്.

എന്റെ നന്മക്കുവേണ്ടി പരിശുദ്ധാത്മാവ് എന്നെ ശാസിക്കുകയാണെന്നു ഗ്രഹിക്കുവാനുള്ള വിവേകമില്ല. എന്നെ നന്നാക്കിയെടുക്കാൻ, എന്നെ വളർത്തിക്കൊണ്ടുവരാൻ, എനിക്ക് ആത്മീയശക്തി പകർന്നു തരാൻ പരിശുദ്ധാത്മാവ് എന്നെ ശാസിച്ചു നടത്തുകയാണ് എന്ന വിവരമില്ല.

ഏതെങ്കിലും ശാസന കിട്ടിയാൽ, തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ പലർക്കും മുഷിച്ചിലായി. അപ്പോൾ സമ്മതിക്കുമെങ്കിലും ഉള്ളിൽ ഒരു പുഴുക്കടിയാണ്. ഏതാണ്ട് ഒരു അസ്വസ്ഥത. ഉടനെ ന്യായങ്ങൾ കണ്ടുപിടിക്കുകയാണ്. എനിക്ക് ന്യായമായിട്ടല്ലേ ഇഷ്ടക്കുറവു വന്നത്? അതിനു തക്കകാരണമുണ്ടല്ലോ? എന്നൊക്കെ ന്യായം കണ്ടുപിടിക്കുകയാണ്. നേരെ മറിച്ച്, അതെല്ലാം താഴെ വയ്ക്കണം. നിങ്ങൾക്ക് ഒരു ലക്ഷ്യം വേണം.

കർത്താവായ യേശുക്രിസ്തുവിന്റെ കൂടെ പോവുക എന്നതാണോ ലക്ഷ്യം, എങ്കിൽ നിങ്ങൾ വഴിതെറ്റിപ്പോകുമ്പോൾ ചൂണ്ടിക്കാണിക്കാൻ ആരെങ്കിലുമുള്ളത് മഹാഭാഗ്യമാണ്. നിങ്ങൾ വഴിതെറ്റിപ്പോകുമ്പോൾ പറഞ്ഞുതരുന്നത് മഹാഭാഗ്യമാണ്. അനുഗ്രഹിക്കപ്പെട്ട ദൈവമക്കളിൽ നിന്ന് ഒരു വാക്കു കിട്ടുന്നത് മഹാഭാഗ്യമാണ്. പക്ഷേ, പലപ്പോഴും നിങ്ങൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശാസനയ്ക്കു കീഴ്പ്പെടുന്നില്ല.

പരിശുദ്ധാത്മാവ് നിങ്ങളെക്കുറിച്ച് വേദനയോടെ, എങ്ങനെയെങ്കിലും തെറ്റു തിരുത്തണമെന്നുള്ള ദാഹത്തോടെ, നിങ്ങളെ നന്നാക്കിയെടുക്കാനുള്ള വ്യഗ്രതയോടെ സംസാരിക്കുകയാണ്. പക്ഷേ, അപ്പോൾ നിങ്ങൾക്കതു സ്വീകരിക്കാൻ മനസ്സില്ലാതെ പോകുന്നു. ദൈവത്തിന്റെ ആത്മാവിന്റെ ശാസന സ്വീകരിക്കണം. ആത്മാവിന്റെ ശിക്ഷണം സ്വീകരിക്കണം. വിനയപൂർവ്വം സ്വീകരിക്കണം. അപ്പോഴാണ് അനുഗ്രഹം കിട്ടു

ന്നത്. സമൃദ്ധിയായ അനുഗ്രഹം!

ഇവർ യേശുവിന്റെ കൂടെ നടന്നു. യേശുവിന്റെ കൂടെ നടക്കുക. യേശുവിനോട് ചേർന്നു നടക്കുക. യേശു പറയുന്ന തെല്ലാം കേൾക്കുമ്പോൾ ഉള്ള് കത്തിക്കാളിക്കൊണ്ടിരിക്കുക യാണ്. ഉള്ളിൽ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം! സാക്ഷാൽ രക്ഷകന്റെ കൂടെയല്ലേ നടക്കുന്നത്! യേശുവിന്റെ കൂടെയല്ലേ നടക്കുന്നത്! യേശുവിന്റെ കൂടെ നടക്കുമ്പോൾ നമ്മുടെ ഹൃദയത്തിലേക്ക് സമാധാനം ഒഴുകി വരുന്നത് നമു ക്കനുഭവിക്കാം.

ദൈവത്തിന്റെ കൂടെ നടക്കുമ്പോൾ നിങ്ങൾക്ക് ആന്തരി കമായ വലിയ ഒരു സന്തോഷം ലഭിക്കും. അകത്തൊരു സമാ ധാനം ലഭിക്കും. ഇവിടെ നീറിപുകയുന്ന പ്രശ്നങ്ങളുണ്ട്. ഒട്ടേറെ യാതനകളുണ്ട്. എന്നും ദുരിതങ്ങളുണ്ട്, വേദനകളുണ്ട്. എല്ലാ മനുഷ്യരും അങ്ങനെയാണ്. എന്നും പ്രാരബ്ധങ്ങളും ഭാരങ്ങളും ആകുലങ്ങളും ആവലാതികളും!

എന്നാൽ അതിന്റെയെല്ലാം മദ്ധ്യത്തിൽ ക്രിസ്തുവിന്റെ കൂടെ നടക്കുമ്പോൾ നിങ്ങളുടെ ഹൃദയത്തിന്റെ ഭാരങ്ങൾ മാറിപ്പോകുന്നു, ദു:ഖങ്ങൾ മാറിപ്പോകുന്നു. എപ്പോഴോ നിങ്ങൾക്ക് അതിൽനിന്ന് ഒരു മോചനം കിട്ടുന്നു. നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു കിട്ടുന്നു. നിങ്ങൾക്കു സമാ ധാനം കിട്ടുന്നു. ഭാഗ്യമല്ലേ! ദൈവത്തിന്റെ ആത്മാവിനോടു ചേർന്നു നടക്കുക. ആത്മാവിനോട് ഒത്തു നടക്കുക. ആത്മാ വിന്റെ കൂടെ നടക്കുക.

അവർ നടന്നു അവരുടെ വീടിനോട് അടുക്കാറായി. അപ്പോൾ അവർ പറഞ്ഞു.

*‘‘അവരോ: ഞങ്ങളോടുകൂടെ പാർക്കുക; നേരം വൈകി അസ്തമിപ്പാറായല്ലോ എന്നുപറഞ്ഞു*

*അവനെ നിർബ്ബന്ധിച്ചു.”* *ലൂക്കോസ് 24 : 29*

ഓരോ വാക്കിലും ഒരു ആശയ പ്രപഞ്ചമുണ്ട്. നേരം വൈകി അസ്തമിപ്പാറായല്ലോ, ഞങ്ങളോടു കൂടി പാർക്കുക. നേരം ഇതാ തീരാൻ പോകുന്നു. ഇനി പകൽ അധികനേരമില്ല. ഞങ്ങൾ ഇരുളിലാണ്. ഞങ്ങൾക്കു പ്രകാശം തരാൻ അവിടുത്തേക്കു കഴിയും. ഞങ്ങളോടുകൂടി പാർക്കുക.

കാലം തീരാറായി. നീതിയിൽ സൂര്യനിതാ അപ്രത്യക്ഷമായിരിക്കുന്ന സമയം. ഇത് ഇരുളിന്റെ സമയമാണ്. ഇരുളിന്റെ നാഴികയാണ്. അന്തിക്രിസ്തു തേർവാഴ്ച നടത്തുന്ന സമയം.

അന്തിക്രിസ്തുവിന്റെ പിണിയാളുകൾ ഇന്ന് ലോകത്തെ ഭരിക്കുന്ന സമയം.

ദൈവമില്ലാത്ത ഒരു സമൂഹം വളർന്നുവരുന്നു. ഇന്ന് വർഗ്ഗവൈരാഗ്യമുണ്ട്, മതവൈരാഗ്യമുണ്ട്, മതസ്പർദ്ധയുണ്ട്. പക്ഷേ, ദൈവബോധം മാത്രം ഇല്ല. ഓരോ ദേവന്റേയും ഓരോ ദേവിയുടേയും മുന്നിൽ കൈകൂപ്പി നിൽക്കുന്നതാണ് ഇന്ന് പലരുടേയും ഇഷ്ടം.

സഹോദരങ്ങളേ, നിങ്ങൾ വഴിതെറ്റി പോകുന്നുണ്ടോയെന്നു ചിന്തിക്കൂ. നിങ്ങൾ ക്രിസ്തുവിന്റെ കൂടെ നടക്കുക.

കർത്താവേ, അസ്തമിപ്പാറായല്ലോ. ഇനി അധികം സമയമില്ലല്ലോ. ഇതാ ഇരുൾ വന്നു തുടങ്ങിയിരിക്കുന്നു. ഇരുൾ പ്രപഞ്ചത്തെ കീഴടക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ നീ ഞങ്ങളുടെ കൂടെ വന്നു രാപാർക്കുക. നിന്റെ കൂടെ നടക്കുമ്പോൾ, നിന്നോടു സംസാരിക്കുമ്പോൾ ഞങ്ങൾക്കൊരു വെളിച്ചമുണ്ട്. നീ ഞങ്ങളുടെ കൂടെ രാപാർക്കുക.

ഇന്ന് കർത്താവല്ല രാപാർക്കുന്നത്, കരച്ചിലാണ്. “സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും. ഉഷസ്സിലോ ആനന്ദഘോഷം വരുന്നു.” സന്ധ്യയിങ്കൽ കരച്ചിലാണ് വന്നു

രാപാർക്കുന്നത്. ഉറങ്ങാൻ കിടന്നാൽ ഉറക്കം വരുന്നില്ല. തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. രോഗം കൊണ്ടല്ല, മനസ്സിലെ ചില ആകുലങ്ങൾ; മനസ്സിലെ ചില ചിന്താഭാരങ്ങൾ; മനസ്സ് അസ്വസ്ഥമാണ്. മക്കളെക്കുറിച്ചുള്ള പ്രയാസമായിരിക്കും. സ്വസ്ഥതയില്ല, ഉറക്കം വരാത്ത രാത്രികൾ! ഓരോരുത്തരും തീക്ഷ്ണമായ വേദനകൊണ്ട് ഞെളിപിരിക്കൊള്ളുകയാണ്.

ഇപ്പോൾ നേരം വൈകി അസ്തമിപ്പാറായല്ലോ, ഞങ്ങളോടുകൂടി രാപാർക്കുക. കർത്താവേ, നീ ഇന്ന് എന്റെ കൂടെ വസിക്കണമേ. ഇന്ന് ഈ രാത്രി എന്റെകൂടെ നീ വാഴണമേ. ഈ രാത്രി നീ എന്റെ കട്ടിലിൽ ഉണ്ടായിരിക്കണമേ. എന്റെ കിടക്കയിൽ നിന്റെ കരം സ്പർശിക്കണമേ. നാഥാ, ഇന്നു ഞാൻ ഉറങ്ങുമ്പോൾ നീ ഉറങ്ങാത്തവനായി, ഉറക്കം തൂങ്ങാത്തവനായി എനിക്കു ചുററും കാവൽ നിൽക്കണമേ.

നിന്റെ സ്വർഗ്ഗീയ ദൂതന്മാരെ എനിക്കു ചുറ്റും കാവലാക്കി നിർത്തണമേ. ദുഃസ്വപ്നങ്ങൾ സ്പർശിക്കാതെ നീ എന്നെ കാത്തുകൊള്ളണമേ. ദുഷ്ടപ്പിശാച്, അന്ധകാരശക്തി എന്നെ വലയം ചെയ്യാതെ നിന്റെ തിരുരക്തത്തിന്റെ വലയത്തിനുള്ളിൽ എന്നെ നീ സംരക്ഷിക്കണേ. ഇതു നമ്മുടെ പ്രാർത്ഥനാവിഷയമായിരിക്കേണ്ടതാണ്.

ലോയിഡ് സി. ഡഗ്ളസ് എഴുതിയ, ‘The Robe’ എന്നൊരു പുസ്തകമുണ്ട്. യേശുക്രിസ്തുവിന്റെ മനോഹരമായ തിരുവസ്ത്രത്തെക്കുറിച്ചാണ് ആ പുസ്തകം. മലയാളത്തിൽ ‘മേലങ്കി’ എന്നാണ് ആ പുസ്തകത്തിന്റെ പേര്. വായിക്കുന്നതു നല്ലതാണ്. ക്രിസ്തുവിലുള്ള വിശ്വാസം വർദ്ധിച്ചു വരും.

പ്രിയപ്പെട്ടവരേ, നിങ്ങൾ ഉറങ്ങാൻ കിടക്കുന്നതിനുമുമ്പ് പ്രാർത്ഥിക്കണം. കർത്താവേ, ഇന്ന് അന്ധകാരശക്തി എന്നെ തൊടാതവണ്ണം, അന്ധകാരശക്തി എന്റെ അരികിലേക്കു വരാതവണ്ണം നിന്റെ തിരുരക്തത്താൽ എനിക്കു കോട്ട കെട്ടണമേ.

തിരുരക്തത്തിന്റെ വലയത്തിനുള്ളിൽ എന്നെ കാക്കണമേ. അന്ധകാരശക്തി എന്റെ ഹൃദയത്തിലേക്കു വരരുത്. ചീത്ത ചിന്തകൾ എന്റെ മനസ്സിലേക്കു വരരുത്. അശുദ്ധ വികാരങ്ങൾ എന്നെ സ്പർശിക്കരുത്. അഴുക്കായ കാര്യങ്ങളിലേക്ക് എന്റെ മനസ്സ് പോകരുത്. രാത്രി ഞാൻ ഉറങ്ങുമ്പോൾ എന്റെ അരികത്തു നിന്ന് എന്നെ കാവൽ ചെയ്തുകൊണ്ടിരിക്കണമേ.

"അവൻ അവരോടുകൂടെ പാർപ്പാൻ ചെന്നു. അവരുമായി ഭക്ഷണത്തിന് ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്നു."

അത്ഭുതം നടന്നു. എന്താണ്? അവൻ മുമ്പോട്ടു പോകുന്ന ഭാവം കാണിച്ചു. ഇല്ല, ഇപ്പോൾ ഞാൻ വരുന്നില്ല എന്ന ഭാവം കാണിച്ചു. പക്ഷേ അവർ നിർബ്ബന്ധിച്ചു. നിർബ്ബന്ധിച്ചാൽ അവൻ അകത്തു വരും. സുഹൃത്തുക്കളേ, നിങ്ങൾ യേശുവിനെ നിർബ്ബന്ധിച്ചു നോക്കൂ. കർത്താവേ, നീ എന്റെ ഹൃദയത്തിലേക്കു വരണം. വരാനുള്ള യോഗ്യത എനിക്കില്ല. ഇവിടെ മുഴുവൻ അഴുക്കാണ്. മുഴുവൻ തിന്മയാണ്. പഴയകാലം ഓർത്തുനോക്കിയാൽ എനിക്ക് ലജ്ജ തോന്നുന്ന ജീവിതമാണ്. എന്നാൽ ഈ അശുദ്ധനായ, അഴുക്കു പിടിച്ച എന്റെ ജീവിതത്തിലേക്ക് നാഥാ, നീ എഴുന്നള്ളി വരണമേ.

മേലിൽ കർത്താവിനെ ദു:ഖിപ്പിക്കുന്നതൊന്നും എന്റെ ജീവിതത്തിൽ വരാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം. ഒരു കാര്യത്തിനും ശത്രുവിന് ഇടം കൊടുക്കാതെ, എന്റെ കർത്താവിനെ വേദനിപ്പിക്കാതെ ഞാൻ ജീവിച്ചുകൊള്ളാം. എന്റെ കർത്താവേ, നീ എന്റെ ഹൃദയത്തിലേയ്ക്കൊന്നു വരണമേ. നിർബ്ബന്ധിച്ചു നോക്കൂ. നിങ്ങൾക്ക് നേരിട്ട് അനുഭവം കിട്ടും. നിർബ്ബന്ധിക്കുക. കിട്ടാതെ ഞാൻ അടങ്ങുകയില്ല എന്ന വാശിയോടെ നിർബ്ബന്ധിക്കുക. എന്റെ യേശു എന്റെ അകത്തു വരാതെ ഞാൻ അട

ങ്ങുകയില്ല.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഈ കാര്യങ്ങൾ മനസ്സിലാകുന്നുണ്ടോ? പിതാക്കന്മാർക്ക് ഇതെല്ലാം അനുഭവമായിരുന്നു.

ശുചിയൊടു ശുദ്ധ്യാ ബെസ്ക്കുദിശാ-
സ്പർശിച്ചുള്ള പാദങ്ങൾ
പുക്കുദ്യാന ദ്വാരങ്ങൾ
വാനവരൊത്തു വസിക്കേണം.

നിന്റെ വിശുദ്ധ മദ്ബഹയിൽ ചവിട്ടിയ ഈ പാദങ്ങൾ, അതിപരിശുദ്ധമായ സ്ഥലത്തു ചവിട്ടിയ ഈ പാദങ്ങൾ, നിന്റെ മഹത്വമേറിയ ത്രോണോസിന്റെ മുമ്പാകെ കാഴ്ചയണച്ചതായ ഈ പാദങ്ങൾ പറുദീസയിൽ പ്രവേശിച്ച് വാനവരോടൊത്ത് വസിക്കേണം. അനുഗൃഹീതമാണത്. പ്രിയപ്പെട്ടവരേ, നാം ഇതൊക്കെ കേൾക്കുന്നുണ്ട്, ചൊല്ലുന്നുണ്ട്. അർത്ഥം അറിയുന്നുണ്ടോ?

നിങ്ങൾക്കു പറയാം: കർത്താവേ, നിന്റെ സാക്ഷ്യം പറഞ്ഞ ഈ നാവ് പുഴുവിനു തിന്നാൻ നീ വിട്ടു കൊടുക്കരുതേ; നിന്റെ വചനം പറഞ്ഞ ഈ നാവ് ദുഷ്ടപിശാചുക്കൾ കടിച്ചുകീറാൻ വിട്ടു കൊടുക്കരുതേ. നിന്റെ തിരുവചനം വായിച്ച ഈ കണ്ണുകൾ ദുഷ്ട പിശാചുക്കൾ വലയം ചെയ്ത് നശിപ്പിക്കാൻ നീ സമ്മതിക്കല്ലേ.

നിന്റെ വേലയ്ക്കു വേണ്ടി ഓടിയ എന്റെ കാലുകൾ നരകത്തിന്റെ തീയിൽ വെന്തെരിയാൻ ഇടയാകരുതേ. ഇതൊക്കെയാണ് പ്രാർത്ഥിക്കേണ്ട പ്രാർത്ഥനകൾ.

കർത്താവ് അവരോടുകൂടെ രാപാർത്തു. പക്ഷേ, രാപാർക്കുന്നതിനു മുൻപ് കർത്താവ് ഒരു കാര്യം ചെയ്തു; അവരോടുകൂടെ ഭക്ഷണത്തിനിരുന്നു. എന്നേക്കും അവരോടുകൂടെ പാർക്കുവാൻ ആഗ്രഹിക്കുന്ന കർത്താവ് അന്ന്

അവരോടുകൂടെ ഭക്ഷണത്തിനിരുന്നു.

ഞാൻ ഭാവനയിൽ ചിന്തിക്കാറുണ്ട്. കർത്താവും എമ്മവൂസിലേക്കു പോയ ക്ലെയോപ്പാവും സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ക്ലെയോപ്പാവിന്റെ ഭാര്യ മറിയാം അകത്ത് തിടുക്കത്തിൽ അപ്പം ചുടുകയാണ്. അപ്പം ചുട്ടുകൊണ്ടിരിക്കുമ്പോൾ ഓടി വന്ന് വാതിൽക്കൽ നിൽക്കും യേശു സംസാരിക്കുന്നതു കേൾക്കാൻ. പിന്നെയും പോയി ആ അപ്പം മറിച്ചിടും. എന്നിട്ട് പിന്നെയും വന്ന് കേൾക്കാൻ നിൽക്കും.

അപ്പം ചുട്ടു പാത്രത്തിൽ മേശപ്പുറത്ത് കൊണ്ടുവന്നു വച്ചു. ഇതെല്ലാം ഭാവനയാണ്. വേദപുസ്തകത്തിലില്ല. അപ്പോഴുണ്ട് യേശു എഴുന്നേറ്റ് അപ്പം എടുത്തു. സാധാരണ വിളമ്പിക്കൊടുക്കുന്നത് വീട്ടുകാരനല്ലേ? എന്നാൽ യേശു വീട്ടുകാരനായി മാറി. വിരുന്നുകാരൻ വീട്ടുകാരനായി മാറി. അതിഥി ആതിഥേയനായി മാറി. യേശു എഴുന്നേറ്റു, അപ്പം എടുത്തു, മുറിച്ചു. അയ്യോ ഇതാരാണ്! അവർ കൈയിൽ ആണിപ്പാടു കണ്ടു.

ഇന്ന് ഇത് വായിച്ചു കൊണ്ടിരിക്കുമ്പോൾ നിങ്ങൾക്ക് നിങ്ങളുടെ കൺമുൻപിൽ ഈ ആണിപ്പാടുകാണാം. നിങ്ങളുടെ മുമ്പിൽ യേശു കരം നീട്ടി നിൽക്കുന്നത് കാണാം. നിങ്ങൾക്കു തരാനുള്ള അപ്പവുമായി കർത്താവ് നിൽക്കുന്നു. ആ മുറിഞ്ഞ കരങ്ങൾ, ആണിപ്പാടുള്ള കരങ്ങൾ നീട്ടിക്കൊണ്ട് അപ്പമെടുത്ത് കർത്താവ് മുറിക്കുന്നു. അപ്പം നുറുക്കുന്നു. പെട്ടെന്ന് അവരുടെ കണ്ണു തുറന്നു. Opened their eyes. അയ്യോ, നാം ആരുടെ കൂടെയാണ് നടന്നത്? അപ്പോഴേക്കും കർത്താവ് പോയിക്കഴിഞ്ഞു. യേശു അപ്രത്യക്ഷനായല്ലോ.

നാം ആരുടെ കൂടെയാണ് നടന്നത്? മൂന്നരക്കൊല്ലം പിന്നാലെ നടന്ന ഞങ്ങൾക്ക് നിന്നെ തിരിച്ചറിയാൻ കഴിയാതെ പോയല്ലോ. ഈ കണ്ട കാലങ്ങളെല്ലാം ഞങ്ങൾ വചനം കേട്ട്

നിന്റെ പിന്നാലെ നടന്നവരാണ്. എന്നാൽ നീ അക്ഷരികമായി ഉയിർത്തെഴുന്നേറ്റു വന്നപ്പോൾ നിന്നെ തിരിച്ചറിയാൻ കഴിയാതെ പോയല്ലോ. കർത്താവേ, ക്ഷമിക്കണമേ.

കർത്താവ് പിന്നെ കാണപ്പെട്ടത് യെരുശലേമിലാണ്. യെരൂശലേമിലേക്ക് കർത്താവിനു നടക്കേണ്ടി വന്നില്ല. നിത്യനായ ദൈവത്തിനു സമയമോ സ്ഥലമോ ഭേദമില്ല. അതൊരു തടസ്സവുമല്ല. സെഹിയോൻ മാളികയിൽ ദു:ഖിച്ചു നിരാശപ്പെട്ടിരിക്കുന്ന ശിഷ്യന്മാരുടെ അടുക്കലേക്കു കർത്താവ് ചെന്നു. അവിടെ ചെന്ന് "നിങ്ങൾക്കു സമാധാനം" എന്ന് കർത്താവ് പറഞ്ഞു. അപ്പോഴും കൈ ഉയർത്തി, കൈയിലെ ആണിപ്പാടുകൾ!

യേശു ഇന്നും ജീവിക്കുന്നു. നമുക്ക് അപ്പം തരാൻ; നമുക്ക് ഭക്ഷണം തരാൻ; നമ്മുടെ കുഞ്ഞുങ്ങൾക്ക് അപ്പം തരാൻ, നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ല ഭാവി തരാൻ, നമ്മുടെ കുടുംബത്തിലെ ക്ലേശങ്ങൾ മാറ്റാൻ, നമ്മുടെ വേദനകൾ തീർക്കാൻ, നമ്മുടെ രോഗമകറ്റാൻ, നമുക്കൊരു സമാധാനജീവിതം തരാൻ, യേശു ജീവിക്കുന്നു. അവനിതാ തൃക്കരം നിങ്ങൾ കാണുമാറ് വിടർത്തിയിരിക്കുന്നു.

അപ്പം മുറിച്ചു തൃക്കരം നിവർത്തിയിരിക്കുന്നു. അവങ്കലേക്ക് അവർ നോക്കി. നോക്കും തോറും അവർ ഏങ്ങലടിക്കുകയാണ്. അയ്യോ, നമ്മൾ അറിഞ്ഞില്ലല്ലോ. ഈ ഏഴുനാഴിക ദൂരം നടക്കുമ്പോൾ നമ്മുടെ കൂടെ നടന്നത് യേശുവാണെന്ന് നമ്മൾ അറിഞ്ഞില്ലല്ലോ. അവർ യേശുവിനെ കാണാൻ നോക്കിയപ്പോഴേക്കും യേശു പോയിക്കഴിഞ്ഞിരിക്കുന്നു.

സഹോദരങ്ങളെ, നിങ്ങൾക്ക് ഇപ്പോൾ തന്നെ കർത്താവിനോട് ഒരു വാക്കുപറയാം: കർത്താവേ, നൂറ്റാണ്ടുകൾക്കുമുമ്പ് എമ്മവൂസിലേക്കു പോയ ആ ശിഷ്യന്മാരുടെ കൂട്ടത്തിൽ നടന്ന യേശുവേ, ഇന്ന് നീ എന്റെ കൂടെ ഒന്നു നടക്കണമേ.

ഇന്ന് എന്റെ ഭവനത്തിലേക്കൊന്നു വരണമേ. ഈ നിസ്സാര മനുഷ്യന്റെ ഹൃദയത്തിലേക്കൊന്നു വരണമേ.

ദു:ഖവും പ്രയാസവും രോഗവും കഷ്ടതയുമുള്ള ഈ സാധുവിന്റെ ജീവിതത്തിലേക്ക് വരണമേ. നിന്റെ ആണിപ്പാടുള്ള കരം ഞാനൊന്നു കാണട്ടെ. യേശുവേ, ആ തൃക്കരം ഞാനൊന്നു ചുംബിച്ചോട്ടെ. എന്റെ യേശുവേ, ഞാൻ ഇപ്പോൾ നിന്റെ തിരുപ്പാദത്തിൽ ഒന്നു വീണുകൊള്ളട്ടെ. ആ തിരുപാദം ഞാനൊന്നു കെട്ടിപ്പിടിച്ചുകൊള്ളട്ടെ. കർത്താവേ, ഇപ്പോൾ ഞാൻ ഇതാ, എന്നെ നിനക്ക് പൂർണ്ണമായി വിട്ടുതന്നിരിക്കുന്നു; അടിയറ വയ്ക്കുന്നു.

പ്രാർത്ഥിക്കൂ പ്രിയപ്പെട്ടവരേ. യേശുവിന്റെ കൈകളിലേക്ക് നിങ്ങളെ ഏല്പിക്കൂ. യേശു നിങ്ങളുടെ അരികത്തു വന്നിട്ടുണ്ട്. യേശു നിങ്ങളുടെ അരികത്തു നിൽക്കുകയാണ്. നിങ്ങൾക്കു ചുംബിക്കുവാൻ പാകത്തിന്, പാദം മുത്തുവാൻ പാകത്തിന് അവൻ നിങ്ങളുടെ അരികത്തു നിൽക്കുകയാണ്. ആ കരം നിങ്ങളുടെ തലയിൽ വയ്ക്കുവാൻ യേശുവിനാഗ്രഹമുണ്ട്. നിങ്ങൾക്കാഗ്രഹമുണ്ടോ നിങ്ങളുടെ തലമേൽ ആ കരം വയ്ക്കുവാൻ?

നിങ്ങൾ വിട്ടുകൊടുത്താൽ യേശു കരം വയ്ക്കും. അഴുക്കുകൾ മാറ്റും. അശുദ്ധികൾ മാറ്റും. എല്ലാ പാപവും ക്ഷമിക്കും. എല്ലാ അകൃത്യവും പൊറുക്കും. സകല പാപവും ക്ഷമിച്ചു നിങ്ങൾക്കു മോചനം തരും. കർത്താവ് നിങ്ങളെ അനുഗ്രഹിക്കും. വന്നുപോയ എല്ലാ പാപവും ക്ഷമിച്ച് ഒരു പുതിയജീവിതം നിങ്ങൾക്കു തരും. അനുഗ്രഹം പ്രാപിക്കൂ. ദൈവത്തെ സ്നേഹിക്കാൻ തുടങ്ങൂ. പുതിയ അനുഗ്രഹം നിങ്ങൾ പ്രാപിക്കൂ. നമുക്കൊരുമിച്ച് ദൈവത്തെ സ്തുതിക്കാം.

സ്നേഹവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ വാഴ്ത്തപ്പെട്ട കർത്താവേ, ഈ മനോഹരമായ സമയം ഞങ്ങൾക്കു

തന്നതിനായി സ്തോത്രം. അവിടുന്നു ഞങ്ങളെ സ്നേഹിക്കുന്നതിനായി സ്തോത്രം. തിരുവചനത്തിന്റെ വഴിയിലൂടെ ഞങ്ങളെ നടത്തുന്നതിനായി സ്തോത്രം. വചനം ഞങ്ങൾക്കു വ്യാഖ്യാനിച്ചു തരുന്നതിനായി സ്തോത്രം. കൃപയുടെ വചനം ഞങ്ങളുടെമേൽ തൂവിയതിനായി സ്തോത്രം. ഞങ്ങളുടെ ഹൃദയത്തിലേക്ക് ഈ ആത്മാവിന്റെ വിത്തു വിതച്ചതിനായി സ്തോത്രം. എല്ലാവരേയും അനുഗ്രഹിക്കണമേ. കരുണയുള്ള കർത്താവിന്റെ കരം ഈ പ്രിയപ്പെട്ടവരുടെ തലമേൽ വയ്ക്കണമേ. ആശീർവദിക്കണമേ, അനുഗ്രഹിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി എല്ലാവരേയും ഒരുക്കണമേ. യേശുക്രിസ്തുവിന്റെ പരിശുദ്ധമായ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
\123. സ്നേഹാർദ്രകരങ്ങൾ

# Prof. M.Y. യോഹന്നാൻ
## സുവിശേഷസന്ദേശം നൽകുന്നു

# പവർവിഷൻ TV

8:30 PM
1:30 PM
5:30 AM

Indian Standard Time

രാത്രി 8:30
ഉച്ചയ്ക്ക് 1:30
രാവിലെ 5:30

Live Available on
www.crfgospel.org/tv

ഓരോ സമയത്തും വ്യത്യസ്തമായ വിഷയം

SUN 607 | VIDEOCON d2h 646 | airtel 873 | dishtv 646

Asianet Cable - 662, Kerala Vision - 510, Den Cable - 637, Idukki Vision - 52, Siti Cable-161
Wayanad Vision-510, Malanad Channel-57, Bhoomika - 43, KCL -651, Sahya-56, Arasu(TN)- 747

ശനി രാവിലെ 6 : 30
സൂര്യ TV

തിങ്കൾ, ചൊവ്വ രാവിലെ 6 : 30
ജയ്ഹിന്ദ് TV

Ph : 9142 30 30 96


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച<br>സാക്ഷ്യയോഗം | 9.00am - 2.00pm<br>4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള<br>രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും<br>(ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച<br>(വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച<br>യുവാക്കന്മാരുടെ യോഗം<br>(15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |